87960

# PROCEEDINGS

# OF THE

# EIGHTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

## TWELFTH SESSION

**Monday, the 17th December 1990**

## OFFICIAL REPORT

VOLUME LXXXI—No. 1

**Price: 50 P.**

©
Government of Kerala
1997

PRINTED BY
THE S.G.P. AT THE GOVERNMENT PRESS, ERNAKULAM—1997

# ഉള്ളടക്കം

പേജ്

I. ചോദ്യോത്തരങ്ങൾ:

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 25

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ .. 40

II. ചരമോപചാരം:

സർവ്വശ്രീ കെ. ചാത്തുണ്ണി മാസ്റ്റർ, കല്ലറ വാസുദേവൻ പിള്ള, ഇ. പത്മനാഭൻ എന്നിവരുടെ നിര്യാണം .. 90

III. അടിയന്തിരപ്രമേയം:

ബസ് ചാർജ് വർദ്ധന—അനുമതി നിഷേധിച്ചു .. 92

IV. ശ്രദ്ധക്ഷണിക്കൽ:

(1) പട്ടുനൂൽ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ .. 103

(2) 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് നടപ്പിലാക്കിയതിനെ തുടർന്ന് ട്രാൻസ്പോർട്ട് രംഗത്ത് സംജാതമായിരിക്കുന്ന പ്രതിസന്ധി .. 106

V. സബ്മിഷൻ:

(1) മഹാരാഷ്ട്രയിലെ ജോഗേശ്വരിയിലുള്ള സ്നേഹസദനിൽ രണ്ടു കന്യാസ്ത്രീകൾ കൊലചെയ്യപ്പെട്ട സംഭവം—
ശ്രീ. സി. പി. ബാലൻ വൈദ്യർ .. 108

(2) റേഷൻകടകളിലൂടെയുള്ള പാമോയിൽ വിതരണത്തിലെ സ്തംഭനം—
ശ്രീ. സി. എഫ്. തോമസ് .. 109



LIBRARY ARCHIVES Kerala Legislative Assembly

പേജ്

(3) മൂവാററുപുഴയിൽ മിനി സിവിൽ സ്ററേഷൻ—
ഡോ. എം. വി. ഐസക്ക് .. 110

VI. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന—
വെളിച്ചെണ്ണ ഇറക്കുമതി .. 110

VII. മേശപ്പുറത്തു വച്ച കടലാസുകൾ .. 111

VIII. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം:
1989-ലെ കേരള ടൂറിസ്ററ് ട്രേഡ് രജിസ്ട്രേഷൻ ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ട് .. 112

IX. റിപ്പോർട്ട് സമർപ്പണം:
(1) 1989-ലെ കേരള ടൂറിസ്ററ് ട്രേഡ് രജിസ്ട്രേഷൻ ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ട് .. 112
(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അറുപത്തി എട്ടാമത് റിപ്പോർട്ട് .. 112

X. നിയമനിർമ്മാണകാര്യം:
(i) 1990-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ .. 112

XI. ചെയർമാൻമാരുടെ പാനൽ .. 124

XII. നിയമനിർമ്മാണ കാര്യം (തുടർച്ച):
(i) 1990-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ .. 125
(ii) 1990-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ .. 154
(iii) 1990-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ .. 168

XIII. സ്പീക്കറുടെ റൂളിംഗ്:
ഒരു ബില്ല് മണിബില്ലാണോ അല്ലയോ എന്നതിനെ സംബന്ധിച്ച് .. 169

LIBRARY ARCHIVES Kerala Legislative Assembly

# എട്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | | |
|---|---|---|
| സ്പീക്കർ | .. | ശ്രീ. വർക്കല രാധാകൃഷ്ണൻ |
| ഡെപ്യൂട്ടി സ്പീക്കർ | .. | ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ |
| സെക്രട്ടറി | .. | ശ്രീ. ആർ. രാജേന്ദ്രബാബു |
| ചീഫ് എഡിററർ | .. | ശ്രീ. ആർ. സുകുമാരൻ നായർ |

LIBRARY ARCHIVES Kerala Legislative Assembly

# കേരള സർക്കാർ

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | .. | ശ്രീ. ഇ. കെ. നായനാർ |
| ജലസേചന വകുപ്പുമന്ത്രി | .. | ,, ബേബി ജോൺ |
| വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി | .. | ,, കെ. ചന്ദ്രശേഖരൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | .. | ,, ഇ. ചന്ദ്രശേഖരൻ നായർ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | .. | ശ്രീമതി കെ. ആർ. ഗൗരി അമ്മ |
| മരാമത്തുവകുപ്പുമന്ത്രി | .. | ശ്രീ. ടി. കെ. ഹംസ |
| വനംവകുപ്പുമന്ത്രി | .. | ,, എൻ. എം. ജോസഫ് |
| ഭവനനിർമ്മാണവകുപ്പുമന്ത്രി | .. | ,, ലോനപ്പൻ നമ്പാടൻ |
| സ്പോർട്ട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി | .. | ,, എ. നീലലോഹിതദാസൻ നാടാർ |
| തൊഴിൽ വകുപ്പുമന്ത്രി | .. | ,, കെ. പങ്കജാക്ഷൻ |
| പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി | .. | ,, പി. കെ. രാഘവൻ |
| കൃഷി വകുപ്പുമന്ത്രി | .. | ,, വി. വി. രാഘവൻ |
| സഹകരണഫിഷറീസ് വകുപ്പ് മന്ത്രി | .. | ,, ടി. കെ. രാമകൃഷ്ണൻ |
| ഗതാഗതവകുപ്പുമന്ത്രി | .. | ,, കെ. ശങ്കരനാരായണപിള്ള |
| ആരോഗ്യവകുപ്പുമന്ത്രി | .. | ,, എ. സി. ഷൺമുഖദാസ് |
| വിദ്യുച്ഛക്തിയും ഗ്രാമ വികസനവും വകുപ്പുമന്ത്രി | .. | ,, ടി. ശിവദാസമേനോൻ |
| റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | .. | ,, പി. എസ്. ശ്രീനിവാസൻ |
| തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി | .. | ,, വി. ജെ. തങ്കപ്പൻ |
| ധനകാര്യവകുപ്പുമന്ത്രി | .. | ,, വി. വിശ്വനാഥമേനോൻ |

LIBRARY ARCHIVES Kerala Legislative Assembly

# എട്ടാം കേരള നിയമസഭ

## അംഗങ്ങൾ

1. ശ്രീ. ചെർക്കളം അബ്ദുള്ള (മഞ്ചേശ്വരം)
2. ,, കെ. പി. എ. മജീദ് (മങ്കട)
3. ,, പി. എം. അബൂബക്കർ (കൊടുവള്ളി)
4. ,, ഇ. അഹമ്മദ് (താനൂർ)
5. ,, സി. ടി. അഹമ്മദ് അലി (കാസർകോട്)
6. ,, കൊരമ്പയിൽ അഹമ്മദ് ഹാജി (കുററിപ്പുറം)
7. ,, ആനത്തലവട്ടം ആനന്ദൻ (ആററിങ്ങൽ)
8. ,, ററി. ജെ. ആഞ്ചലോസ് (മാരാരിക്കുളം)
9. ,, കെ. പി. അരവിന്ദാക്ഷൻ (കുന്നംകുളം)
10. ,, ടി. കെ. അറുമുഖൻ (കുഴൽമന്ദം—എസ്. സി.)
11. ,, ബേബി ജോൺ (ചവറ)
12. ,, ബാബു ദിവാകരൻ (കൊല്ലം)
13. ,, കോടിയേരി ബാലകൃഷ്ണൻ (തലശ്ശേരി)
14. ,, പി. ബാലൻ (ശ്രീകൃഷ്ണപുരം)
15. ,, സി. പി. ബാലൻ വൈദ്യർ (കുന്ദമംഗലം—എസ്. സി.)
16. ,, പി. കെ. കെ. ബാവ (ഗുരുവായൂർ)
17. ,, ഒ. ഭരതൻ (എടക്കാട്)
18. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ (കിളിമാനൂർ—എസ്. സി.)
19. ശ്രീ. പി. ഭാസ്കരൻ (കണ്ണൂർ)
20. ,, കെ. ആർ. ചന്ദ്രമോഹനൻ (ചടയമംഗലം)
21. ,, കെ. എ. ചന്ദ്രൻ (ചിററൂർ)
22. ,, കെ. ചന്ദ്രശേഖരൻ (വടകര)
23. ,, ഇ. ചന്ദ്രശേഖരൻ നായർ (പത്തനാപുരം)
24. ,, ജെ. ചിത്തരഞ്ജൻ (പുനലൂർ)
25. ,, എം. ദാസൻ (കോഴിക്കോട്—1)
26. ,, വി. ദിനകരൻ (അമ്പലപ്പുഴ)
27. ,, ഈപ്പൻ വർഗ്ഗീസ് (റാന്നി)
28. ,, കെ. ജെ. ജോർജ് (ചാലക്കുടി)
29. ,, പി. പി. ജോർജ് (തിരുവമ്പാടി)
30. ,, ജോർജ് ജോസഫ് പൊടിപ്പാറ (ഏററുമാനൂർ)

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ (കായംകുളം)
32. ,, ഗോപി കോട്ടമുറിക്കൽ (പിറവം)
33. ശ്രീമതി കെ. ആർ. ഗൗരി അമ്മ (അരൂർ)
34. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് (മാവേലിക്കര)
35. ,, റ്റി. കെ. ഹംസ (ബേപ്പൂർ)
36. ,, എം. എം. ഹസ്സൻ (തിരുവനന്തപുരം വെസ്റ്റ്)
37. ,, ഇസ്ഹാക് കുരിക്കൾ (മഞ്ചേരി)
38. ഡോക്ടർ എ. വി. ഐസക് (മൂവാററുപുഴ)
39. ശ്രീ. റ്റി. എം. ജേക്കബ് (കോതമംഗലം)
40. ഡോ. കെ. സി. ജോസഫ് (കുട്ടനാട്)
41. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
42. ,, എൻ. എം. ജോസഫ് (പൂഞ്ഞാർ)
43. ,, പി. ജെ. ജോസഫ് (തൊടുപുഴ)
44. ,, ഇ. കെ. മേനോൻ (തൃശ്ശൂർ)
45. ,, എ. കണാരൻ (മേപ്പയൂർ)
46. ,, കെ. കരുണാകരൻ (മാള)
47. ,, വി. കേശവൻ (പന്തളം—എസ്. സി.)
48. ,, സി. ടി. കൃഷ്ണൻ (കൊല്ലങ്കോട്)
49. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ (വാമനപുരം)
50. ,, കൃഷ്ണൻ കണിയാംപറമ്പിൽ (നാട്ടിക)
51. ,, കെ. കെ. നായർ (പത്തനംതിട്ട)
52. ,, ഇ. കെ. നായനാർ (തൃക്കരിപ്പൂർ)
53. ,, പി. കെ. കുഞ്ഞാലിക്കുട്ടി (മലപ്പുറം)
54. ,, സി. പി. കുഞ്ഞാലിക്കുട്ടി കേയി (തിരൂരങ്ങാടി)
55. ,, കെ. പി. കുഞ്ഞിക്കണ്ണൻ (ഉദുമ)
56. ,, പാച്ചേനി കുഞ്ഞിരാമൻ (തളിപ്പറമ്പ്)
57. ,, സി. പി. കുഞ്ഞ് (കോഴിക്കോട്—2)
58. ഡോ. എം. എ. കുട്ടപ്പൻ (ചേലക്കര—എസ്. സി.)
59. ശ്രീമതി ലീലാ ദാമോദര മേനോൻ (പട്ടാമ്പി)
60. ശ്രീ. ലോനപ്പൻ നമ്പാടൻ (ഇരിഞ്ഞാലക്കുട)
61. ,, കെ. കെ. മാധവൻ (ഞാറയ്ക്കൽ— എസ്. സി.)
62. ,, മാമ്മൻ ഐപ്പ് (ചെങ്ങന്നൂർ)
63. ,, കെ. പി. മമ്മുമാസ്റ്റർ (കൂത്തുപറമ്പ്)
64. ,, കെ. എം. മാണി (പാലാ)
65. ,, എം. വി. മാണി (അങ്കമാലി)
66. ,, എൻ. മനോഹരൻ മാസ്റ്റർ (ഹോസ്ദുർഗ്—എസ്. സി.)

LIBRARY ARCHIVES Kerala Legislative Assembly

67. ശ്രീ. സി. എ. മാത്യു (കല്ലൂപ്പാറ)
68. ,, മാത്യു സ്ററീഫൻ (ഉടുമ്പഞ്ചോല)
69. ,, മാത്യു ററി. തോമസ് (തിരുവല്ല)
70. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
71. ശ്രീ. ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)
72. ,, കല്ലടി മുഹമ്മദ് (മണ്ണാർക്കാട്)
73. ,, കെ. മുഹമ്മദാലി (ആലുവ)
74. ,, പി. ടി. മോഹനകൃഷ്ണൻ (പൊന്നാനി)
75. ,, കെ. മൊയ്തീൻകുട്ടി ഹാജി (തിരൂർ)
76. ,, ടി. എച്ച്. മുസ്തഫ (കുന്നത്തുനാട്)
77. ശ്രീമതി നബീസാ ഉമ്മാൾ (കഴക്കൂട്ടം)
78. ശ്രീ. ടി. നാണുമാസ്ററർ (കുന്നത്തൂർ—എസ്. സി.)
79. ,, സി. പി. നാരായണൻ (പയ്യന്നൂർ)
80. ,, കെ. എസ്. നാരായണൻ നമ്പൂതിരി (വടക്കാഞ്ചേരി)
81. ,, എ. നീലലോഹിതദാസൻ നാടാർ (കോവളം)
82. ,, കെ. പി. നൂറുദ്ദീൻ (പേരാവൂർ)
83. ,, ഉമ്മൻചാണ്ടി (പുതുപ്പള്ളി)
84. ശ്രീമതി എം. ടി. പത്മ (കൊയിലാണ്ടി)
85. ശ്രീ. എ. കെ. പത്മനാഭൻ (പേരാമ്പ്ര)
86. ,, കെ. പങ്കജാക്ഷൻ (ആര്യനാട്)
87. ,, എ. എം. പരമൻ (ഒല്ലൂർ)
88. ,, ടി. പി. പീതാംബരൻ മാസ്ററർ (പള്ളുരുത്തി)
89. ,, വർക്കല രാധാകൃഷ്ണൻ (വർക്കല)
90. ,, ബി. രാഘവൻ (നെടുവത്തൂർ—എസ്. സി.)
91. ,, എം. വി. രാഘവൻ (അഴീക്കോട്)
92. ,, പി. കെ. രാഘവൻ (വൈക്കം—എസ്. സി.)
93. ,, വി. വി. രാഘവൻ (ചേർപ്പ്)
94. ,, കെ. രാഘവൻ മാസ്ററർ
(നോർത്ത് വയനാട്—എസ്. ററി.)
95. ,, കെ. കെ. രാമചന്ദ്രൻ മാസ്ററർ (സുൽത്താൻബത്തേരി)
96. ,, ടി. കെ. രാമകൃഷ്ണൻ (കോട്ടയം)
97. ,, വി. പി. രാമകൃഷ്ണപിള്ള (ഇരവിപുരം)
98. ,, വി. കെ. രാജൻ (കൊടുങ്ങല്ലൂർ)
99. ,, സി. കെ. രാജേന്ദ്രൻ (ആലത്തൂർ)
100. ,, കാനം രാജേന്ദ്രൻ (വാഴൂർ)
101. ,, പി. ആർ. കുറുപ്പ് (പെരിങ്ങളം)
102. ,, വയലാർ രവി (ചേർത്തല)

LIBRARY ARCHIVES Kerala Legislative Assembly

103. ശ്രീ. പി. രവീന്ദ്രൻ (ചാത്തന്നൂർ)
104. ശ്രീമതി റോസമ്മ ചാക്കോ (ഇടുക്കി)
105. ,, റോസമ്മ പുന്നൂസ് (ആലപ്പുഴ)
106. ശ്രീ. കെ. ശങ്കരനാരായണൻ (ഒററപ്പാലം)
107. ,, കെ. ശങ്കരനാരായണപിള്ള (തിരുവനന്തപുരം ഈസ്ററ്)
108. പ്രൊഫസർ എം. കെ. സാനു (എറണാകുളം)
109. ശ്രീ. എസ്. ശർമ്മ (വടക്കേക്കര)
110. ,, ചിററൂർ ശശാങ്കൻ നായർ (കോന്നി)
111. ,, സത്യൻ മൊകേരി (നാദാപുരം)
112. ,, എം. സത്യനേശൻ (പാറശ്ശാല)
113. ,, പി. സീതിഹാജി (കൊണ്ടോട്ടി)
114. ,, എ. സി. ഷൺമുഖദാസ് (ബാലുശ്ശേരി)
115. ,, ടി. ശിവദാസമേനോൻ (മലമ്പുഴ)
116. ,, എൻ. ശിവൻപിള്ള (പറവൂർ)
117. ,, നാലകത്ത് സൂപ്പി (പെരിന്തൽമണ്ണ)
118. ,, കെ. കെ. ശ്രീനിവാസൻ (ആറൻമുള)
119. ,, പി. എസ്. ശ്രീനിവാസൻ (കരുനാഗപ്പള്ളി)
120. ,, പന്തളം സുധാകരൻ (വണ്ടൂർ—എസ്. സി.)
121. ,, വി. എം. സുധീരൻ (മണലൂർ)
122. ,, സി. എം. സുന്ദരം (പാലക്കാട്)
123. ,, സുന്ദരം മാണിക്യം (ദേവികുളം—എസ്. സി.)
124. ,, കെ. വി. സുരേന്ദ്രനാഥ് (നെടുമങ്ങാട്)
125. ,, എ. വി. താമരാക്ഷൻ (ഹരിപ്പാട്)
126. ,, എം. പി. താമി (തൃത്താല—എസ്. സി.)
127. ,, പി. പി. തങ്കച്ചൻ (പെരുമ്പാവൂർ)
128. ,, വി. ജെ. തങ്കപ്പൻ (നേമം)
129. ,, എസ്. ആർ. തങ്കരാജ് (നെയ്യാററിൻകര)
130. ,, സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
131. ,, കെ. ജെ. തോമസ് (കാഞ്ഞിരപ്പള്ളി)
132. ,, കെ. കെ. തോമസ് (പീരുമേട്)
133. ,, പി. സി. തോമസ് (കടുത്തുരുത്തി)
134. ,, ആർ. ഉണ്ണിക്കൃഷ്ണപിള്ള (അടൂർ)
135. ,, എം. പി. വീരേന്ദ്രകുമാർ (കല്പററ)
136. ,, എം. വിജയകുമാർ (തിരുവനന്തപുരം നോർത്ത്)
137. ,, കെ. പി. വിശ്വനാഥൻ (കൊടകര)
138. ,, വി. വിശ്വനാഥമേനോൻ (തൃപ്പൂണിത്തുറ)
139. ,, എം. ജെ. സഖറിയ (മട്ടാഞ്ചേരി)
140. ,, നിക്കോളാസ് റോഡ്രിഗ്സ് (നോമിനേറ്ററഡ്)

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## എട്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

1990 ഡിസംബർ 17, തിങ്കൾ

വാല്യം LXXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 1990 ഡിസംബർ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വർക്കല രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

# I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

## (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 1

### ജനകീയ ഔഷധനയം രൂപീകരിക്കാനും ആരോഗ്യമേഖല വിപുലപ്പെടുത്താനും നടപടി

*1 [1] ശ്രീ. പി. രവീന്ദ്രൻ:
ഡോ. എ. വി. ഐസക്:
ശ്രീ. കാനം രാജേന്ദ്രൻ:
പ്രൊഫ. എം. കെ. സാനു:
ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജനകീയ ഔഷധനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ജനകീയപങ്കാളിത്തത്തോടെ അലോപ്പതി-ആയുർവ്വേദ-ഹോമിയോ ചികിൽസാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആരോഗ്യപ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്നുകളുടെയും മററ് അത്യാവശ്യ സാധനങ്ങളുടേയും ദൗർലഭ്യം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയും സബ്സെൻററുകളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് ഈ വർഷം ഇതിനകം എത്ര ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചു; ഹോമിയോ–ആയുർവ്വേദ–അലോപ്പതി കേന്ദ്രങ്ങൾ എത്ര വീതം;

(എഫ്) ഔഷധ വ്യാപാരരംഗത്ത് വർദ്ധിച്ചുവരുന്ന ചൂഷണം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് അത്യന്താപേക്ഷിതമായ ജനകീയ ഔഷധനയം രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്):

(എ) 1986–ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ദേശീയ ഔഷധനയത്തിനനുസൃതമായിട്ടാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെയാണ് അലോപ്പതി–ആയുർവ്വേദ–ഹോമിയോ ചികിൽസാ കേന്ദ്രങ്ങൾ മിക്കവാറും സ്ഥാപിച്ചു പ്രവർത്തിക്കുന്നത്. പഞ്ചായത്തുകളോ മററു പൊതുജനസംഘടനകളോ നൽകുന്ന സ്ഥലവും കെട്ടിടവും ഉപയോഗിച്ചാണ് ഇവ തുടങ്ങുന്നത്. പൊതുജനപങ്കാളിത്തമുള്ള ആശുപത്രി വികസന സമിതിയുടെ സഹായ സഹകരണത്തോടെയാണ് വളരെയധികം ചികിൽസാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

(ബി) കൂടുതൽ ചികിൽസാ കേന്ദ്രങ്ങൾ സ്ഥാപിച്ചും ഡോക്ടറൻമാരേയും മററു ജീവനക്കാരേയും കൂടുതൽ നിയമിച്ചും കൂടുതൽ ഉപകരണങ്ങളും മരുന്നും മററു സംവിധാനങ്ങളും ലഭ്യമാക്കിയും ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയുണ്ടായി. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തെ ആയുർവ്വേദ–ഹോമിയോ ആശുപത്രികളിൽ സാധാരണയായി മരുന്നുകളുടേയും മററ് അത്യാവശ്യ സാധനങ്ങളുടേയും ദൗർലഭ്യം അനുഭവപ്പെടുന്നില്ല. എന്നാൽ അലോപ്പതി വിഭാഗത്തിൽ ചിലയിടങ്ങളിൽ ചില സമയത്ത് ഇവകളുടെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ആശുപത്രികൾക്കാവശ്യമായ അലോപ്പതി മരുന്നുകളുടെ സിംഹഭാഗവും കേന്ദ്ര സംസ്ഥാന സർക്കാർ ഉടമയിലുള്ള സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത്. മരുന്നുൽപ്പാദന ശാലകളെക്കൊണ്ട് കൃത്യമായി മരുന്ന് വിതരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ ആശുപത്രി അധികൃതർക്ക് അടിയന്തിരാവശ്യങ്ങൾക്കുള്ള മരുന്നുകൾ പ്രാദേശികമായി വാങ്ങുന്നതിനും അധികാരം നൽകിയിട്ടുണ്ട്.

(ഡി) സാമ്പത്തിക ലഭ്യതയ്ക്കു വിധേയമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയും സബ് സെൻററുകളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

---

*അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അലോപ്പതി വിഭാഗത്തിൽ 25 പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആയുർവ്വേദ വിഭാഗത്തിൽ 25 ഡിസ്പെൻസറികളും രണ്ട് ആശുപത്രികളും ഹോമിയോ വിഭാഗത്തിൽ 37 ഡിസ്പെൻസറികളും നാല് ആശുപത്രികളുമാണ് ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികളെടുത്തുവരികയാണ്.

(എഫ്) ഔഷധങ്ങളുടെ വില നിയന്ത്രിക്കാനും നിശ്ചയിക്കാനും കേന്ദ്ര സർക്കാരിനു മാത്രമേ അധികാരമുള്ളു. ഔഷധങ്ങളുടെ ഗുണനില വാരം ഉറപ്പുവരുത്തുവാനും നിരോധിക്കപ്പെട്ട മരുന്നുകളുടെ ഉൽപ്പാദനവും വിതരണവും തടയുവാനും, ഔഷധങ്ങൾ നിശ്ചിത വിലയ്ക്കുതന്നെ വിൽക്കുന്നുവെന്നു ഉറപ്പുവരുത്തുവാനും സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) ഔഷധനയം ഭരണഘടനയുടെ സംയുക്ത ലിസ്ററിൽ പെടുത്തിയിട്ടുള്ളതിനാൽ കേന്ദ്രസർക്കാരിന്റെ ഔഷധനയത്തിന് വിധേയമായി മാത്രമേ സംസ്ഥാന സർക്കാരിന് പ്രവർത്തിക്കാൻ കഴിയുകയുള്ളു.

ശ്രീ. പി. രവീന്ദ്രൻ: കൂടുതൽ ചികിൽസാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാണോ ഉള്ള ചികിൽസാകേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണോ ഗവൺമെൻറ് മുൻഗണന നൽകുന്നത്?

ശ്രീ. എ. സി. ഷൺമുഖദാസ്: രണ്ടും ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നയപരമായ തീരുമാനങ്ങളാണ്. പ്ലാനിൽ വരുന്ന മിനിമം നീഡ്സ് കിട്ടുന്ന, കേന്ദ്രസഹായം കിട്ടുന്ന പദ്ധതികളാകുമ്പോൾ പ്രൈമറി ഹെൽത്ത് കെയറിന് മുൻഗണന കൊടുക്കുന്നതുകൊണ്ട് കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാൻ ഗവൺമെൻറ് മുൻഗണന കൊടുക്കാറുണ്ട്. അതോടൊപ്പംതന്നെ താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ഇൻറർമീഡിയററ് ആശുപത്രികൾ തുടങ്ങിയവയിലുള്ള ചില പരിമിതികൾ കണ്ടെത്തി അത് പരിഹരിക്കാനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കാറുണ്ട്.

ശ്രീ. പി. രവീന്ദ്രൻ: എല്ലാ വർഷവും മയക്കുമരുന്നുകളുടെ ദൗർലഭ്യംമൂലം പ്രധാനപ്പെട്ട ആശുപത്രികളിൽ ഓപ്പറേഷൻ നടക്കാതെ വരുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. ഷൺമുഖദാസ്: അനസ്തേഷ്യ കൊടുക്കാനുള്ള മരുന്നുകളെ സംബന്ധിച്ചിടത്തോളം ചില സന്ദർഭങ്ങളിൽ അങ്ങനെ ഉണ്ടാകാറുണ്ട്. ഇതിനാവശ്യമായ മരുന്നു തരുന്നത് ഇൻഡ്യൻ ഓക്സിജനാണ്. ഇൻഡ്യൻ ഓക്സിജന്റെ പ്രവർത്തനത്തിൽ സ്വൽപം തകരാറ് ഉണ്ടായതുകാരണം ഈ മരുന്ന് എത്തിക്കുന്നതിന് കാലതാമസം ഉണ്ടായി. അവിടെ ഉണ്ടായ കുഴപ്പമാണ്. അത് ഇപ്പോൾ പരിഹരിച്ചുവരികയാണ്.

ഡോ. എ. വി. ഐസക്ക്: അലോപ്പതി മരുന്നുകളുടെ ദൗർലഭ്യം പല ആശുപത്രികളിലുമുണ്ട്. ചിലവുകുറഞ്ഞ ചികിൽസാരീതികളാണ് ആയുർവ്വേദവും ഹോമിയോപ്പതിയും. ഇപ്പോൾ കെട്ടിടവും മററു സൗകര്യങ്ങളും കൊടുത്തിരിക്കുന്ന സ്ഥലങ്ങളിലെങ്കിലും ആയുർവ്വേദ ഹോമിയോ ആശുപത്രികൾ കൊടുക്കുന്നതിനുള്ള നടപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ആയുർവ്വേദ മരുന്നുകൾക്ക് വില കുറവാണെന്നു പറയുന്നത് ശരിയാണെന്ന് തോന്നുന്നില്ല. അതേസമയം കേരള സംസ്ഥാന ഗവൺമെൻറിൻെറ കീഴിലുള്ള ഔഷധിയിൽനിന്നാണ് താലൂക്ക് ആശുപത്രികൾക്കും ഡിസ്ട്രിക്ട് ആശുപത്രികൾക്കും മരുന്നുകൾ കൊടുക്കുന്നത്. മരുന്നുകൾക്ക് വില വർദ്ധിപ്പിക്കുന്നത് ഗവൺമെൻറാണ്. 1-4-1987-നാണ് അവസാനമായി വില നിശ്ചയിച്ചത്. അതിനുശേഷം അസംസ്കൃത സാധനങ്ങളുടെ വില കൂടിയിട്ടുണ്ടെങ്കിലും ഔഷധങ്ങളുടെ വില ഗവൺമെൻറ് പുതുക്കി നിശ്ചയിച്ചിട്ടില്ല. ഹോമിയോ ചികിൽസ താരതമ്യേന ചെലവ് കുറഞ്ഞതാണ്. ഞാൻ ഇവിടെ വായിച്ച ലിസ്ററിൽതന്നെ 25 അലോപ്പതി, 25 ആയുർവ്വേദ ഡിസ്പെൻസറികൾ തുടങ്ങുമ്പോൾ ഈ വർഷം 37 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുമെന്നു പറഞ്ഞിട്ടുണ്ട്. ഔഷധങ്ങളുടെ വില കുറവുള്ളതുകൊണ്ടും നാട്ടുകാർ കെട്ടിടവും സ്ഥലവും നൽകുന്നതുകൊണ്ടും ഈ സ്ഥാപനങ്ങൾ പെട്ടെന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ഡോ. എ. വി. ഐസക്: വളരെക്കാലമായി പണി പൂർത്തിയാക്കിയിട്ടുള്ള ഒട്ടേറെ വാർഡുകൾ ഇനിയും തുറക്കാനുണ്ട്. 1984-ൽ പണി പൂർത്തിയാക്കിയ എൻെറ മണ്ഡലത്തിൽത്തന്നെയുള്ള രണ്ടു വാർഡുകൾ—വാഴക്കുളത്തും, മാറാടിയിലും—തുറക്കാനുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ അടിയന്തിര ശ്രദ്ധ പതിയുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., ജവഹർ തൊഴിൽദാന പദ്ധതി അതുപോലെ പ്രാദേശിക തലത്തിലുള്ള ചില സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള ധാരാളം വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പക്ഷേ ഇതെല്ലാം ബഡ്ജററിൽ ഉൾപ്പെടുത്തി പുതിയ സ്ററാഫിന് ആവശ്യമായ പണം കണ്ടെത്താൻ കഴിയാത്തതുകൊണ്ട് ആറേഴ് വർഷങ്ങളായി കെട്ടിടം പണി പൂർത്തിയാക്കിയിട്ടുള്ള പല വാർഡുകളും തുറക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിടം പണി പൂർത്തിയാക്കിയെങ്കിലും ചിലതിലൊക്കെ വെള്ളം ഉണ്ടാവുകയില്ല, വെളിച്ചം ഉണ്ടാവുകയില്ല. ആ കാലതാമസവുമുണ്ട്. അതുകൊണ്ട് കുറെ വാർഡുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അടുത്ത കാലത്ത് എറണാകുളം ജില്ലയിലാണ് ഏററവും കൂടുതൽ വാർഡുകൾ തുറക്കുന്നതിനുവേണ്ടിയുള്ള സ്ററാഫിൻെറ നിയമനം നടന്നത്. ഒരു ജില്ല എന്ന രീതിയിൽ എറണാകുളം ജില്ലയ്ക്ക് പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്.

പ്രൊ. എം. കെ. സാനു: ആധുനിക ഗവേഷണത്തിൻെറ ഫലമായി ആപൽക്കരമെന്നു പറഞ്ഞ് അനേകം ഔഷധങ്ങൾ പാശ്ചാത്യ രാജ്യങ്ങളിൽ നിരോധിച്ചിട്ടുണ്ട്. ആ ഔഷധങ്ങൾ ഇപ്പോഴും നമ്മുടെ നാട്ടിൽ പ്രചരിക്കുന്നതായി കാണുന്നു. അത് ഇവിടേയും നിരോധിക്കുന്നതിനാവശ്യമായ നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. സി. ഷൺമുഖദാസ്: നിരോധിച്ച 27 മരുന്നുകളുടെ പട്ടിക എൻെറ കയ്യിലുണ്ട്. അതിൽ 19 എണ്ണം വിവിധ ഹൈക്കോടതി സ്റേറ മുഖേന ഇപ്പോഴും മാർക്കററിൽ വിൽപന നടക്കുന്നുണ്ട്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, ഗവൺമെൻറ് സ്ഥാപനങ്ങളിൽ നിന്ന് ഇത്തരം ഔഷധങ്ങൾ വിതരണം ചെയ്യുന്നത് തടയാറുണ്ട്. മെഡിക്കൽ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഒരു സംസ്ഥാന ഔഷധ ഫോർമുലറി തന്നെ കഴിഞ്ഞ ഏപ്രിൽ മാസം മുതൽ നടപ്പിലാക്കാൻ ഉത്തരവുകൊടുത്തിട്ടുണ്ട്. പൈക്കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സർവ്വീസസിന്റെ കീഴിൽ, ഡിസ്ട്രിക്ട്, താലൂക്ക് ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഒരു ഡ്രഗ്സ് ഫോർമുലറി ഉണ്ടാക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോയിൽ പറഞ്ഞതാണ്. അതിനാവശ്യമായ നടപടി അടുത്തകാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും. അതിനുള്ള പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

പ്രൊ. എം. കെ. സാനു: കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയുണ്ടോ?

ശ്രീ. എ. സി. ഷൺമുഖദാസ്: ഒരു പഞ്ചായത്തിന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ആയിരം പഞ്ചായത്തുകളിൽ ഏകദേശം നൂറ് പഞ്ചായത്തുകളിൽ മാത്രമേ ഇനി പ്രൈമറി ഹെൽത്ത് സെന്ററുകൾ ആരംഭിക്കാനുള്ളൂ. ഇക്കൊല്ലം 25 എണ്ണം തുടങ്ങുന്നുണ്ട്. വളരെ വൈകാതെതന്നെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. കെ. എ. ചന്ദ്രൻ: ആശുപത്രികളിൽ മരുന്നുകൾക്കും മററ് അത്യാവശ്യ സാധനങ്ങൾക്കും ദൗർലഭ്യം അനുഭവപ്പെടുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആയുർവേദ മരുന്നുകൾ തയ്യാറാക്കുന്നതിനാവശ്യമായ മൂലകങ്ങൾ ഉൾപ്പെടെ പലതും ലഭിക്കുന്നില്ല; മരുന്നുകൾ പലതും ഗുണനിലവാരം കുറഞ്ഞതാണെങ്കിലും അമിത വില കൊടുക്കേണ്ടിയും വരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: സ്വകാര്യ മേഖലയിലാണോ ഇത് ചൂണ്ടിക്കാണിച്ചതെന്ന് എനിക്കറിഞ്ഞുകൂട. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഔഷധങ്ങളെ സംബന്ധിച്ചിടത്തോളം ചില പദാർത്ഥങ്ങളുടെ ദൗർലഭ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്, അത് പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും അതിന്റെ ഉൽപ്പാദനം 128 ലക്ഷം രൂപയായിരുന്നത് 208 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വില ഒരു കാരണവശാലും 1987-നു ശേഷം വർദ്ധിപ്പിക്കാതെതന്നെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: കേരളത്തിലെ ഏററവും വലിയ ആശുപത്രിയായ എറണാകുളം ജനറൽ ആശുപത്രിയിൽ പല സ്പെഷ്യാലിററീസും ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് അതൊരു റഫറൽ ആശുപത്രിയാക്കി ഉയർത്താനും മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിൽ ഉള്ളതുപോലുള്ള സ്പെഷ്യാലിററീസ് അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: റഫറൽ ആശുപത്രി സിസ്ററം തിരുവനന്തപുരത്തും കോഴിക്കോടും മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. കോട്ടയത്തുകൂടി റഫറൽ ആശുപത്രി ആരംഭിക്കുമെന്ന് ഇക്കൊല്ലത്തെ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററ് പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. ജില്ലാ ആശുപത്രികൾ റഫറൽ ആക്കുന്ന കാര്യം ഇപ്പോൾ ഗവൺമെൻറ് പരിശോധിച്ചിട്ടില്ല. അതേ സമയം മെഡിക്കൽ കോളേജ് ഇല്ലാത്തതുകൊണ്ടും പ്രധാനപ്പെട്ട ജില്ലയും സിററിയും ആയതുകൊണ്ടും എറണാകുളം ജില്ലാ ആശുപത്രിയിൽ മററു ജില്ലാ ആശുപത്രികളിൽ ഉള്ളതിനേക്കാൾ മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി വരെ ഉണ്ടാക്കുന്ന കാര്യം ഗവൺമെൻറ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സീതിഹാജി: ഇപ്പോൾ ഉള്ള മരുന്നുകളിൽ മായം ചേർക്കുകയാണ്. വടകര സഹകരണ ആശുപത്രിയിൽ ഒരു സി.ഐ.ടി.യു. തൊഴിലാളി പ്രവർത്തകനെ അഡ്മിററ് ചെയ്തു. അയാൾക്ക് പനിയാണെന്ന് പറഞ്ഞ് ഗ്ലൂക്കോസ് കയററി. അതു ചെയ്യുമ്പോൾ വിറയൽ വന്നു. പിന്നെ ഇഞ്ചക്ഷൻ കൊടുത്തു. ആ രോഗി മരിച്ചുപോയി. ബഹുമാനപ്പെട്ട ദാസൻ പ്രസിഡൻറായ ആശുപത്രിയാണ്. ഇത്തരം മായം ചേർത്ത മരുന്നു കൊടുത്ത് ആളുകളെ കൊല്ലുന്നതിനെ ക്കുറിച്ച് അന്വേഷിച്ചു വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: സഹകരണ ആശുപത്രി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതാണ്. ഗവൺമെൻറിനെ സംബന്ധി ച്ചിടത്തോളം മരുന്നുകളുടെ ഗുണനിലവാരത്തിൽ, മററു രീതിയിൽ എന്തെങ്കിലും ദോഷമുണ്ടെന്നു കണ്ടാൽ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെൻറ് പരിശോധിക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. പി. ബാലൻ വൈദ്യർ: കോഴിക്കോട് മെഡിക്കൽ കോളേജിൽ മരുന്നുകൾ ഇല്ല എന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? അവിടെ അത്യാവശ്യം വേണ്ട മരുന്നുകൾ കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: കോഴിക്കോട് മെഡിക്കൽ കോളേജി നകത്ത് രണ്ടു ഹോസ്പിററലുകളാണുള്ളത്. ഒന്ന്, മെഡിക്കൽ കോളേജ് ഹോസ്പിററൽ, രണ്ട് ഐ. എം. സി. എച്ച്. ഐ. എം. സി. എച്ച്.-ൽ മരുന്നിന് ഒരു വിഷമവുമില്ല. അവിടെ 31 ലക്ഷം രൂപ കുടിശ്ശികയുണ്ട്. മെഡിക്കൽ കോളേജ് ഹോസ്പിററലിൽ കുറച്ച് കുടിശ്ശികയുണ്ടായിരുന്നു. കേരളത്തിൽ എല്ലാമെഡിക്കൽ കോളേജ് ആശുപത്രികളിലും മരുന്ന് സപ്ലൈ ചെയ്യുന്നത് പൊതുമേഖലാ സ്ഥാപനങ്ങളാണ്. ആ പൊതുമേഖലാസ്ഥാപനങ്ങൾക്ക് കുടിശ്ശിക യുണ്ടെങ്കിൽപ്പോലും അതിന്റെ വിതരണ കാര്യത്തിൽ തടസ്സം വരുത്താറില്ല. എന്തെങ്കിലും തടസ്സമുണ്ടാകുന്നു എന്നു വന്നാൽ അവിടെ ലോക്കൽ പർച്ചേസ് നടത്താം. ഒരു തവണ 5,000 രൂപവരെ ഒരു ദിവസം എത്ര തവണ വേണമെങ്കിലും വാങ്ങാം. പക്ഷേ ലോക്കൽ പർച്ചേസ് നടത്തുന്നത് സ്റേറാർ പർച്ചേസിന്റെ നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണം. അതുപോലെ മററു കാരണങ്ങളാൽ അതിനെ കുററപ്പെടുത്താൻ പാടില്ലാത്തതാണ്. ആവശ്യമായ മരുന്ന് ലഭ്യമാക്കുന്ന തിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ സൂപ്രണ്ടുമാർക്ക് അധികാരവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: സംസ്ഥാനത്തെ പല ആശുപത്രികളിലും ഡോക്ടർമാർ ഇല്ല എന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇടുക്കി ജില്ലയിൽത്തന്നെ, ചികിൽസാസൗകര്യം ഏററവും കുറഞ്ഞ ഒരു ജില്ലയാണ്, ഏതാണ്ട് ഇരുപതോളം ആശുപത്രികളിൽ ഡോക്ടർ ഇല്ല. അവിടെ പോകാൻ തയ്യാറുള്ള ഡോക്ടർമാരുടെ വില്ലിംഗ്നെസ് ചോദിച്ചുകൊണ്ട് ഡോക്ടർമാരെ പോസ്ററുചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: ഇടുക്കി ജില്ല പോലെയുള്ള ജില്ല കളിൽ പ്രൈമറി ഹെൽത്തുസെൻററുകളിലും ഡിസ്പൻസറികളിലും ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്നില്ല എന്നുള്ള പരാതി പലപ്പോഴും ഉയർന്നുവരാറുണ്ട്. സർവീസ് കമ്മീഷൻ കഴിഞ്ഞ നാലു മാസത്തിനുള്ളിൽ മൂന്നു തവണകളായി 100, 50, 50 എന്നീ രീതിയിൽ പേരുകൾ അഡ്വൈസ് ചെയ്തു. അതിൽ ഭൂരിപക്ഷം പേരേയും ഇടുക്കി ജില്ലയിലാണ് നിയോഗിച്ചിരുന്നത്. സർവീസ് കമ്മീഷൻ ലിസ്ററ് ഉണ്ടാക്കുന്നതിന് മുമ്പ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും പേരു കിട്ടിയപ്പോഴും ഇടുക്കി ജില്ലയിലാണ് നിയോഗി ച്ചിരുന്നത്. ആദ്യം 100 പേർക്ക് അപ്പോയിൻറ്മെൻറ് കൊടുത്തപ്പോൾ അതിൽ 61 പേർ മാത്രമേ ജോയിൻ ചെയ്തുള്ളു. ആ ജോയിൻ ചെയ്യാത്ത റിപ്പോർട്ട് തിരിച്ചുകിട്ടിയാൽ മാത്രമേ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വീണ്ടും പോസ്ററിംഗ് നടത്താൻ കഴിയാറുള്ളു. കാരണം റിസർവേഷനും മററു കാര്യങ്ങളും നോക്കേണ്ടതുണ്ട്. ഈ പോസ്ററിന് ജോയിൻ ചെയ്യാത്ത കാലഘട്ടത്തിൽ ഡോക്ടർമാർ ഇല്ല എന്നു പറയുന്നത് ശരിയാണ്. ഈ അടുത്ത കാലത്ത് അതിന് കുറെ പരിഹാരമുണ്ടായിരുന്നു. കൂടുതൽ ഡോക്ടർമാരെ ഇടുക്കി, കാസർകോട്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ സർവീസ് കമ്മീഷന്റെ ലിസ്ററ് കിട്ടുമ്പോൾ പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് ഗവൺമെൻറ് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ലിസ്റ്റ് ഉണ്ട്. വളരെ പെട്ടെന്ന് വീണ്ടും വീണ്ടും ലിസ്ററ് ചോദിച്ചിട്ട് പേരു വരുത്തി നിയമനം നടത്താനുള്ള നടപടി ഗവൺമെൻറ് സ്വീകരി ക്കുന്നുണ്ട്.

ശ്രീ. എം. ദാസൻ: വടകര സഹകരണ ആശുപത്രിയിൽ മരുന്നു മാറിക്കൊടുത്ത സംഭവം ഉണ്ടായിട്ടില്ലെന്നും ആ ആശുപത്രിക്കെതിരായി ബോധപൂർവ്വം ചില ആളുകൾ പ്രചരണം നടത്തിക്കൊണ്ടിരിക്കുക യാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വടകര സഹകരണ ആശുപത്രിയെ അപകീർത്തിപ്പെടുത്തുന്നതിനുവേണ്ടി ചില തൽപ്പര കക്ഷികൾ നടത്തുന്ന പ്രചരണം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. ഷൺമുഖദാസ്: സഹകരണ ആശുപത്രി അടക്കമുള്ള സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പരിശോധിക്കാൻ പ്രത്യേക അധികാരമൊന്നും ഇപ്പോൾ നിയമപ്രകാരം ഗവൺമെൻറിനില്ല. ഇത്തരം പരാതികൾ വരാറുണ്ട്. പലപ്പോഴുമുണ്ടാകുന്ന പരാതികൾ അന്വേഷിച്ചുവരുമ്പോൾ അതിൽ നിജസ്ഥിതിയുമായി വലിയ വ്യത്യാസ മുണ്ടെന്നാണ് ഗവൺമെൻറിന് മനസ്സിലാകുന്നത്. ഈ പരാതി എന്താണെന്ന് എനിക്കറിഞ്ഞുകൂടാ.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ: മരുന്നുകൾ തീരെയില്ലാതാകുമ്പോൾ ലോക്കൽപർച്ചേസ് നടത്താനുള്ള ഇന്നത്തെ പരിമിതി കുറേക്കൂടി വർദ്ധിപ്പിക്കുവാൻ നിർദ്ദേശം കൊടുത്താൽ ലോക്കൽപർച്ചേസ് വാങ്ങി ആ കാര്യത്തിൽ വളരെ സഹായകരമായ നിലപാട് എടുക്കാൻ ഡോക്ടർമാർക്ക് സാധിക്കും.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇപ്പോഴത്തന്നെ വർദ്ധിപ്പിച്ചതാണ്. ഇപ്പോൾ മെഡിക്കൽ കോളേജുകളിലെ സൂപ്രണ്ടുമാർക്ക് ഒരു തവണ, ഒരു ദിവസത്തിൽ എത്ര തവണ വേണമെങ്കിലും 5,000 രൂപ വരെ ലോക്കൽ പർച്ചേസ് ആകാം. 500 രൂപ വരെ ടെണ്ടർ ഇല്ലാതെതന്നെ അവർക്ക് നേരിട്ട് പർച്ചേസ് ചെയ്യാം. 5,000 രൂപ വരെ ലോക്കലായി മൂന്നു ടെണ്ടറുകൾ വാങ്ങിയാൽ മതി, അവർക്ക് മരുന്നു വാങ്ങാം. ഇത് ഇപ്പോൾതന്നെ വർദ്ധിപ്പിച്ചതാണ്. പ്രത്യേകം സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും ഇത് പരിശോധിക്കാം.

മി. സ്പീക്കർ: ഈ ചോദ്യം ഔഷധനയത്തെക്കുറിച്ചാണ്. ബഹുരാഷ്ട്രകുത്തകകളിൽ നിന്നും നമ്മുടെ ചെറുകിട വ്യവസായികളെ രക്ഷിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ?

ശ്രീ. എ. സി. ഷൺമുഖദാസ്: ഡ്രഗ്സ് ആൻഡ് കോസ്മെററിക് ആക്ടും ഡ്രഗ്സ് എന്ന ഐറ്റവും കൺകറൻറ് ലിസ്ററിൽ വരുന്നതാണ്. കൺകറൻറ് ലിസ്ററിൽ വരുന്നതുകൊണ്ട് കേന്ദ്ര ഗവൺമെൻറാണ് ഈ കാര്യത്തിൽ നടപടികൾ എടുക്കേണ്ടത്. 1986 ഡിസംബറിൽ ഇന്ത്യാ ഗവൺമെൻറ് ഒരു പോളിസി ഡിക്ലയർ ചെയ്തു. പ്രൈസ് കൺട്രോൾ ആക്ട് 1987-ൽ നിലവിൽ വന്നു. ബഹുരാഷ്ട്ര കുത്തകകളിൽ നിന്ന്, ഈ ഔഷധ വ്യവസായ രംഗത്തെ അവരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷപ്പെടുത്തണമെന്ന രീതിയിലാണ് നടപടികളുണ്ടായത്. പക്ഷെ അത് പൂർണ്ണമായും മാറിയിട്ടില്ല. സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെൻറ് ആശുപത്രികളിൽ നാം ഉപയോഗിക്കുന്ന മരുന്നുകളുടെ ഒരു ഡ്രഗ്സ് ഫോർമുലറിതന്നെ ഉണ്ടാക്കുവാനുള്ള തീരുമാനമെടുത്തു, കഴിഞ്ഞ ഏപ്രിൽ മാസം മുതൽ മെഡിക്കൽകോളേജ് ആശുപത്രികളിൽ നടപ്പിലാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ മററ് ആശുപത്രികളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിന് ചില പരിമിതികളുണ്ട്.

## ഗൾഫ് മേഖലയിൽ കുടുങ്ങിയവർക്ക് സംസ്ഥാന സർക്കാർ നല്കിയ സഹായങ്ങൾ

*2 [2] ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, കെ. പി. എ. മജീദ്:
,, സി. പി. കുഞ്ഞ്:
,, എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുവൈററ് മലയാളികളെ നാട്ടിലെത്തിക്കുന്നതിനും അവർക്ക് ആവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ എത്തിക്കുന്നതിനുമായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; ഇതിനായി സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗൾഫിൽ കുടുങ്ങിയവർക്ക് അരി എത്തിച്ചു കൊടുക്കൽ പരിപാടി അനുസരിച്ച് എത്ര ടൺ അരി കൊടുത്തയച്ചു; അതിൽ എത്ര ടൺ അരി ഏതെല്ലാം രാജ്യങ്ങളിൽ കൊടുത്തു; ബാക്കി എത്ര ടൺ അരി തിരിച്ചുകൊണ്ടുവന്നു;

(സി) അരി വിതരണം ചെയ്യുവാൻ കേരള സർക്കാർ എടുത്ത നടപടി വിശദീകരിക്കുമോ;

(ഡി) ഗൾഫ് മേഖലയിലെ പ്രതിസന്ധി നമ്മുടെ സാമ്പത്തിക സാമൂഹിക രംഗങ്ങളെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇതു പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഇറാക്കിന്റെ കുവൈററ് ആക്രമണംമൂലം സംജാതമായ പ്രതിസന്ധിയെത്തുടർന്ന് കുവൈററ് മലയാളികളെ നാട്ടിലെത്തിക്കുന്നതിനും അവർക്ക് ക്ഷേമമെത്തിക്കുന്നതിനുമാവശ്യമായ നടപടികൾ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ അടിയന്തിരമായി സ്വീകരിക്കുകയുണ്ടായി. കുവൈററ് മലയാളികളെ ഇന്ത്യയിലെത്തിക്കുന്നതിനുള്ള ചെലവ് കേന്ദ്രസർക്കാരാണ് വഹിച്ചത്. ഇന്ത്യയിലെത്തിച്ച മലയാളികൾക്ക് ഡെൽഹിയിലെ കേരളാഹൗസും ബോംബെയിൽ പ്രവർത്തിച്ചിരുന്ന സംസ്ഥാന സർക്കാരിന്റെ കുവൈററ് സെല്ലും താൽക്കാലിക താമസ സൗകര്യം, ഭക്ഷണം, യാത്രാസൗകര്യം എന്നിവ നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടു. അതിലേക്ക് 7·00 ലക്ഷത്തിൽപ്പരം രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഇറാക്കിലും കുവൈററിലുമുള്ള മലയാളികൾക്ക് വിതരണം ചെയ്യാനായി 5·13 കോടിയിൽപ്പരം രൂപയുടെ ഭക്ഷ്യവസ്തുക്കൾ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ കയററി അയയ്ക്കുകയുണ്ടായി.

(ബി) 9116·26 മെട്രിക് ടൺ അരിയാണ് കയററി അയച്ചത്. അതിൽ 4414·26 മെട്രിക് ടൺ അരി ഇറാക്ക്–ജോർദാൻ അതിർത്തികളിലെ അഭയാർത്ഥി കേന്ദ്രങ്ങളിലുണ്ടായിരുന്ന കുവൈററ് മലയാളികൾക്ക് വിതരണം ചെയ്യാൻ ഏൽപ്പിക്കുകയുണ്ടായി. ബാക്കിവന്ന 4702 മെട്രിക് ടൺ അരി അവിടെയുള്ള ഇന്ത്യൻ പൗരൻമാർക്കും മററു രാജ്യങ്ങളിലെ പൗരൻമാർക്കും വിതരണം ചെയ്യാനായി തീരുമാനിച്ചിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ആവശ്യമായ അരിയും മററു ഭക്ഷ്യവസ്തുക്കളും ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ''വിശ്വസിദ്ധി'' എന്ന ചരക്ക് കപ്പൽ വഴി വിതരണത്തിനായി കയററി അയയ്ക്കുകയുണ്ടായി.

(ഡി) ഉണ്ട്.

(ഇ) ഇത് പരിഹരിക്കുന്നതിനും നാട്ടിൽ തിരിച്ചെത്തിയ ഗൾഫ് മലയാളികളെ പുനരധിവസിപ്പിക്കേണ്ട അടിയന്തിര സ്ഥിതിവിശേഷം കണക്കിലെടുത്തും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി ഏതാനും പദ്ധതികൾക്ക് രൂപം നൽകി വരികയാണ്. ഇതിലേക്കായി ആവശ്യമായ തുകയുടെ ലഭ്യത ആദിയായ പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ



LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പ്ലാനിംഗ്ബോർഡിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ഈയിടെ ഇറാക്കി സംഭവത്തെത്തുടർന്ന് തിരിച്ചുവന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 989·725 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി കേന്ദ്രഗവൺമെന്റിന്റെ പരിഗണനക്കും അംഗീകാരത്തിനുമായി അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി: കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധി ഐ. കെ. ഗുജറാൾ കുവൈററും ഇറാക്കും സന്ദർശിച്ചു മടങ്ങി വന്നപ്പോൾ അദ്ദേഹത്തിന്റെ സന്ദർശനത്തെക്കുറിച്ച് ഒരു റിപ്പോർട്ട് പത്രത്തിൽ വന്നു. അദ്ദേഹം അവിടത്തെ സമ്പന്നൻമാരെ സഹായിക്കുക യല്ലാതെ മററൊന്നും ചെയ്തിട്ടില്ല എന്ന് പത്രത്തിൽ വന്ന വാർത്ത ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഐ. കെ. ഗുജറാൾ കുവൈററും ഇറാക്കും സന്ദർശിച്ച് മടങ്ങിവന്നപ്പോൾ വന്ന പത്ര റിപ്പോർട്ടിൽ, ഇന്നതാണ് അദ്ദേഹം അവിടെ ചെയ്തത് എന്നു പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് അറിയാമോ?

ശ്രീ. ഇ. കെ. നായനാർ: ആകെ 171,000 ഇന്ത്യാക്കാരാണ് ഇറാക്ക് സംഭവത്തിനുശേഷം കുവൈററിലുള്ളത്. അതിൽ 70,000-ൽപ്പരം പേർ മലയാളികളാണ്. അതിൽ 60,000-ൽപ്പരം പേരെ കൊണ്ടു വന്നിട്ടുണ്ട്. അന്നുതന്നെ ഇവരെ പുനരധിവസിപ്പിക്കാൻ ഞാൻ ഈ പറഞ്ഞ മറുപടിയനുസരിച്ചു തന്നെ 990 കോടി രൂപയിലധികമുള്ള ഒരു സ്കീം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാ നത്തിൽ ആ സ്കീമിനെപ്പററി ആലോചിക്കാൻ അഖിലേന്ത്യാ മുഖ്യമന്ത്രി മാരുടേയും മററു വിദഗ്ദ്ധരുടേയും ഒരു കമ്മിററി രൂപീകരിക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് എടുത്തിരുന്നു. ശ്രീ. വി. പി. സിംഗും ശ്രീ. ഗുജ്റാളും തന്നെയാണ് അത് അംഗീകരിച്ചത്. അതിനുശേഷം അവർ അധികാരത്തിൽ നിന്നും പോയി. ഇപ്പോൾ എന്തു ചെയ്യുന്നു എന്ന് അറിയില്ല.

ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി: ഈ കാര്യത്തിൽ വ്യാപകമായ പരാതിയുണ്ടെന്ന് അറിയില്ലേ; ഉടുതുണിക്ക് മറുതുണിയില്ലാതെ ബോംബെയിൽ വരുന്ന ആളുകൾക്ക് മററു സംസ്ഥാനങ്ങൾ നൽകിയ അത്ര സാമ്പത്തിക സഹായം കേരള സർക്കാർ നൽകിയിട്ടില്ല എന്നുള്ള സംസാരമുണ്ട്. അത് ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ: വസ്തു സ്ഥിതി പറഞ്ഞാലേ എനിക്ക് മറുപടി പറയാൻകഴിയൂ. പുകമറപോലെ വച്ചടിക്കുന്നതിനൊന്നും എനിക്ക് മറുപടിയില്ല. മററു സംസ്ഥാനങ്ങൾ കൊടുത്തിരുന്നതിൽ നിന്നും കുറവായിട്ട്, അങ്ങനെ യാതൊരു അവഗണനയും കാണിച്ചിട്ടില്ല. ഏററവും അധികം സഹായിച്ചത് കേരളമാണ്.

ശ്രീ. കെ. ടി. എ. മജീദ്: ഗൾഫ് മലയാളികളുടെ പുനരധിവാസ ത്തേയും മററു കാര്യങ്ങളേയും സംബന്ധിച്ച് പലപ്പോഴായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് പല സ്കീമുകളും നൽകിയിരുന്നു. എന്നാൽ കുവൈററിൽ നിന്നു തിരിച്ചെത്തിയിട്ടുള്ള ഈയാളുകളെ പുനരധി വസിപ്പിക്കുന്നതിനും മററു കാര്യങ്ങൾക്കും വേണ്ടി പ്രത്യേകമായി എന്തു സ്കീമാണ് കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ വച്ചിട്ടുള്ളത്; അതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ പ്രതികരണമെന്താണെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ഇതു രണ്ടും ഞാനിവിടെ പരാമർശിക്കുകയുണ്ടായി. യു. എ. ഇ.-ൽ നിന്നു തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കാനായി 1988-ലെ നാഷണൽ ഡെവലപ്പ്മെൻറ് കൗൺസിലിൽ ഞാനൊരു പദ്ധതി സമർപ്പിച്ചു. അതു നിരാകരിക്കുകയോ അനുകൂലിക്കുകയോ ചെയ്തിട്ടില്ല. അന്ന് 770 കോടി രൂപയായിരുന്നത് ഇപ്പോൾ 2 കൊല്ലത്തിനുശേഷം 1000 കോടി രൂപയായി കൂടിയിട്ടുണ്ടാകും. അവർ അയച്ചുകൊണ്ടിരിക്കുന്ന പണത്തിൻെറ 15 ശതമാനമെടുത്തുകൊണ്ട് കേരളത്തിൽ ഒരു പദ്ധതിയുണ്ടാക്കണമെന്നാണ്. രണ്ടാമത്, ആഗസ്ററ് 2-ാം തീയതിക്കുശേഷം കുവൈററിൽ നിന്നു മടങ്ങിവന്നവർ, അവർക്കുവേണ്ടി 990 കോടി രൂപയുടെ ഒരു സ്കീമാണുള്ളത്. അങ്ങനെ 2 സ്കീമാണുള്ളത്. ഒന്ന്, യു. എ. ഇ.-യിൽ നിന്നു തിരിച്ചുവരുന്നവർക്ക്. ഇതാണെങ്കിൽ അഭയാർത്ഥി പദവി നേടിയെടുക്കാനായി കേന്ദ്രസർക്കാരിൻെറ അനുമതിക്കായി ഞാനൊരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്കും മററുള്ളവർക്കും അറിയാൻവേണ്ടി പറയാം. ഒന്ന്, സ്വയംതൊഴിൽ ആരംഭിക്കണമെന്ന ആഗ്രഹമുള്ളവർക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർമാരുടെ മുമ്പാകെ തങ്ങളുടെ പേരുകൾ രജിസ്ററർ ചെയ്യാവുന്നതാണ്. രണ്ട്, കേന്ദ്രസർക്കാരിൻെറ അംഗീകാരത്തിനായി ഏതാനും പുതിയ പദ്ധതികളുടെ അടങ്കൽ, ആവശ്യമായ തുകയുടെ ലഭ്യത മുതലായ വിവരങ്ങളുൾക്കൊള്ളുന്ന ഒരു പ്രോജക്ററ് റിപ്പോർട്ട് തയ്യാറാക്കാൻ ആസൂത്രണ ബോർഡിൻെറ നേതൃത്വത്തിൽ ഒരു പുതിയ സമിതി രൂപീകരിക്കുക. മൂന്ന്, മുമ്പു ശ്രീലങ്കയിൽ നിന്നു മടങ്ങിവന്നവർക്ക് Repatriates Co-operative Financial Development Bank പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നു ലഭിച്ചുവരുന്ന ധനസഹായം ഗൾഫിൽ നിന്നു മടങ്ങി വരുന്നവർക്കും ലഭിക്കുന്നതിനായി അവർക്ക് അഭയാർത്ഥി പദവി നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൻെറ അനുമതിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്. നാല്, കുവൈററിൽ നിന്നു മടങ്ങിവരുന്നവരുടെ ശമ്പളം, അലവൻസ്, പ്രോവിഡൻറ് ഫണ്ട്, ബാങ്ക് ഡെപ്പോസിററുകൾ മുതലായ അവകാശങ്ങൾ ലഭിക്കുന്നതിനു വേണ്ടിയുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാൻ കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു. ഉൾനാടൻ മൽസ്യബന്ധനം, ആഴക്കടൽ മൽസ്യബന്ധനം മൽസ്യക്കൃഷി തുടങ്ങിയ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗൾഫിൽ നിന്നു മടങ്ങിവരുന്നവരുടെ കുട്ടികൾക്ക് സ്കൂളിൽ പ്രവേശനം നൽകുന്നതുപോലെയുള്ള ഹ്രസ്വകാല പ്രശ്നങ്ങളിൽ എല്ലാ വകുപ്പദ്ധ്യക്ഷൻമാരും പരമാവധി അനുഭാവ പൂർണ്ണമായ നിലപാടു സ്വീകരിക്കണമെന്നു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ മടങ്ങിവന്നിട്ടുള്ളവർക്ക് സഹായം നൽകാനും, പഠിക്കുന്നതിന് സഹായം നൽകാനും, സ്വയംതൊഴിൽ ചെയ്യുന്നതിനും ആവശ്യമായ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇവിടേയും അംഗീകരിച്ചു നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: ഗൾഫിൽ കുടുങ്ങിയ ആളുകൾക്ക് അരി എത്തിച്ചുകൊടുത്തു എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ വളരെ മോശപ്പെട്ട അരിയാണ്, വിതരണം ചെയ്യാൻ പററുന്ന അരി അല്ല എന്നു കപ്പാളിററി കൺട്രോളർ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള ഭക്ഷ്യ ധാന്യങ്ങളാണ് അവയെന്നു പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അതിൻെറ നിജസ്ഥിതിയെന്താണെന്നു വ്യക്തമാക്കാമോ?

ക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): ഇത് ശുദ്ധ അസംബന്ധമാണ്. ഇവിടെ നിന്നു എക്സ്പോർട്ട് ചെയ്യുമ്പോൾ കാളിററി മുതലായവ ടെസ്ററ് ചെയ്യും. ഷിപ്പിൽ കയററുന്നതിന് ഒരു വ്യവസ്ഥയുണ്ട്. ഇതെല്ലാം പരിശോധിച്ചിട്ടാണ് സാധനങ്ങൾ കയററി അയക്കുന്നത്. ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ ആൾക്കാർ വെരിഫൈ ചെയ്തു, അരിയുടെ വില വരെ തയ്യാറാക്കിയിട്ടാണ് കയററി അയക്കുന്നത്. പത്രങ്ങളിൽ പലതും എഴുതി.

ശ്രീ. എം. വിജയകുമാർ: കുവൈററ് മലയാളികളുടെ പ്രശ്നം കേരളത്തിൻെറ മാത്രം പ്രശ്നമല്ല, ദേശീയ പ്രശ്നമാണെന്നു മുൻ പ്രധാനമന്ത്രി വി. പി. സിംഗ് ഇവിടെ വന്നപ്പോൾ പ്രസ്താവിച്ചു. അതിൻെറ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിമാരെയുൾപ്പെടുത്തി ദേശീയ തലത്തിൽ ഒരു കമ്മിററിയുണ്ടാക്കി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി ചില നടപടികൾ മുൻ സർക്കാർ സ്വീകരിച്ചിരുന്നു. അതിൻെറയടിസ്ഥാനത്തിൽ എന്തൊക്കെ കാര്യങ്ങൾ നടത്തിയിട്ടുണ്ടെന്നു വിശദീകരിക്കാമോ?

ശ്രീ. ഇ. കെ. നായനാർ: ഇത് കേരളത്തിൻെറ മാത്രം പ്രശ്നമല്ല. ആന്ധ്രാക്കാരുണ്ട്, തമിഴ്നാട്ടുകാരുണ്ട്, ഗുജറാത്തുകാരുണ്ട്, മഹാരാഷ്ട്രക്കാരുണ്ട്. ഇവരെല്ലാം കുവൈററിൽ നിന്നു തിരിച്ചു വന്നിട്ടുണ്ട്. ......(തടസ്സം)......ആഗോളമല്ല; ആഗോളം ഇതിന് മുമ്പത്തെ മന്ത്രിസഭയുടെ കാലത്താണ്. ഇപ്പോഴല്ല............. (തടസ്സം)

മി. സ്പീക്കർ: ബഹു. മുഖ്യമന്ത്രി, അങ്ങയോട് ഒരഭ്യർത്ഥനയുണ്ട്. അവിടെയിരുന്നുള്ള കമൻററിക്ക് അങ്ങ് മറുപടി പറയാതിരിക്കണം. അവിടെയിരുന്നു കമൻററി പറഞ്ഞാൽ അങ്ങ് അതിന് മറുപടി പറയരുത്. അതിന് മറുപടി പറഞ്ഞാൽ ചോദ്യോത്തരം നടത്താനൊക്കുകയില്ല. ഇരുന്നുകൊണ്ടു ചോദിക്കുന്നതിനൊന്നും മറുപടി പറയരുത്.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട സ്പീക്കർ ഇങ്ങോട്ട് ചോദിക്കാതിരുന്നാൽ മതി. ..........................................

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ഒരു ചോദ്യവും ചോദിച്ചില്ല. ഇതൊക്കെ തെററിദ്ധാരണകൊണ്ടാണ് പറയുന്നത്. ഞാൻ എന്തുചോദിച്ചു. ഒരക്ഷരം ചോദിച്ചിട്ടില്ല. ......................... (ബഹളം)..........................

ശ്രീ. ഇ. കെ. നായനാർ: ചോദ്യത്തിന് ഉത്തരം പറയുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ഇങ്ങോട്ടും ചോദിക്കരുത്.

മി. സ്പീക്കർ: അങ്ങയോട് ഞാൻ ഒരു ചോദ്യവും ചോദിച്ചില്ല. കമൻററിക്ക് മറുപടി പറയരുതെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു.

ശ്രീ. ഇ. കെ. നായനാർ: അങ്ങ് ഒരു ചോദ്യം ഹെൽത്ത മിനിസ്ററോട് ചോദിച്ചത് കേട്ടതുകൊണ്ടു പറഞ്ഞതാണ്.

മി. സ്പീക്കർ: അത് ചോദിക്കാം. അതൊരു ദേശീയനയമാണ്. സ്പീക്കർക്ക് ചോദിക്കാം. തെററിദ്ധാരണയൊന്നും വേണ്ട. ഒരു ക്വസ്ററ്യനെ സംബന്ധിച്ചുള്ള ക്ലാരിഫിക്കേഷൻ സ്പീക്കർക്ക് ചോദിക്കാം. അത് അവകാശമാണ്. ഇതൊന്നും അറിയാതെ പറയരുത്. ............................ (ബഹളം).................................

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ. കെ. നായനാർ:</u> അതിന് മറുപടി ഇപ്പോൾ പറയുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു, അഖിലേന്ത്യാടിസ്ഥാനത്തിൽ ഇതിനെ സംബന്ധിച്ച് വല്ല പ്രശ്നങ്ങളും മുൻ പ്രധാനമന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോയെന്ന്. ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കൻമാരും മുഖ്യമന്ത്രിയായ ഞാനും കൂടി മുൻ പ്രധാനമന്ത്രിക്ക് ഒരു സ്കീം സമർപ്പിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ മുഖ്യമന്ത്രിമാരും വിദഗ്ദ്ധരും എല്ലാമുൾപ്പെട്ട ഒരു കമ്മിററി രൂപീകരിക്കാൻ ആവശ്യപ്പെട്ടു. അത് ഇൻഡ്യാഗവൺമെൻറ് അംഗീകരിക്കുകയുണ്ടായി. അതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്ന സമയത്താണ് അദ്ദേഹത്തിൻെറ ഭൂരിപക്ഷം നഷ്ടപ്പെട്ടത്. ആ കാര്യം വീണ്ടും ഞാൻ പുതിയ പ്രധാനമന്ത്രിക്ക് എഴുതിയിട്ടുണ്ട്. ഇന്നലെ ദേവിലാൽ വന്നപ്പോൾ അദ്ദേഹത്തോടും പറഞ്ഞു, അദ്ദേഹം ഡെപ്യൂട്ടി പ്രധാനമന്ത്രിയാണല്ലോ. തീർച്ചയായും ഇക്കാര്യം ഇപ്പോഴത്തെ ഗവൺമെൻറിൻെറ ശ്രദ്ധയിലും പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എം. വിജയകുമാർ:</u> കുവൈററിൽ നിന്നു മടങ്ങിയെത്തിയിട്ടുള്ള മലയാളികളെ പുനരധിവസിപ്പിക്കുന്നതുപോലെതന്നെ ഡൽഹിയിൽ നിന്നു മടങ്ങിയെത്തിയിട്ടുള്ള രാഷ്ട്രീയ നേതാക്കൻമാരേയും പുനരധിവസിപ്പിക്കുന്നകാര്യം സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള ആളുകളെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>മി. സ്പീക്കർ:</u> ആ ചോദ്യം അനുവദിക്കുന്നില്ല. You can put another question.

<u>ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി:</u> കുവൈററിൽ നിന്നും മടങ്ങി വന്ന സന്ദർഭത്തിൽ തങ്ങളുടെ വ്യാപാരവും സ്വത്തും അതിനുപരിയായി കുവൈററ് ബാങ്കിലുണ്ടായിരുന്ന ഡെപ്പോസിററും മുഴുവൻ അവിടെ നഷ്ടപ്പെടുത്തിയിട്ടാണ് മുഴുവനാളുകളും വന്നിട്ടുള്ളത്. കേരളീയരും മററു സ്ഥലങ്ങളിലുള്ളയാളുകളുമുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സമ്പദ്ഘടനയ്ക്ക് അവിടെനിന്നുണ്ടായിരുന്ന വരുമാനം വലിയ സഹായം ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്ക് അവർ ഇട്ടേച്ചുപോന്നിട്ടുള്ള അവരുടെ ബാങ്ക് ഡെപ്പോസിററും മററു സ്വത്തുക്കളും അവർക്ക് തിരിച്ചു കിട്ടുന്നതിന് ഇൻഡ്യാഗവൺമെൻറ് മുഖേന നമ്മുടെ സർക്കാർ എന്തു നടപടി സ്വീകരിച്ചു? ഒന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ഇ. കെ. നായനാർ:</u> അതിനെ സംബന്ധിച്ച് വളരെയധികം മെമ്മോറാണ്ടം എനിക്ക് ലഭിക്കുകയുണ്ടായി. അത് ഇൻഡ്യാഗവൺമെൻറ് എടുക്കുന്ന പോളിസിയാണ്. അതിനെ സംബന്ധിച്ച് അതാത് സമയത്ത് കിട്ടിയ മെമ്മോറാണ്ടം എൻെറ റെക്കമെൻേറഷനോടും അഭിപ്രായത്തോടുംകൂടി അറിയിച്ചിട്ടുണ്ട്. ഇതുവരെ അതിനെ സംബന്ധിച്ചൊരു തീരുമാനത്തിലെത്തിയതായി വിവരം ലഭിച്ചിട്ടില്ല.

<u>ശ്രീ. ഒ. ഭരതൻ:</u> കുവൈററിൽ നിന്നും മടങ്ങി വരുന്ന കേരളീയരായിട്ടുള്ള ആളുകൾക്ക് സൗജന്യറേഷൻ അനുവദിക്കണമെന്ന പ്രതിപക്ഷ നേതാവിൻെറ നിർദ്ദേശം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കാര്യത്തിൽ എന്തു നടപടിയാണ് എടുക്കാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ഉണ്ട്. പ്രതിപക്ഷ നേതാവ് മാത്രമല്ല, മററു പല നേതാക്കൻമാരും ആവശ്യപ്പെട്ടിട്ടുണ്ട്. തീർച്ചയായിട്ടും അവരുടെ റേഷൻകാർഡ് ശരിപ്പെടുത്തിക്കൊടുക്കാൻ വേണ്ടി നടപടി സ്വീകരിക്കുന്നുണ്ട്. ഉടനെ ടെമ്പററി കാർഡ് നൽകും; പിന്നീട് പെർമനൻറ് കാർഡ് നൽകും.

ശ്രീ. വി. കെ. രാജൻ: കുവൈററിൽ നിന്നും മടങ്ങി വരുന്ന ആളുകൾക്ക് ആവശ്യമായ തൊഴിൽ കൊടുക്കുന്നതിനുവേണ്ടി ബാങ്കുവഴിയോ കെ. എഫ്. സി. വഴിയോ വായ്പ നൽകുന്നതിന് നിലവിലുള്ള നടപടി ക്രമത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തി ഇത്തരം ആളുകളെ സഹായിക്കാൻ ഗവൺമെൻറ് ശ്രമിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനം കെ. എഫ്. സി. എടുത്തിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽനിന്നും മടങ്ങിവരുന്ന ആളുകളെ വിളിച്ചുകൂട്ടി അവർക്ക് ചെയ്യാൻ കഴിയുന്ന പ്രോജക്ടുകളെക്കുറിച്ച് പഠിപ്പിക്കുന്നുണ്ട്. അതിനുശേഷം ആവശ്യപ്പെടുന്നവർക്ക് 40 ദിവസങ്ങൾക്കുള്ളിൽ അത് പ്രോസസ് ചെയ്ത് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. കെ. പി. വിശ്വനാഥൻ: പതിനായിരക്കണക്കിനാളുകൾ കുവൈററിൽ നിന്നും മടങ്ങിവന്നിട്ടുണ്ട്. ഇൻഡ്യാഗവൺമെൻറിന്റെ അറിയിപ്പനുസരിച്ച് അവിടെ ഗവൺമെൻറു സർവ്വീസിൽ ഉണ്ടായിരുന്നവർ ഇൻഡ്യൻ കോൺസുലേറ്റ്, ബോംബെയുമായിട്ട് ബന്ധപ്പെടണമെന്ന് പറഞ്ഞിരുന്നു. എന്നാൽ കേരളത്തിലേക്ക് മടങ്ങിവന്നവരിൽ ബഹുഭൂരിപക്ഷവും അവിടെ സ്വകാര്യകമ്പനികളിൽ പണിയെടുത്തിരുന്നവരാണ്. ബാങ്ക് ഡെപ്പോസിററും കോമ്പൻസേഷനും ലഭിക്കുന്നതിന് അവരുടെ പേരുകൂടി ഇൻഡ്യൻ കോൺസുലേററ്, ബോംബെയിൽ രജിസ്ററർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: കുവൈററിൽ ഇപ്പോഴുംതന്നെ 10000 ആളുകൾ ബാക്കിയുണ്ട്. എന്തുവന്നാലും അവർ അവിടെത്തന്നെ ജോലി ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അവിടത്തെ സ്ഥിതി അനിശ്ചിതത്വത്തിലാണ്. സംഘർഷാവസ്ഥയ്ക്ക് അയവ് വന്നിട്ടില്ല. തിരിച്ചു വന്നവരിൽ ഭൂരിഭാഗവും സ്വകാര്യമേഖലയിൽ ജോലി ചെയ്തിരുന്നവരാണ്. അവർക്കുവേണ്ടി വിശദമായ ഒരു സ്കീം നമ്മൾ സമർപ്പിച്ചുവെങ്കിലും ഇൻഡ്യാഗവൺമെൻറ് ഒരു കമ്മിററി രൂപീകരിക്കുമെന്ന് പറഞ്ഞതല്ലാതെ പുതിയ സമീപനമൊന്നും എടുത്തുകഴിഞ്ഞിട്ടില്ല. നമുക്ക് ഈ കാര്യം ഒന്നുകൂടി ഇൻഡ്യാഗവൺമെൻറിനെ അറിയിക്കാം.

ശ്രീ. കെ. കരുണാകരൻ: കുവൈററിൽ നിന്നും തിരിച്ചുവരുന്നവർ രണ്ടുവിഭാഗക്കാരാണ്. വരുമാനം സൂക്ഷിച്ചുവയ്ക്കാൻ കഴിഞ്ഞിരുന്നവരും കിട്ടിയതുകൊണ്ട് അന്നന്ന് കഴിച്ചുകൂട്ടിയിരുന്ന ആളുകളും. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇന്ന് വളരെ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട മൊയ്തീൻകുട്ടി ഹാജി പറഞ്ഞ സ്കീം വളരെ പ്രസക്തമാണ്. രണ്ടാമത് പറഞ്ഞ ആളുകൾക്കുവേണ്ടി അടിയന്തിരമായി എന്തുനടപടി സ്വീകരിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണം. അതുപോലെ ആദ്യം പറഞ്ഞ വിഭാഗം നേടിയ സമ്പത്ത് അവർക്ക് അതേപടി കിട്ടാനുള്ള സംവിധാനവുമുണ്ടാക്കണം. ഇതിനെല്ലാം വേണ്ടി ഇൻഡ്യാഗവൺമെൻറുമായിട്ട് ചർച്ചചെയ്തു അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. ഇ. കെ. നായനാർ: ഈ പറഞ്ഞ കാര്യങ്ങളൊക്കെ ഡീൽ ചെയ്യുന്നത് ഇൻഡ്യാഗവൺമെൻറാണ്. അതിന് ആവശ്യമായ എഴുത്തുകുത്തുകൾ നമ്മൾ നടത്തുന്നുണ്ട്. ധനകാര്യമന്ത്രി പറഞ്ഞതുപോലെ മടങ്ങിവന്നവർക്ക് ജോലി നൽകുന്നതിനുവേണ്ടി ധനകാര്യ സ്ഥാപനങ്ങൾ വഴി എന്തു ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് സെമിനാറുകൾ നടത്തുന്നുണ്ട്. പരിശീലനക്ലാസുകൾ നടത്തുന്നുണ്ട്. അതുപോലെ എല്ലാ കാര്യങ്ങളും ഇൻഡ്യാ ഗവൺമെൻറിനെ എഴുതി അറിയിക്കുന്നുമുണ്ട്.

## ജാതി തിരിച്ചുള്ള സെൻസസ്

*3 [3] ശ്രീ. പി.എം. അബൂബക്കർ:
,, പി. സീതിഹാജി:
,, ഇ. അഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, എം. ജെ. സഖറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന സെൻസസിൽ ജാതി തിരിച്ചുള്ള കണക്ക് എടുക്കുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഇല്ല.

(ബി) 1950-ൽ ഭരണഘടന നിലവിൽ വന്നതിനുശേഷമുള്ള സെൻസസുകളിൽ പട്ടികജാതി, പട്ടികവർഗ്ഗം ഒഴികെ ആരുടേയും ജാതി തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നില്ല. 1991-ലെ സെൻസസിലും ഇതേ നയം തുടരുവാനാണ് കേന്ദ്ര ഗവൺമെൻറു തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെൻറിന് ഇക്കാര്യത്തിൽ യാതൊരു അധികാരവുമില്ല.

ശ്രീ. ഇ. അഹമ്മദ്: സാമൂഹ്യമായിട്ട് പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറ് മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആ ഫലം അവർക്ക് അനുഭവേദ്യമാക്കാൻ ജാതി തിരിച്ചുള്ള വിവരങ്ങൾ കൂടി സെൻസസിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറു കേന്ദ്ര ഗവൺമെൻറിൽ നിവേദനം നടത്തുമോ?

ശ്രീ. ഇ. കെ. നായനാർ: ഇതുസംബന്ധിച്ച് ഇതിനുമുമ്പും നിയമസഭയിൽ ചോദ്യങ്ങൾ വന്നിട്ടുണ്ട്. ഞങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോഴും ചോദിച്ചിട്ടുണ്ട്. ഇപ്പോൾ നിങ്ങളും ഉന്നയിക്കുന്നത് അതേ ചോദ്യമാണ്. കേന്ദ്ര-സംസ്ഥാന ഡിപ്പാർട്ടുമെൻറുകളുടെ ആവശ്യപ്രകാരം സെൻസസ് കമ്മീഷൻ ഓഫ് ഇൻഡ്യയാണ് സെൻസസിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ നിശ്ചയിക്കുന്നത്. അതനുസരിച്ച് സെൻസസ് നടത്തുകയല്ലാതെ സെൻസസിൽ ഉൾപ്പെടുത്തേണ്ട ചോദ്യങ്ങൾ നിശ്ചയിക്കാൻ യാതൊരു

അധികാരവുമില്ല. കേരളവീരശൈവസഭ തുടങ്ങിയ സംഘടനകൾ സെൻസസിൽ അവരുടെയെണ്ണം പ്രത്യേകമായി ലഭിക്കത്തക്കവിധം വിവരം ശേഖരിക്കണമെന്നുപറഞ്ഞു ഒരു നിവേദനം തന്നിട്ടുണ്ട്. അത് അയച്ചു കൊടുത്തിട്ടുണ്ട്. സെൻസസ് ഡയറക്ടറും ഇൻഡ്യയുടെ സെൻസസ് റജിസ്ട്രാറും ആവശ്യപ്പെട്ടതനുസരിച്ച് സെൻസസ് നടത്തുന്നതിനു വേണ്ട സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് അവരുടെ നിർദ്ദേശമനുസരിച്ച് ചെയ്തിട്ടുണ്ട്. അല്ലാതെ നമുക്ക് യാതൊരു പവറുമില്ല.

ശ്രീ. നാലകത്ത് സൂപ്പി: കേന്ദ്രഗവൺമെന്റ് നിർദ്ദേശ പ്രകാരമാണ് സെൻസസ് എടുക്കേണ്ടതെന്നു പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ സാമൂഹ്യപിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിന് ഈ സെൻസസോടൊപ്പംതന്നെ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. കെ. നായനാർ: ഇൻഡ്യാ ഗവൺമെന്റ് അനുവദിക്കുകയാണെങ്കിൽ തയ്യാറാകും.

ശ്രീ. എം. ജെ. സഖറിയ: സെൻസസ് എടുക്കുമ്പോൾ സ്വീകരിക്കേണ്ട മുഴുവൻ മാർഗ്ഗനിർദ്ദേശങ്ങളും എന്താണെന്ന വ്യക്തമാക്കാമോ?

മി. സ്പീക്കർ: മാർഗ്ഗനിർദ്ദേശങ്ങൾ മുഴുവൻ ഇവിടെ പറയാൻ ബുദ്ധിമുട്ടാണ്. ഏതെങ്കിലും ഒന്ന് ചോദിച്ചാൽ പറയാം.

ശ്രീ. ഇ. കെ. നായനാർ: 1981-ൽ എടുത്ത കണക്കനുസരിച്ചാണ് 1991-ലും സെൻസസ് എടുക്കുന്നത്. പത്തു കൊല്ലം കൂടുമ്പോഴാണ് സെൻസസ് എടുക്കുന്നത്. ഇപ്പോൾ അതു ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിൽ മാററം വരുത്താൻ നമുക്ക് അവകാശമില്ല.

ശ്രീ. എം. ജെ. സഖറിയ: സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ സാമൂഹ്യനീതി നടപ്പിലാക്കുന്നതിനും പിന്നോക്ക-ദുർബല വിഭാഗങ്ങൾക്ക് ഭരണരംഗത്ത് പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വ്യാപകമായ പ്രചരണം നടത്തുന്ന അവസരത്തിൽ ജാതി തിരിച്ചുള്ള സെൻസസ് എടുക്കുന്നത് അനിവാര്യമാണ്. ഇത്തരമൊരു നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. നായനാർ: സംസ്ഥാന ഗവൺമെന്റിന് എന്തും സമർപ്പിക്കാം. അതാണ് ഞാൻ രണ്ടുകാര്യം പറഞ്ഞത്. ബഹായി വിഭാഗത്തിന്റെയും വീരശൈവ സഭയുടേയും കണക്ക് നേരത്തെ വിട്ടുപോയതാണ്. അതിന്റെ കണക്കെടുക്കണം. അക്കൂട്ടത്തിൽ നിങ്ങൾ പറഞ്ഞതും സമർപ്പിക്കാമെന്നല്ലാതെ അത് നിശ്ചയിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

ശ്രീ. എം. പി. താമി: 1961-ലും 1971-ലും 1981-ലും ഒക്കെ നടത്തിയിട്ടുള്ള സെൻസസ് ജാതി തിരിച്ചുള്ള സെൻസസ് അല്ലാത്തതുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട മുഴുവൻ ആനുകൂല്യങ്ങളും ഇന്ന് കിട്ടുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അത് പരിഹരിച്ചുകൊണ്ട് 1991-ൽ നടത്തേണ്ട സെൻസസിന്റെ കാര്യത്തിലെങ്കിലും ജാതി തിരിച്ച് സെൻസസ് എടുക്കാൻ കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കണക്ക് ഇപ്പോഴുംതന്നെയുണ്ട്. അതിനെക്കുറിച്ച് മെമ്പർ അറിയാതെയാണ് പറഞ്ഞത്. മററു വിഭാഗത്തിന്റെ കണക്കില്ലെന്നാണ് പറഞ്ഞത്.

ശ്രീ. കെ. മുഹമ്മദാലി: കേരളത്തിലെ സെൻസസിന്റെ പ്രവർത്തനം നടത്താൻ ആരെ നിയോഗിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. കെ. നായനാർ: കേന്ദ്രഗവൺമെന്റാണ് ആളെ നിശ്ചയിക്കുന്നത്.

മി. സ്പീക്കർ: ഇപ്പോഴും സെൻസസ് കമ്മീഷണറുണ്ട്, ഡിപ്പാർട്ടുമെന്റുണ്ട്. അതിന് പ്രത്യേകം ആരെയും ചുമതലപ്പെടുത്തേണ്ടതില്ല.

## സെക്രട്ടറിയേററിലെ ഫയലുകൾ നഷ്ടപ്പെട്ടതിനെക്കുറിച്ച് അന്വേഷണം

*4 [4] ശ്രീ. സി. ടി. കൃഷ്ണൻ:
,, മാത്യു സ്ററീഫൻ:
,, എസ്. ശർമ്മ:
,, കെ. ജെ. തോമസ്:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയററിൽനിന്നും ഫയലുകളും പ്രധാനപ്പെട്ട രേഖകളും കാണാതാകുന്നതിനെക്കുറിച്ചുള്ള നിയമസഭയുടെ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററിയുടെ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലുകൾ നഷ്ടപ്പെട്ടതിനെക്കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ;

(സി) ഏതു വർഷങ്ങളിലെ ഏതെല്ലാം ഫയലുകളാണ് കാണാതായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാരിന്റെ കാലത്ത് കാണാതായ എത്ര ഫയലുകൾ കണ്ടെത്തിയിട്ടുണ്ട്;

(ഇ) ഇതിൽ കുററക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(എഫ്) ഇപ്പോൾ ഇതേക്കുറിച്ചുള്ള അന്വേഷണത്തിന്റെ സ്ഥിതി എന്താണെന്നും റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കുമെന്നും വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ കാര്യം കമ്മീഷന്റെ അന്വേഷണത്തിലിരിക്കുകയാണ്.

(ഡി, ഇ) വിശദമായ വിവരം ശേഖരിച്ചുവരികയാണ്.

(എഫ്) 1–12–1990–ൽ അന്വേഷണകമ്മീഷനെ നിയമിച്ചപ്പോൾ മൂന്നുമാസത്തിനകം റിപ്പോർട്ട് നൽകണമെന്നാണ് ഉത്തരവിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. കൃഷ്ണൻ: സെക്രട്ടേറിയററിലെ ഫയലുകൾ കാണാനില്ലെന്നുള്ളത് ഓരോ ആളിനേയും വളരെ ഗുരുതരമായി ബാധിക്കുന്ന കാര്യമാണ്. ഓരോ ദിവസവും അല്ലെങ്കിൽ ഓരോ ഘട്ടത്തിലും ഇന്ന ഫയലുകൾ ഇന്ന ഉദ്യോഗസ്ഥന്റെ കീഴിലാണ്, അല്ലെങ്കിൽ കസ്റ്റഡിയിലാണ് എന്ന് നിശ്ചയിക്കുന്നതിന് ഇന്ന് വല്ല രേഖകളുമുണ്ടോ ഇല്ലെങ്കിൽ അതിനാവശ്യമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ഇ. കെ. നായനാർ: മുൻകാലത്ത് സെക്രട്ടേറിയററിലെ ഫയലുകൾ കാണാത്തതു സംബന്ധിച്ച് ചോദ്യം വന്നതിനെത്തുടർന്ന് വിവിധ വകുപ്പുകൾ അതിനെക്കുറിച്ച് വിശദമായിട്ട് വിവരം ശേഖരിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ മുൻകാലത്ത് കാണാതെപോയ ചില ഫയലുകൾ ഇന്ന് കണ്ടുകിട്ടിയിട്ടുണ്ട്. അതിന്റെ സമ്പ്രദായം മാററണമോ, വേണ്ടയോ എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കാൻ കഴിഞ്ഞകാലത്തുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായിട്ട് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കാണാതെ പോയ ഫയലുകളെത്ര, പഴയ സിസ്ററത്തിൽ വല്ല മാററവും വരുത്തണമോ എന്നുള്ളതിനെ സംബന്ധിച്ചും ഫയൽ കണ്ടുപിടിക്കുന്നതിനെ സംബന്ധിച്ചും മൂന്നു മാസത്തിനകം റിപ്പോർട്ട് നൽകാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ഇപ്പോൾ കാണാതായ ഫയലുകൾ മുൻ ഗവൺമെൻറിന്റെ കാലത്തുള്ളതാണോ, അതോ ഈ ഗവൺമെൻറിന്റെ കാലത്തുള്ളതാണോ; അങ്ങനെയാണെങ്കിൽ മുൻ ഗവൺമെൻറിന്റെ കാലത്ത് എത്ര ഫയലുകളാണ് കാണാതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എം. എൽ. എ.-മാർ നിവേദനം കൊടുത്താൽപ്പോലും ബന്ധപ്പെട്ട ഫയലുകൾ കാണാനില്ലെന്ന് ഓഫീസിൽ പോകുമ്പോൾ പറയാറുണ്ട്. അതുകൊണ്ട് ഇതിനൊരു മാററം വരുത്തുന്നതിനുവേണ്ടി ഒരു സ്ഥിരം സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കേണ്ടതാണ്.

ശ്രീ. ഇ. കെ. നായനാർ: കാണാതായ ഫയലുകൾ കണ്ടുകിട്ടുന്നതിനുവേണ്ടി സ്ഥിരമായ ഒരു സംവിധാനമുണ്ടാക്കുന്നതിന് നിർദ്ദേശിക്കാൻ ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. താഴെ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച ഫയലുകളാണ് സെക്രട്ടേറിയററിൽനിന്നും കാണാതായതെന്നാണ് കമ്മിററി കണ്ടെത്തിയത്. വിദ്യുച്ഛക്തി വകുപ്പിൽനിന്നും 1981–82 മുതൽക്കുള്ള ആഡിററ് പാരതികൾക്കുള്ള മറുപടി ആവശ്യപ്പെട്ടുകൊണ്ടുള്ള ഫയലുകളാണ് കാണാതെപോയത്. ഈ ഫയലുകൾ വൈകിയിട്ടാണെങ്കിലും കണ്ടുകിട്ടിയിട്ടുണ്ട്. അതു സംബന്ധിച്ച് പവർ സെക്രട്ടറി പറഞ്ഞത് നിയമസഭാകമ്മിററി റിപ്പോർട്ടിൽത്തന്നെയുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലെയും പൊതുവിദ്യാഭ്യാസ വകുപ്പിലെയും കൃഷിവകുപ്പിലെയും ഫയലുകളുണ്ട്. ഫയലുകൾ കാണാതാകുക, രേഖകളില്ലാതാകുക, അന്വേഷണ റിപ്പോർട്ടും മററും ലഭിക്കാതിരിക്കുക എന്നീ കാര്യങ്ങൾ സെക്രട്ടേറിയററിലെ സംഭവമായിത്തീർന്നിരിക്കുകയാണെന്നുള്ളത് കമ്മിററി റിപ്പോർട്ടിലുണ്ട്. ഇക്കാര്യത്തിൽ പി.യു.സി. ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനെ സംബന്ധിച്ചൊക്കെ അന്വേഷിക്കാനാണ് ഒരു കമ്മീഷനെ നിയോഗിച്ചിട്ടുള്ളതും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നു മാസത്തെ അവധി നൽകിയിട്ടുള്ളതും.

ശ്രീ. മാത്യു സ്റ്റീഫൻ: സെക്രട്ടേറിയറ്റിലെ ഫയലുകൾ കാണാതെ പോയതിനെക്കുറിച്ച് അന്വേഷിക്കാൻവേണ്ടി കമ്മീഷനായി നിയോഗിച്ചിരിക്കുന്നത് ആരെയാണ്, എന്തൊക്കെയാണ് അന്വേഷണപരിധിക്കുള്ളിൽ വരുന്നത്, അതിന്റെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. ഇ. കെ. നായനാർ: കമ്മിഷനായി നിയോഗിച്ചിട്ടുള്ളത് റവന്യു ബോർഡ് അംഗമായ ശ്രീ. കൃഷ്ണൻ നായരെയാണ്.

ശ്രീ. ടി. എം. ജേക്കബ്: അന്വേഷണ വിഷയമാണ് ചോദിച്ചത്.

മി. സ്പീക്കർ: അന്വേഷണ വിഷയമാണ് പറഞ്ഞത്.

ശ്രീ. മാത്യു സ്റ്റീഫൻ: എന്റെ ആദ്യ ചോദ്യത്തിൽ ഇതിൽ ഏതൊക്കെ കാര്യങ്ങളെക്കുറിച്ചാണ് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നത്, അതിന്റെ ഡീറ്റെയിൽസ് വ്യക്തമാക്കാമോ എന്നാണ് ചോദിച്ചത്.

ശ്രീ. ഇ. കെ. നായനാർ: ഞാൻ അതിനെക്കുറിച്ച് പറഞ്ഞു. ഏതെല്ലാം ഫയലുകളാണ് കാണാതെ പോയതെന്നുള്ളതിനെക്കുറിച്ച് പറഞ്ഞതാണ്.

മി. സ്പീക്കർ: ആ ഫയലുകൾ കാണാതെ പോയതിനെക്കുറിച്ച് അന്വേഷിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: അതിൽ വിദ്യുച്ഛക്തി വകുപ്പിനെ സംബന്ധിച്ച ഫയലുകൾ കിട്ടിയിട്ടുണ്ട്. ബാക്കിയുള്ളതിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തുകയാണ്. മൂന്നുമാസത്തിനകം അതിന്റെ റിപ്പോർട്ട് തരും.

ശ്രീ. മാത്യു സ്റ്റീഫൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, മൂന്നുമാസത്തിനകം കമ്മീഷൻ റിപ്പോർട്ട് തരും എന്നാണ്. മൂന്നുമാസത്തിനുള്ളിൽ ഇനിയും ഫയലുകൾ ചോർന്നു പോകാതിരിക്കാനും മുക്കിക്കൊണ്ടുപോകാതിരിക്കാനും വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിനുവേണ്ടി എന്തു നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. ഇ. കെ. നായനാർ: ഈ ഗവൺമെൻറിന്റെ കാലത്തല്ല ഇത് നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഒന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. മുൻകാലഗവൺമെൻറിന്റെ കാലത്ത് കാണാതെപോയ ഫയലുകളാണിവ. അതിനെക്കുറിച്ച് ഇപ്പോൾ അന്വേഷിക്കുകയാണ്. എവിടെയെല്ലാം ഫയലുകൾ പൂഴ്ത്തിവെച്ചിട്ടുണ്ട്, എത്ര ലക്ഷം രൂപ ബാധകമായിട്ടുണ്ട് എന്നീ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഭാവിയിൽ ഇങ്ങനെ ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള പ്രൊപ്പോസലുകൾ വയ്ക്കാൻ കമ്മീഷനെത്തന്നെ നിയോഗിച്ചിട്ടുണ്ട്. പഴയ സിസ്റ്റത്തിൽ നിന്നും വ്യത്യസ്തമായിട്ടു ഫയലുകൾ പോകാതിരിക്കാനുള്ള നിർദ്ദേശങ്ങൾ വയ്ക്കാൻ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: ഫയൽ കാണാത്തതിനെക്കുറിച്ച് കഴിഞ്ഞ ഏതാനും ആഴ്ചക്കുള്ളിൽ നമ്മുടെ നാട്ടിലെ പത്രങ്ങളിൽ സജീവമായ ചർച്ചകൾ നടക്കുകയാണ്. അതിൽ ചില പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ വച്ചു നോക്കുമ്പോൾ വനം മാഫിയ തുടങ്ങിയവയെ ആസ്പദമാക്കിക്കൊണ്ടുള്ള ഫയലുകൾ കാണാതെയായിരിക്കുന്നുവെന്നുള്ള വിവരം വളരെ ഗൗരവമായി അവതരിപ്പിച്ചിട്ടുണ്ട്. ആ ഫയലുകൾ ഏതു ഗവൺമെൻറിന്റെ കാലത്താണ് നഷ്ടപ്പെട്ടുപോയതെന്ന് വ്യക്തമാക്കുമോ?

മി. സ്പീക്കർ: അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു.

ശ്രീ. ഇ. കെ. നായനാർ: വനം വന്യജീവി എന്നീ വകുപ്പിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് 1984-നുശേഷം ആ വകുപ്പിൽ നിന്നും ഫയലുകൾ കാണാതാകുകയോ, പൂഴ്ത്തി വെക്കുകയോയുണ്ടായി. അതിനെക്കുറിച്ച് വനം വകുപ്പിൽ ശക്തമായ മാഫിയാ പ്രവർത്തിക്കുന്നുവെന്നുള്ള പരാമർശം കേരള ഹൈക്കോടതിയിൽ നിന്നുമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ അന്വേഷണത്തിന്റെ ഫലമായി മുൻ സർക്കാരിന്റെ കാലത്ത് കാണാതെയായ ആറു ഫയലുകൾ കണ്ടുകിട്ടിയിട്ടുണ്ട്, കാണാതായ മററു ഫയലുകൾ പുനർനിർമ്മിക്കാനുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പൂഴ്ത്തിവെയ്ക്കുന്നതിനും നഷ്ടപ്പെടുന്നതിനും കാരണക്കാരായ വനംവകുപ്പിലെ അന്നത്തെ അണ്ടർ സെക്രട്ടറിയുടേയും സെക്ഷൻ ഓഫീസറുടേയും അസിസ്ററന്റിന്റേയും പേരിൽ ഈ സർക്കാർ ശിക്ഷണനടപടി സ്വീകരിക്കുകയുണ്ടായി. അണ്ടർ സെക്രട്ടറിയുടെ രണ്ട് ഇൻക്രിമെൻറുകളും സെക്ഷൻ ഓഫീസറുടേയും അസിസ്ററന്റിന്റേയും മൂന്നു ഇൻക്രിമെൻറുകൾ വീതവും സഞ്ചിതപാബല്യത്തോടുകൂടി തടഞ്ഞുകൊണ്ട് ശിക്ഷിക്കുകയും ചെയ്തു.

ശ്രീ. എസ്. ശർമ്മ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാരുടെ ഓഫീസുകളിൽ ആനക്കൊമ്പുകൾ സ്ഥാപിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരുത്തരവു പുറപ്പെടുവിക്കുകയും അതിനെത്തുടർന്ന് ആക്ഷേപമുയർന്നു വരികയും ചെയ്ത സാഹചര്യത്തിൽ അന്ന് ആ ഫയലുകൾ മുങ്ങിയിട്ട് ഇന്നോളം വെളിച്ചം കണ്ടിട്ടില്ലെന്നുള്ള വിവരം പത്രങ്ങളിൽ കാണുകയുണ്ടായി. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ ഇ. കെ. നായനാർ: അങ്ങനെ റിപ്പോർട്ടു വന്നു. ആ ഫയലുകളുണ്ടെങ്കിൽ ഈ അന്വേഷണത്തിൽ കിട്ടും.

ശ്രീ.കെ.ജെ. തോമസ്: സെക്രട്ടേറിയററിൽനിന്നും ഫയലുകൾ കാണാതാകുന്നത് ഒരു സ്ഥിരമേർപ്പാടാണ്, ഇപ്പോൾ തുടങ്ങിയതല്ല. പഴയ കാലം മുതൽക്ക് തുടങ്ങിയതാണ്. ഫയലുകൾ കാണാതാകുന്ന ഏർപ്പാട് ഇല്ലാതാക്കാൻ സെക്രട്ടേറിയററ് മാനുവലിൽ എന്തെങ്കിലും പരിഷ്കാരം വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: സെക്രട്ടേറിയററ് മാനുവലിൽ പരിഷ്കാരം വരുത്തണമോ, വേണ്ടയോയെന്നുള്ള കാര്യം ഈ കമ്മീഷന്റെ നിർദ്ദേശത്തിൽ വരും.

ശ്രീ.ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ 1980-82 കാലയളവിൽ ഫയലുകൾ നഷ്ടപ്പെട്ട കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആ ഗവൺമെൻറ് അങ്ങ് മുഖ്യമന്ത്രിയായിരുന്ന കാലത്തെ ഗവൺമെന്റാണ്. കാലാകാലങ്ങളിൽ സെക്രട്ടേറിയററിലുള്ള ഫയലുകൾ കാണാതാകുന്നുവെന്നുള്ള പരാതിയുണ്ടാകുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കാൻ ഇപ്പോൾ ഒരു പ്രത്യേക കമ്മീഷനെ വയ്ക്കാതെ നേരത്തെതന്നെ ചില സംവിധാനങ്ങളുണ്ട്. ആ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; അതുപോലെതന്നെ ലോവർ പെരിയാറിനെ സംബന്ധിച്ച ഫയലും കാണാതായിയെന്ന് പത്രങ്ങളിൽ വാർത്ത വന്നിരിക്കുന്നു. അതിനെക്കുറിച്ച് എന്തെങ്കിലും വ്യക്തമാക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: 1980–82 കാലയളവ് ബഹുമാനപ്പെട്ട മെമ്പറുടെ കാലയളവാണ്. അതായത്, 1981–82 കാലയളവ്. 1981 ഒക്ടോബറിലാണ് ഞാൻ സർക്കുലർ ഇറക്കിയത്. 1981 ഒക്ടോബറിൽ ആണ് ഞാൻ താഴോട്ടു വന്നത്, നിങ്ങൾ എന്റെ കാലുവാരിയതും അപ്പോഴാണ്. 1981–82 കാലത്താണ് ഈ സർക്കുലർ വന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചപ്പോൾ ഒരു കൊല്ലത്തിനു മുമ്പുള്ള കാര്യമാണ് ചോദിച്ചത്. അത് എന്റെ വായിൽ കുത്തുകയാണ്. അത് ശരിയല്ല, ആ സിസ്റ്റം ശരിയല്ല. കാരണം, ഇത് കേട്ടാൽ എനിക്കും മനസ്സിലാകുന്നതാണ്. അതുകൊണ്ട് ലോവർ പെരിയാർ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ മറുപടി പറഞ്ഞതാണ്. എന്റെ കയ്യിൽ അതിന്റെ ഫയലുണ്ട്, റിപ്പോർട്ടുമുണ്ട്. പിന്നെ അതിനെക്കുറിച്ച് എന്തിനാണ് ചോദിക്കുന്നത്.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ:) സർ, ലോവർ പെരിയാറിനെ സംബന്ധിച്ച ഫയൽ ആരുടെ കയ്യിലാണോ വേണ്ടത് അവരുടെ കയ്യിലുണ്ട്.

ശ്രീ. വി. ദിനകരൻ: അതാരുടെ കയ്യിലാണെന്ന് പറയണം.

ശ്രീ. ടി. ശിവദാസമേനോൻ: ആരുടെ കയ്യിലാണ് ഫയലെന്ന് ഇപ്പോൾ പറയേണ്ട ആവശ്യം എനിക്കില്ല. ഈ സെക്രട്ടേറിയററിലെ ഫയലുകളെല്ലാം ആരുടെ കയ്യിലാണെന്നൊക്കെ ചോദിച്ചാൽ മറുപടി പറയാൻ സാദ്ധ്യമല്ല. പക്ഷേ ലോവർ പെരിയാർ ഫയൽ പോയിട്ടില്ല, ഗവൺമെൻറിന്റെ കയ്യിലുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യം കണിശമായി പറയുന്നു, ലോവർ പെരിയാർ ഫയൽ ഇവിടെയുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: സർ, അസിസ്റ്റൻറ് സെക്ഷൻ ആഫീസർ, അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിൻറ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സെക്രട്ടറി, മന്ത്രി ഇങ്ങനെയാണ് ഒരു ഫയലിന്റെ മൂവ്മെൻറ്. ഓരോ സ്ഥലങ്ങളിലും ഫയൽ പോകുമ്പോഴും, വരുമ്പോഴും അറിയാം. മന്ത്രിമാരുടെ ആഫീസിലേക്ക് ഫയൽ വരുന്നത് രേഖപ്പെടുത്തും. മന്ത്രിമാരുടെ ആഫീസിൽ നിന്ന് ഉത്തരവിട്ടശേഷം ഫയൽ പോകുമ്പോൾ വീണ്ടും രേഖപ്പെടുത്തും. ആ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ ഏതു കാലത്തെ ഫയലാണ് നഷ്ടപ്പെട്ടിരിക്കുന്നത് എന്നു പറയാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല. അതുകൊണ്ട് ഇപ്പോൾ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററി ചൂണ്ടിക്കാണിച്ചപോലെ മററു പല കമ്മിററികളും പരാമർശനം നടത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗവൺമെൻറ് ഒരു സർക്കാർ ഉദ്യോഗസ്ഥനെ വച്ചതിനപ്പുറത്തേക്ക് കടന്ന് പത്രങ്ങളിൽ വളരെ വിവാദപരമായ വിഷയമായി വരികയും നിയമസഭയുടെ ഉത്തരവാദപ്പെട്ട കമ്മിററി ഇക്കാര്യം ചൂണ്ടിക്കാണിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു ശരിയാണ്. ഈ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയശേഷം പരിശോധിച്ച് അതു പൂർണ്ണമാണോ, സ്വീകരിച്ച മാർഗ്ഗം ശരിയാണോ എന്നൊക്കെ ക്യാബിനററും മററും അന്വേഷിച്ചിട്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

സജഷനും എടുക്കാം. ഏതായാലും ഫയൽ ഒളിവിൽ പോകാൻ പാടില്ല. കഴിഞ്ഞ കാലത്തെ പോലെ ഒരിക്കലും ഫയൽ ഒളിവിൽ പോകാൻ പാടില്ല.

ശ്രീ. ജെ. ചിത്തരഞ്ജൻ: ഫയലുകൾ കാണാതാകുമ്പോൾ, അത് എവിടെ വെച്ച്, ആരുടെ കയ്യിൽ നിന്നാണ് നഷ്ടപ്പെട്ടത് എന്നു കണ്ടുപിടിക്കാൻ കഴിയാതെ വരുന്നത് ഇപ്പോൾ നിലവിലുള്ള ഇതു സംബന്ധമായ ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ നിഷ്കർഷ പാലിക്കാത്തതു കൊണ്ടാണെന്നുള്ള കാര്യം കമ്മിററി റിപ്പോർട്ടുകളിലൊക്കെ വന്നിട്ടുണ്ട്. ഇന്ന് നിലവിലുള്ള ചട്ടങ്ങളനുസരിച്ച് ഈ ഫയലുകളുടെ ഗതിക്രമങ്ങളെ സൂക്ഷിക്കുവാൻ ആവശ്യമായിട്ടുള്ള ഏർപ്പാടുകൾ ഇപ്പോൾ ചെയ്തിട്ടുണ്ടോ; അതിൽ മാററം വരുന്നതു മറെറാരു കാര്യം, ഇപ്പോൾ നിലവിലുള്ള വ്യവസ്ഥ നടപ്പിലാക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: എന്തെല്ലാം തെററുകൾ ഉണ്ടെന്നുള്ളത് നോക്കാതെ പറയാൻ കഴിയുകയില്ല. എക്സ്പെർട്ട്സായ പരിശീലനമുള്ള ആളുകളെയാണ് നമ്മൾ വച്ചിട്ടുള്ളത്. ഇപ്പോഴുള്ളതിൽത്തന്നെ ഏതെല്ലാം ഭാഗത്ത് തെററുകളുണ്ട് കുറവുകളുണ്ട് എന്നുള്ളത് പരിശോധിച്ചിട്ടേ പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ കാണാതായ പഴയ പല ഫയലുകളും കിട്ടുന്നുണ്ട്. ഇതു പോര എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ് ആ മാററം ഈ റിപ്പോർട്ട് വരുന്നതോടുകൂടി നടപ്പിൽ വരുത്താവുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ ലോവർ പെരിയാറിനെ സംബന്ധിച്ച ഫയൽ കാണാതായി എന്ന വാർത്ത ബഹുമാനപ്പെട്ട മന്ത്രി നിഷേധിക്കുകയും അത് ആരുടെ കൈവശമാണോ ഉണ്ടാകേണ്ടത് അവിടെ തന്നെ ഉണ്ട് എന്ന് പറയുകയും ചെയ്തു. പത്രത്തിൽ മറെറാരു വാർത്ത കൂടി ഉണ്ടായിരുന്നു. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും അന്വേഷണം നടത്തുന്നവരും ആവശ്യപ്പെട്ടിട്ട് ആ ഫയൽ നൽകിയിട്ടില്ല എന്നുകൂടി പ്രസ്തുത പത്രത്തിൽ റിപ്പോർട്ടുണ്ടായിരുന്നു. സംശയം ദൂരീകരിക്കുവാൻ ഫയൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ): ഫയൽ മേശപ്പുറത്ത് വയ്ക്കേണ്ട യാതൊരു കാര്യവുമില്ല. ഫയൽ ഉണ്ട്. സെക്രട്ടേറിയററിലെ എല്ലാ ഫയലുകളും മേശപ്പുറത്ത് വച്ചാലേ ശരിയാവുകയുള്ളു എന്നാണെങ്കിൽ അത് നടക്കാൻ പോകുന്നില്ല. ഫയൽ മേശപ്പുറത്ത് വയ്ക്കേണ്ട ആവശ്യമുണ്ടെങ്കിൽ ഗവൺമെൻറ് വയ്ക്കും.

ശ്രീ. വി. ദിനകരൻ: സുപ്രധാനമായ പല ഫയലുകളും നിലവിലുള്ള ഗവൺമെൻറിലെ മന്ത്രിമാർ നേരിട്ട് വിളിച്ചുവരുത്തി കയ്യിൽ സൂക്ഷിക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരം ഫയലുകൾ കയ്യിൽ സൂക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. നായനാർ: മുൻകാലത്തെ അനുഭവത്തിൽ അതായിരിക്കാം. ഇപ്പോൾ അങ്ങനെയുണ്ടോ എന്നുള്ളത് നോക്കാം. മുൻ കാലത്ത് ഇങ്ങനെ സ്ഥിരം അനുഭവമുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ചോദ്യം ചോദിച്ചത്. ഇപ്പോൾ അത് ഇല്ലാതാക്കാനാണ് ഞങ്ങൾ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഗോപി കോട്ടമുറിക്കൽ: കൃഷിവകുപ്പുമായി ബന്ധപ്പെട്ട ചില സുപ്രധാനമായ ഫയലുകൾ നഷ്ടപ്പെട്ടതായി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അത് ഏത് കാലഘട്ടത്തിലാണ് നഷ്ടപ്പെട്ടത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. നായനാർ: 1986 ഡിസംബർ 31-നാണ് അത് കാണാതായത്. 1984-1986 കാലയളവിൽ കോർപ്പറേഷനിലെ കേർജം വില്പന, എച്ച്. ഡി. പി. കണ്ടെയിനേഴ്സ് വാങ്ങൽ, ഭൂമി വാങ്ങൽ, കൊപ്ര വാങ്ങൽ തുടങ്ങിയ ഏർപ്പാടുകളിൽ 45 ലക്ഷത്തിൽപ്പരം രൂപയുടെ ക്രമക്കേടുകൾ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. അന്വേഷണ റിപ്പോർട്ട് 1986 ഡിസംബർ 26-ാം തീയതി ധനകാര്യവകുപ്പ് കൃഷിവകുപ്പ് സെക്രട്ടറിക്കും കൃഷിവകുപ്പ് മന്ത്രിക്കും മേൽനടപടിക്കായി എത്തിച്ച് കൊടുത്തുവെന്ന് പ്രഥമദൃഷ്ട്യാ കാണുന്നു. അഴിമതി ആരോപണങ്ങൾക്ക് വിധേയനായ മാനേജിംഗ് ഡയറക്ടർ 1986 ഡിസംബർ 31-ാം തീയതി സർവ്വീസിൽ നിന്നും പിരിഞ്ഞു. അതിനുമുമ്പ് ഈ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്ത പ്രസ്തുത റിപ്പോർട്ട് പൂഴ്ത്തിവയ്ക്കപ്പെട്ടു എന്നതാണ് വസ്തുത. അതാണ് ഇപ്പോൾ കണ്ടുകിട്ടിയിട്ടുള്ള 45 ലക്ഷം രൂപയുടെ ഫയൽ.

ശ്രീ. വി. കെ. രാജൻ: പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററിയുടെ റിപ്പോർട്ട് വന്നതിനെ തുടർന്ന് ഈ ഫയലും ഇത്തരം കാര്യങ്ങളും സൂക്ഷിക്കേണ്ട ചുമതല മുഖ്യമന്ത്രിക്കാണ്, അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായി രാജിവച്ച് ഒഴിയേണ്ടതാണ് ജനാധിപത്യ പാർലമെൻററി നടപടിക്രമം എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഒരു പ്രസ്താവന കാണാൻ ഇടയായി. അത് മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ എന്നറിയില്ല. പി. യു. സി. ഏകകണ്ഠമായി എടുത്ത തീരുമാനം സത്യസന്ധമായിട്ടുള്ളതാണ്. അന്ന് നടന്ന കാര്യങ്ങൾ, ശ്രീ. എ. എൽ. ജേക്കബ്, കൃഷിവകുപ്പ് മന്ത്രി, ശ്രീ. കെ. കരുണാകരൻ, മുഖ്യമന്ത്രി. ഈ സർക്കാർ സർവ്വീസിൽ ചില ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടുകൂടിയാണ് അന്ന് ഈ ഫയൽ കാണിക്കാതിരുന്നത് എന്നാണ് പൊതുജന സംസാരം. അതിനെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്ന് പറയാമോ?

ശ്രീ. ഇ. കെ. നായനാർ: ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പുതിയ അഭിപ്രായമല്ല. അദ്ദേഹം ഇടയ്ക്കിടയ്ക്ക് പറയും ഞാൻ കസേര ഒഴിയണമെന്ന്. അതുകൊണ്ട് ഞാൻ ഈ അഭിപ്രായത്തിനും അത്രയ്ക്കേ വിലവച്ചിട്ടുള്ളു.

ശ്രീ. കെ. കരുണാകരൻ: സെക്രട്ടറിയേററിലെ ഫയലുകൾ സംബന്ധിച്ച് ഓരോ ഫയലും ഓരോ ദിവസം എവിടെയാണെന്ന് വ്യക്തമാക്കാവുന്ന സംവിധാനം സെക്രട്ടേറിയററിലുണ്ട്. അതിന്റെ ഉത്തരവാദികളുമുണ്ട്. ചീഫ് സെക്രട്ടറി ഉൾപ്പെടെ അതിന്റെ ഉത്തരവാദിയാണ്. അതിന്റെ ഓവർ ആൾ ചാർജ് ചീഫ് സെക്രട്ടറിക്കാണ്. ആ നിലയ്ക്ക് ഏത് കാലത്തെ ഫയലായാലും ശരി സെക്രട്ടേറിയററിലെ ഫയൽ പോകുന്നത് ചെറിയ കാര്യമല്ല, ഗൗരവകരമായ കാര്യമാണ്. ഓരോ

ദിവസത്തെയും ഫയൽ നീങ്ങിയത് സെക്രട്ടറിയുടെ കയ്യിലേയ്ക്കാണോ, സെക്ഷനിലേയ്ക്കാണോ, മിനിസ്ററുടെ കയ്യിലേയ്ക്കാണോ എന്നതിനെല്ലാം രേഖകളുണ്ട്. അത് പരിശോധിച്ച് മണിക്കൂറുകൾക്കകം എടുക്കാവുന്നതായിട്ടുപോലും ആരാണ്, എന്താണെന്നുള്ളത് കണ്ടുപിടിച്ച് നടപടി സ്വീകരിക്കുവാൻ ഡിപ്പാർട്ടുമെൻറിൽ ആക്ഷനുണ്ടോ? ഇനി മേലാൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്ത് നടപ്പിലാക്കുന്നതും മററു കാര്യങ്ങളും അന്വേഷണ കമ്മീഷന് വിട്ടുകൊടുത്തത് നന്നായിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. ഇ. കെ. നായനാർ: 45 ലക്ഷം രൂപയുടെ അഴിമതി നടത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ അദ്ദേഹം പിരിഞ്ഞുപോകുന്നതുവരെ ഒരു നടപടിയും മുൻഗവൺമെൻറ് എടുത്തിട്ടില്ല. എന്തെങ്കിലും നടപടി എടുക്കാതെ അദ്ദേഹം പിരിയാൻ ഉള്ള സൗകര്യം ചെയ്തുകൊടുത്തു. ഇതാണ് പ്രധാനപ്പെട്ട നിർദ്ദേശമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൽനിന്ന് വന്നത്. അഴിമതി നടത്തിയവർ പിരിയുന്നതുവരെ തുടരുക എന്നതാണ് ഈ ഫയൽ പറയുന്നത്. ആ നിലയ്ക്ക് കഴിഞ്ഞ കാലത്ത് എടുത്തതിൽ മാററം വരുത്തണം എന്നാണ് പറയുന്നത്. നിങ്ങളടക്കമുള്ള ഗവൺമെൻറാണ് ഇങ്ങനെ പിരിയാനുള്ള സൗകര്യം ചെയ്തുകൊടുത്തത്. 45 ലക്ഷം രൂപയുടെ അഴിമതിയെപ്പററി അന്വേഷിച്ച് വരികയാണ്. ആ അടിസ്ഥാനത്തിൽ തീർച്ചയായിട്ടും പഴയ സിസ്ററ പ്രകാരം മാററം വരുത്തണം എന്നാണ് ഞങ്ങളുടെ അഭിപ്രായം. ആ സിസ്ററമാണ് ഇപ്പോൾ തുടരുന്നത്. കളവ് നടത്താനുള്ള എല്ലാസൗകര്യവും അന്നുണ്ടായിരുന്നു. അത് മാററി പുതിയ സിസ്ററം വേണമെന്ന് പരിശീലനം നേടിയ ഉദ്യോഗസ്ഥൻമാർ പരിശോധിച്ചു വരികയാണ്. നമുക്ക് പരിശോധിച്ച് തെററ് തിരുത്തി മുമ്പോട്ട് പോകാം.

ശ്രീ. കെ. കരുണാകരൻ: അതിന് സംവിധാനമുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഫയൽ ഇരിക്കേണ്ടിടത്താണ് ഇരിക്കുന്നതെന്ന്. ആ ഇരിക്കുന്നത് എവിടെയാണെന്ന് അറിയാനുള്ള വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ അനുസരിച്ച് ആരുടെ കയ്യിലാണ് ഫയൽ, എവിടെയാണ് മിസ്സ് ചെയ്തിട്ടുള്ളത്, ഏതവസരത്തിലാണ് മിസ്സ് ചെയ്തത് എന്നത് സംബന്ധിച്ച് എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ തയ്യാറായത്?

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഫയൽ അദ്ദേഹത്തിന്റെ കയ്യിലുണ്ടെന്നാണ്. അത് ആവശ്യമുള്ള സ്ഥലത്തുണ്ട്. അത് ഇപ്പോൾ മേശപ്പുറത്ത് വയ്ക്കുവാൻ സാദ്ധ്യമല്ല എന്നാണ് പറഞ്ഞത്. അത് ശരിയാണ്. കാരണം, വയ്ക്കേണ്ട സമയം വരുമ്പോൾ, കളവ് നടത്തിയവരെ പിടികൂടിയിട്ട് വച്ചാൽ മതി. കുററക്കാരെ കണ്ടുപിടിക്കുവാനുള്ള എൻക്വയറി നടത്തുകയാണ്. അഴിമതി നടത്തിയിട്ട്, അഴിമതി നടത്തിയവന് പിരിഞ്ഞുപോകാനുള്ള എല്ലാ സാഹചര്യവും മുൻ ഗവൺമെൻറ് ചെയ്ത് കൊടുത്തിട്ടുണ്ട്. ഇപ്പോൾ അത് പാടില്ല എന്നാണ് പറയുന്നത്. അത് തെററല്ലേ? ആർക്കും അഴിമതി നടത്താനുള്ള അവകാശം പാടില്ല. പിരിഞ്ഞുപോകുന്നതിന് മുമ്പുതന്നെ നടപടിയെടുക്കണം. ഇതാണ് നമ്മുടെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### 8-ാം പഞ്ചവൽസര പദ്ധതിയുടെ കരടുരേഖയും അടങ്കൽ തുകയും

* 5 [5] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ:
,, വി. കേശവൻ:
,, എ. കെ. പത്മനാഭൻ:
,, പി. പി. ജോർജ്:
,, കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ 8-ാം പഞ്ചവൽസര പദ്ധതിയുടെ കരട് രേഖ തയ്യാറാക്കി പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) 8-ാം പദ്ധതിയുടെ കരട് രേഖയിൽ ഏതെല്ലാം മേഖലകൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിന്റെ 8-ാം പഞ്ചവൽസര പദ്ധതിയുടെ മൊത്തം അടങ്കൽ നിർണ്ണയിച്ചിട്ടുണ്ടോ, എങ്കിൽ എത്ര; ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ അടങ്കൽ തുക ദേശീയ ശരാശരിക്ക് താഴെയോ, മുകളിലോ;

(ഡി) ഓരോ മേഖലകൾക്കും എന്ത് തുക വീതമാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; പ്ലാനിംഗ് കമ്മീഷന്റെ പരിശോധനയ്ക്കുശേഷം സംസ്ഥാനത്തിന്റെ 8-ാം പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ, എങ്കിൽ എത്ര, 1991-92-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര വിഹിതം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച ഗാഡ്ഗിൽ ഫോർമുലയിൽ മാററം വരുത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവോ;

(എഫ്) ഇത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്നും അതിൻമേൽ സംസ്ഥാനം എന്തഭിപ്രായമാണ് കേന്ദ്രത്തെ അറിയിച്ചതെന്നുമുള്ള വിശദാംശങ്ങൾ അടങ്ങുന്ന സ്റേററ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ;

(ജി) സംസ്ഥാനത്തിന് കൂടുതൽ വിഹിതം സിദ്ധിക്കത്തക്കവണ്ണം എന്തെല്ലാം പുതിയ വാദമുഖങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചത്;

(എച്ച്) പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര വിഹിതം നിർണ്ണയിക്കുന്ന ഘടകങ്ങളിൽപ്പെട്ട 'സ്പെഷ്യൽ പ്രോബ്ലം' എന്ന ഇനത്തിൽപ്പെടുത്തി എന്തെല്ലാം സ്കീമുകൾക്ക് അംഗീകാരം ലഭിക്കാനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ട്, ഇതിന്റെ വിവരങ്ങളടങ്ങുന്ന സ്റേററ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഈ സ്കീമുകൾ അംഗീകരിച്ച് കിട്ടുവാൻ സംസ്ഥാന ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുകൊണ്ട് എന്ത് ഗുണം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു; ഇതിന്റെ കോസ്ററ് ബനിഫിററ് റേഷ്യോ എന്ത്?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഉണ്ട്.

(ബി) 4,275 കോടി രൂപയുടെ കരട് പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്. എട്ടാം പഞ്ചവൽസര പദ്ധതിയുടെ കരട് രേഖയിൽ ഊർജ്ജം, കൃഷിയും അനുബന്ധ മേഖലകളും, വ്യവസായം, ജലസേചനം, ഗ്രാമവികസനം, കുടിവെള്ളമെത്തിക്കൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണം, സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

(സി), (ഡി) ഇല്ല. ആസൂത്രണ കമ്മീഷന്റെ ഡെപ്യൂട്ടി ചെയർമാനും മുഖ്യമന്ത്രിയും തമ്മിൽ നടക്കാനിരിക്കുന്ന ചർച്ചകൾക്ക് ശേഷം മാത്രമേ 8-ാം പദ്ധിയുടെയും 1991-92 വാർഷിക പദ്ധതിയുടേയും മൊത്തം അടങ്കൽ എത്രയാണെന്ന് നിർണ്ണയിക്കുകയുള്ളു. പദ്ധതിയുടെ വലിപ്പം നിർണ്ണയിച്ചതിനുശേഷമേ ഓരോ മേഖലയ്ക്കും എന്ത് തുക വീതമാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാകുകയുള്ളു.

(ഇ), (എഫ്), (ജി) ഗാഡ്ഗിൽ ഫോർമുലയിൽ മാററം വരുത്തുന്നതിനുള്ള കേന്ദ്ര നിർദ്ദേശങ്ങൾ ഒക്ടോബർ 11-ന് ദേശീയ വികസന സമിതി ചർച്ചചെയ്ത് പ്ലാനിംഗ് കമ്മീഷൻ വിതരണം ചെയ്ത അജണ്ട നോട്ടിൽ കൊടുത്തിരുന്ന പ്രകാരമാണ്. സംസ്ഥാന ഗവൺമെൻറിന്റെ അഭിപ്രായം പ്രസ്തുത സമിതിയുടെ യോഗത്തിൽ പ്രകടിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു അജണ്ട നോട്ട്. കേന്ദ്ര നിർദ്ദേശങ്ങൾക്കുള്ള സംസ്ഥാന ഗവൺമെൻറിന്റെ അഭിപ്രായങ്ങൾ മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ അടങ്ങിയിട്ടുണ്ട്. കേന്ദ്ര നിർദ്ദേശങ്ങളടങ്ങിയ അജണ്ട നോട്ടിന്റെയും സംസ്ഥാന ഗവൺമെൻറിന്റെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുന്ന മുഖ്യമന്ത്രിയുടെ പ്രസംഗത്തിന്റെയും പ്രതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(എച്ച്), (ഐ) 'സ്പെഷ്യൽ പ്രോബ്ലം' എന്ന ഘടകത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന കേന്ദ്ര വിഹിതം ഏതെങ്കിലും വികസന സ്കീമുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ളതല്ല. മറിച്ച് പൊതു വികസനം ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടുന്ന ചില സവിശേഷ വികസന പ്രശ്നങ്ങളുടെ (സ്പെഷ്യൽ ഡവലപ്മെൻറ് പ്രോബ്ളംസ്) അടിസ്ഥാനത്തിലാണ് ഈ വിഹിതം നിർണ്ണയിക്കുന്നത്. പ്ലാനിംഗ് കമ്മീഷന്റെ അജണ്ട നോട്ടിൽ അടങ്ങിയിട്ടുള്ള ഇനങ്ങളിൽ വിസ്തീർണ്ണം എന്ന മാനദണ്ഡത്തോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും അതിനുപുറമെ തൊഴിലില്ലായ്മ, ഉയർന്ന ജനസാന്ദ്രത, ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്നവരുടെ പുനരധിവാസം എന്നീ ഇനങ്ങൾകൂടി പ്രത്യേക പ്രശ്നം എന്ന ഘടകത്തിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെൻറ് നിർദ്ദേശിച്ചിരുന്നു. ദേശീയ വികസന സമിതിയുടെ തീരുമാനങ്ങൾ അറിയിച്ചുകൊണ്ടുള്ള കത്തുകളോ മീററിംഗിന്റെ നടപടിക്കുറിപ്പോ ഇതുവരെ ലഭിച്ചിട്ടില്ല.

† അനുബന്ധം II കാണുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ

*6 [6] ശ്രീ. ടി. ജെ. ആഞ്ചലോസ്:
,, ഒ. ഭരതൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, ആനത്തലവട്ടം ആനന്ദൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം ആവശ്യങ്ങളാണ് രാജീവ്ഗാന്ധി സർക്കാർ അംഗീകരിച്ചിട്ടുള്ളത്; ഏതെല്ലാം ആവശ്യങ്ങളാണ് വി. പി. സിംഗ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്;

(സി) മുൻ കേന്ദ്ര സർക്കാർ കേരളത്തോട് സ്വീകരിച്ച സമീപനത്തിന്റെ ഫലമായി എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിനുണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പ്രശ്നങ്ങളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്:

1. സംസ്ഥാനത്തിലെ കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുക.

2. ബാങ്കുകളുടെ വരവ്-നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുക.

3. കായംകുളം തെർമ്മൽ പദ്ധതിയുടെ പണി ത്വരിതപ്പെടുത്തുക, തൃക്കരിപ്പൂർ തെർമ്മൽ പദ്ധതി, ബ്രഹ്മപുരം തെർമ്മൽ പദ്ധതി എന്നിവയ്ക്ക് അംഗീകാരം നൽകുക, പൂയംകുട്ടി, കുരിയാർകുററി-കാരപ്പാറ, കാഞ്ഞിരപ്പള്ളി, ആനക്കയം എന്നീ ജലവൈദ്യുത പദ്ധതികൾക്ക് അംഗീകാരം നൽകുക.

4. അരിയുടെയും പാമോലിന്റെയും വിഹിതം വർദ്ധിപ്പിക്കുക.

5. കേരളത്തിന് ദോഷകരമായ ഇറക്കുമതി നയം പുനഃപരിശോധിക്കുക.

6. കേന്ദ്ര സെയിൽസ് ടാക്സിനത്തിൽ വരുത്തിയ ഭേദഗതി മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന റവന്യൂ നഷ്ടം നികത്തുക.

7. ഗൾഫ് മലയാളികളുടെ പുനരധിവാസത്തിന് ഫണ്ട് രൂപീകരിക്കുക.

8. കേന്ദ്രത്തിലേക്കുള്ള വിമാനയാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

9. കേന്ദ്രത്തിലെ റയിൽവേ, നാഷണൽ ഹൈവേ എന്നിവയുടെ വികസനങ്ങൾക്ക് അനുവാദം ലഭിക്കാതെ കിടക്കുന്ന നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുക.

10. കേരളത്തിന് അർഹമായ പ്രാതിനിധ്യം നൽകി കയർ ബോർഡ് പുനഃസംഘടിപ്പിക്കുക, മററ് സംസ്ഥാനങ്ങളിലെ ബ്രൗൺ ഫൈബർ ഉത്പാദനം സംസ്ഥാന കയർ വ്യവസായത്തിലുണ്ടാക്കിയിട്ടുള്ള പ്രതിസന്ധി.

11. പെരുമൺ സ്പെഷ്യൽ റീഫ്രാക്ടറിൽ സ്ററീൽ അതോറിററിയുടെ ഓഹരി പങ്കാളിത്തം ലഭ്യമായി അംഗീകരിക്കുക.

12. ഏഴിമല നേവൽ അക്കാദമിയുടെ പണി ത്വരിതപ്പെടുത്തുക.

13. കടലാക്രമണ നിരോധനത്തിനുള്ള കേന്ദ്രസഹായം പൂർണ്ണമായി അനുവദിക്കുക.

14. ബോംബെ ഹൈയിൽനിന്ന് ഗ്യാസ് പൈപ്പ്ലൈൻ കേരളത്തിലേക്ക് നീട്ടുക.

15. ഒമ്പതാം ധനകാര്യക്കമ്മീഷൻ ശുപാർശകൾ സംസ്ഥാനങ്ങളുമായി ആലോചിച്ച് ഭേദഗതികളോടെ നടപ്പിലാക്കുക.

16. സംസ്ഥാനത്തിന് 150 കോടി രൂപയുടെ മധ്യകാല വായ്പ ഒരു പ്രത്യേക വായ്പാ സഹായമായി അനുവദിക്കുക.

17. അയ-വ്യയ പരിധി 75 കോടി രൂപയായി ഉയർത്തുകയും ഓവർഡ്രാഫ്ററിന്റെ കാലാവധി 15 ദിവസമായി ഉയർത്തുകയും ചെയ്യുക.

18. 31-3-1987 മുതലുള്ള കേന്ദ്രവായ്പയിൻമേലുള്ള പലിശ എഴുതിത്തള്ളുക.

19. ബേപ്പൂർ തുറമുഖം ഒരു മേജർ തുറമുഖമാക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

20. പോലീസ് സേനയുടെ നവീകരണത്തിന് കൂടുതൽ കേന്ദ്ര വിഹിതം അനുവദിക്കുക.

21. നാളികേരം എണ്ണക്കുരുവായി അംഗീകരിക്കുക.

22. തിരുവനന്തപുരം വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിക്കുക മുതലായവ.

(ബി) രാജീവ്ഗാന്ധി സർക്കാർ പ്രധാനപ്പെട്ട ഒരാവശ്യവും അംഗീകരിച്ചില്ല. നാളികേരം എണ്ണക്കുരുവായി അംഗീകരിക്കുക, തിരുവനന്തപുരം വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിക്കുക തുടങ്ങിയവയാണ് വി. പി. സിംഗ് സർക്കാർ അംഗീകരിച്ചിരുന്നത്. അരി വിഹിതവും വർദ്ധിപ്പിക്കുകയുണ്ടായി.

(സി) മുൻ കേന്ദ്ര സർക്കാർ കേരളത്തോട് അനുഭാവ പൂർണ്ണമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി അംഗീകരിക്കപ്പെട്ട ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ചിലതാണ് (ബി)യിൽ പറഞ്ഞിട്ടുള്ളത്. മററ് പല ആവശ്യങ്ങളും വി. പി. സിംഗ് ഗവൺമെൻറിന്റെ സജീവ പരിഗണനയിലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഇറാക്കിലെ സദ്ദാം മെഡിക്കൽ ഹോസ്പിററലിലെ നേഴ്സുമാർ

*7 [7] ശ്രീമതി റോസമ്മാ ചാക്കോ:
,, ലീലാ ദാമോദരമേനോൻ:
,, എം. ടി. പത്മ:
ശ്രീ. പി. ടി. മോഹനകൃഷ്ണൻ:
,, കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറാക്കിലെ സദ്ദാം മെഡിക്കൽ ഹോസ്പിററലിൽ നേഴ്സുമാരായി ജോലി ചെയ്യുകയായിരുന്ന കേരളീയ യുവതികളെ നാട്ടിലേക്ക് മടങ്ങാൻ അനുവദിക്കാതെ തടഞ്ഞുവെച്ചിട്ടുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവരെ തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കേരളീയരായ എത്ര നേഴ്സുമാർ ഇറാക്കിലുണ്ടെന്നറിയാമോ;

(ഡി) ഇവരുടെ സുരക്ഷിതത്വത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സംസ്ഥാന ഗവൺമെൻറ് ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ, ബി, സി ആൻറ് ഡി) കേരളത്തിൽനിന്നുള്ള 100 നേഴ്സുമാരെ ഇറാക്കിൽ തടഞ്ഞുവെച്ചിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. ശ്രീ. പി. ജെ. ജോസഫ് എം. എൽ. എ. വഴിയും ഇക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്, ഇവരെ സുരക്ഷിതരായി നാട്ടിലേക്ക് തിരിച്ചുകൊണ്ടുവരാൻ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിയോടഭ്യർത്ഥിച്ചിട്ടുണ്ട്. വീണ്ടുമൊരു അടിയന്തിര സന്ദേശം 5-12-1990-ൽ അയച്ചിട്ടുണ്ട്. കേന്ദ്ര വിദേശ കാര്യമന്ത്രാലയവുമായി ബന്ധം പുലർത്തിവരികയാണ്.

## കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിനുള്ള അരി വിഹിതം

* 8 [8] ശ്രീ. വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, സി. എഫ്. തോമസ്:
,, എം. പി. താമി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ അരി എത്ര ടൺ ആണ് ഓരോ വർഷവും കിട്ടിക്കൊണ്ടിരുന്നത്; ഇപ്പോൾ കേന്ദ്രത്തിൽനിന്നും കിട്ടുന്ന അരി വിഹിതം പ്രതിമാസം എത്ര ടൺ ആണ്;

(ബി) ഈ വിഹിതം വർദ്ധിപ്പിക്കണമെന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം; ഇതിൻമേൽ കേന്ദ്രത്തിന്റെ തീരുമാനം എന്തായിരുന്നു;

(സി) 1988 നവംബർ മുതൽ 1989 ഒക്ടോബർ വരെ സംസ്ഥാനത്തിന് എത്ര ടൺ വീതം റേഷൻ അരി കേന്ദ്രം അലോട്ട് ചെയ്തിരുന്നു; 1989 നവംബർ മുതൽ 1990 നവംബർ വരെ എത്ര ടൺ വീതം അരി കേന്ദ്രം അലോട്ടുചെയ്തിട്ടുണ്ട്;

(ഡി) ഈ കാലയളവിൽ എത്ര ടൺ അരിവീതം സ്റ്റോക്ക് എടുത്തിട്ടുണ്ട്; മേൽപ്പറഞ്ഞ കാലയളവിൽ കാർഡ് ഉടമകൾക്ക് നൽകുന്നതിന് എത്ര ടൺവീതം അരി വേണ്ടിവന്നിട്ടുണ്ട്; 1990 ഡിസംബർ മാസത്തേയ്ക്ക് എത്ര ടൺ അരി അലോട്ടു ചെയ്തിട്ടുണ്ട്;

(ഇ) കേരളത്തിലെ അരി റേഷനുവേണ്ടി കേന്ദ്ര ഗവൺമെൻറ് 145,000 ടൺ ആയി ക്വോട്ട വർദ്ധിപ്പിച്ചത് താൽക്കാലികമായിട്ടായിരുന്നോ; അതോ സ്ഥിരമായിട്ടായിരുന്നോ; താൽക്കാലികമായിരുന്നെങ്കിൽ എത്ര മാസത്തേയ്ക്ക് ആയിരുന്നു;

(എഫ്) ഇതിൽ 10,000 ടൺ കുറച്ചുകൊണ്ടുള്ള തീരുമാനം എന്നാണ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചത്; അരിയുടെ ക്വോട്ട കുറയ്ക്കുവാനുള്ള കാരണം എന്താണെന്ന് ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ഏത് മാസത്തേക്കുള്ള അലോട്ടുമെൻറാണ് വെട്ടിക്കുറച്ചിരിക്കുന്നത്; റേഷൻ വിഹിതം വെട്ടിക്കുറച്ചുകൊണ്ടുള്ള ഉത്തരവുണ്ടായത് ഏത് തീയതിയിലാണ്;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അനുവദിച്ച അരിയുടെ വിഹിതം കേന്ദ്രസർക്കാർ എത്രപ്രാവശ്യം വർദ്ധിപ്പിച്ചു; എത്ര പ്രാവശ്യം കുറച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഐ) സംസ്ഥാനത്ത് ലഭിക്കുന്ന റേഷൻ അരിയുടെ ഗുണനിലവാരത്തെക്കുറിച്ച് ഗവൺമെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജെ) ഗുണമേൻമ കുറഞ്ഞ റേഷൻ അരിയാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; റേഷനരിയുടെ ഗുണമേൻമ മെച്ചപ്പെടുത്തുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ):

(എ) 1987 മുതൽ ഓരോ വർഷവും കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ച അരിയുടെ കണക്ക് ചുവടെ കൊടുത്തിരിക്കുന്നു.

| | | | |
|---|---|---|---|
| 1987 | — | 1,410,000 | മെ.ടൺ |
| | (3/87 മുതൽ 12/87 വരെ) | | |
| 1988 | — | 1,550,000 | മെ.ടൺ |
| 1989 | — | 1,270,000 | മെ.ടൺ |
| 1990 | — | 1,575,000 | മെ.ടൺ |

ഇപ്പോൾ കേന്ദ്രത്തിൽ നിന്നും കിട്ടുന്ന പ്രതിമാസ അരിവിഹിതം 135,000 ടൺ ആണ്.

(ബി) സംസ്ഥാനത്തിനുള്ള അരി വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭക്ഷ്യ സിവിൽ സപ്ലൈസ് സെക്രട്ടറി 3-2-1988-ൽ ഒരു സാധാരണ കത്തും, 24-2-1988-ൽ ഒരു അർദ്ധ

LIBRARY ARCHIVES Kerala Legislative Assembly

ഔദ്യോഗിക കത്തും കേന്ദ്ര ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ച് സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി 4–4–1988-നും മുഖ്യമന്ത്രി 24–5–1988-നും കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിക്ക് അർദ്ധ ഔദ്യോഗിക കത്തുകൾ അയച്ചിട്ടുണ്ട്. നിയമസഭയുടെ 1988 ജൂലൈ 8-ാം തീയതിയിലെ ഇതു സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി 18–7–1988-ൽ മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിക്ക് അയച്ചുകൊടുത്തു. 1–3–1989-ൽ സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിക്ക് അയച്ച അർദ്ധ ഔദ്യോഗിക കത്തിലും ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഇതിനുപുറമേ 9–5–1989-ൽ മുൻ കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് മുഖ്യമന്ത്രി നിവേദനം നടത്തി. 31–5–1989-ൽ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് മന്ത്രിസഭ കൈക്കൊണ്ട തീരുമാനം 5–6–1989-ൽ സംസ്ഥാന മുഖ്യമന്ത്രി മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിക്ക് അയച്ചു.

ശ്രീ. വി. പി. സിംഗ് സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനു ശേഷവും സംസ്ഥാനത്തിനുള്ള കേന്ദ്ര അരി വിഹിതം വർദ്ധിപ്പിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രി മുൻ കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിക്ക് അർദ്ധ ഔദ്യോഗിക കത്ത് അയച്ചു. ഇതിനുപുറമേ ഭക്ഷ്യമന്ത്രി, കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് അരിവിഹിതം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 1990 മുതൽ അരി വിഹിതം 1.25 ലക്ഷം ടണ്ണായും ജൂലൈ മുതൽ 1.35 ലക്ഷം ടണ്ണായും ആഗസ്ററിൽ 1·55 ലക്ഷം ടണ്ണും ഒക്ടോബർ, നവംബർ മാസങ്ങളിൽ 1.45 ലക്ഷം ടണ്ണും അനുവദിക്കുകയുണ്ടായി. 23–9–1990-ൽ സംസ്ഥാനം സന്ദർശിച്ച പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നു. 16–11–1990-ലും സംസ്ഥാനത്തിനുള്ള കേന്ദ്ര ഭക്ഷ്യ വിഹിതം വർദ്ധിപ്പിച്ചുകിട്ടുന്നതിന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്ത് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഭക്ഷ്യ വകുപ്പ് സെക്രട്ടറിക്ക് അയച്ചു.

(സി) 1988 നവംബർ മുതൽ 1989 ഒക്ടോബർ വരെ 12.95 ലക്ഷം ടണ്ണും 1989 നവംബർ മുതൽ 1990 നവംബർ വരെ 16.65 ലക്ഷം ടണ്ണും അരി അലോട്ടു ചെയ്തു.

(ഡി) 1988 നവംബർ മുതൽ 1989 ഒക്ടോബർ വരെ 1,294,989 ടണ്ണും 1989 നവംബർ മുതൽ 1990 ഒക്ടോബർ വരെ 1,504,387 ടണ്ണും അരി എടുത്തു. 1990 നവംബറിലെ കണക്ക് മുഴുവനാക്കിയിട്ടില്ല. ഇതേ കാലയളവിൽ 1989 ഒക്ടോബർ വരെ 1,302,419 ടണ്ണും നവംബർ 1990 വരെ 1,517,206 ടണ്ണും അരി കാർഡുടമകൾക്ക് നൽകിയിട്ടുണ്ട്. 1990 ഡിസംബർ മാസത്തെ അലോട്ടുമെന്റ് 135,000 ടൺ ആണ്.

(ഇ) അലോട്ടുമെന്റ് ഓർഡറിൽ സ്ഥിരമായിട്ടാണോ താൽക്കാലികമായിട്ടാണോ അനുവദിക്കുന്നത് എന്ന് സൂചിപ്പിക്കാറില്ല. പ്രതിമാസ അലോട്ടുമെന്റാണ് നടത്തിവരുന്നത്. ഓരോ മാസത്തേയും അലോട്ടുമെന്റ് ഓർഡർ ലഭിക്കുമ്പോൾ മാത്രമേ വിഹിതം എത്ര എന്ന് അറിയാൻ കഴിയൂ.

(എഫ്) 1990 ഡിസംബർ മാസത്തെ അരി വിഹിതം 2.35 ലക്ഷം ടണ്ണാണെന്ന് അറിയിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ 9–11–1990-ലെ ടെലിപ്രിന്റർ സന്ദേശം 13–11–1990-ൽ ആണ് സെക്രട്ടേറിയററിലെ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിൽ കിട്ടിയത്. അരി വിഹിതം കുറയ്ക്കുവാനുള്ള കാരണം ഈ സന്ദേശത്തിൽ കാണിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 1990 ഒക്ടോബർ, നവംബർ മാസങ്ങളിൽ 145,000 ടൺ വീതം അരി ലഭിച്ചിരുന്നത്. ഡിസംബർ മാസത്തിൽ 135,000 ടൺ ആയി കുറച്ചു. അരിവിഹിതം കുറച്ചുകൊണ്ടുള്ള 9-11-1990-ലെ ടെലിപ്രിൻറർ സന്ദേശം 13-11-1990-ൽ ആണ് ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന് ലഭിച്ചത്. 1991 ജനുവരി മാസത്തേയ്ക്കും 135,000 ടൺ അരിയാണ് അലോട്ടു ചെയ്തിരിക്കുന്നത്.

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിൻെറ പ്രതിമാസ അലോട്ടുമെൻറ് 125,000 മെ. ടൺ ആയിരുന്നു. 1987 ജൂൺ മാസത്തിൽ ഇത് 145,000 മെ. ടൺ ആയി വർദ്ധിപ്പിച്ചു. ഈ നില 1988 ജനുവരി വരെ തുടർന്നു. ഫെബ്രുവരിയിൽ 135,000 മെ.ടണ്ണും തുടർന്ന് മാർച്ചിൽ 125,000 മെ. ടണ്ണുമായി അലോട്ടുമെൻറ് കുറച്ചു. ഈ നില ജനുവരി 1989 വരെ തുടർന്നു. (8/88-ൽ സാധാരണ അലോട്ടുമെൻറിന് പുറമേ 20,000 മെ.ടൺ കൂടുതലായി അനുവദിച്ചിരുന്നു.) 2/89-ൽ അലോട്ടുമെൻറ് വീണ്ടും 100,000 മെ.ടൺ ആയി കുറച്ചു. ഇത് 10/89 വരെ തുടർന്നു. (9/89-ൽ 20,000 ടൺ അധികമായി അനുവദിച്ചിരുന്നു.) 11/89-ൽ 125,000 മെ.ടൺ ആയി വർദ്ധിപ്പിക്കുകയും 12/89, 1/90 എന്നീ മാസങ്ങളിൽ 100,000 ടൺ ആയി കുറക്കുകയും ചെയ്തു. 2/90-ൽ വീണ്ടും 125,000 ടൺ ആയി വർദ്ധിപ്പിച്ചു. ഇത് 6/90 വരെ തുടർന്നു. 7/90-ൽ 135,000 ടൺ ആയി വർദ്ധിപ്പിച്ചു. ഇത് 9/90 വരെ തുടർന്നു. (8/90-ൽ 20,000 മെ.ടൺ അധികമായി അനുവദിച്ചിരുന്നു) 10/90-ൽ 145,000 മെ. ടൺ ആയി വർദ്ധിപ്പിച്ചു. ഡിസംബറിൽ വീണ്ടും 135,000 ടൺ ആയി കുറച്ചു. ജനുവരിയിലും ഇതുതന്നെയാണ് അലോട്ടുമെൻറ്.

(ഐ) എഫ്. സി. ഐ. ഗോഡൗണിലെ സ്റേറാക്ക് റിലീസ് ചെയ്യുന്നതിനുമുമ്പ് തന്നെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനെത്തുന്നുവെന്ന പരാതി ലഭിക്കുമ്പോൾ അതേക്കുറിച്ച് ആവശ്യമായ നടപടികൾ എടുത്തുവരുന്നുണ്ട്.

(ജെ) അരി ഗുണമേൻമ കുറഞ്ഞതാണെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. നല്ല ഇനം അരി മാത്രം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ഗവൺമെൻറിനോടും ഫുഡ് കോർപ്പറേഷനോടും നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് നടപടി

* 9 [9] ശ്രീ. സി. കെ. രാജേന്ദ്രൻ:
,, സി.പി. ബാലൻ വൈദ്യർ:
,, സി. പി. നാരായണൻ:
,, കെ. രാഘവൻ മാസ്ററർ:
ഡോ: എ. വി. ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവുംസിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും വിലയക്കററം തടഞ്ഞുനിറുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ പൊതു വിപണിയിൽ വിററ അരിയുടെയും മാവേലി സ്റേറാറുകൾവഴി വിററ അരിയുടെയും വില എന്തായിരുന്നു; ഇപ്പോൾ പൊതു വിപണിയിലേയും മാവേലി സ്റേറാറുകൾ വഴി വിൽക്കുന്ന അരിയുടെയും വില എന്താണ്;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര മാവേലി സ്റേറാറുകൾ ആരംഭിച്ചു; പുതിയ മാവേലി സ്റേറാറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വരുന്ന ഒന്നര വർഷത്തിനുള്ളിൽ എത്ര മാവേലി സ്റേറാറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോഴുള്ള സഞ്ചരിക്കുന്ന മാവേലി സ്റേറാറുകളുടെ എണ്ണം എത്ര;

(ഇ) കൂടുതൽ സഞ്ചരിക്കുന്ന മാവേലി സ്റേറാറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) 1. കൂടുതൽ ഇനം നിത്യോപയോഗ സാധനങ്ങൾ ഗുണമേൻമയും മിതമായ വിലയും ഉറപ്പുവരുത്തി വ്യാപകമായി കൂടുതൽ കേന്ദ്രങ്ങളിൽ കൂടി വിതരണം ചെയ്തു.

2. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 173 പുതിയ മാവേലിസ്റേറാറുകളും 34 മൽസ്യ മാവേലിസ്റേറാറുകളും തുറന്നു. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി 11 സഞ്ചരിക്കുന്ന മാവേലിസ്റേറാറുകളുടെ എണ്ണം 20 ആയി വർദ്ധിപ്പിച്ചു. 1,916 റേഷൻ കടകൾ, 1,461 സഹകരണസംഘങ്ങൾ എന്നിവ വഴി പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, തേയില മുതലായവ മാവേലി സ്റേറാറുകൾ വഴി വിതരണം ചെയ്യുന്ന വിലയ്ക്ക് വിതരണം ചെയ്തു.

3. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സൂപ്പർ മാർക്കററുകൾ തുറക്കുക എന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ സൂപ്പർ മാർക്കററുകൾ തുറന്നു പ്രവർത്തിപ്പിച്ചു.

4. റേഷൻ അരി വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽ അരി വില നിയന്ത്രിച്ചു നിറുത്തുന്നതിനുവേണ്ടി 600-ഓളം സഹകരണസംഘങ്ങളിലൂടെ മാവേലിസ്റേറാറിലെ വിലയ്ക്ക് അരി വിതരണം ചെയ്തു.

5. ഉൽസവ കാലങ്ങളിൽ വിപുലമായ തോതിൽ ചന്തകൾ സംഘടിപ്പിച്ച് പച്ചക്കറി അടക്കമുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്തു.

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ പൊതു വിപണിയിൽ മട്ട അരിയ്ക്ക് കിലോഗ്രാമിന് 4 രൂപ 22 പൈസയും ആന്ധ്ര അരിയ്ക്ക് 3 രൂപ 88 പൈസയുമായിരുന്നു വില. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരിക്ക് അന്നത്തെ വില കിലോഗ്രാമിന് 3 രൂപ 25 പൈസയായിരുന്നു. ഇപ്പോഴത്തെ വില മട്ട അരിയ്ക്ക് 5 രൂപ 43 പൈസയും, ആന്ധ്ര അരിയ്ക്ക് 4 രൂപ 85 പൈസയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരിയ്ക്ക് 4 രൂപ 10 പൈസയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 175 മാവേലിസ്റ്റോറുകൾ തുറന്നിട്ടുണ്ട്. ഓരോ നിയോജക മണ്ഡലത്തിൽ കുറഞ്ഞത് 3 മാവേലിസ്റ്റോറുകൾ വരത്തക്ക രീതിയിൽ 80 കൂടുതൽ പുതിയ മാവേലിസ്റ്റോറുകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള 9 ഉം വിവിധ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കീഴിലുള്ള 11 മാവേലിസ്റ്റോറുകളും അടക്കം 20 സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ട്.

(ഇ) വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുനിസിപ്പാലിറ്റികൾക്ക് സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ അനുവദിക്കുവാൻ സിവിൽസപ്ലൈസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

* 10 [10] ശ്രീ. എം. വി. രാഘവൻ:

,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987 ഏപ്രിൽ മാസം മുതൽ 1990 നവംബർ മാസം വരെയുള്ള കാലയളവിൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്; ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവും കേന്ദ്ര ഗവൺമെൻറിന്റെ നികുതി നിർദ്ദേശവും മൂലം ഉണ്ടായിട്ടുള്ള അമിതമായ വിലക്കയറ്റം തടയാൻ സംസ്ഥാന ഗവൺമെൻറിന് സ്വീകരിക്കാൻ കഴിഞ്ഞ നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) ഈ നടപടികൾമൂലം അവശ്യ സാധനങ്ങളുടെ വില നിലവാരം എത്രത്തോളം പിടിച്ചു നിർത്താൻ സർക്കാരിനു കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) ചില ഇനങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്. ചില ഇനങ്ങൾക്ക് വിലക്കുറവുണ്ടായിട്ടുണ്ട്. 1987-ലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ അരിക്ക് 27 ശതമാനവും വെളിച്ചെണ്ണയ്ക്ക് 32 ശതമാനവും പരിപ്പിന് 70 ശതമാനവും മുളകിന് 94 ശതമാനവും ചെറുപയറിന് 49 ശതമാനവും വില വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ഇനത്തിനും വില വർദ്ധനവ് ഓരോ തോതിലാണ്. മല്ലിക്ക് 31 ശതമാനം വിലക്കുറവുണ്ട്. വില വർദ്ധനവിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. റേഷൻ സാധനങ്ങൾക്ക് കേന്ദ്ര ഗവൺമെൻറ് വില വർദ്ധിപ്പിച്ചു. ഉദാഹരണത്തിന് ഈ കാലയളവിൽ റേഷനരിക്ക് 38 ശതമാനം വർദ്ധനവുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

2. ഡീസലിന്റെ വിലയിലുണ്ടായ വില വർദ്ധനവ് (44 ശതമാനം).

3. ചരക്കു കൂലി വർദ്ധനവ് തുടങ്ങിയവ.

4. റേഷനരിയിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയ വെട്ടിക്കുറവ്.

5. രൂപയുടെ മൂല്യതകർച്ച.

(ബി, സി, ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവു കൊണ്ടു മാത്രം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പ്രത്യേകം കണക്കാക്കിയിട്ടില്ല.

നിത്യോപയോഗ സാധനങ്ങളുടെ വില അമിതമായി വർദ്ധിക്കാതിരിക്കാൻ പൊതു വിതരണ ശൃംഖല വ്യാപകമായി ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. റേഷനരിയുടെ വിലയിൽ 38 ശതമാനവും ഡീസലിന്റെ വിലയിൽ 44 ശതമാനവും വർദ്ധനവുണ്ടായ സാഹചര്യത്തിലും പൊതുവിപണിയിൽ അരിക്ക് 27 ശതമാനം മാത്രം വില വർദ്ധനവുണ്ടായത് പൊതു വിതരണ സമ്പ്രദായ ശൃംഖല ശക്തിപെടുത്തിയതുകൊണ്ടാണ്. 1987 മുതൽ 3 വർഷം അഖിലേന്ത്യാതലത്തിൽ 28 ശതമാനം വില വർദ്ധനവുണ്ടായപ്പോൾ കേരളത്തിലെ വർദ്ധനവ് 18 ശതമാനം മാത്രമാണ്.

## ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ച സെല്ലിന്റെ പ്രവർത്തനക്ഷമത

* 11 [11] ശ്രീ. എ. എം. പരമൻ:
,, സത്യൻ മൊകേരി:
,, എൻ. ശിവൻ പിള്ള:
,, കെ. വി. സുരേന്ദ്രനാഥ്:
,, കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സെൽ മുൻപാകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) എത്ര പരാതികളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്;

(ഡി) ശേഷിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഉണ്ട്.

(ബി) 4200-ൽ പരം പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഉദ്ദേശം 1800-ൽ പരം പരാതികളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്.

(ഡി) അവശേഷിക്കുന്ന പരാതികളിൽ, പൊതു സ്വഭാവം ഉള്ളവ ഒഴിച്ചുള്ളവ പരിശോധിച്ച് തീർപ്പ് കല്പിക്കുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമാക്കി ഉയർത്തുന്നത് സംബന്ധിച്ച നടപടി

* 12 [12] ശ്രീ. മാമ്മൻ ഐപ്പ്:
,, കെ. കെ. മാധവൻ:
,, ടി. പി. പീതാംബരൻ മാസ്ററർ:
,, കെ. പി. അരവിന്ദാക്ഷൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമാക്കി ഉയർത്തുന്നത് സംബന്ധിച്ച നടപടി എവിടംവരെയായി എന്നറിയുമോ; ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിമാനത്താവളം ഇൻറർനാഷണൽ എയർപോർട്ട് അതോറിററി ഓഫ് ഇൻഡ്യ ഏറെറടുത്തിട്ടുള്ളതായി സംസ്ഥാന ഗവൺമെൻറിനറിയുമോ;

(സി) ഇല്ലെങ്കിൽ എയർപോർട്ട് അതോറിററിക്ക് ഈ വിമാനത്താവളം എന്നത്തേക്ക് ഏറെറടുക്കാൻ കഴിയുമെന്ന് പറയാമോ;

(ഡി) വിമാനത്താവളത്തിൻെറ വികസനത്തിനാവശ്യമായ സ്ഥലം ഏറെറടുക്കുന്ന നടപടി ഏത് സ്റേറജിലായിരിക്കുന്നു; എത്ര ഏക്കർ സ്ഥലം ഏറെറടുക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിച്ചതിൻെറ ഫലമായി സംസ്ഥാനത്തുണ്ടാകുന്ന വികസനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) കേന്ദ്ര ഗവൺമെൻറിൻെറ 29-10-1990-ലെ എ. വി/24035/1/90-എ. എ. (വി. ഇ.) എന്ന വിജ്ഞാപനം വഴി തിരുവനന്തപുരം വിമാനത്താവളം 1991 ജനുവരി ഒന്നാം തീയതി മുതൽ അന്താരാഷ്ട്ര വിമാനത്താവളമായി ഉയർത്തിയിട്ടുണ്ട്.

(ബി, സി) 1-1-1991 മുതൽ തിരുവനന്തപുരം വിമാനത്താവളം ഇൻറർനാഷണൽ എയർപോർട്ട് അതോറിററി ഏറെറടുക്കുമെന്നാണ് അറിയുന്നത്.

(ഡി) വിമാനത്താവളത്തിൻെറ വികസനത്തിൻെറ പ്രാരംഭഘട്ടമായി 4.7155 ഹെക്ടർ ഭൂമി ഏറെറടുക്കുവാനുള്ള നടപടി നടന്നുവരുന്നു. അന്താരാഷ്ട്ര വിമാനത്താവളമാകുന്നതോടെ ആകെ എത്ര ഭൂമി വേണ്ടിവരുമെന്നുള്ളത് ഇനിയും അറിയിച്ചിട്ടില്ല.

(ഇ) തിരുവനന്തപുരം വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി ഉയർത്തുന്നതോടെ കേരളത്തിലെ ടൂറിസം വികസനം മൂലം വർദ്ധിച്ച തോതിലുള്ള ചരക്ക് (കാർഗോ) കയററുമതി മൂലവും ധാരാളം തൊഴിൽ സാദ്ധ്യതയുണ്ടാകും. വിദേശ വിമാന കമ്പനികൾക്ക് നേരിട്ട് ഇവിടേക്ക് വിമാന ഗതാഗത സൗകര്യമുണ്ടാക്കുക മൂലം വിദേശ രാജ്യങ്ങളിലേക്കും ഇവിടേക്കും ഇന്നനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാനും ഇന്ന് മററ് നഗരങ്ങൾ വഴിയും മററും വരുന്നതുമൂലം അനുഭവപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസങ്ങൾ കഴിയുന്നതും ഒഴിവാക്കുവാനും കഴിയും. പച്ചക്കറി, മൽസ്യം, മാംസം മുതലായവയുടെ തിരുവനന്തപുരം വഴിയുള്ള കയററുമതി വർദ്ധിക്കുവാനും ടൂറിസം വികസനം മൂലം ഇവിടത്തെ ഹോട്ടൽ വ്യവസ്ഥ വികസിക്കുവാനും സാദ്ധ്യത ഉണ്ട്.

കൂടാതെ സാങ്കേതിക പരിജ്ഞാനം ഉള്ളവരും ഇല്ലാത്തവരുമായ കുറെ ആളുകൾക്ക് തൊഴിൽ സാദ്ധ്യതയും ഉണ്ടാകും.

## സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് കേന്ദ്ര ഗവൺമെൻറ് നിരക്കിൽ ശമ്പളം

*13 [13] ശ്രീ. ഉമ്മൻചാണ്ടി:

,, കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് കേന്ദ്ര ഗവൺമെൻറ് നിരക്കിൽ ശമ്പളം നൽകണമെന്നുള്ള ആവശ്യം നടപ്പിലാക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര നിരക്കിലുള്ള ശമ്പളം എപ്പോൾ മുതൽ നൽകുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് കേന്ദ്ര നിരക്കിലുള്ള ശമ്പളമോ അതിന് സമാനമായ ശമ്പളമോ നൽകുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതു വിഭാഗം ജീവനക്കാർക്കാണെന്നും എന്നു മുതലാണെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) 5-ാം ശമ്പളക്കമ്മീഷൻെറ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഈ അടുത്ത കാലത്താണ് ഉത്തരവായിട്ടുള്ളത്. കേന്ദ്ര നിരക്കിൽ എല്ലാ വിഭാഗം ജീവനക്കാർക്കും ശമ്പളം പരിഷ്കരിക്കുന്നതിനു വേണ്ടിവരുന്ന അധിക സാമ്പത്തിക ബാദ്ധ്യതയും അതേറെറടുക്കാനുള്ള സർക്കാരിൻെറ സാമ്പത്തിക കഴിവും മററു ബന്ധപ്പെട്ട കാര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്.

(ഡി) ഇക്കാര്യത്തിൽ ഒരു ഉറപ്പ് നൽകുവാൻ നിലവിലുള്ള സാഹചര്യത്തിൽ നിർവ്വാഹമില്ല.

(ഇ) ഉണ്ട്.

(എഫ്) അഞ്ചാം ശമ്പളക്കമ്മീഷൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ താഴ്ന്ന മൂന്നു സ്കെയിലുകളിൽപ്പെട്ട ജീവനക്കാർക്ക് 1-7-1988 മുതൽ കേന്ദ്ര നിരക്കിന് സമാനമായ ശമ്പളം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഗൾഫ് പുനരധിവാസ പദ്ധതി

*14 [14] ശ്രീ. ചെർക്കളം അബ്ദുള്ള:
,, സി. എഫ്. തോമസ്:
,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മേഖലകളിൽ നിന്നും മടങ്ങി വരുന്നവർക്കായി ഒരു ഗൾഫ് പുനരധിവാസ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചത് ഏത് കൊല്ലത്തിലാണ്; അത് സംബന്ധിച്ച് കേന്ദ്രം എന്ത് നടപടി സ്വീകരിച്ചു; പുനരധിവാസ പദ്ധതി സംബന്ധിച്ച് നൽകിയ നിർദ്ദേശത്തിന്റെ കോപ്പി മേശപ്പുറത്ത് വെയ്ക്കുമോ;

(ബി) എത്ര കോടി ഉറുപ്പികയുടെ പദ്ധതിയാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് നിർദ്ദേശിച്ചത്; പ്രസ്തുത പദ്ധതി സംബന്ധിച്ച് നൽകിയ നിർദ്ദേശത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ;

(സി) സംസ്ഥാന സർക്കാർ സമർപ്പിച്ച 750 കോടി രൂപയുടെ ഗൾഫ് മലയാളി ക്ഷേമ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചുവോ;

(ഡി) ഈ ക്ഷേമ പദ്ധതി സംബന്ധിച്ച് മുൻ കേന്ദ്ര തൊഴിൽ മന്ത്രി ശ്രീ. റാം വിലാസ് പാസ്വാൻ മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നുവോ; കത്തിന്റെ സാരാംശം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കത്ത് ലഭിച്ചതിനുശേഷം പദ്ധതി അംഗീകരിക്കണമെന്ന് വീണ്ടും അഭ്യർത്ഥിച്ചുകൊണ്ട് മുൻ കേന്ദ്ര തൊഴിൽ മന്ത്രിക്കും മുൻ കേന്ദ്ര ധനകാര്യ മന്ത്രിക്കും മുഖ്യമന്ത്രി കത്തുകളയച്ചിരുന്നുവോ; ഈ കത്തുകൾക്ക് മറുപടി ലഭിച്ചുവോ;

(എഫ്) മുൻ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി ഇത് സംബന്ധിച്ച് കത്തയച്ചിരുന്നുവോ; കത്തിന് മറുപടി ലഭിച്ചുവോ;

(ജി) ഗൾഫ് മേഖലയിൽ നിന്നും ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനും ഇവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; ഇതിനുവേണ്ടി സംസ്ഥാന സർക്കാർ എന്ത് തുക അനുവദിച്ചിട്ടുണ്ട്; എന്ത് തുക ഇതിനകം ചെലവായി;

(എച്ച്) പുനരധിവാസച്ചെലവിലേക്കായി കൂടുതൽ സംഖ്യ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഈ ആവശ്യത്തിലേക്കായി കേന്ദ്ര ഗവൺമെന്റിനോട് ധനസഹായം സർക്കാർ ആവശ്യപ്പെടുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ, ബി, സി) ഗൾഫ് നാടുകളിൽ നിന്നും തിരിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 750 കോടി രൂപയുടെ ഒരു ഫണ്ട് രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി മുഖ്യമന്ത്രി, മുൻ പ്രധാനമന്ത്രിക്ക് 8-4-1988-ന് ഒരു അർദ്ധ ഔദ്യോഗിക കത്ത് അയച്ചിരുന്നു. നിർദ്ദേശം അംഗീകരിച്ചുകൊണ്ടുള്ള മറുപടി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അയച്ചിരുന്നു. പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പരിപാടിയിൽ ഈ സംസ്ഥാനത്തിന്റെ നിർദ്ദേശവും ശ്രദ്ധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

(ഇ) ഇക്കാര്യത്തിൽ മുൻ കേന്ദ്ര തൊഴിൽ മന്ത്രിക്ക് 18-3-1990-ൽ വീണ്ടും എഴുതിയിരുന്നു. ഇറാക്കിന്റെ കുവൈററ് ആക്രമണത്തെ തുടർന്ന് 16-8-1990-ൽ മുൻ പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ ഈ പ്രശ്നം വീണ്ടും ഉന്നയിക്കപ്പെടുകയുണ്ടായി. മുൻ പ്രധാനമന്ത്രിയും മുൻ ധനകാര്യ മന്ത്രിയുമായി ഈ പ്രശ്നം ചർച്ച ചെയ്യുകയും പ്രസ്തുത സന്ദർഭങ്ങളിൽ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) അയച്ചിരുന്നു. പരിശോധിക്കാൻ ധനകാര്യ വകുപ്പിന് അയച്ചതായി മറുപടി ലഭിച്ചു.

(ജി) 1. സ്വയം തൊഴിൽ ആരംഭിക്കണമെന്ന് ആഗ്രഹമുള്ള പ്രവാസികൾക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ജനറൽ മാനേജർമാരുടെ മുമ്പാകെ തങ്ങളുടെ പേരുകൾ രജിസ്ററർ ചെയ്യാവുന്നതാണ്.

2. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി ഏതാനും പുതിയ പദ്ധതികളുടെ അടങ്കൽ, ആവശ്യമായ തുകയുടെ ലഭ്യത മുതലായ വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ററ് റിപ്പോർട്ട് തയ്യാറാക്കാൻ ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ഒരു പുതിയ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

3. മുമ്പ്, ശ്രീലങ്കയിൽ നിന്നും മടങ്ങിവന്നവർക്ക് റിപാട്രിയേററ്സ് കോ-ഓപ്പറേററീവ് ഫിനാൻസ് ആൻറ് ഡവലപ്പ്മെൻറ് ബാങ്ക്, മദ്രാസ് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചു വരുന്ന ധനസഹായം ഗൾഫിൽ നിന്നും മടങ്ങി വരുന്നവർക്കും ലഭ്യമാക്കുന്നതിനായി, ഇവർക്ക് അഭയാർത്ഥി പദവി നേടിയെടുക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്.

4. കുവൈററിൽ നിന്നും മടങ്ങി വന്നവരുടെ ശമ്പളം, അലവൻസ്, പ്രോവിഡന്റ് ഫണ്ട്, ബാങ്ക് ഡെപ്പോസിററുകൾ മുതലായ അവകാശങ്ങൾ ലഭിക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതാണ്.

5. ഉൾനാടൻ മത്സ്യ ബന്ധനം, ആഴക്കടൽ മത്സ്യ ബന്ധനം, മത്സ്യകൃഷി എന്നിവയെ സംബന്ധിച്ച പദ്ധതികളും ഉൾപ്പെടുത്തുന്നതാണ്.

6. ഗൾഫിൽ നിന്നും മടങ്ങിവരുന്നവരുടെ കുട്ടികൾക്ക് സ്കൂളുകളിൽ പ്രവേശനം നൽകുന്നതുപോലെയുള്ള ഹ്രസ്വകാല പ്രശ്നങ്ങളിൻമേൽ എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാരും പരമാവധി സഹായകരവും അനുഭാവപൂർവ്വവുമായ നിലപാട് സ്വീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) മേൽ സൂചിപ്പിച്ച ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിലുള്ള പുതിയ സമിതി പ്രോജക്ററ് റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ

*15 [15] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇപ്പോഴും തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയപ്പോൾ കാലപരിധി നിശ്ചയിച്ചിരുന്നുവോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്):

ഉണ്ട്. വയനാട്, ഇടുക്കി എന്നീ ജില്ലകളിലും പ്രോജക്ട് ഹെഡ്ക്വാർട്ടേഴ്സിലും തുടരുന്നുണ്ട്. ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് 1989 മാർച്ച് 31 വരെയുള്ള 5 വർഷത്തേക്കാണ് കാലപരിധി നിശ്ചയിച്ചിരുന്നത്. തുടർന്ന് പദ്ധതി അടങ്കൽ തുക 4910·88 ലക്ഷം രൂപ ആയിരുന്നത് 5033·53 ലക്ഷം രൂപയായി ഉയർത്തുകയും പദ്ധതി കാലാവധി 31-3-1990 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ദീർഘിപ്പിച്ച കാലയളവിലെ റീ-പ്രോഗ്രാമിംഗ് പരിപാടികൾ ചെയ്തു തീർക്കാനും മററുമായി ലോകബാങ്ക് പ്രോജക്ടിന്റെ ക്രെഡിററ് ക്ലോസിംഗ് തീയതി നേരത്തെ നിശ്ചയിച്ചിരുന്ന 31-3-1990-നു പകരം 31-3-1992 എന്നാക്കി മാററിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിലാണ് ഇപ്പോഴുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

## (iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### റിട്ടയർ ചെയ്യേണ്ടവർക്ക് കാലാവധി നീട്ടിക്കൊടുക്കുകയില്ലെന്ന നയം

1 [2] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ നിന്നും റിട്ടയർ ചെയ്യേണ്ടവർക്ക് കാലാവധി നീട്ടിക്കൊടുക്കുകയില്ലെന്ന സർക്കാരിന്റെ പ്രഖ്യാപന നയത്തിൽ എന്തെങ്കിലും മാററം വരുത്തുകയുണ്ടായോ;

(ബി) ഈ ഗവൺമെന്റ് അധികാരമേററശേഷം സംസ്ഥാന സർക്കാർ സർവീസിൽ നിന്നും പിരിയുന്ന എത്രപേർക്ക് ഏതെല്ലാം വകുപ്പുകളിൽ റിട്ടയർമെന്റ് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്;

(സി) ഓരോ വകുപ്പിലും എത്രപേരെ വീതം ഇങ്ങിനെ തുടരാൻ അനുവദിച്ചു; എത്ര കാലമായി ഇവർ സർവീസിൽ തുടരുന്നു?

ഉത്തരം

(എ) പെൻഷൻ പററിയ ഉദ്യോഗസ്ഥൻമാർക്ക് പുനർനിയമനം നല്കരുതെന്നാണ് സർക്കാരിന്റെ നയം. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ പെൻഷൻ പററിയ ചിലർക്ക് പുനർനിയമനം നല്കിയിട്ടുണ്ട്.

(ബി ആൻറ് സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സെക്രട്ടേറിയററ് ഉദ്യോഗസ്ഥൻമാരുടെ സസ്പെൻഷൻ

2 [3] ശ്രീ. ചെർക്കളം അബ്ദുള്ള:
,, പി. സീതിഹാജി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, പി. എം. അബൂബക്കർ:
,, സി. പി. കുഞ്ഞാലിക്കുട്ടി കേയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെക്രട്ടേറിയററിൽ എത്ര ഉദ്യോഗസ്ഥൻമാരെ സസ്പെൻററ് ചെയ്തു; ഏതെല്ലാം റാങ്കിൽ;

(ബി) അതിൽ എത്രപേരെ തിരിച്ചെടുത്തു;

(സി) ഇനിയും എത്രപേരെ തിരിച്ചെടുക്കാനുണ്ട്;

(ഡി) അവരുടെമേൽ ചുമത്തിയ ചാർജിന്റെ വിവരം മേശപ്പുറത്ത് വെയ്ക്കാമോ?

### ഉത്തരം

(എ) 33 പേരെ സസ്പെൻററ് ചെയ്തു.

| | | |
|---|---|---|
| കമ്മീഷണർ ആൻററ് സെക്രട്ടറി | .. | 1 |
| അഡീഷണൽ സെക്രട്ടറി | .. | 1 |
| ജോയിൻററ് സെക്രട്ടറി | .. | 2 |
| ഡെപ്യൂട്ടി സെക്രട്ടറി | .. | 1 |
| അണ്ടർ സെക്രട്ടറി | .. | 2 |
| ഡെപ്യൂട്ടി ഡയറക്ടർ | .. | 1 |
| സെക്ഷൻ ഓഫീസർ | .. | 4 |
| അസിസ്ററൻററ് | .. | 6 |
| കോൺഫിഡൻഷ്യൽ അസിസ്ററൻററ് | .. | 1 |
| ടൈപ്പിസ്ററ് | .. | 2 |
| ഡ്രൈവർ | .. | 1 |
| ലിഫ്ററ് ഓപ്പറേറർ | .. | 1 |
| സെക്യൂരിററി ഗാർഡ് | .. | 3 |
| ചൗക്കിദാർ | .. | 1 |
| വാച്ച്മാൻ | .. | 1 |
| ലാസ്ററ് ഗ്രേഡ് | .. | 5 |

(ബി) 22 പേരെ തിരിച്ചെടുത്തു.

(സി) 11 പേരെ തിരിച്ചെടുക്കാനുണ്ട്. (ഇതിൽ ഒരാളെ സർവീസിൽ നിന്നും നീക്കം ചെയ്തു)

(ഡി) ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക്ക് പവർ പ്രോജക്ററ് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പ്രശ്നവുമായി ബന്ധപ്പെട്ട്, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ, ജോലിയിൽ ഗുരുതരമായ അനാസ്ഥ, കൃത്യനിർവഹണത്തിലുള്ള വീഴ്ച, സ്വഭാവദൂഷ്യം, പെരുമാററദൂഷ്യം, ജനനത്തീയതി തിരുത്തി കൃത്രിമ രേഖ ഉണ്ടാക്കി സർവീസിൽ തുടരൽ, അനധികൃതമായ പണപ്പിരിവ്, സർക്കാർ



LIBRARY ARCHIVES Kerala Legislative Assembly

വാഹനത്തിന്റെ ദുരുപയോഗം, മദ്യലഹരിയിൽ സർക്കാർ വാഹനം ദുരുപയോഗപ്പെടുത്തി അപകടം വരുത്തി വയ്ക്കൽ, ക്രിമിനൽ കേസിൽ പ്രതിയാണ് എന്നിവയാണ് ഇവരുടെ മേൽ ചുമത്തിയിട്ടുള്ളത്.

## മുഖ്യമന്ത്രിയുടെ ഓഫീസിലെ പെൻറിംഗ് ഫയലുകൾ

3 [4] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. സീതിഹാജി:
,, പി. എം. അബൂബക്കർ:
,, സി. ററി. അഹമ്മദലി:
,, കല്ലടി മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽ ഉത്തരവിനായി സമർപ്പിച്ച ഫയലുകൾ 30-11-1990 വരെ ആകെ പെൻറിംഗ് ആയിരിക്കുന്നവ എത്ര;

(ബി) അവയിൽ 6 മാസം പഴക്കമുള്ളവയെത്ര;

(സി) 1 കൊല്ലം പഴക്കമുള്ളവയെത്ര;

(ഡി) 2 കൊല്ലം പഴക്കമുള്ളവയെത്ര;

(ഇ) 3 കൊല്ലം പഴക്കമുള്ളവയെത്ര?

### ഉത്തരം

(എ) 35 ..

(ബി) 18 ..

(സി) 20 ..

(ഡി) 11 ..

(ഇ) 4 ..

## വിവിധ വകുപ്പുകളിൽ കാണാതായ ഫയലുകൾ

4 [5] ശ്രീ. എം. വി. രാഘവൻ:
,, ചെർക്കളം അബ്ദുള്ള:
,, പി. ബാലൻ:
,, കെ. മുഹമ്മദാലി:
,, ഇ. അഹമ്മദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, നാലകത്ത് സൂപ്പി:
,, പി. കെ. കെ. ബാവ:
,, സി. പി. കുഞ്ഞാലിക്കുട്ടികേയി:
,, പി. പി. ജോർജ്:
,, കെ. എ. ചന്ദ്രൻ:
,, കെ. പി. നൂറുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറിന്റെ വിവിധ വകുപ്പുകളിൽ നിന്നും പ്രധാനപ്പെട്ട ഫയലുകൾ കാണാതാവുന്നുവെന്ന നിയമസഭ കമ്മിററിയുടെ റിപ്പോർട്ടിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെക്രട്ടേറിയററിലെ ഫയലുകൾ കാണാതായത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ വകുപ്പുകളിലെ ഏതൊക്കെ ഫയലുകളാണ് കാണാതായതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) ലോവർ പെരിയാർ ഫയലും (നമ്പർ 1215/ബി1/87) നാളികേര വികസന കോർപ്പറേഷൻ സംബന്ധമായ ഫയലും കാണാതായിട്ടുള്ളതിന് ഉത്തരവാദികളായവർക്കെതിരായി ഇതുവരെ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്യോഗസ്ഥൻമാരുടെ അഴിമതി ആരോപണങ്ങൾ സംബന്ധിച്ചവയും ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള ശിക്ഷണ നടപടികൾ സംബന്ധിച്ചതുമായ എത്ര ഫയലുകൾ കാണാതായിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഫയലുകൾ നഷ്ടപ്പെടാതിരിക്കാൻ എന്തു കരുതൽ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇപ്പോൾ അപ്രത്യക്ഷമായിട്ടുള്ള ഫയൽ കണ്ടെത്തുവാനും മേലിൽ ഇത്തരം ഫയലുകൾ നഷ്ടപ്പെടാതിരിക്കുവാനും എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ, ബി) ഫയലുകൾ കാണാതായത് സംബന്ധിച്ച്, അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ ബോർഡ് മെമ്പറായ ശ്രീ. എൻ. കൃഷ്ണൻ നായരെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(സി) ലോവർ പെരിയാർ ഫയൽ (നമ്പർ 1215/ബി1/87) കാണാതായിട്ടില്ല. നാളികേര വികസന കോർപ്പറേഷനെ സംബന്ധിച്ച് കാണാതായ ഫയലുകളും കമ്മീഷന്റെ അന്വേഷണത്തിൽ വരുന്നതാണ്.

(ഡി) കമ്മീഷന്റെ വിശദമായ അന്വേഷണത്തിലിരിക്കുകയാണ്.

(ഇ, എഫ്) അന്വേഷണറിപ്പോർട്ട് ലഭിച്ചതിനുശേഷം റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## സെക്രട്ടറിയേററിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

5 [6] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടറിയേററിലെ ഓരോ വകുപ്പുകളിൽ 30–9–1990 വരെ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണ്;

(ബി) ഫയലുകളിൻമേൽ തീരുമാനമെടുക്കുന്നതു സംബന്ധിച്ച് ഗവൺമെൻറ് വകുപ്പുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശം എന്താണ്;

(സി) ഫയലുകളിൻമേൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-9-1990 വരെ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം വകുപ്പുതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി ആൻറ് സി) എല്ലാ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ പ്രവർത്തന റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൽ അവലോകനം ചെയ്യുമ്പോൾ ഫയലുകളിൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പെററീഷനുകൾ മെമ്മോറാണ്ടം, മററു നിവേദനങ്ങൾ എന്നിവയിൻമേൽ മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്നും എടുത്ത തീരുമാനം പാർട്ടിയെ അറിയിച്ചിരിക്കണമെന്നും എല്ലാ സെക്രട്ടറിമാർക്കും വകുപ്പുതലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ നമ്പർ 3461/എ2/85/ഉ.ഭ.പ.വ. തീയതി, 30-3-1985) മാത്രമല്ല ജനപ്രതിനിധികളുടെ നിവേദനങ്ങൾക്ക് എത്രയുംവേഗം മറുപടി നൽകണമെന്നും 1988 ഏപ്രിൽ 25-ാം തീയതിയിലെ സർക്കുലർ നമ്പർ 4416/ഉപദേശ-സി 3/88/ഉ. ഭ. പ. വ. പ്രകാരം എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## രഥയാത്ര സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ചെലവായ തുക

6 [7] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, പി. സീതിഹാജി:
,, പി. എം. അബൂബക്കർ:
,, ഇ. അഹമ്മദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ജെ. പി. നേതാവ് ശ്രീ. രാമൻപിള്ള നടത്തിയ രഥയാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെൻറിന് എന്ത് ചെലവു വന്നു; ഈ രഥയാത്രയ്ക്ക് സംരക്ഷണം നൽകുവാൻ എത്ര പോലീസുകാരെ നിയോഗിച്ചു;

(ബി) ഇതു സംബന്ധിച്ച് എത്ര സംഘട്ടനങ്ങൾ ഉണ്ടായി; എത്ര പേർക്ക് പരിക്കുപററി;

(സി) തൃശ്ശൂരിൽ രഥയാത്ര നിരോധിച്ച് തൃശ്ശൂർ കളക്ടർ പുറപ്പെടുവിച്ച നിരോധനാജ്ഞ വൈകുന്നേരമായപ്പോഴേക്ക് റദ്ദാക്കുവാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) രഥയാത്രയോടനുബന്ധിച്ച് ക്രമസമാധാനം പാലിക്കുന്നതിന് 54204·23 രൂപ ചെലവായി. ഈ ആവശ്യത്തിലേക്ക് 2942 പോലീസുകാരെ നിയോഗിച്ചിരുന്നു.

(ബി) ഇതു സംബന്ധിച്ച് സംഘട്ടനങ്ങളൊന്നും ഉണ്ടായിട്ടില്ല.

(സി) നിരോധനാജ്ഞ റദ്ദാക്കിയിരുന്നില്ല.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

## ന്യൂനപക്ഷങ്ങളുടെ പതിനഞ്ചിന പരിപാടി

7 [10] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങളുടെ പുരോഗതിക്കായി നിർദ്ദേശിച്ചിട്ടുള്ള 15 ഇന പരിപാടി എന്തൊക്കെയാണ്;

(ബി) ഈ പരിപാടികൾക്കായി കേന്ദ്രസർക്കാർ ഈ കഴിഞ്ഞ മൂന്നര വർഷങ്ങളിൽ സംസ്ഥാനത്തിന് എന്ത് തുക അനുവദിച്ചിട്ടുണ്ട്;

(സി) ഏതെല്ലാം പരിപാടികൾ സംസ്ഥാനത്ത് ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ഇനി ഏതൊക്കെ പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു?

### ഉത്തരം

(എ) ന്യൂനപക്ഷങ്ങളുടെ പുരോഗതിക്കായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള പതിനഞ്ചിന പരിപാടി അനുബന്ധം I ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്.*

(ബി) ഈ പരിപാടികളുടെ നടത്തിപ്പിനായി കേന്ദ്രഗവൺമെന്റ് പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടില്ല.

(സി, ഡി) 15 ഇന നിർദ്ദേശങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് ബാധകമായവ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും അദ്ധ്യക്ഷൻമാർ തുടങ്ങിയവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിൻമേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ ഒരു സംക്ഷിപ്ത വിവരം അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധം 2 ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്. *

## പശ്ചിമഘട്ട വികസന പരിപാടികൾക്ക് അനുവദിച്ച തുക

8 [11] ശ്രീ. വി. കെ. രാജൻ:
,, എൻ. ശിവൻപിള്ള:
ഡോ: എ. വി. ഐസക്:
ശ്രീ. സത്യൻ മൊകേരി:
,, ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പരിപാടികൾക്ക് ആസൂത്രണ കമ്മീഷൻ നടപ്പു സാമ്പത്തികവർഷം എത്ര രൂപ അനുവദിച്ചു;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര വീതം;

(സി) ഇവ ഓരോന്നിലും ഉൾപ്പെടുത്തി ഓരോ ജില്ലയിലും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* അനുബന്ധം IV A&B

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 605.22 ലക്ഷം രൂപ.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ഓരോ ഇനത്തിലും വകയിരുത്തിയിട്ടുള്ള തുക:

| | ഇനം | തുക (ലക്ഷം രൂപ) |
|---|---|---|
| 1. | (1) മണ്ണും ജലസംരക്ഷണവും | 137.02 |
| | (2) പാസ്ചർ വികസനം ഉൾപ്പെടെയുള്ള ക്ഷീരവ്യവസായ വികസനം | 6.98 |
| | (3) വനവൽക്കരണവും വന്യജീവി സംരക്ഷണവും | 160.00 |
| | (4) വാട്ടർ ഷെഡ്ഡുകളിൽ വനം വച്ചുപിടിപ്പിക്കൽ | 19.00 |
| | (5) കാർഷിക വികസനം | 19.08 |
| | (6) പട്ടുനൂൽപ്പുഴു വളർത്തൽ വികസനം | 27.60 |
| 2. | ചെറുകിട ജലസേചനം | 75.99 |
| 3. | ശുദ്ധജല വിതരണം | 47.94 |
| 4. | നടപ്പാലങ്ങൾ | 100.61 |
| 5. | പഠനങ്ങളും, സർവ്വേകളും, ഇവാല്യുവേഷനും | 6.00 |
| 6. | പശ്ചിമഘട്ട സെൽ | 5.00 |
| | മൊത്തം | 605.22 |

(സി) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക.

| | പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|---|
| 1. | തിരുവനന്തപുരം ജില്ല | |
| | (1) മണ്ണ് സംരക്ഷണം | 10.15 |
| | (2) കാർഷിക വികസനം | 1.18 |
| | (3) ചെറുകിട ജലസേചനം | 4.76 |
| | (4) നടപ്പാലങ്ങൾ | 6.00 |
| | (5) വനപദ്ധതികൾ | 16.00 |
| | മൊത്തം | 38.09 |
| 2. | കൊല്ലം ജില്ല | |
| | (1) മണ്ണ് സംരക്ഷണം | 15.15 |
| | (2) ചെറുകിട ജലസേചനം | 4.00 |
| | (3) കാർഷിക വികസനം | 1.10 |
| | (4) ക്ഷീരവ്യവസായ വികസനം | 0.92 |
| | (5) ശുദ്ധജല വിതരണം | 11.75 |
| | (6) നടപ്പാലങ്ങൾ | 8.00 |
| | (7) വന പദ്ധതികൾ | 14.00 |
| | മൊത്തം | 54.93 |

LIBRARY ARCHIVES Kerala Legislative Assembly

| പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|
| **3. പത്തനംതിട്ട ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 6.89 |
| (2) ചെറുകിട ജലസേചനം | 2.40 |
| (3) കാർഷിക വികസനം | 1.07 |
| (4) ക്ഷീരവ്യവസായ വികസനം | 0.57 |
| (5) പട്ടുനൂൽപ്പുഴു വളർത്തൽ | 3.95 |
| (6) ശുദ്ധജല വിതരണം | 5.90 |
| (7) നടപ്പാലങ്ങൾ | 8.00 |
| (8) വന പദ്ധതികൾ | 7.00 |
| മൊത്തം | 35.58 |
| **4. കോട്ടയം ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 15.58 |
| (2) ചെറുകിട ജലസേചനം | 5.00 |
| (3) ക്ഷീരവ്യവസായ വികസനം | 0.99 |
| (4) പട്ടുനൂൽപ്പുഴു വളർത്തൽ | 1.65 |
| (5) ശുദ്ധജലവിതരണം | 0.50 |
| (6) കാർഷിക വികസനം | 1.00 |
| (7) വനവൽക്കരണം | 0.50 |
| (8) നടപ്പാലങ്ങൾ | 8.00 |
| (9) വന പദ്ധതികൾ | 5.00 |
| മൊത്തം | 38.22 |
| **5. ഇടുക്കി ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 27.30 |
| (2) ചെറുകിട ജലസേചനം | 18.75 |
| (3) ശുദ്ധജലവിതരണം | 4.50 |
| (4) പട്ടുനൂൽപ്പുഴു വളർത്തൽ | 22.00 |
| (5) വനവൽക്കരണം | 17.40 |
| (6) നടപ്പാലങ്ങൾ | 6.00 |
| (7) വനപദ്ധതികൾ | 10.00 |
| മൊത്തം | 105.95 |
| **6. എറണാകുളം ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 10.15 |
| (2) ചെറുകിട ജലസേചനം | 4.00 |
| (3) കാർഷിക വികസനം | 0.87 |
| (4) ശുദ്ധജല വിതരണം | 7.50 |
| (5) ക്ഷീരവ്യവസായ വികസനം | 0.57 |
| (6) നടപ്പാലങ്ങൾ | 8.00 |
| (7) വനപദ്ധതികൾ | 9.00 |
| മൊത്തം | 40.08 |

LIBRARY ARCHIVES Kerala Legislative Assembly

| പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|
| **7. തൃശൂർ ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 10·95 |
| (2) ചെറുകിട ജലസേചനം | 6·25 |
| (3) ശുദ്ധജലവിതരണം | 8·00 |
| (4) കാർഷിക വികസനം | 1·45 |
| (5) നടപ്പാലങ്ങൾ | 8·00 |
| (6) വനപദ്ധതികൾ | 15·00 |
| മൊത്തം | 49·85 |
| **8. പാലക്കാട് ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 3·15 |
| (2) ചെറുകിട ജലസേചനം | 6·48 |
| (3) കാർഷിക വികസനം | 1·29 |
| (4) ക്ഷീരവ്യവസായ വികസനം | 0·49 |
| (5) നടപ്പാലങ്ങൾ | 8·00 |
| (6) വനപദ്ധതികൾ | 25·00 |
| മൊത്തം | 44·41 |
| **9. മലപ്പുറം ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 1·91 |
| (2) കാർഷിക വികസനം | 1·00 |
| (3) ക്ഷീരവ്യവസായ വികസനം | 0·71 |
| (4) നടപ്പാലങ്ങൾ | 8·00 |
| (5) വനപദ്ധതികൾ | 10·00 |
| മൊത്തം | 21·82 |
| **10. കോഴിക്കോട് ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 11·15 |
| (2) ചെറുകിട ജലസേചനം | 7·62 |
| (3) കാർഷിക വികസനം | 1·08 |
| (4) ക്ഷീരവ്യവസായ വികസനം | 0·37 |
| (5) ശുദ്ധജലവിതരണം | 8·80 |
| (6) നടപ്പാലങ്ങൾ | 8·00 |
| (7) വനപദ്ധതികൾ | 5·00 |
| മൊത്തം | 42·02 |
| **11. വയനാട് ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 6·65 |
| (2) ചെറുകിട ജലസേചനം | 3·15 |
| (3) കാർഷിക വികസനം | 3·15 |
| (4) ക്ഷീരവ്യവസായ വികസനം | 1·38 |
| (5) നടപ്പാലങ്ങൾ | 8·61 |
| (6) വന പദ്ധതികൾ | 22·00 |
| മൊത്തം | 44·97 |

LIBRARY ARCHIVES Kerala Legislative Assembly

| പദ്ധതി | തുക (ലക്ഷം രൂപ) |
|---|---|
| **12. കണ്ണൂർ ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 10·15 |
| (2) കാർഷിക വികസനം | 2·56 |
| (3) ചെറുകിട ജലസേചനം | 5·88 |
| (4) ക്ഷീരവ്യവസായ വികസനം | 0·48 |
| (5) വനവൽക്കരണം | 1·10 |
| (6) നടപ്പാലങ്ങൾ | 8·00 |
| (7) വനപദ്ധതികൾ | 10·00 |
| മൊത്തം | 39·17 |
| **13. കാസർഗോഡ് ജില്ല** | |
| (1) മണ്ണ് സംരക്ഷണം | 8·04 |
| (2) ചെറുകിട ജലസേചനം | 7·70 |
| (3) കാർഷിക വികസനം | 2·30 |
| (4) ശുദ്ധജല വിതരണം | 0·99 |
| (5) ക്ഷീരവ്യവസായ വികസനം | 0·49 |
| (6) നടപ്പാലങ്ങൾ | 8·00 |
| മൊത്തം | 27·52 |

## എട്ടാം പദ്ധതിയിൽ അനുവദിച്ച പദ്ധതി വിഹിതം

9 [12] എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ടാം പദ്ധതിയിൽ കേന്ദ്രം സംസ്ഥാന ഗവൺമെൻറിന് അനുവദിച്ച പദ്ധതി വിഹിതം എത്ര;

(ബി) എന്തു തുകയാണ് സംസ്ഥാന ഗവൺമെൻറ് പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിരുന്നത്;

(സി) ഏതെല്ലാം ഇനങ്ങളിൽ എന്തുതുക വീതം ആവശ്യപ്പെട്ടു?

### ഉത്തരം

(എ) എട്ടാം പദ്ധതിയിൽ കേന്ദ്രം സംസ്ഥാന ഗവൺമെൻറിന് അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്ന് തീരുമാനമായിട്ടില്ല. ഔദ്യോഗികതലത്തിലുള്ള ചർച്ച മാത്രമേ ഇതിനകം നടന്നിട്ടുള്ളു. മുഖ്യമന്ത്രിയും ആസൂത്രണകമ്മീഷൻ ഡപ്യൂട്ടി ചെയർമാനും തമ്മിലുള്ള ചർച്ചയ്ക്കുശേഷമേ എട്ടാം പദ്ധതിയിൽ സംസ്ഥാന ഗവൺമെൻറിന് അനുവദിച്ച പദ്ധതി വിഹിതം എത്രയെന്ന് പറയാൻ കഴിയൂ.

(ബി) എട്ടാം പദ്ധതിക്കുവേണ്ടി 4275 കോടി രൂപ അടങ്കൽ വരുന്ന കരട് പദ്ധതിയാണ് സംസ്ഥാന ഗവൺമെൻറ് കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരട് പദ്ധതിയിൽ താഴെ പറയുന്ന പ്രകാരമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത്.

| ഇനം | കരടുരേഖയിൽ ഉൾപ്പെടുത്തിയ തുക (കോടിയിൽ) |
|---|---|
| 1. കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും | 671.20 |
| 2. ഗ്രാമ വികസനം | 254.60 |
| 3. പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 4.50 |
| 4. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 567.00 |
| 5. ഊർജ്ജം | 595.00 |
| 6. വ്യവസായവും ധാതുക്കളും | 600.00 |
| 7. ഗതാഗതം | 361.00 |
| 8. ഗവേഷണവും ശാസ്ത്ര സർവ്വീസുകളും | 30.00 |
| 9. പൊതു സാമ്പത്തിക സർവ്വീസുകൾ | 35.50 |
| 10. സാമൂഹ്യ സേവനങ്ങൾ | 771.20 |
| 11. പൊതു സർവ്വീസുകൾ | 45.00 |
| ആകെ | 4275.00 |

## ഗവൺമെന്റിന്റെ കീഴിലുള്ള കോർപ്പറേഷനുകളും ബോർഡുകളും

10 [13] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഇപ്പോൾ എത്ര കോർപ്പറേഷനുകളും ബോർഡുകളും നിലവിലുണ്ട്;

(ബി) ഓരോ കോർപ്പറേഷന്റേയും ബോർഡിന്റേയും ചെയർമാൻമാർ ആരെല്ലാം എന്നും ഏതേതു രാഷ്ട്രീയ പാർട്ടിക്കാരുടെ നോമിനിയാണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഇപ്പോൾ കമ്പനികളൊഴികെ 8 (എട്ട്) സ്ററാററ്യൂട്ടറി ബോർഡുകളും കോർപ്പറേഷനുകളും നിലവിലുണ്ട്.

(ബി) വിശദവിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

## പരസ്യങ്ങൾ ചെയ്യുന്നതിന് നിലവിലുള്ള നിയമം

11 [14] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിററിക്കകത്ത് പരസ്യങ്ങൾ ചെയ്യുന്നതിന് ലൗഡ് സ്പീക്കർ ബോക്സ് മാത്രമേ ഉപയോഗിക്കാവൂ എന്ന നിയമം ഇന്ന് നിലവിലുണ്ടോ;

† അനുബന്ധം V കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ സിററിയിൽ വാഹനങ്ങളിൽ ഹോൺ, ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആഫീസ് സമയങ്ങളിൽ ശബ്ദമലിനീകരണം ഉണ്ടാക്കിയ തിന്റെ പേരിൽ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അവരുടെ പേരിൽ പോലീസ് ആക്ററ് അനുസരിച്ച് കേസ് രജിസ്ററർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

പത്രങ്ങൾക്ക് നൽകിയ പരസ്യങ്ങൾ

12 [15] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 ജനുവരി ഒന്നുമുതൽ നവംബർ 30 വരെ പി. ആർ. ഡി. മുഖേന ജനയുഗം, ചന്ദ്രിക, ദേശാഭിമാനി, കേരള ടൈംസ്, ജൻമഭൂമി, വീക്ഷണം എന്നീ പത്രങ്ങൾക്ക് എത്ര സെൻറിമീററർ പരസ്യം വീതം നൽകി എന്ന് വെളിപ്പെടുത്തുമോ:?

(ബി) ഈ പരസ്യങ്ങൾക്കോരോന്നിനും എന്തു തുക വീതം ഓരോ പത്രത്തിനും നൽകി; ഓരോന്നിന്റേയും പ്രത്യേകം പ്രത്യേകം കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| പത്രം | പരസ്യസ്ഥലം (കോളം സെൻറി മീററർ) |
|---|---|
| ജനയുഗം | 27847 |
| ചന്ദ്രിക | 9649 |
| ദേശാഭിമാനി | 29940 |
| കേരളാ ടൈംസ് | 13147 |
| ജൻമഭൂമി | 5911 |
| വീക്ഷണം | 15666 |

(ബി) ഇതു സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള വിശദമായ ലിസ്ററ് ഇതോടൊപ്പം വച്ചിട്ടുണ്ട്.†

സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറി

13 [16] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറി ഏതു കാലയളവിലാണ് സ്ഥാപിതമായത്;

† ലൈബ്രറിയിൽ വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലൈബ്രറി സ്ഥാപിതമായ ശേഷം എത്ര ലൈബ്രേറിയൻമാരും, ചീഫ് ലൈബ്രേറിയൻമാരും ഇവിടെ സേവനം അനുഷ്ഠിച്ചു; ഇപ്പോഴ് ഉള്ള ലൈബ്രേറിയൻമാർ എത്ര?

ഉത്തരം

(എ) 1964-ൽ.

(ബി) ഈ ലൈബ്രറി സ്ഥാപിതമായ ശേഷം 10 ലൈബ്രേറിയൻമാരും 3 ചീഫ് ലൈബ്രേറിയൻമാരും ഇവിടെ സേവനം അനുഷ്ഠിച്ചു. ഇപ്പോഴ് 5 ലൈബ്രേറിയൻമാരുണ്ട്.

സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറിയിലെ പുസ്തക വിതരണം

14 [17] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറിയിൽ നിന്നും രജിസ്റ്റർ മുഖേന പുസ്തകങ്ങൾ അംഗങ്ങൾക്ക് നൽകാറുണ്ടോ;

(ബി) ഈ രജിസ്ററർ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ ആരെല്ലാം;

(സി) പുസ്തകം എടുക്കുന്നവരിൽ നിന്ന് ഒപ്പോ, മതിയായ രേഖയോ ഇല്ലാതെ 1985-ന് ശേഷം എത്ര പുസ്തകം രജിസ്ററിൽ പതിച്ചു നൽകിയിട്ടുണ്ട്; ആരാണ് ഇപ്രകാരം നൽകിയിട്ടുള്ളത്;

(ഡി) ഈ പുസ്തകങ്ങളുടെ മുഖവില എന്ത്; ഇപ്രകാരം വിതരണം ചെയ്ത പുസ്തകങ്ങളിൽ എത്രയെണ്ണം ഇനിയും തിരിച്ചുകിട്ടാനുണ്ട്; ഇതിന്റെ മുഖവിലയെന്ത്;

(ഇ) ഈ ഇനത്തിൽ ഗവൺമെൻറിനുണ്ടായ നഷ്ടം പുസ്തകം വിതരണം ചെയ്ത ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും ഈടാക്കുവാൻ നടപടിയെടുത്തുവോ; ഇല്ലെങ്കിൽ മററാരിൽനിന്നും ഈടാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോഴ് നൽകുന്നില്ല. 30-5-1989 വരെ നൽകിയിരുന്നു.

(ബി) രജിസ്ററിൽകൂടി പുസ്തകവിതരണം ചെയ്യാൻ തുടങ്ങിയത് 1970 മുതലാണ്. മുൻ സീനിയർ ഗ്രേഡ് ലൈബ്രേറിയൻ ശ്രീ. എൻ. രാമചന്ദ്രൻ പിള്ളയുടെ അധീനതയിലായിരുന്നു രജിസ്ററർ. അദ്ദേഹവും 1970 മുതലുള്ള മററു ലൈബ്രറി ജീവനക്കാരും രജിസ്ററർ കൈകാര്യം ചെയ്തിട്ടുണ്ട്. ഇപ്പോഴ് ലൈബ്രറിയിൽ ജോലിനോക്കുന്ന സർവ്വശ്രീ. എൻ. മഹേന്ദ്രൻ ലൈബ്രേറിയൻ ഗ്രേഡ് I, എം. ചന്ദ്രിക, ലൈബ്രേറിയൻ ഗ്രേഡ് III, എം. ആൻറണി, ക്ലറിക്കൽ അസിസ്ററൻറ് എന്നിവരും മുകളിൽ സൂചിപ്പിച്ചവരെ കൂടാതെ പുസ്തകം വിതരണം ചെയ്തിട്ടുണ്ട്.

(സി) 3217 പുസ്തകം രജിസ്ററിൽ പതിച്ച് നൽകിയിട്ടുണ്ട്. ഉത്തരം 'ബി' യിൽ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പുസ്തകങ്ങളുടെ മുഖവില 2,10,715 രൂപയാണ്. 103 പുസ്തകങ്ങൾ ഇനിയും തിരിച്ചുകിട്ടാനുണ്ട്. ഇതിന്റെ മുഖവില 11,662 രൂപയാണ്.

(ഇ) ഈ ഇനത്തിൽ ഗവൺമെന്റിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് സെൻട്രൽ ലൈബ്രറിയിലെ പുസ്തക വിതരണം

15 [18] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറി സ്ഥാപിതമായ ശേഷം പുസ്തക വിതരണം ചെയ്തിട്ടുള്ളത് ഏതെല്ലാം വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തിയാണ്;

(ബി) ഈ വ്യവസ്ഥക്ക് എപ്പോഴെല്ലാം മാററങ്ങൾ വരുത്തിയിട്ടുണ്ട്;

(സി) മാററങ്ങൾ അനുസരിച്ച് ഉദ്യോഗസ്ഥൻമാരുടെ ചുമതലകൾക്കും ജോലിയുടെ സ്വഭാവത്തിനും മാററം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

### ഉത്തരം

(എ) ആദ്യകാലത്ത് 'എ' ക്ലാസ്, 'ബി' ക്ലാസ് എന്നിങ്ങനെ രണ്ടു തരം മെമ്പർഷിപ്പ് ഉണ്ടായിരുന്നു. 'എ' ക്ലാസ് അംഗത്തിന് മൂന്നും 'ബി' ക്ലാസ് അംഗത്തിന് രണ്ടും പുസ്തകങ്ങൾ ഒരുസമയത്ത് വിതരണം ചെയ്തിരുന്നു. പിന്നീട് അത് മാററി ഇപ്പോൾ എല്ലാ അംഗങ്ങൾക്കും ഒരു സമയം രണ്ടു പുസ്തകങ്ങൾ വീതം വിതരണം ചെയ്യുന്നു. പുസ്തകങ്ങളുടെ ലോൺ കാലാവധി രണ്ടാഴ്ചയായിരുന്നു. 1–10–1990 മുതൽ അത് ഒരു മാസമായി വർദ്ധിപ്പിച്ചു. ലോൺ കാലാവധി കഴിഞ്ഞ് കൊണ്ടുവരുന്ന പുസ്തകത്തിന് ആഴ്ചയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ ഫൈൻ ഈടാക്കുന്നുണ്ട്.

(ബി) 'എ' യിൽ സൂചിപ്പിച്ചപോലെ ഈ വ്യവസ്ഥയ്ക്ക് കാലാകാലങ്ങളിൽ ഉചിതമായ മാററങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ മാററങ്ങൾക്ക് അനുസരിച്ച് ഉദ്യോഗസ്ഥൻമാരുടെ ചുമതലകൾക്കും ജോലിയുടെ സ്വഭാവത്തിനും മാററം വരുത്തിയിട്ടില്ല.

## സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറിയിലെ പുസ്തകങ്ങളുടെ എണ്ണം

16 [19] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറിയിൽ ഇപ്പോൾ ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്; അതിന്റെ മുഖവില എത്ര?

### ഉത്തരം

ആകെ 33,253 പുസ്തകങ്ങൾ ഉണ്ട്. അതിന്റെ മുഖവില 12,70,505 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## റിട്ടയർമെൻറ് ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ

17 [20] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററശേഷം സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറിയിൽ നിന്നും പെൻഷൻപററി പിരിഞ്ഞ ഉദ്യോഗസ്ഥൻമാരിൽ ആരുടെയെങ്കിലും റിട്ടയർമെൻറ് ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരിൽ നിന്നും; അങ്ങനെ തടയപ്പെട്ടവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(സി) പെൻഷൻ ആനുകൂല്യങ്ങൾ ഗവൺമെൻറ് തടയാനുണ്ടായ കാരണം എന്താണ്;

(ഡി) എന്തു തുകയുടെ റിട്ടയർമെൻറ് ആനുകൂല്യമാണ് ഇങ്ങനെ തടഞ്ഞിട്ടുള്ളത്;

(ഇ) ഏത് കാലയളവിലാണ് ഈ പെൻഷൻ ആനുകൂല്യം നൽകേണ്ടിയിരുന്നത്;

(എഫ്) ആരുടെ ഉപദേശപ്രകാരമാണ് പെൻഷൻ ആനുകൂല്യം തടഞ്ഞുവച്ചത്; ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചുവെങ്കിൽ അതിൻെറ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

### ഉത്തരം

(എ) മുതൽ (എഫ്) വരെ. ഇല്ല. എന്നാൽ ലൈബ്രറിയിൽ 1989–ൽ നടന്ന 'സ്റേറാക്ക് വെരിഫിക്കേഷ'നിൽ വളരെയധികം പുസ്തകങ്ങൾ കുറവുള്ളതായി കണ്ടതിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറിന് ഉണ്ടായ നഷ്ടം നിർണ്ണയിക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്. മുൻ സീനിയർഗ്രേഡ് ലൈബ്രേറിയൻ എൻ. രാമചന്ദ്രൻപിള്ളയ്ക്ക് പെൻഷനും ഗ്രാററുവിററിയും മററും അനുവദിച്ചുകൊണ്ട് 27–5–1989-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ നടപടിയുടെ ഭാഗമായി അദ്ദേഹത്തിന് എൻ. എൽ. സി. നൽകിയിട്ടില്ല.

## സെക്രട്ടറിയേററ് സെൻട്രൽ ലൈബ്രറിയിൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുള്ള സംഭവങ്ങൾ

18 [21] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയററ് സെൻട്രൽ ലൈബ്രറിയിൽ പുസ്തകം കാണാത്തതിൻെറയോ, നശിച്ചുപോയതിൻെറയോ പേരിൽ ഈ ലൈബ്രറി സ്ഥാപിതമായശേഷം ആരുടെയെല്ലാം പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ തടഞ്ഞുവയ്ക്കപ്പെട്ട റിട്ടയേർഡ് ഉദ്യോഗസ്ഥൻമാരുടെ പേരു വിവരവും റിട്ടയർമെൻറ് കാലത്തെ ഉദ്യോഗസ്ഥാനവും വ്യക്തമാക്കാമോ?

ഉത്തരം

(എ) യും (ബി) യും. ഈ കാരണത്താൽ ആരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിട്ടില്ല. എന്നാൽ ലൈബ്രറിയിൽ 1989-ൽ നടന്ന സ്റ്റോക്ക് വെരിഫിക്കേഷനിൽ വളരെയധികം പുസ്തകങ്ങൾ കുറവുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിനുണ്ടായ നഷ്ടം നിർണ്ണയിക്കുന്നതിനുള്ള നടപടി എടുത്തുവരുകയാണ്. മുൻ സീനിയർ ഗ്രേഡ് ലൈബ്രേറിയൻ ശ്രീ. എൻ. രാമചന്ദ്രൻ പിള്ളയ്ക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ചുകൊണ്ട് 27-5-1989-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ നടപടിയുടെ ഭാഗമായി അദ്ദേഹത്തിന് എൻ. എൽ. സി. നൽകിയിട്ടില്ല.

## എക്സൈസ് ഗാർഡുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ്

19 [24] ശ്രീ. ഉമ്മൻചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ എക്സൈസ് ഗാർഡുമാരുടെ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ലിസ്റ്റ് എന്നാണ് പ്രാബല്യത്തിൽ വന്നത്;

(സി) ഈ ലിസ്റ്റിൽ നിന്നും എത്രപേരെ ഇതിനോടകം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ ഇടുക്കി ജില്ലയിൽ ഇപ്പോൾ ഉണ്ടോ;

(ഇ) പി. എസ്. സി. ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12-1-1990.

(സി) 70 പേരെ.

(ഡി) ഇല്ല,

(ഇ) ഉണ്ടാകുന്ന ഒഴിവുകൾ അപ്പോഴപ്പോൾ നികത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലയാളം കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ റാങ്ക്ലിസ്റ്റ്

20 [25] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988 ജൂൺ 10-ന് നിലവിൽ വന്ന മലയാളം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (ഗ്രേഡ്-2)-മാരുടെ ലിസ്റ്റിൽ നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ആരെയും നിയമിച്ചിട്ടില്ലെങ്കിൽ അതിന് കാരണമെന്ത്;

(സി) 1988-നുശേഷം എത്ര വകുപ്പുകളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുണ്ട്;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1985 ജനുവരി 25-ന് പുറപ്പെടുവിച്ച ജി. ഒ. 45/85/ജി. എ. ഡി. പ്രകാരം നിലവിൽ ഇംഗ്ലീഷ് കോൺഫിഡൻഷ്യൽ അസി സ്റ്റന്റ് (ഗ്രേഡ്-2) റാങ്ക് ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ മലയാളം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ നിയമനത്തിനുള്ള മലയാളം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (ഗ്രേഡ്-2) മാരുടെ 10-6-1988-ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും ആരേയും നിയമിച്ചിട്ടില്ല.

(ബി) ഒഴിവുകളുടെ അഭാവമാണ് ആരേയും നിയമിക്കാത്തതിന് കാരണം.

(സി) 1988-ന് ശേഷം 13 (പതിമൂന്ന്) വകുപ്പുകളിൽ മലയാളം നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) മലയാളം, ഇംഗ്ലീഷ് എന്നീ രണ്ടു വിഭാഗത്തിൽ വെവ്വേറെ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്നുള്ളതാണ് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ വ്യത്യസ്തമായി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നിയമം അനുവദിക്കുന്നില്ല.

## സംസ്ഥാനത്ത് തമിഴ്നാട് മാതൃകയിൽ നർക്കോട്ടിക് വിഭാഗം രൂപീകരിക്കുന്നതിന് നടപടി

21 [26] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് കുററകൃത്യങ്ങളെപ്പററി മാതൃഭൂമിയിൽ വന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ തമിഴ്നാട് മാതൃകയിൽ ഐ. ജി. റാങ്കിൽ ഉള്ള ഒരു ഓഫീസറുടെ നേതൃത്വത്തിൽ നർക്കോട്ടിക് വിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിൽ മയക്കുമരുന്ന് കുററകൃത്യങ്ങൾ തടയുന്നതിന് സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആന്റ് (സി) എക്സൈസ് വകുപ്പിന്റെ കീഴിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് ഒരു നർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഇപ്പോൾത്തന്നെ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഞ്ചാവുകൃഷി നടക്കുന്നുവെന്ന് സംശയിക്കപ്പെടുന്ന സ്ഥലങ്ങളിലും, മയക്കുമരുന്നുകൾ ക്രയവിക്രയം നടത്തിവരുന്നു എന്നും സംശയിക്കപ്പെടുന്ന സ്ഥലങ്ങളിലും നർക്കോട്ടിക് എൻഫോഴ്സ്മെൻറ് സ്ക്വാഡ് വ്യാപകമായി തെരച്ചിൽ നടത്തുകയും കുററവാളികളെ പിടികൂടുകയും ചെയ്തുവരുന്നു. ഇത്തരം കേസുകളുടെ സുഗമമായ നടത്തിപ്പിനായി സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങളുടെ പ്രതിമാസ റിപ്പോർട്ടുകൾ റവന്യൂ ബോർഡ്, ഡി. ഐ. ജി. ക്രൈം, നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, എന്നിവയ്ക്ക് നൽകുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻമാർക്കും, ആവശ്യമായ വിവരങ്ങൾ നൽകുന്ന പൊതുജനങ്ങൾക്കും പ്രോത്സാഹനമായി പാരിതോഷികവും നൽകുവാൻ വ്യവസ്ഥയുണ്ട്.

## ഗഞ്ചാവ് ഓയിൽ ഫാക്ടറികൾ കണ്ടുപിടിക്കുന്നതിന് നടപടി

22 [27] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഗഞ്ചാവ് ഓയിൽ ഫാക്ടറി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഫാക്ടറികൾ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഗഞ്ചാവ് ഓയിൽ ഫാക്ടറികൾ കണ്ടുപിടിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പോലീസ്, എക്സൈസ്, വനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ ചേർന്ന് സംയുക്തമായി റെയ്ഡുകൾ നടത്തി വരുന്നു.

## പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ്

23 [28] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ ഓഫീസിൽ ഡയറക്ടറെ സഹായിക്കാൻ പുതിയ തസ്തികകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പബ്ലിക് റിലേഷൻസ് ഡയറക്ടർ ഗവൺമെൻറിനോട് ആവശ്യപ്പെടുകയുണ്ടായോ;

(സി) പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിലേക്കു അനുവദിക്കുന്ന പുതിയ തസ്തികകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി ഡയറക്ടർക്ക് ഒരു പി. എ.-യുടെ തസ്തിക അനുവദിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ തസ്തികയിലേക്കുള്ള നിയമനത്തിൽ സീനിയോരിററി പരിഗണിക്കുമോ?

ഉത്തരം

(എ) പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് സ്ററാഫ് അസോസിയേഷൻെറ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പഠനം നടത്തി ചില തസ്തികകൾ സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) അത്യാവശ്യമുള്ള ചില തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(സി, ഡി, ആൻറ് ഇ) റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു വരുന്നതേ ഉള്ളു.

കേന്ദ്ര നാഷണൽ ഫ്രണ്ട് ഗവൺമെൻറ് മുൻപാകെ സംസ്ഥാന ഗവൺമെൻറ് സമർപ്പിച്ച മെമ്മോറാണ്ടം

24 [30] ശ്രീ. പി. പി. തങ്കച്ചൻ:
,, കെ. എ. ചന്ദ്രൻ:
,, കെ. പി. കുഞ്ഞിക്കണ്ണൻ:
,, കെ. മുഹമ്മദാലി:
,, പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫ്രണ്ട് ഗവൺമെൻറ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിൽ എത്ര മെമ്മോറാണ്ടങ്ങൾ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇവയിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഇതിൽ എത്ര മെമ്മോറാണ്ടത്തിനു മറുപടി നൽകിയിട്ടുണ്ട്;

(ഡി) മറുപടി ലഭിക്കാത്തവ എത്രയെണ്ണം;

(ഇ) ഏതെല്ലാം ആവശ്യങ്ങൾ കേന്ദ്രം നിറവേററി;

(എഫ്) ഇതിൻെറ ഫലമായി സംസ്ഥാനത്തിനു എന്തെല്ലാം ഗുണം കിട്ടി?

ഉത്തരം

(എ, ബി, സി, ആൻറ് ഡി) നാഷണൽഫ്രണ്ട് ഗവൺമെൻറ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിൻെറ അടിയന്തിര ആവശ്യങ്ങളെക്കുറിച്ച് നൽകിയ നിവേദനങ്ങളിൽ ഉൾപ്പെട്ട പ്രധാന വിഷയങ്ങൾ താഴെപ്പറയുന്നവയാണ്:

(1) സംസ്ഥാനത്തിലെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുക.

(2) ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(3) കായംകുളം തെർമൽ പദ്ധതിയുടെ പണി ത്വരിതപ്പെടുത്തുക, തൃക്കരിപ്പൂർ തെർമൽ പദ്ധതി, ബ്രഹ്മപുരം തെർമൽ പദ്ധതി എന്നിവക്ക് അംഗീകാരം നൽകുക, പൂയംകുട്ടി, കുരിയാർകുററി–കാരപ്പാറ, ആതിരപ്പള്ളി, ആനക്കയം എന്നീ ജലവൈദ്യുത പദ്ധതികൾക്ക് അംഗീകാരം നൽകുക.

(4) അരിയുടേയും പാമോയിലിൻേറയും വിഹിതം വർദ്ധിപ്പിക്കുക,

(5) കേരളത്തിന് ദോഷകരമായ ഇറക്കുമതിനയം പുനഃപരിശോധിക്കുക.

(6) കേന്ദ്ര സെയിൽസ് ടാക്സ്ബില്ലിൽ വരുത്തിയ ഭേദഗതി മൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന റവന്യൂ നഷ്ടം നികത്തുക.

(7) ഗൾഫ് മലയാളികളുടെ പുനരധിവാസത്തിന് ഫണ്ട് രൂപീകരിക്കുക.

(8) കേരളത്തിലേക്കുള്ള വിമാനയാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(9) കേരളത്തിലെ റയിൽവേ, നാഷണൽഹൈവേ എന്നിവയുടെ വികസനങ്ങൾക്ക് അനുവാദം ലഭിക്കാതെ കിടക്കുന്ന നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുക.

(10) നാളികേരം എണ്ണക്കുരുവായി അംഗീകരിക്കുക.

(11) കേരളത്തിന് അർഹമായ പ്രാതിനിധ്യം നൽകി കയർ ബോർഡ് പുനഃസംഘടിപ്പിക്കുക. മററ് സംസ്ഥാനങ്ങളിലെ ബ്രൗൺ ഫൈബർ ഉൽപാദനം, സംസ്ഥാന കയർ വ്യവസായത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി.

(12) പെരുമൺ സ്പെഷ്യൽ റിഫ്റാക്ടറീസിൽ സ്ററീൽ അതോറിട്ടിയുടെ ഓഹരി പങ്കാളിത്തം ലഭ്യമാക്കി അംഗീകരിക്കുക.

(13) ന്യൂഡെൽഹിയിലെ ട്രാവൻകൂർഹൗസും, കപൂർത്തല പ്ലോട്ടും സംസ്ഥാനത്തിന് വിട്ടുതരിക.

(14) ഏഴിമല നേവൽ അക്കാഡമിയുടെ പണി ത്വരിതപ്പെടുത്തുക.

(15) കടലാക്രമണ നിരോധനത്തിലുള്ള കേന്ദ്രസഹായം പൂർണ്ണമായി അനുവദിക്കുക.

(16) ബോംബെ-ഹൈ-യിൽനിന്ന് ഗ്യാസ് പൈപ്പ്ലൈൻ കേരളത്തിലേക്ക് നീട്ടുക.

(17) ഒൻപതാം ധനകാര്യകമ്മീഷൻ ശുപാർശകൾ സംസ്ഥാനങ്ങളുമായി ആലോചിച്ച് ഭേദഗതികളോടെ നടപ്പിലാക്കുക.

(18) സംസ്ഥാനത്തിന് 150 കോടി രൂപയുടെ മധ്യകാലവായ്പ ഒരു പ്രത്യേക വായ്പാസഹായമായി അനുവദിക്കുക.

(19) അയ–വ്യയ പരിധി 75 കോടി രൂപയായി ഉയർത്തുകയും, ഓവർഡ്രാഫ്ടിൻെറ കാലാവധി 15 ദിവസമായി ഉയർത്തുകയും ചെയ്യുക.

(20) 31–3–1987 മുതലുള്ള കേന്ദ്രവായ്പയിൻമേലുള്ള പലിശ എഴുതിത്തള്ളുക.

(21) ബേപ്പൂർ തുറമുഖം ഒരു മേജർ തുറമുഖമാക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

LIBRARY ARCHIVES Kerala Legislative Assembly

(22) കാർഷിക വായ്പ എഴുതിത്തള്ളുന്നതിന് സഹായം ലഭ്യമാക്കുക.

(23) പോലീസ് സേനയുടെ നവീകരണത്തിന് കൂടുതൽ കേന്ദ്ര വിഹിതം അനുവദിക്കുക.

(ഇ ആൻറ് എഫ്) അരിവിഹിതം വർദ്ധിപ്പിക്കുകയും നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുകയും തിരുവനന്തപുരം വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിക്കുകയും ചെയ്തു. മററ് വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## വി. പി. സിംഗ് ഗവൺമെൻറിന് മുന്നിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ

25 [31] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വി. പി. സിംഗ് ഗവൺമെൻറിനു മുന്നിൽ കേരള ഗവൺമെൻറ് ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ ഏതെല്ലാം സംസ്ഥാനത്തിന് അനുവദിച്ചു?

### ഉത്തരം

വി. പി. സിംഗ് ഗവൺമെൻറിന് മുന്നിൽ കേരള ഗവൺമെൻറ് ഉന്നയിച്ചിരുന്ന ആവശ്യങ്ങളിൽ ഉൾപ്പെട്ട പ്രധാന വിഷയങ്ങൾ താഴെ പറയുന്നവയാണ്:

(1) സംസ്ഥാനത്തിലെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുക.

(2) ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുക.

(3) കായംകുളം തെർമൽ പദ്ധതിയുടെ പണി ത്വരിതപ്പെടുത്തുക. തൃക്കരിപ്പൂർ തെർമൽ പദ്ധതി, ബ്രഹ്മപുരം തെർമൽ പദ്ധതി എന്നിവക്ക് അംഗീകാരം നൽകുക, പൂയംകുട്ടി, കുരിയാർകുററി-കാരപ്പാറ, ആതിരപ്പള്ളി, ആനക്കയം എന്നീ ജലവൈദ്യുത പദ്ധതികൾക്ക് അംഗീകാരം നൽകുക.

(4) അരിയുടേയും പാമോയിലിൻെറയും വിഹിതം വർദ്ധിപ്പിക്കുക.

(5) കേരളത്തിന് ദോഷകരമായ ഇറക്കുമതി നയം പുനഃപരിശോധിക്കുക.

(6) കേന്ദ്ര സെയിൽസ് ടാക്സ് ബില്ലിൽ വരുത്തിയ ഭേദഗതിമൂലം സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം നികത്തുക.

(7) ഗൾഫ് മലയാളികളുടെ പുനരധിവാസത്തിന് ഫണ്ട് രൂപീകരിക്കുക.

(8) കേരളത്തിലേക്കുള്ള വിമാനയാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(9) കേരളത്തിലെ റയിൽവേ, നാഷണൽ ഹൈവേ എന്നിവയുടെ വികസനങ്ങൾക്ക് അനുവാദം ലഭിക്കാതെ കിടക്കുന്ന നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുക.

(10) നാളികേരം എണ്ണക്കുരുവായി അംഗീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(11) കേരളത്തിന് അർഹമായ പ്രാധിനിധ്യം നൽകി കയർബോർഡ് പുനഃസംഘടിപ്പിക്കുക, മററ് സംസ്ഥാനങ്ങളിലെ ബ്രൗൺഫൈബർ ഉൽപാദനം സംസ്ഥാന കയർ വ്യവസായത്തിലുണ്ടാക്കിയിട്ടുള്ള പ്രതിസന്ധി.

(12) പെരുമൺ സ്പെഷ്യൽ റിഫ്രാക്ടറീസിൽ സ്ററീൽ അതോറിട്ടിയുടെ ഓഹരിപങ്കാളിത്തം ലഭ്യമാക്കി അംഗീകരിക്കുക.

(13) ഏഴിമല നേവൽ അക്കാഡമിയുടെ പണി ത്വരിതപ്പെടുത്തുക.

(14) കടലാക്രമണ നിരോധനത്തിനുള്ള കേന്ദ്രസഹായം പൂർണ്ണമായി അനുവദിക്കുക.

(15) ബോംബെ ഹൈ-യിൽ നിന്ന് ഗ്യാസ് പൈപ്പ്ലൈൻ കേരളത്തിലേക്ക് നീട്ടുക.

(16) ഒൻപതാം ധനകാര്യകമ്മീഷൻ ശുപാർശകൾ സംസ്ഥാനങ്ങളുമായി ആലോചിച്ച് നടപ്പിലാക്കുക.

(17) സംസ്ഥാനത്തിന് 150 കോടി രൂപയുടെ മധ്യകാല വായ്പ ഒരു പ്രത്യേക വായ്പാസഹായമായി അനുവദിക്കുക.

(18) അയ-വ്യയ പരിധി 75 കോടി രൂപയായി ഉയർത്തുകയും ഓവർഡ്രാഫ്ടിന്റെ കാലാവധി 15 ദിവസമായി ഉയർത്തുകയും ചെയ്യുക.

(19) 31-3-1987 മുതലുള്ള കേന്ദ്ര വായ്പയിൻമേലുള്ള പലിശ എഴുതിത്തള്ളുക.

(20) ബേപ്പൂർ തുറമുഖം ഒരു മേജർ തുറമുഖമാക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

(21) കാർഷിക വായ്പ എഴുതിത്തള്ളുന്നതിന് സഹായം ലഭ്യമാക്കുക.

(22) പോലീസ് സേനയുടെ നവീകരണത്തിന് കൂടുതൽ കേന്ദ്ര വിഹിതം അനുവദിക്കുക.

ഇവയിൽ അരിവിഹിതം വർദ്ധിപ്പിക്കുകയും. നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുകയും തിരുവനന്തപുരം വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി പ്രഖ്യാപിക്കുകയും ചെയ്തു. മററു വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് ഉപയോഗിച്ച കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ

26 [34] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററശേഷം സംസ്ഥാന പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെൻറിന്റെ പ്രസിദ്ധീകരണ വിതരണത്തിനായി കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ ഉപയോഗിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ 1987 മാർച്ച് മുതൽ 1990 നവംബർ 30 വരെ എത്ര വാഹനങ്ങൾ ഇതിനു വേണ്ടി ഉപയോഗിച്ചു.

(സി) ഈ ആവശ്യത്തിനുവേണ്ടി ഒരോ വർഷവും കെ. എസ്. ആർ. ടി. സി.-യ്ക്ക് വാടക ഇനത്തിൽ എന്തു തുക വീതം നൽകി; ഇനിയും എന്തു തുക കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉപയോഗിക്കുകയുണ്ടായി.

(ബി) 19 വാഹനങ്ങളം (പത്തൊൻപത്)

(സി) തുകയൊന്നും നൽകിയിട്ടില്ല. 1,11,356 രൂപ (ഒരു ലക്ഷത്തി പതിനോരായിരത്തി മുന്നൂററി അമ്പത്തിയാറു രൂപ) കെ. എസ്. ആർ. ടി. സി.-യ്ക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടെന്ന് കെ.എസ്.ആർ. ടി.സി. അറിയിച്ചിട്ടുണ്ട്.

## പബ്ലിക് റിലേഷൻസ് വകുപ്പിന്റെ "സമൃദ്ധി-സംതൃപ്തി-സമാധാനം" എന്ന പ്രസിദ്ധീകരണം

27 [35] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച "സമൃദ്ധി-സംതൃപ്തി-സമാധാനം" എന്ന പുസ്തകം ഏത് പ്രസ്സിൽ എവിടെയാണ് അച്ചടിച്ചത്;

(ബി) ഈ പുസ്തകം അച്ചടിക്കാൻ എന്തു തുക ചെലവായി; എത്ര കോപ്പികളാണ് അച്ചടിച്ചത്;

(സി) ഇതിന്റെ വിതരണത്തിനുവേണ്ടി എന്തുതുക ചെലവഴിച്ചു; വിതരണത്തിനായി ഏതേത് വാഹനങ്ങളം ഉപയോഗിച്ചു;

(ഡി) അടിയന്തിരമായി ഈ പുസ്തകം പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം എന്താണ്;

(ഇ) "സമൃദ്ധി-സംതൃപ്തി-സമാധാനം" എന്ന പുസ്തകം എവിടെയൊക്കെ വിതരണം ചെയ്തു?

ഉത്തരം

(എ) കേരള ബുക്ക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈററി പ്രസ്, തൃക്കാക്കര.

(ബി) പുസ്തകം അച്ചടിച്ചത് സംബന്ധിച്ച ചെലവുകൾ കേരള ബുക്ക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈററിയിൽ നിന്നും ഇനിയും തിട്ടപ്പെടുത്തിക്കിട്ടിയിട്ടില്ല. 194,000 കോപ്പികൾ (ഒരു ലക്ഷത്തി തൊണ്ണൂററി നാലായിരം) ആണ് അച്ചടിച്ചത്.

(സി) നിലവിലുള്ള വിതരണ സമ്പ്രദായം അനുസരിച്ച് മററ് പല പ്രസിദ്ധീകരണങ്ങൾക്കൊപ്പമാണ് "സമൃദ്ധി-സംതൃപ്തി-സമാധാനം" എന്ന പ്രസിദ്ധീകരണം വിതരണം ചെയ്തത്. ആയതിനാൽ ഇതിന്റെ ചെലവ് പ്രത്യേകം കണക്കാക്കുക പ്രയാസമാണ്.

വിതരണത്തിനായി കെ. എസ്. ആർ. ടി. സി. വാഹനം ഉപയോഗിച്ചു.

(ഡി) പബ്ലിക് റിലേഷൻസ് വകുപ്പു സാധാരണയായി പുസ്തകങ്ങൾ അച്ചടിച്ചിറക്കുന്നതിന്റെ ഭാഗമായാണ് ഈ പുസ്തകവും പ്രസിദ്ധീകരിച്ചത്.

(ഇ) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

## വർഗ്ഗീയ സംഘട്ടനങ്ങൾ

28 [36] ശ്രീ. കല്ലടി മുഹമ്മദ്:
,, സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, എം. ജെ. സക്കറിയ:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987–88, 1988–89, 1990 നവംബർ 30 വരെ ഓരോ വർഷവും സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർ മരിച്ചു; എത്രപേർക്ക് പരിക്കു പററി;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്ററർ ചെയ്തു; എത്ര കേസുകൾ ചാർജ് ചെയ്തു;

(ഡി) എത്ര കേസുകളിലെ പ്രതികളെ വെറുതെ വിട്ടു; എത്ര കേസുകളിൽ ശിക്ഷിച്ചു;

(ഇ) വർഗ്ഗീയ സംഘട്ടനങ്ങൾ തടയുവാൻ എന്തെല്ലാം നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്;

(എഫ്) ന്യൂനപക്ഷ സംരക്ഷണം ഉറപ്പുവരുത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) 1987–88-ൽ 15-ം, 1988–89-ൽ 16-ം, 1989–90-ൽ 24-ം, 1–4–1990 മുതൽ 30–11–1990 വരെ 108-ം വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) 6 പേർ മരിക്കുകയും 290 പേർക്ക് പരിക്ക് പററുകയും ചെയ്തു.

(സി) 238 കേസുകൾ രജിസ്ററർ ചെയ്യുകയും അവയിൽ 119 എണ്ണം ചാർജ് ചെയ്യുകയുമുണ്ടായി.

(ഡി) 12 കേസുകളിൽ പ്രതികളെ വെറുതെ വിടുകയും ഒരു കേസിൽ പ്രതികളെ ശിക്ഷിക്കുകയും ചെയ്തു.

(ഇ) വർഗ്ഗീയ സംഘർഷം നിലവിലുള്ള പ്രദേശങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തുകയും, പിക്കററ് ഏർപ്പെടുത്തുകയും, തക്കസമയത്ത് കുഴപ്പക്കാരെ കസ്ററഡിയിലെടുത്ത് സംഘർഷം ലഘൂകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മതനേതാക്കളേയും സാംസ്ക്കാരിക നേതാക്കളേയും രാഷ്ട്രീയ കക്ഷി നേതാക്കളേയും ഉൾപ്പെടുത്തി സമാധാന ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ട്.

(എഫ്) നിയമപ്രകാരമുള്ള എല്ലാ രക്ഷാനടപടികളും നടപ്പാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പൊതുപ്രവർത്തക അഴിമതി നിരോധന കമ്മീഷന്റെ നിയമനം

29 [38] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപ്രവർത്തക അഴിമതി നിരോധന കമ്മീഷന്റെ നിയമനത്തെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ ആരെങ്കിലും കേസ് ഫയൽ ചെയ്തിരുന്നുവോ;

(ബി) എങ്കിൽ ആ കേസിന്റെ വിധി എന്തായിരുന്നു;

(സി) ജഡ്ജ്മെന്റിൽ മുഖ്യമന്ത്രിക്കെതിരായി എന്തെങ്കിലും പരാമർശനങ്ങൾ ഉണ്ടായിട്ടുണ്ടോ?

### ഉത്തരം

(എ) കേരളാ പൊതുപ്രവർത്തക അഴിമതി (അന്വേഷണവും അന്വേഷണവിചാരണയും) കമ്മീഷന്റെ നിയമനത്തെ ചോദ്യം ചെയ്തു കൊണ്ട് കേരള ഹൈക്കോടതിയിൽ ശ്രീ. ആർ. സുന്ദരേശൻ നായർ, ററി. സി. 13/946, തമ്പുരാൻ മുക്ക്, തിരുവനന്തപുരം, 37 ഒ. പി. 3289/90 എന്ന നമ്പരിൽ ഒരു കേസ് ഫയൽ ചെയ്തിരുന്നു.

(ബി) പ്രസ്തുത കേസ് കേരള ഹൈക്കോടതി ഡിസ്മിസ് ചെയ്യുകയുണ്ടായി.

(സി) ജഡ്ജ്മെന്റിൽ മുഖ്യമന്ത്രിക്കെതിരായി പരാമർശനങ്ങൾ ഉണ്ടായിട്ടില്ല.

## നിലവിലുള്ള അന്വേഷണ കമ്മീഷനുകൾ

30 [40] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള അന്വേഷണ കമ്മീഷനുകൾ ഏതൊക്കെയാണ്;

(ബി) ആരൊക്കെയാണ് ഓരോ കമ്മീഷനുകളിലേയും അംഗങ്ങൾ;

(സി) ഏതെല്ലാം കമ്മീഷനുകളുടെ പ്രാഥമിക റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം കമ്മീഷനുകളുടെ കാലാവധി ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ട്;

(ഇ) ഇപ്പോൾ കാലാവധി നീട്ടിക്കൊണ്ട് നൽകിയിട്ടുള്ള ഉത്തരവ് അനുസരിച്ച് ഓരോ കമ്മീഷനുകളുടേയും കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്;

(എഫ്) ഓരോ കമ്മീഷന്റെയും പ്രവർത്തനങ്ങൾക്കായി ഇതിനകം എത്ര സംഖ്യ വീതം ചെലവായിട്ടുണ്ട്?

### ഉത്തരം

(എ, ബി) ആഭ്യന്തരവകുപ്പിൽ നിന്നും കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ടിൻപ്രകാരം 17-11-1988-ൽ പാലക്കാട് കളക്ടറേററിനു മുന്നിൽ കോൺഗ്രസ് (ഐ) പിക്കററിംഗിനെ തുടർന്നുള്ള പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ബലപ്രയോഗത്തെപ്പററി അന്വേഷിക്കാൻ നിയമിച്ച റിട്ട. ജില്ലാ ജഡ്ജി കെ. വാസുദേവൻ അംഗമായിട്ടുള്ള അന്വേഷണ കമ്മീഷനും, 23-7-1989-ൽ നീണ്ടകരയിൽ ലാത്തിചാർജിലേക്കും വെടിവയ്പിലേക്കും നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച റിട്ട. ജില്ലാ ജഡ്ജി ആർ. ചന്ദ്രശേഖരൻ നായർ അംഗമായിട്ടുള്ള അന്വേഷണ കമ്മീഷനും 5-2-1990-ലെ തിരുവനന്തപുരം കോർപ്പറേഷൻ മേയർ തെരഞ്ഞെടുപ്പ് 19-2-1990-ലെ സ്ററാൻറിംഗ് കമ്മിററികളിലേക്കുള്ള തെരഞ്ഞെടുപ്പ്, രണ്ടു കൗൺസിലർമാരുടെ തിരോധാനം, ഇതേതുടർന്നുള്ള സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അന്വേഷിക്കാൻ നിയമിച്ച റിട്ട. ഹൈക്കോടതി ജഡ്ജി ജസ്ററീസ് എം. പി. മേനോൻ അംഗമായിട്ടുള്ള അന്വേഷണ കമ്മീഷനും നിലവിലുണ്ട്. ഇവ കൂടാതെ വിജിലൻസ് വകുപ്പിൽനിന്നും മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരായി ഉന്നയിച്ചിട്ടുള്ള അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാനായി മുൻ സുപ്രീം കോടതി ജഡ്ജി ശ്രീ. ഒ. ചിന്നപ്പ റെഡ്ഡി അംഗമായിട്ടുള്ള അന്വേഷണ കമ്മീഷനും നിലവിലുണ്ട്. മററു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ കമ്മീഷനുകളിൽ നിന്നൊന്നും പ്രാഥമിക റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ കമ്മീഷനുകളുടെയെല്ലാം കാലാവധി ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ട്.

(ഇ) കെ. വാസുദേവൻ കമ്മീഷന്റെ കാലാവധി 15-2-1991-ലും ആർ. ചന്ദ്രശേഖരൻ നായർ കമ്മീഷന്റെ കാലാവധി 28-12-1990-ലും ജസ്ററീസ് എം. പി. മേനോൻ കമ്മീഷന്റെ കാലാവധി 12-1-1991-ലും ജസ്ററീസ് ഒ. ചിന്നപ്പ റെഡ്ഡി കമ്മീഷന്റെ കാലാവധി 30-6-1991-ലും അവസാനിക്കും.

(എഫ്) കെ. വാസുദേവൻ കമ്മീഷനുവേണ്ടി 2,71,166 രൂപയും ആർ. ചന്ദ്രശേഖരൻ നായർ കമ്മീഷനുവേണ്ടി 1,52,160 രൂപയും ജസ്ററീസ് എം. പി. മേനോൻ കമ്മീഷനുവേണ്ടി 1,83,272 രൂപയും ജസ്ററീസ് ഒ. ചിന്നപ്പ റെഡ്ഡി കമ്മീഷനുവേണ്ടി 7,62,232 രൂപയും ഇതിനകം ചെലവായിട്ടുണ്ട്.

## മുഖ്യമന്ത്രിയും മററ് മന്ത്രിമാരും സൽക്കാരങ്ങൾക്ക് ചെലവാക്കിയ തുക

31 [41] ശ്രീ. മാത്യു സ്ററീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സൽക്കാരങ്ങൾക്ക് മുഖ്യമന്ത്രിയും മററ് മന്ത്രിമാരും ചെലവാക്കിയ തുക എത്ര;

(ബി) ഓരോ മന്ത്രിയും ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സൽക്കാരങ്ങൾക്ക് മുഖ്യമന്ത്രിയും മററ് മന്ത്രിമാരും 13,04,655 രൂപ (പതിമൂന്നു ലക്ഷത്തി നാലായിരത്തി അറുന്നൂററി അമ്പത്തിയഞ്ചു രൂപ) ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ മന്ത്രിയും ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

പ്രതിപക്ഷ നേതാവ് കേരളത്തിന് പുറത്ത് നടത്തിയിട്ടുള്ള യാത്ര

32 [42] ശ്രീ. ഒ. ഭരതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ നേതാവ് കേരളത്തിനു പുറത്ത് എത്ര തവണ യാത്ര നടത്തിയിട്ടുണ്ട്; ഇതിനുവേണ്ടി മൊത്തം ചെലവഴിച്ച തുക എത്ര;

(ബി) ഇതിൽ വിമാന മാർഗ്ഗം എത്ര തവണ ഏതെല്ലാം സംസ്ഥാനങ്ങളിൽ യാത്ര നടത്തിയിട്ടുണ്ട്;

(സി) വിമാന യാത്രയ്ക്കായി ചെലവഴിച്ച തുക എത്ര?

ഉത്തരം

(എ) 31-5-1990-വരെ 62 തവണ സംസ്ഥാനത്തിനു വെളിയിൽ യാത്രചെയ്തിട്ടുണ്ട്. 2,90,761 രൂപ ഇതുവരെ ചെലവായിട്ടുണ്ട്. 1-6-1990 മുതലുള്ള യാത്രയെപ്പററിയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) എല്ലാ യാത്രയും വിമാനത്തിലായിരുന്നു.

(സി) 2,63,283 രൂപ (രണ്ടു ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുന്നൂററി എൺപത്തിമൂന്ന് രൂപ) വിമാന യാത്രക്കൂലിയിനത്തിൽ മാത്രം ചെലവായിട്ടുണ്ട്. 1-6-1990 മുതലുള്ള വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

മന്ത്രിമാരുടെ ടെലിഫോൺ ചാർജ്

33 [43] ശ്രീ. മാത്യു സ്ററീഫൻ:

,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടേയും മററു വകുപ്പു മന്ത്രിമാരുടേയും ടെലിഫോൺ ചാർജ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മന്ത്രിമാരുടേയും ടെലിഫോൺ ചാർജ് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്തുമോ;

(സി) ടെലിഫോൺ ചാർജിനത്തിൽ ഏററവും കൂടുതൽ തുക ചെലവാക്കിയ മന്ത്രി ആരാണ്;

(ഡി) ഈയിനത്തിൽ ഏററവും ചുരുങ്ങിയ സംഖ്യ ചെലവാക്കിയ മന്ത്രിയാരാണ്?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിദ്യാഭ്യാസ വകുപ്പുമന്ത്രി.

(ഡി) പൊതുമരാമത്തു വകുപ്പു മന്ത്രി.

---

†അനുബന്ധം VI കാണുക. *അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

## പ്രതിപക്ഷനേതാവിനും ഓഫീസ് സ്റ്റാഫിനുമായി ചെലവഴിച്ച തുക

34 [44] ശ്രീ. എ. കെ. പത്മനാഭൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1990 നവംബർ 30 വരെ സംസ്ഥാന ഖജനാവിൽ നിന്നും പ്രതിപക്ഷ നേതാവിനും അദ്ദേഹത്തിന്റെ ഓഫീസ് സ്റ്റാഫിനുമായി മൊത്തം ചെലവായ സംഖ്യ എത്രയാണെന്നു വെളിപ്പെടുത്താമോ;

(ബി) ഇതിൽ ശമ്പളം, വിമാനയാത്ര ഉൾപ്പെടെയുള്ള ടി. എ., ഡി. എ. തുടങ്ങിയ ഇനത്തിൽ മാത്രം പ്രതിപക്ഷ നേതാവിനും, മൊത്തം സ്റ്റാഫിനും ചെലവായ തുക എത്ര;

(സി) ഇതിൽ ടെലിഫോൺ ചാർജ് ഇനത്തിൽ പ്രതിപക്ഷ നേതാവിനും, അദ്ദേഹത്തിന്റെ സ്റ്റാഫിൽപ്പെട്ടവർക്കും വേണ്ടി ചെലവായതെത്ര?

(ഡി) പ്രതിപക്ഷനേതാവിന്റെ ആവശ്യാർത്ഥം ആഫീസിലും മററും നടന്ന തേയില സൽക്കാരത്തിനുവേണ്ടി ഇതിനകം ചെലവായ തുക എത്ര;

(ഇ) മുൻ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവിന് ടെലിഫോൺ ചാർജ് ഇനത്തിൽ മൊത്തം ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 47,07,377 രൂപ 50 പൈസ.

(ബി) 24,48,893 രൂപ 35 പൈസ.

(ഇതിൽ പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ ഗസററഡ് പേഴ്സണൽ സ്ററാഫും വാങ്ങിയ ശമ്പളത്തെക്കുറിച്ചുള്ള വിവരം ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ 3 വർഷത്തേയ്ക്കുള്ളതു മാത്രമാണ്. അതിനുശേഷം വാങ്ങിയിട്ടുള്ള ശമ്പളത്തെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നതേയുള്ളു.)

(സി) 22,56,982 രൂപ.

(ഡി) 1,502 രൂപ 15 പൈസ.

(ഇ) 3,65,292 രൂപ 55 പൈസ.

## മന്ത്രിമാരുടെ കാറുകളുടെ റിപ്പയർ

35 [45] ശ്രീ. പന്തളം സുധാകരൻ:
,, കെ. പി. വിശ്വനാഥൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, എം. പി. താമി:
ശ്രീമതി എം. ടി. പത്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ ഉപയോഗിക്കുന്ന കാറുകളിൽ എത്രയെണ്ണത്തിൽ പഴയ എഞ്ചിൻ മാററി പുതിയവ ഘടിപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനത്തിൽ മൊത്തം എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

(സി) മന്ത്രിമാർക്കുവേണ്ടി എത്ര കാറുകളിൽ എ. സി. ഫിററ് ചെയ്തിട്ടുണ്ട്;

ഉത്തരം

(എ) മന്ത്രിമാർ ഉപയോഗിക്കുന്ന എല്ലാ കാറുകളിലും പഴയ പെട്രോൾ എഞ്ചിൻ മാററി ഡീസൽ എഞ്ചിൻ ഘടിപ്പിച്ചിട്ടുണ്ട്.

(ബി, സി) ടൂറിസ്ററ് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള 35 കാറുകൾക്കായി വിവിധ കാലയളവിൽ പെട്രോൾ എഞ്ചിൻ മാററി ഡീസൽ എഞ്ചിൻ ഘടിപ്പിക്കുന്നതിന് 16,19,000 (പതിനാറു ലക്ഷത്തി പത്തൊൻപതിനായിരം) രൂപ ചെലവായിട്ടുണ്ട്. ടൂറിസം വകുപ്പാണ് മന്ത്രിമാരുടെ ആവശ്യത്തിന് കാറുകൾ അലോട്ടുചെയ്യുന്നത്. താഴെ പറയുന്ന മന്ത്രിമാരുടെ ഉപയോഗത്തിലിരിക്കുന്ന കാറുകളിൽ എയർകണ്ടീഷണറുകൾ ഫിററ് ചെയ്തിട്ടുണ്ട്.

(1) മുഖ്യമന്ത്രി.

(2) ധനകാര്യ വകുപ്പുമന്ത്രി.

(3) റവന്യൂ ആൻറ് ടൂറിസം വകുപ്പുമന്ത്രി.

(4) ഗതാഗത വകുപ്പുമന്ത്രി

(5) വിദ്യാഭ്യാസ വകുപ്പുമന്ത്രി.

(6) ജലസേചന വകുപ്പുമന്ത്രി.

## മുൻഗവൺമെൻറിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവിനുവേണ്ടി ചെലവഴിച്ച തുക

36 [46] ശ്രീ. ഒ. ഭരതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. എ., ഡി. എ. ഇനത്തിൽ മുൻ ഗവൺമെൻറിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവിനുവേണ്ടി മൊത്തം ചെലവഴിച്ച തുക എത്ര;

(ബി) ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിനുവേണ്ടി ഇതിനകം ചെലവഴിച്ച തുക എത്ര?

ഉത്തരം

(എ) മുൻ ഗവൺമെൻറിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവിനുവേണ്ടി (ഇപ്പോഴത്തെ മുഖ്യമന്ത്രി) ടി. എ., ഡി. എ. ഇനത്തിൽ സർക്കാരിൽ നിന്നും തുകയൊന്നും ചെലവായിട്ടില്ല.

(ബി) ടി. എ., ഡി. എ. ഇനത്തിൽ (വിമാനയാത്രക്കൂലി ഉൾപ്പെടെ) 5,15,471 രൂപാ 45 പൈസ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## മന്ത്രിമാരുടെ എസ്കോർട്ടിനായി ചെലവായ തുക

37 [48] ശ്രീ. പി. സീതിഹാജി:
,, പി. എം. അബൂബക്കർ:
,, ഇ. അഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ മന്ത്രി സഭയിലെ ഓരോ മന്ത്രിമാരുടേയും എസ്കോർട്ടിനായി വാഹന വാടക ഇനത്തിൽ 1987–88, 1988–89, 1990 ഏപ്രിൽ മുതൽ നവംബർ 30 വരെ ഓരോ വർഷവും എന്ത് ചെലവ് വന്നിട്ടുണ്ട്?

### ഉത്തരം

ഇതിന്റെ വിവരം കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഇതോടൊന്നിച്ച് വച്ചിട്ടുണ്ട്.* സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന കണക്കുകളിൽ കോട്ടയം, എറണാകുളം റൂറൽ, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ശേഖരിച്ചുവരുന്നു.

## ''പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്നിവർ ഡൽഹി യാത്ര ഇനത്തിൽ ചെലവഴിച്ച തുക''

38 [49] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷ നേതാവ് എത്ര തവണ ഡൽഹിക്ക് പോയിട്ടുണ്ട്; ഇതിനുവേണ്ടി ചെലവഴിച്ച തുക എത്ര;

(ബി) ഈ കാലയളവിൽ മുഖ്യമന്ത്രി എത്ര തവണ ഡൽഹിക്ക് പോയിട്ടുണ്ട്;

(സി) ഡൽഹി യാത്രയ്ക്കായി മുഖ്യമന്ത്രി ചെലവഴിച്ച തുക എത്ര;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവ് എത്ര തവണ ഡൽഹിക്ക് പോയിട്ടുണ്ട്; ഈ ഇനത്തിൽ ചെലവഴിച്ച തുക എത്ര?

### ഉത്തരം

(എ) 31–5–1990 വരെ 55 തവണ ഡൽഹിക്ക് പോയിട്ടുണ്ട്. ഈ യാത്രകൾക്കായി വിമാനയാത്രക്കൂലി ഇനത്തിൽ മാത്രം (എക്സ്ചേഞ്ച് ഓർഡർ പ്രകാരം വാങ്ങിയ ടിക്കറ്റുകളുടെ തുക ഇതേവരെ കൊടുത്തു തീർത്തതനുസരിച്ച്) 2,39,729 രൂപ (രണ്ടു ലക്ഷത്തിമുപ്പത്തൊൻപതിനായിരത്തി എഴുന്നൂററി ഇരുപത്തൊൻപതു രൂപ) ചെലവായിട്ടുണ്ട്. ഈ യാത്രകൾക്ക് പ്രതിപക്ഷ നേതാവ് വാങ്ങിയ ടി. എ./ഇൻസിഡന്റൽ എക്സ്പെൻസസ് എന്നിവ ഈ തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിവരവും 1–6–1990 മുതലുള്ള ഡൽഹി യാത്രകളെപ്പററിയുള്ള വിവരവും ശേഖരിച്ചുവരുന്നു.

---

* അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി 38 തവണ ഡൽഹിക്ക് പോയിട്ടുണ്ട്.

(സി) ഈ യാത്രകൾക്കായി വാങ്ങിയ ടി. എ., ഡി. എ. ഉൾപ്പെടെ 1,66,292 രൂപ (ഒരു ലക്ഷത്തി അറുപത്താറായിരത്തി ഇരുന്നൂററി തൊണ്ണൂററി രണ്ടു രൂപ) ചെലവായിട്ടുണ്ട്.

(ഡി) മുൻ ഗവൺമെൻറിന്റെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവ് (ഇപ്പോഴത്തെ മുഖ്യമന്ത്രി) ഡൽഹി യാത്രയ്ക്കായി സർക്കാരിൽ നിന്നും യാത്രാച്ചെലവിനത്തിൽ തുകയൊന്നും വാങ്ങിയിട്ടില്ല.

## മന്ത്രിമാരുടെ യാത്രാച്ചെലവ്

39 [50] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നര വർഷങ്ങളിൽ ഏററവും കൂടുതൽ യാത്രാ ചെലവ് പററിയിട്ടുളള മന്ത്രി ആരാണ്;

(ബി) ഏററവും കുറഞ്ഞ യാത്രാച്ചെലവ് പററിയിട്ടുളള മന്ത്രി ആരാണ്?

### ഉത്തരം

(എ) ശ്രീ. എ. നീലലോഹിതദാസൻ നാടാർ സ്പോർട്ട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

(ബി) ശ്രീ. കെ. പങ്കജാക്ഷൻ തൊഴിൽ വകുപ്പുമന്ത്രി.

## ഏററവും കൂടുതൽ വിമാനയാത്ര ചെയ്തിട്ടുളള സംസ്ഥാന മന്ത്രി

40 [51] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നര വർഷങ്ങൾക്കിടയിൽ ഏററവും കൂടുതൽ വിമാനയാത്ര ചെയ്തിട്ടുളള സംസ്ഥാന മന്ത്രി ആരാണ്; എത്രയാണ് ചെലവ്;

(ബി) ഏററവും കുറഞ്ഞ വിമാനയാത്ര ചെയ്ത മന്ത്രി ആരാണ്; എത്ര സംഖ്യയാണ് ആ വകയിൽ ചെലവാക്കിയത്?

### ഉത്തരം

(എ) ശ്രീ. എ. നീലലോഹിതദാസൻ നാടാർ സ്പോർട്ട്സും യുവജനകാര്യവും വകുപ്പുമന്ത്രി. വിമാനയാത്രക്കൂലിയിനത്തിൽ 2,52,196 രൂപ ചെലവായിട്ടുണ്ട്.

(ബി) ശ്രീ. പി. കെ. രാഘവൻ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി. വിമാനയാത്രക്കൂലിയിനത്തിൽ 13,748 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സ്വന്തം വീടുകളിൽ താമസിക്കുന്ന മന്ത്രിമാർക്ക് നല്കിവരുന്ന വാടക

40 (എ) [52] ശ്രീ. പന്തളം സുധാകരൻ:
,, കെ. രാഘവൻ മാസ്ററർ:
,, കെ. പി. വിശ്വനാഥൻ:
,, പി. ബാലൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ സ്വന്തം വീടുകളിൽ താമസിക്കുന്നുണ്ട്;

(ബി) ഈ കെട്ടിടങ്ങളുടെ ഓരോന്നിന്റേയും പ്ലിന്ത് ഏരിയ എത്രയാണ്;

(സി) ഇവയ്ക്കോരോന്നിനും ഗവൺമെൻറിൽനിന്നും നല്കിവരുന്ന വാടക എത്രയാണ്;

(ഡി) ഈ കെട്ടിടങ്ങളിൽ ഗവൺമെൻറ് ഫർണീച്ചറുകളോ മററു ഗൃഹോപകരണങ്ങളോ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ഇനത്തിലും എന്ത് ചെലവായിട്ടുണ്ട്;

(ഇ) സ്വന്തം വീട്ടിൽ താമസിക്കുന്ന മന്ത്രിമാരുടെ കുടുംബാംഗങ്ങളിൽ ആരെങ്കിലും പ്രസ്തുത വീടിന് ഗവൺമെൻറ്/അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങൾ ഇവയിൽ എവിടെനിന്നെങ്കിലും വീട്ടുവാടക അലവൻസ് പററുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുക വീതം?

### ഉത്തരം

(എ) മന്ത്രിമാർ ആരുംതന്നെ സ്വന്തം വീടുകളിൽ താമസിക്കുന്നില്ല.

(ബി, സി, ഡി, ആൻറ് ഇ) ഉദിക്കുന്നില്ല.

## മന്ത്രിമാരുടെ ആവശ്യത്തിന് വാങ്ങിയ കാറുകൾ

41 [53] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, സി. ററി. അഹമ്മദ് അലി:
,, കല്ലടി മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മന്ത്രിസഭയിലെ അംഗങ്ങളുടെ ആവശ്യത്തിലേക്ക് എത്ര പുതിയ കാറുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ഏതിനം കാറുകൾ വാങ്ങി;

(സി) ഓരോന്നിന്റേയും വിലയെന്ത്;

(ഡി) ഇവയിൽ പെട്രോൾ ഒഴിച്ച് ഓടിക്കുന്ന കാറുകൾക്ക് പകരം ഡീസൽ ഇന്ധനമായി ഉപയോഗിക്കുവാൻവേണ്ടി യന്ത്രം മാററി വച്ചയിനത്തിൽ എന്ത് ചെലവ് വന്നു;

(ഇ) മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾക്ക് എയർകണ്ടീഷൻഡ് കാറുകൾ ഉണ്ട്;

(എഫ്) ഇതിന് എന്ത് ചെലവ് വന്നു?

ഉത്തരം

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാരവകുപ്പ് മൂന്ന് തവണയായി 35 പുതിയ അംബാസിഡർ കാറുകൾ വാങ്ങിയിട്ടുണ്ട്. മന്ത്രിമാരുടെ യാത്രകൾക്കും പ്രൊട്ടോക്കോൾ ആവശ്യങ്ങൾക്കും വിനോദ സഞ്ചാര വകുപ്പിന്റെ ആവശ്യങ്ങൾക്കുമായിട്ടാണ് ഈ കാറുകൾ ഉപയോഗിക്കുന്നത്.

(ബി) പെട്രോൾ അംബാസിഡർ കാറുകൾ.

(സി) 6/87-ൽ വാങ്ങിയ കാർ ഒന്നിന് വില 1,01,155·53 (ഒരു ലക്ഷത്തി ഒരായിരത്തി ഒരുന്നൂററി അൻപത്തിയഞ്ച് രൂപ അൻപത്തിമൂന്ന് പൈസ).

4/88-ൽ കാർ ഒന്നിന് വില 1,08,040 രൂപ (ഒരു ലക്ഷത്തി എണ്ണായിരത്തി നാല്പത് രൂപ).

2/89-ൽ കാർ ഒന്നിന് 1,08,040 രൂപ (ഒരു ലക്ഷത്തി എണ്ണായിരത്തി നാല്പത് രൂപ).

(ഡി) മൂന്നു തവണയായി വാങ്ങിയ 35 കാറുകൾക്കുംകൂടി യന്ത്രം മാററിവച്ചയിനത്തിൽ 16,19,000 രൂപ (പതിനാറു ലക്ഷത്തി പത്തൊമ്പ തിനായിരം രൂപ) ചെലവായിട്ടുണ്ട്.

(ഇ) 1. മുഖ്യമന്ത്രി.
2. ധനകാര്യ വകുപ്പുമന്ത്രി.
3. റവന്യുവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.
4. ഗതാഗത വകുപ്പുമന്ത്രി.
5. വിദ്യാഭ്യാസ വകുപ്പുമന്ത്രി.
6. ജലസേചന വകുപ്പുമന്ത്രി.

(എഫ്) മൊത്തം ചെലവായ തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാന സർക്കാർ പുതിയ കേന്ദ്രമന്ത്രിമാർക്ക് നൽകിയിട്ടുള്ള നിവേദനം

42 [54] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതിയ കേന്ദ്ര ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കേന്ദ്ര മന്ത്രിമാർക്ക് എത്ര നിവേദനം നൽകിയിട്ടുണ്ട്;

(ബി) ഏതൊക്കെ മന്ത്രിമാർക്ക്;

(സി) ഏതൊക്കെ ആവശ്യങ്ങളുന്നയിച്ചാണ് നിവേദനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി) പുതിയ കേന്ദ്ര ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്രമന്ത്രിമാർക്ക് കത്തുകൾ എഴുതിയിട്ടുണ്ട്.

(1) വാർത്താവിതരണ വകുപ്പുമന്ത്രിക്ക്. റിട്ടയർ ചെയ്ത സംസ്ഥാന ഗവൺമെൻറ് ഉദ്യോഗസ്ഥർക്ക്. Non OYT (SS) കാററഗറിയിൽ ടെലഫോൺ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തോത് അവർ പെൻഷൻപററി പിരിയുമ്പോൾ ഉണ്ടായിരുന്ന അടിസ്ഥാന ശമ്പളം 2470 രൂപ എന്ന് ആക്കി കുറവ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) തിരുവണ്ണൂർ റെയിൽവേ സ്റേറഷനെ ഒരു ഹാൾട്ട് സ്റേറഷനായി ഉയർത്തണമെന്ന് റെയിൽവേ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) കേരളത്തിലോടുന്ന തീവണ്ടികളിലെ പൊട്ടിപ്പൊളിഞ്ഞതും ജീർണ്ണിച്ചതുമായ കോച്ചുകൾ മാററണമെന്നും, ഇത്തരത്തിലുള്ള കോച്ചുകൾ കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ മാത്രമായി നൽകാതെ എല്ലാ സംസ്ഥാനങ്ങളിലും ഓടുന്ന തീവണ്ടികൾക്കും തുല്യമായി വീതിക്കണമെന്ന് റെയിൽവേ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത് കൂടാതെ ഡിസംബർ മാസത്തെ അരി വിഹിതം 1·35 ലക്ഷം ടണ്ണായി കുറച്ചത് 1·45 ലക്ഷം ടണ്ണായി പുനഃസ്ഥാപിക്കാൻ കേന്ദ്ര ഭക്ഷ്യ സിവിൽ സപ്ലൈസ് സെക്രട്ടറിക്ക് സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറി എഴുതിയിട്ടുണ്ട്.

ഗൾഫിൽനിന്നും തിരിച്ചു വന്നവരുടെ പുനരധിവാസ പ്രശ്നവും ബന്ധപ്പെട്ട കാര്യങ്ങളും സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് എഴുതിയിട്ടുണ്ട്. മററ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## മുഖ്യമന്ത്രിയും മററ് വകുപ്പുമന്ത്രിമാരും വാങ്ങിയ ടി. എ.

43 [55] ശ്രീ. മാത്യു സ്ററീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റ് വകുപ്പുമന്ത്രിമാരും വാങ്ങിയ ടി. എ. എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

## സംസ്ഥാന സർക്കാരിൻെറ പോലീസ് നയം

44 [58] ശ്രീ. പി. ബാലൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. പി. പി. ജോർജ്:
,, കെ. മുഹമ്മദാലി:
,, പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിൻെറ പോലീസ് നയം എന്താണെന്ന് വിശദമാക്കുമോ?

† അനുബന്ധം IX



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാരിന്റെ പോലീസ് നയത്തിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## ചെലവ് ചുരുക്കൽ കമ്മീഷൻ

45 [59] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ചെലവുചുരുക്കൽ സംബന്ധിച്ച കാര്യങ്ങൾക്കായി നിയോഗിച്ച കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചോ;

(ബി) എങ്കിൽ നിർദ്ദേശങ്ങൾ എന്താണ്;

(സി) കമ്മീഷന്റെ ശുപാർശപ്രകാരം ഏതെല്ലാം ഇനത്തിൽ ചെലവ് ഇതിനകം ചുരുക്കിയിട്ടുണ്ട്;

(ഡി) കമ്മീഷന്റെ കാലാവധി എത്ര മാസം നീട്ടി;

(ഇ) കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് എത്ര രൂപ ഇതിനകം ചെലവായി?

ഉത്തരം

(എ) 15-5-1990-ൽ റിപ്പോർട്ട് സമർപ്പിച്ചു.

(ബി ആൻറ് സി) റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) കമ്മീഷന്റെ പ്രവർത്തനം ജൂൺ 1988 മുതൽ 1990 മെയ് 15 വരെയായിരുന്നു.

(ഇ) 7·86 ലക്ഷം രൂപ.

## സംസ്ഥാനത്തെ മയക്കുമരുന്നുകളുടെ ഉപയോഗം

46 [60] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പിടിച്ചെടുത്ത കഞ്ചാവ്, ബ്രൗൺഷുഗർ, ചരസ്, എൽ.എസ്.ഡി., ഓപിയം എന്നീ മയക്കുമരുന്നുകളുടെ കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പിടിച്ചെടുത്തവ ഓരോ ജില്ലയിലും എത്ര വീതം വരുമെന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ മയക്കുമരുന്ന് സംബന്ധിച്ച കുററകൃത്യങ്ങൾ വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ഡി) കേരളത്തിൽ മയക്കുമരുന്ന് കുററകൃത്യങ്ങൾ സംബന്ധിച്ച് ഏററവും കൂടുതൽ കേസുകൾ രജിസ്ററർ ചെയ്യുന്ന പോലീസ് സ്റേറഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

* അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ ആൻറ് ബി) 30-5-1990 വരെ എക്സൈസ് വകുപ്പ് 557 കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്. പിടിച്ചെടുത്ത മററ് മയക്കു മരുന്നുകളുടെ കണക്കും, ജില്ല തിരിച്ചുള്ള കണക്കും ഉടൻ ലഭ്യമല്ല.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

## കോളേജ് വിദ്യാർത്ഥികൾ മയക്കുമരുന്നിന് അടിമകളാകുന്നത് തടയുന്നതിന് നടപടികൾ

47 [61] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിലെ വനിതാ ഹോസ്ററലുകളിൽ പെൺകുട്ടികൾ മയക്കുമരുന്നിന് അടിമകളാകുന്നതായിട്ടുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ കോളേജുകളിൽ മയക്കുമരുന്നിന് അടിമകളായി വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആത്മഹത്യ ചെയ്തവർ എത്ര; ഇതിൽ ആൺകുട്ടികൾ എത്ര; പെൺകുട്ടികൾ എത്ര?

## ഉത്തരം

(എ) ചില കോളേജുകളിലും ഹോസ്ററലുകളിലും മയക്കുമരുന്ന് ഉപയോഗിക്കുന്ന ചിലർ ഉണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പ്രവണത തടയുന്നതിന് വേണ്ട ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കോളേജുതല കമ്മിററികളും ഇതിനായി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

## മയക്കുമരുന്ന് കേസുകൾ

48 [62] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിടിച്ച മയക്കു മരുന്ന് കേസുകൾ എത്ര;

(ബി) ഇത് സംബന്ധിച്ച് അറസ്ററ് ചെയ്യപ്പെട്ടവർ എത്ര; ഇതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര; അവരുടെ പേരുകൾ വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ അറസ്ററ് ചെയ്ത വിദേശികൾ എത്ര; അവരുടെ പേരുകൾ വെളിപ്പെടുത്താമോ;

(ഡി) അറസ്ററ് ചെയ്തവരിൽ ഇപ്പോൾ ജയിലിൽ കിടക്കുന്നവർ എത്ര; അവർ ആരെല്ലാം; വിട്ടയക്കപ്പെട്ടവർ എത്ര; അവർ ആരെല്ലാം;

(ഇ) കേരളത്തിൽ നിന്നും മയക്കുമരുന്ന് കേസിൽ പിടിച്ച ഇററലിക്കാരിയെ വിട്ടയച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-6-1990 വരെ 1786 കേസുകൾ.

(ബി) 1650 പേർ അറസ്ററ് ചെയ്യപ്പെട്ടിട്ടുണ്ട്. മററു വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി, ഡി, ഇ) ഈ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് എയർപോർട്ടിൽ നിന്നും അറസ്ററ് ചെയ്യപ്പെട്ടവർ

49 [63] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മയക്കുമരുന്നുകളുമായി ശ്രീലങ്കൻ എൽ.ടി.ടി.-ക്ക് ബന്ധമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എയർപോർട്ടിൽ നിന്നും അറസ്ററ് ചെയ്യപ്പെട്ടവർ എത്ര; ഇതിൽ വിദേശികൾ എത്ര; സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) ഒരാൾ. ഇയാൾ ആസ്ത്രേലിയക്കാരനായ പുരുഷനാണ്.

പോലീസ് വകുപ്പിലെ പരിഷ്കാരങ്ങൾ

50 [65] ശ്രീ. കെ. എ. ചന്ദ്രൻ:
,, കെ. പി. നൂറുദ്ദീൻ:
,, കെ. മുഹമ്മദാലി:
,, കെ. രാഘവൻ മാസ്ററർ:
,, കെ. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 മാർച്ച് മാസം 31-ന് ശേഷം പോലീസ് വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഫലമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(സി) അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പരിഷ്കാരങ്ങൾക്ക് വേണ്ടിവരുന്ന മൊത്തം അധിക ചെലവ് എത്ര?

ഉത്തരം

(എ) 1990 മാർച്ച് 31-ന് ശേഷം കായംകുളത്ത് പുതുതായി ഒരു പോലീസ് സബ് ഡിവിഷനും ഹരിപ്പാട് ഒരു പുതിയ സർക്കിൾ ആഫീസും രൂപീകരിക്കുകയും വിവിധ കാററഗറികളിലായി 446 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 446 പുതിയ തസ്തികകൾ.

(സി)

| | | |
|---|---|---|
| എസ്. പി. | .. | 1 |
| ഡിവൈ. എസ്. പി. | .. | 10 |
| ഇൻസ്പെക്ടർ | .. | 19 |
| എസ്. ഐ. | .. | 31 |
| എ. എസ്. ഐ. | .. | 18 |
| ഹെഡ് കോൺസ്ററബിൾ | .. | 69 |
| പോലീസ് കോൺസ്ററബിൾ | .. | 208 |
| ഡ്രൈവർ | .. | 12 |
| വനിതാ പോലീസ് കോൺസ്റ്റബിൾ | .. | 2 |
| എൽ. ഡി. ക്ലാർക്ക് | .. | 2 |
| കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. | 2 |
| ക്യാംപ് ഫോളോവർ | .. | 72 |

(ഡി) ഒരു വർഷം ഉദ്ദേശം 1,53,60,000 രൂപ.

## കേരള ബന്ദ്

51 [69] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, എം. ജെ. സക്കറിയ:
,, നാലകത്ത് സൂപ്പി:
,, സി. ടി. അഹമ്മദ് അലി:
,, കല്ലടി മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കേരള ബന്ദ് ദിവസം എത്ര സ്ഥലത്ത് വെടിവയ്പ് ഉണ്ടായി; എത്ര ലാത്തിച്ചാർജ് നടത്തി;

(ബി) എത്ര പേർക്ക് പരിക്കു പററി; എത്ര പേർ മരിച്ചു?

## ഉത്തരം

(എ) മൂന്നിടത്ത് വെടിവയ്പുണ്ടായി. ലാത്തിച്ചാർജ് നടന്നിട്ടില്ല.

(ബി) ആർക്കും പരിക്കു പററുകയോ, മരിക്കുകയോ ചെയ്തിട്ടില്ല.

## ബിജുവിൻെറ കൊലപാതകം

52 [73] ശ്രീ. പന്തളം സുധാകരൻ:
,, കെ. പി. കുഞ്ഞിക്കണ്ണൻ:
,, കെ. പി. വിശ്വനാഥൻ:
,, എം. എം. ഹസ്സൻ:
,, കെ. രാഘവൻ മാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് (ഐ) വെള്ളിമൺ വാർഡ് പ്രസിഡൻറായിരുന്ന ചെറുമൂട് പടിഞ്ഞാറെ കട വീട്ടിൽ ബിജുവിനെ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ പട്ടാപ്പകൽ വെട്ടിക്കൊന്ന സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കൊലപാതകത്തിന് ഉത്തരവാദികളായവരെ കസ്ററഡിയിലെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അവർ ആരെല്ലാം;

(ഡി) ഇവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഒന്നാം പ്രതി ജോയി, രണ്ടാം പ്രതി സിൽവിസ്റ്റർ.

(ഡി) ഉണ്ട്.

(ഇ) പ്രതികൾ രണ്ടുപേരും സി. പി. എം. അനുഭാവികളാണ്.

## അന്ത്രയോസിന്റെ വീട് ആക്രമിച്ചതായി പരാതി

53 [74] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കുണ്ടറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുമ്പളം വെടിലിൽ കിഴക്കതിൽ ശ്രീ. അന്ത്രയോസിന്റെ വീട് 19-11-1990 രാത്രി ഒരു സംഘം അക്രമികൾ വീട് കയറി ആക്രമിച്ചതു സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്;

(ഡി) അന്ത്രയോസിന്റെ മകൻ യേശുദാസിന് ഭീഷണി കത്ത് അയച്ചതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത സംഭവം സംബന്ധിച്ച് ക്രൈം 354/90 നമ്പരായി കുണ്ടറ പോലീസ് സ്റ്റേഷനിൽ ഒരു കേസ് റജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ബി) മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ശേഷിക്കുന്ന പ്രതികളെല്ലാം ഒളിവിലാണ്.

(ഡി) ഉണ്ട്. അന്വേഷണത്തിൽ ഭീഷണി കത്ത് വ്യാജമാണെന്ന് വെളിവായിട്ടുണ്ട്.

## ഷാഹുൽ ഹമീദിനെ മർദ്ദിച്ചതായി പരാതി

54 [75] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാക്ക ഫയർ സ്റ്റേഷനിലെ ഡ്രൈവർ ശ്രീ. ഷാഹുൽ ഹമീദിനെ 27-6-1990-ൽ മർദ്ദിച്ചതായി ഒരു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഡിപ്പാർട്ട്മെന്റലായി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) നടപടി ഒന്നും എടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 332-ാം വകുപ്പു പ്രകാരം 70/90 ക്രൈം നമ്പരായി പേട്ട പോലീസ് ഒരു കേസ് രജിസ്ററർ ചെയ്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ചെന്നിലോട് ഹരിജൻ കോളനിയിലെ രാജമ്മയുടെ പരാതി

55 [80] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നോർത്ത് നിയോജകമണ്ഡലത്തിൽപ്പെട്ട ചെന്നിലോട് ഹരിജൻ കോളനിയിൽ പരേതനായ ശ്രീ. ശിവരാമന്റെ ഭാര്യ രാജമ്മയുടെ 13-9-1990-ലെ പരാതിയിൻമേൽ തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് സൂപ്രണ്ട് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) ശ്രീമതി രാജമ്മയുടെ വസ്തു അപഹരിച്ചവരെപ്പററി മെഡിക്കൽ കോളേജ് പോലീസ് അധികാരികൾ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതേപ്പററി വിശദീകരിക്കാമോ;

(ഡി) ഈ വസ്തു അതിന്റെ യഥാർത്ഥ ഉടമയെ ഏൽപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പരാതിക്കാധാരമായ സ്ഥലം മെഡിക്കൽ കോളേജ് പോലീസ് സ്റേറഷന്റെ പരിധിയിലുള്ളതാകയാൽ ടി പരാതി തിരുവനന്തപുരം (റൂറൽ) ജില്ലാ പോലീസ് സൂപ്രണ്ട്, തിരുവനന്തപുരം സിററി പോലീസ് കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും പരാതി മെഡിക്കൽ കോളേജ് പോലീസ് സ്റേറഷൻ സബ് ഇൻസ്പെക്ടർ മുഖാന്തിരം അന്വേഷണം നടത്തുകയും ചെയ്തു.

(ബി) മേൽ പരാതിയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി ആൻറ് ഡി) പരാതിക്കാരിയുടെ ഭർത്താവ് ശിവരാമൻ 1957-ൽ ചെന്നിലോട് 7 സെൻറ് സ്ഥലം പട്ടയം വാങ്ങി ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ നിന്ന് ലോൺ വാങ്ങി വീട് വച്ച് പണി പൂർത്തിയാകും മുൻപേ ശിവരാമനും ഭാര്യയും അവിടെ താമസമാക്കുകയും ടി വീട്ടിൽ താമസിച്ചുവരവെ ശിവരാമൻ മരിച്ചുപോവുകയും ചെയ്തു. 18 വർഷത്തിനുമുൻപേ രാജമ്മ 'യേവോൽ' എന്നയാളിന് വീടിന്റെ ഒരു ഭാഗം വാടകക്ക് കൊടുത്തതായും കുറച്ചു നാളുകൾക്കുശേഷം ടി യേവോൽ രാജമ്മയേയും മക്കളേയും ടി വീട്ടിൽ നിന്നും ഇറക്കിവിട്ടതായും അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ട്. പതിനെട്ട് വർഷമായി ഒരാളിന്റെ കൈവശത്തിലിരിക്കുന്ന വസ്തു എപ്രകാരം കൈവശപ്പെടുത്തിയാലും ഒഴിപ്പിക്കുന്നതിന് പോലീസിനധികാരമില്ല. ഈ പരിതഃസ്ഥിതിയിൽ നിയമാനുസൃതമായ മാർഗ്ഗത്തിലൂടെ വസ്തു വീണ്ടെടുത്ത് പരാതിക്കാരിക്ക് നൽകാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ബിനാനിപുരം പോലീസ് ഇൻസ്പെക്ടർക്കെതിരായ ആക്ഷേപം

56 [84] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിനാനിപുരം പോലീസ് ഇൻസ്പെക്ടർക്കെതിരായി ഗുരുതരമായ എന്തെങ്കിലും ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കേസിൽപ്പെട്ട ഒരു വാഹനത്തിൻെറ ഡീസൽ എൻജിൻ ഭീഷണിപ്പെടുത്തി കൈവശപ്പെടുത്തുവാൻ ശ്രമിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോപണത്തെപ്പററി ആലുവാ ഡി. വൈ. എസ്. പി. അന്വേഷണം നടത്തി ബിനാനിപുരം എസ്. ഐ. യുടെ വിശദീകരണം ആരാഞ്ഞിട്ടുണ്ട്.

## ചെങ്ങന്നൂർ പോലീസ് സ്റേറഷനിലെ പോലീസുകാരുടെ കുറവു നികത്താൻ നടപടി

57 [൦9] ശ്രീ. മാമ്മൻ ഐപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പോലീസ് സ്റേറഷനിൽ ആവശ്യത്തിനുള്ള പോലീസുകാർ ഇല്ലെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റേറഷനിലെ പോലീസുകാരുടെ കുറവ് പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി ആൻറ് സി) ചെങ്ങന്നൂർ പോലീസ് സ്റേറഷനിൽ അനുവദിച്ചിട്ടുള്ള സംഖ്യാബല പ്രകാരമുള്ള 26 പോലീസുകാരും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

## ചന്തേരി പോലീസ് സ്റേറഷനിലെ സബ് ഇൻസ്പെക്ടർമാർ

58 [91] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചന്തേരി പോലീസ് സ്റേറഷനിൽ ഈ ഗവൺമെൻറ് അധികാരമേററശേഷം എത്ര തവണ സബ് ഇൻസ്പെക്ടർമാരെ മാററി നിയമിച്ചിട്ടുണ്ട്;

(ബി) ഇപ്പോൾ ഈ സ്റേറഷനിൽ ജോലി ചെയ്യുന്ന എസ്. ഐ. എത്ര നാളായി ഇവിടെ ജോലിയിൽ തുടരുന്നു;

(സി) ഈ ഉദ്യോഗസ്ഥൻ മുസ്ലീം സമുദായത്തിൽപ്പെട്ടവരെ കള്ള കേസിൽപ്പെടുത്തി ഉപദ്രവിക്കുന്നുവെന്ന പരാതി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോ, സർക്കാരിനോ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ പരാതിയിൻമേൽ ബന്ധപ്പെട്ടവർ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) അഞ്ചു തവണ സബ് ഇൻസ്പെക്ടർമാരെ മാററി നിയമിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഈ സ്റേറഷനിൽ ജോലി ചെയ്യുന്ന എസ്. ഐ. 19–4–1990 മുതൽ ഇവിടെ ജോലി ചെയ്തുവരികയാണ്.

(സി) കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന് , പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) പരാതിയെപ്പററി നീലേശ്വരം സർക്കിൾ ഇൻസ്പെക്ടറും കാഞ്ഞങ്ങാട് ഡി. വൈ. എസ്. പി.-യും വിശദമായി അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ആരോപണം അടിസ്ഥാനരഹിതമാണെന്ന് വെളിവാകുകയും ചെയ്തിട്ടുണ്ട്.

ലോക്കപ്പ് മർദ്ദനങ്ങൾ

59 [92] ശ്രീ. ഇ. അഹമ്മദ്:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, കെ. പി. എ. മജീദ്:
,, സി. പി. കുഞ്ഞാലിക്കുട്ടി കേയി:
,, പി. കെ. കെ. ബാവ:
,, ചെർക്കളം അബ്ദുള്ള:
,, ടി. എം. ജേക്കബ്:
,, സി. എഫ്: തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987–88, 1988–89, 1989–90-ൽ 1990 നവംബർ 30 വരെ ഓരോ വർഷവും സംസ്ഥാനത്തെ പോലീസ് സ്റേറഷനുകളിലെ ലോക്കപ്പ് മർദ്ദനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു;

(ബി) ലോക്കപ്പുകളിൽ എത്ര മരണം സംഭവിച്ചു; മരണമടഞ്ഞവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) അതിൽ സ്വാഭാവിക മരണങ്ങൾ എത്ര; എത്ര എണ്ണത്തിൽ കേസ് രജിസ്ററർ ചെയ്തു;

(ഡി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) എത്ര എണ്ണത്തിൽ പോലീസ് മർദ്ദനം ഉണ്ടായതായി തെളിഞ്ഞു; എത്ര കേസുകളിൽ കുററക്കാരെ ശിക്ഷിച്ചു;

(എഫ്) എത്ര കേസുകൾ മതിയായ തെളിവുകൾ ഇല്ലാത്തതുകൊണ്ട് തള്ളപ്പെട്ടു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ലോക്കപ്പ് മരണങ്ങളുണ്ടായിട്ടുണ്ട്. കോഴിക്കോട് വനിതാ പോലീസ് സ്റ്റേഷനിൽ ശ്രീമതി കുഞ്ഞീവി, ചേർത്തല പോലീസ് സ്റ്റേഷനിൽ ശ്രീ. ഗോപി, കീഴ്‌വായ്പൂർ പോലീസ് സ്റ്റേഷനിൽ ശ്രീ. ഷാജി, നെയ്യാററിൻകര പോലീസ് സ്റ്റേഷനിൽ ശ്രീ. ബാലകൃഷ്ണൻ നായർ എന്നിവരാണ് മരണമടഞ്ഞത്.

(സി) ഈ നാലു മരണങ്ങളും ആത്മഹത്യയായിരുന്നതായാണ് അന്വേഷണത്തിൽ തെളിഞ്ഞത്. കേസ് രജിസ്ററർ ചെയ്തതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു

(ഡി) മേൽപ്പറഞ്ഞ നാലു മരണങ്ങഠം സംബന്ധിച്ച് അന്വേഷണങ്ങഠം നടത്തിയിട്ടുണ്ട്. ഇവ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ നാലു മരണങ്ങളും ആത്മഹത്യയായിരുന്നുവെന്നാണ് അന്വേഷണ റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ളത്. ചേർത്തല ശ്രീ. ഗോപിയുടെ മരണം സംബന്ധിച്ച് ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് ഇപ്പോഠം ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്.

(ഇ) മേൽപ്പറഞ്ഞ മരണങ്ങഠം സംബന്ധിച്ച് പോലീസ് മർദ്ദനം ഉണ്ടായതായി തെളിഞ്ഞിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ചന്തേര പോലീസ് കസ്ററഡിയിലെടുത്തവർ

60 [94] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങഠംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-11-1990-ൽ പടന്ന പഞ്ചായത്തിൽപ്പെട്ട ചന്തേര പോലീസ് സ്റ്റേഷൻ അധികൃതർ, എത്ര ലീഗ്, സി. എം. പി. പ്രവർത്തകരെ കസ്ററഡിയിലെടുക്കുകയുണ്ടായി; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ പേരിൽ ചന്തേര പോലീസ് കേസ് ചാർജ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കുററത്തിന്; ഏതേതു വകുപ്പുകളനുസരിച്ച്;

(സി) പോലീസ് കസ്ററഡിയിൽ എടുത്ത ഈ പ്രവർത്തകരെ ചന്തേര എസ്. ഐ.-യും പോലീസുകാരും ലോക്കപ്പിൽവച്ച് മർദ്ദിക്കുകയുണ്ടായോ;

(ഡി) പോലീസ് മർദ്ദനം സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചുവെങ്കിൽ അതേപ്പററി അന്വേഷിച്ച് കുററവാളികഠംക്കെതിരെ നടപടികഠം സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ആരേയും കസ്ററഡിയിൽ എടുത്തിട്ടില്ല. എന്നാൽ 18-11-1990-ൽ പടന്നയിൽ വിവിധ സ്ഥലങ്ങളിൽവച്ച് പോലീസ് പാർട്ടിയേയും സി. പി. ഐ. (എം) പ്രവർത്തകരേയും ആക്രമിച്ച ഐ. യു. എം. എൽ. പ്രവർത്തകർക്കെതിരെ ചന്തേര പോലീസ് സ്റ്റേഷനിൽ മൂന്ന് കേസ്സുകഠം രജിസ്ററർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദിക്കുന്നില്ല.

(ഡി) പരാതികൾ ലഭിച്ചാൽ അവയെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

പടന്ന പഞ്ചായത്തിൽ എ. കെ. സി. കുഞ്ഞാമിനയെ പോലീസ് ഭീഷണിപ്പെടുത്തിയ സംഭവം

61 [96] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ പടന്ന പഞ്ചായത്തിൽ താമസിക്കുന്ന എ. കെ. സി. കുഞ്ഞാമിനയുടെ വീട് വാതിൽ ചവിട്ടി പൊളിച്ച് അകത്തുകടന്ന് ചന്തേര പോലീസ് എസ്. ഐ.-യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ ആ സ്ത്രീയെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയ സംഭവം സർക്കാരിന്റേയോ, പോലീസ് മേലധികാരികളുടേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പോലീസ് അതിക്രമത്തിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ ഈ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തി കുററവാളികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിച്ചതിൽ പരാതിക്കാര്യം വാസ്തവമല്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പടന്ന പ്രദേശത്ത് നടന്ന സംഘട്ടനങ്ങൾ

62 [97] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന പ്രദേശത്ത് എത്ര സംഘട്ടനങ്ങൾ നടന്നു;

(ബി) ഏററവും ഒടുവിലായി എപ്പോഴാണ് സംഘട്ടനം ഉണ്ടായത്; എന്തായിരുന്നു ഈ പ്രദേശത്ത് സംഘർഷമുണ്ടാകാൻ കാരണമായിട്ടുള്ള സംഭവം; വിശദീകരിക്കാമോ;

(സി) സംഘട്ടനത്തിൽ ഏർപ്പെട്ട ഇരുവിഭാഗക്കാർക്കുമെതിരെ പോലീസ് നിഷ്പക്ഷമായി നീതി നിർവ്വഹണം നടത്തിയിട്ടില്ലെന്ന നാട്ടുകാരുടെ പരാതിയെപ്പററി സർക്കാർ അന്വേഷിച്ച് മേൽനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 12 സംഘട്ടനങ്ങൾ.

(ബി) 20-11-1990-ൽ രാഷ്ട്രീയ കാരണങ്ങളാണ് ഇതിന് പിന്നിലുള്ളത്.

(സി) ഇത് സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

**ഐ. പി. എസ്. ഉദ്യോഗസ്ഥന് റിട്ടയർമെൻറ് കാലാവധി നീട്ടിക്കൊടുത്തുകൊണ്ടുള്ള ഉത്തരവ്**

63 [98] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽനിന്നും റിട്ടയർ ചെയ്യേണ്ട ശ്രീ. ജി. കൃഷ്ണമൂർത്തി എന്ന ഐ. പി. എസ്. ഉദ്യോഗസ്ഥന് റിട്ടയർമെൻറ് കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായോ;

(ബി) എപ്പോഴായിരുന്നു ഈ ഉദ്യോഗസ്ഥൻ സർവ്വീസിൽനിന്നും പിരിയേണ്ടിയിരുന്നത്; സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യേണ്ടിയിരുന്ന സമയത്ത് ഇദ്ദേഹം ഏതു തസ്തികയിൽ ജോലി ചെയ്യുകയായിരുന്നു;

(സി) ഗവൺമെൻറിൻെറ പ്രഖ്യാപിത നയം ഉപേക്ഷിച്ച് ഈ സർക്കാർ ഉദ്യോഗസ്ഥന് സർവ്വീസ് നീട്ടിക്കൊടുക്കാൻ ഉണ്ടായ കാരണമെന്തെന്ന് വിശദീകരിക്കാമോ;

(ഡി) ഇപ്പോൾ ശ്രീ. ജി. കൃഷ്ണമൂർത്തി, ഐ. പി. എസ്. ഏതു തസ്തികയിൽ ജോലി ചെയ്തു വരുന്നു. എത്ര തവണ ഇദ്ദേഹത്തിൻെറ റിട്ടയർമെൻറ് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്; ഓരോ തവണയും എത്ര മാസമാണ് നീട്ടികൊടുത്തത്?

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഇദ്ദേഹം 28-2-1990-ൽ സർവ്വീസിൽനിന്നും പിരിയേണ്ടതായിരുന്നു. തൽസമയം അദ്ദേഹം ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിലെ ടണൽ ചോർച്ചയെപ്പററി അന്വേഷണം നടത്തുന്ന പോലീസ് സ്പെഷ്യൽ സ്ക്വാഡിലെ പോലീസ് സൂപ്രണ്ടായി ജോലി നോക്കുകയായിരുന്നു.

(സി) ഇടമലയാർ കേസിൻെറ വിചാരണക്കായി ഒരു പ്രത്യേക കോടതി സ്ഥാപിക്കാനുദ്ദേശമുണ്ടെന്നും കേസിൻെറ പ്രത്യേക സ്വഭാവം കണക്കിലെടുത്ത് ഇതേപ്പററി അന്വേഷണം നടത്തിയ ശ്രീ. കൃഷ്ണമൂർത്തിയുടെ സേവനം പ്രോസിക്യൂഷന് തുടർന്നും അത്യന്താപേക്ഷിതമാണെന്നും, ഈ കേസ് കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറും ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും ഉള്ള പോലീസ് ഡയറക്ടർ ജനറലിൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് ഇദ്ദേഹത്തിൻെറ സർവ്വീസ് നീട്ടിക്കൊടുത്തത്.

(ഡി) ശ്രീ. കൃഷ്ണമൂർത്തി ഇപ്പോൾ ഇടമലയാർ പ്രോജക്ടിലെ ടണൽ ചോർച്ചയെപ്പററി അന്വേഷണം നടത്തുന്ന പോലീസ് സ്പെഷ്യൽ സ്ക്വാഡിലെ പോലീസ് സൂപ്രണ്ടായി ജോലി നോക്കുന്നു. ഇദ്ദേഹത്തിൻെറ സർവ്വീസ് 28-2-1990 എ. എൻ. മുതൽ 6 മാസത്തേക്ക് ഒരു പ്രാവശ്യം നീട്ടിക്കൊടുത്തിട്ടുണ്ട്. പിന്നീട് 1-9-1990 മുതൽ 6 മാസത്തേയ്ക്ക് ഇദ്ദേഹത്തിന് പോലീസ് സൂപ്രണ്ടായി പുനർനിയമനം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പോലീസ് വെടിവയ്പുകൾ

64 [101] ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി:
,, കെ. പി. എ. മജീദ്:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, പി. എം. അബൂബക്കർ:
,, പി. സീതിഹാജി:
,, ഇസ്ഹാക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, കല്ലടി മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987_88, 1988_89, 1989_90_ൽ നവംബർ 30 വരെ സംസ്ഥാനത്ത് എത്ര പോലീസ് വെടിവയ്പുകൾ നടന്നു; ആകാശത്തേക്ക് വെടിവയ്പ് നടത്തിയത് എത്ര; വെടിവയ്പിൽ ആകെ എത്ര പേർ മരിച്ചു; എത്ര പേർക്ക് പരിക്കേററു;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ 6 മാസത്തിനുള്ളിൽ പോലീസ് എത്ര സ്ഥലത്ത് വെടിവച്ചു; എത്ര സ്ഥലത്ത് ലാത്തിച്ചാർജ് നടത്തി; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കുപററി;

(സി) ലാത്തിച്ചാർജ് നടന്നത് എവിടെയെല്ലാം; ഓരോന്നിലും എത്ര പേർക്ക് വീതം പരിക്കുപററി?

### ഉത്തരം

(എ) 1987_88_ൽ വെടിവയ്പുകൾ നടന്നിട്ടില്ല. 1988_89_ൽ 15 വെടിവയ്പുകളും 1989_90_ൽ 11 വെടിവയ്പുകളും 1_4_1990 മുതൽ 30_11_1990 വരെ 15 വെടിവയ്പുകളും നടന്നിട്ടുണ്ട്. ആകാശത്തേക്ക് 1987_88_ൽ ഒന്നും, 1988_89_ൽ 13_ം 1989_90_ൽ 9_ം 1_4_1990 മുതൽ 30_11_1990 വരെ 8_ം വെടിവയ്പുകൾ നടന്നിട്ടുണ്ട്. വെടിവയ്പിൽ 1_4_1987 മുതൽ 30_11_1990 വരെ 7 പേർ മരിച്ചിട്ടുണ്ട്. 1_4_1989 മുതൽ 30_11_1990 വരെ 23 പേർക്ക് വെടിവയ്പിൽ പരിക്ക് പററിയിട്ടുണ്ട്.

(ബി) 14 തവണ വെടിവയ്പ് നടത്തിയിട്ടുണ്ട്. രണ്ടു സ്ഥലങ്ങളിൽ ലാത്തിച്ചാർജ് നടത്തിയിട്ടുണ്ട്. വെടിവയ്പിൽ 4 പേർ മരണമടഞ്ഞിട്ടുണ്ട്. വെടിവയ്പിൽ 9 പേർക്കും ലാത്തിച്ചാർജിൽ 13 പേർക്കും പരിക്ക് പററിയിട്ടുണ്ട്.

(സി) ലാത്തിച്ചാർജ് നടന്നത് മൂവാററുപുഴയിലും പെരിന്തൽമണ്ണയിലുമാണ്. മൂവാററുപുഴയിൽ 5 പേർക്കും പെരിന്തൽമണ്ണയിൽ 8 പേർക്കും പരിക്കു പററിയിട്ടുണ്ട്.

## സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകൾ

65 [106] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ നിലവിലുള്ള റേഷൻ കാർഡുകൾ എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) പുതിയ റേഷൻ കാർഡുകൾക്കായി ഓരോ ജില്ലയിലും എത്ര വീതം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

### ഉത്തരം

(എ) 31-10-1990 വരെയുള്ള കണക്കനുസരിച്ച് 50,55,753 കാർഡുകൾ നിലവിലുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്. *

(സി) നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷകൾ ശേഖരിച്ച് പരിശോധിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. അതുകൊണ്ട് ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

## ആശുപത്രികളും ഡിസ്പെൻസറികളും അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡം

66 [112] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതിയ ആശുപത്രികളും ഡിസ്പെൻസറികളും അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡം എന്താണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ആശുപത്രികൾ, ഹെൽത്ത് സെൻററുകൾ, ഡിസ്പെൻസറികൾ എന്നിവ അനുവദിച്ചു; അവ എവിടെയെല്ലാം?

### ഉത്തരം

(എ) ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത, സ്ഥലത്തെ ജനസംഖ്യ, പിന്നോക്കാവസ്ഥ എന്നിവയാണ് പ്രധാനമായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ.

(ബി) അലോപ്പതി വിഭാഗത്തിൽ 119 പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 3 ഫിഷറീസ് ഡിസ്പെൻസറികളും ആയുർവേദ വിഭാഗത്തിൽ 10 പുതിയ ഡിസ്പെൻസറികളും 10 കിടക്കകളുള്ള 6 ആശുപത്രികളും 30 കിടക്കകളുള്ള രണ്ട് താലൂക്ക് ആശുപത്രികളും മൂന്ന് ജില്ലാ ആശുപത്രികളും ഹോമിയോ വിഭാഗത്തിൽ 19 ഡിസ്പെൻസറികളും രണ്ട് ആശുപത്രികളും അനുവദിച്ചു. അവ എവിടെയെല്ലാം ആണെന്നത് അനുബന്ധമായി ചേർത്തിരിക്കുന്നു.†

*അനുബന്ധം XI നോക്കുക. † അനുബന്ധം XII നോക്കുക

LIBRARY ARCHIVES Kerala Legislative Assembly

## പ്രൈമറി ഹെൽത്ത് സെൻററുകൾ

67 [113] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കൊല്ലം എത്ര പ്രൈമറി ഹെൽത്ത് സെൻററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) എവിടെയൊക്കെ;

(സി) അപ്ഗ്രേഡ് ചെയ്ത പി. എച്ച്. സി. കളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇരുപത്തിയഞ്ച്.

(ബി) സ്ഥലം തീരുമാനിച്ചിട്ടില്ല.

(സി) ഒരു എൽ. ഡി. ക്ലാർക്കിൻെറയും ഒരു പ്യൂണിൻെറയും തസ്തിക സൃഷ്ടിക്കുക, രോഗപ്രതിരോധ നിവാരണ മേഖലകളിൽ പ്രവർത്തിക്കുന്ന ഫീൽഡ് വിഭാഗം ജീവനക്കാരെ അതാതു കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുക എന്നീ നടപടികളാണ് സ്വീകരിച്ചത്.

## ആംബുലൻസ് ഡ്രൈവറുടെ നിയമനം

68 [116] ശ്രീ. മാമൻ ഐപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്ക് ഗവൺമെൻറ് ആശുപത്രിയിൽ ആമ്പുലൻസ് ഡ്രൈവറെ നിയമിച്ചിട്ടില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) പി. എസ്. സി. മുഖാന്തിരം ശുപാർശ ചെയ്യപ്പെട്ട വ്യക്തി ജോലിയ്ക്ക് ഹാജരായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിലെ ശുദ്ധജലക്ഷാമം

69 [117] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്ക് ആശുപത്രിക്ക് സമീപം ഉള്ള പി. ഡബ്ല്യു. ഡി. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ് കോമ്പൗണ്ടിലുള്ള കിണററിൽ നിന്നും വെള്ളം ആശുപത്രിയിൽ പൈപ്പുലൈൻ ഉപയോഗിച്ച് എത്തിക്കുവാനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചങ്ങനാശേരി താലൂക്ക് ആശുപത്രിയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ കിണർ കുഴിക്കുകയും മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി, സി) ഈ ആശുപത്രിക്ക് ഒരു വലിയ കോൺക്രീററ് ടാങ്ക് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. മുനിസിപ്പാലിററിയിലെ വെള്ളവും കിണററിൽ നിന്നുള്ള വെള്ളവും ഈ ടാങ്കിലേയ്ക്ക് കൊണ്ടു വരുവാൻ പൈപ്പുലൈൻ ഇട്ടിട്ടുണ്ട്. പമ്പു ഹൗസ് നന്നാക്കി കൊണ്ടിരിക്കുകയാണ്.

(ഡി) ഇവിടെ ഡോക്ടർമാരുടെ എല്ലാ ഒഴിവുകളും നികത്തുകയും മററ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അപ്പപ്പോൾ നികത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ എല്ലാ യൂണിററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## പുനലൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

70 [119] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കിടക്കകൾ ഉൾപ്പെടെ ഇന്ന് ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാം;

(ബി) ഈ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം; എത്രകണ്ട്?

ഉത്തരം

(എ) പുനലൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്പെഷ്യലിസ്ററ് വിഭാഗങ്ങൾ ഉൾപ്പെടെ 138 കിടക്കകൾ ഉണ്ട്. അവിടെ ജനറൽ മെഡിസിൻ, ഇ. എൻ. ററി. കണ്ണ്, സർജറി, കുട്ടികളുടെ വിഭാഗം, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാർ ഉണ്ട്. ഒരു ലേഡി ഗൈനക്കോളജിസ്ററിന്റെ സേവനവും ഇവിടെ ലഭ്യമാണ്. ഇവിടുത്തെ എക്സറെ യൂണിററ് പ്രവർത്തന ക്ഷമമാണ്. ഇവിടത്തെ ആശുപത്രി വികസനസമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആശുപത്രി വികസന സമിതിക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഫണ്ട് ഇപ്പോൾ കൈവശം ഉണ്ട്. ആശുപത്രിയിൽ സെക്യൂരിററിക്കാരെ നിയമിച്ചിട്ടുണ്ട്. ഗേററ് പാസ് സംവിധാനവും നിലവിലുണ്ട്.

(ബി, സി) വൈദ്യുതി വിതരണം ക്രമമായി ലഭിക്കുന്നതിനുവേണ്ടി പൊതുമരാമത്തുവകുപ്പുമായി ബന്ധപ്പെട്ട് വേണ്ട പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## മെഡിക്കൽ കോളേജ് ആശുപത്രിയിലെ അവശിഷ്ടങ്ങൾ കത്തിച്ചു കളയുന്നതിനുള്ള നടപടി

71 [121] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അവശിഷ്ടങ്ങൾ കത്തിച്ചുകളയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ബി) എന്നാണ് ഈ ചുമതല അവരെ ഏൽപ്പിച്ചത്;

(സി) ഇതിന് എത്ര രൂപ ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എത്രയും വേഗം ഇത് പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇതിനുവേണ്ട ഇൻസിനറെയ്ററർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേരളാ ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈററിയെ ആണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) 26-2-1990-ൽ.

(സി) 250 കെ. ജി./എച്ച്. ആർ. കപ്പാസിററിയുള്ള ഇൻസിനറെയ്റ്ററുകൾ ആണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. എസ്ററിമേററ് തുകയായി 10·70 ലക്ഷം രൂപയാണ് ഉദ്ദേശിച്ചത്.

(ഡി) സ്വീകരിച്ചുവരുന്നു.

## എയ്ഡ്സ് രോഗം

72 [123] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ആളുകളിൽ എയ്ഡ്സ് രോഗം കണ്ടിട്ടുണ്ട്; അവർ ആരെല്ലാം;

(ബി) ഈ രോഗത്തിനെതിരെ എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ ചെയ്തിട്ടുണ്ട്;

(സി) ഇതിലേയ്ക്ക് കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തുതരുന്നത്?

### ഉത്തരം

(എ) 1990 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ 18 പേരിൽ എയ്ഡ്സ് രോഗത്തിന്റെ ആൻറിബോഡി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. രോഗത്തിന്റെ രഹസ്യ സ്വഭാവം കണക്കിലെടുത്തു പേരും മററു വിവരങ്ങളും വെളിപ്പെടുത്തുന്നത് സാദ്ധ്യമല്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു എയ്ഡ്സ് നിരീക്ഷണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തന്നെ ഒരു ക്ലിനിക്കൽ എയ്ഡ്സ് യൂണിററും ആരംഭി ച്ചിട്ടുണ്ട്. ഇവിടെ രോഗ നിർണ്ണയവും ചികിൽസയും നടത്തുന്നുണ്ട്. തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും ഓരോ എയ്ഡ്സ് നിരീക്ഷണകേന്ദ്രം അവുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെൻറ് പത്തു ലക്ഷം രൂപ എയ്ഡ്സ് രോഗം തടയുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് അനുവദിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ മൊത്തം നാലു ലക്ഷം രൂപ ബഡ്ജററിൽ വക കൊള്ളി ച്ചിട്ടുണ്ട്. കേന്ദ്രഗവൺമെൻറിൽ നിന്നും രക്ത പരിശോധനയ്ക്ക് ആവശ്യമായ എലൈസാ കിററുകൾ നൽകുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# II. ചരമോപചാരം

## സർവ്വശ്രീ. കെ. ചാത്തുണ്ണിമാസ്ററർ, കല്ലറ വാസുദേവൻപിള്ള, ഇ. പത്മനാഭൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ, ശ്രീ. കല്ലറ വാസുദേവൻപിള്ള,
9.30 a. m.] ശ്രീ. ഇ. പത്മനാഭൻ എന്നിവർ അന്തരിച്ച വിവരം ബഹുമാന പ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രവർത്തകനായി നന്നേ ചെറുപ്പത്തിൽ തന്നെ രാഷ്ട്രീയ രംഗത്തേക്ക് പ്രവേശിച്ച ശ്രീ. ചാത്തുണ്ണി മാസ്ററർ കമ്മ്യൂണിസ്ററ് പാർട്ടിയിൽ അംഗമാവുകയും ചുരുങ്ങിയ കാലംകൊണ്ട് നേതൃനിരയിലേക്ക് ഉയരുകയും ചെയ്തു. അദ്ധ്യാപക വൃത്തി ഉപേക്ഷിച്ച് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി മാറിയ മാസ്ററർ കമ്മ്യൂണിസ്ററ് പ്രസ്ഥാനവും കർഷക പ്രസ്ഥാ നവും കെട്ടിപ്പടുക്കുന്നതിൽ മുൻപന്തിയിൽനിന്ന് പ്രവർത്തിച്ചു. നിരവധി തവണ ഒളിവിൽ കഴിയുകയും ജയിൽവാസം അനുഭവിക്കേണ്ടിവരികയും ചെയ്തിട്ടുള്ള അദ്ദേഹത്തിന് കർഷകരേയും കർഷകത്തൊഴിലാളി കളേയും സംഘടിപ്പിക്കുന്നതിലും അവരെ ഒരു കൊടിക്കീഴിൽ അണിനിര ത്തുന്നതിലും അനുഭവിക്കേണ്ടിവന്ന യാതനകൾ കുറച്ചൊന്നുമല്ല. അവി ഭക്ത കമ്മ്യൂണിസ്ററ് പാർട്ടിയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറി, സംസ്ഥാന കൗൺസിൽ അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ശ്രീ. ചാത്തുണ്ണി മാസ്ററർ കമ്മ്യൂണിസ്ററ് പാർട്ടിയിലെ ഭിന്നിപ്പിനുശേഷം സി. പി. ഐ. (എം)-ൻെറ സംസ്ഥാന സെക്രട്ടറിയേററ് അംഗവും ആയിരുന്നു. കേരള കർഷക സംഘം രൂപീകരിക്കുന്നതിൽ സജീവ പങ്ക് വഹിച്ച മാസ്ററർ അതിൻെറ കോഴിക്കോട് ജില്ലാ സെക്രട്ടറി, സംസ്ഥാന പ്രസിഡണ്ട് എന്നീ സ്ഥാനങ്ങളും അലങ്കരിച്ചിരുന്നു. അഖിലേന്ത്യാ കിസാൻ സഭയുടെ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് യൂണിയൻ രംഗത്തും തന്റെ പ്രാഗൽഭ്യം തെളിയിച്ച മാസ്ററർ നിരവധി ട്രേഡ് യൂണിയനുകളുടെ സാരഥ്യം വഹിച്ചിരുന്നു. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത ഒരു സമീപനമാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്.

രാഷ്ട്രീയ ട്രേഡ് യൂണിയൻ രംഗങ്ങളിലെന്നപോലെ സഹകരണ സാംസ്ക്കാരിക രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. ചാത്തുണ്ണി മാസ്ററർ 'ചിന്ത' വാരികയുടെ പത്രാധിപരായും 'ദേശാഭിമാനി' പത്രാധിപ സമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

1967-ലും 1970-ലും ബേപ്പൂർ നിയോജക മണ്ഡലത്തിൽനിന്നും അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1978 മുതൽ 1984 വരെ രാജ്യ സഭയിലും അദ്ദേഹം അംഗമായിരുന്നു. രാജ്യസഭയിലേയും നിയമസഭയിലേയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അദ്ദേഹം സമർത്ഥനായ ഒരു വാഗ്മിയും മികച്ച പാർലമെന്റേറിയനുമാണെന്ന് തെളിയിക്കുകയുണ്ടായി.

അവസാന നാളുകളിൽ അദ്ദേഹം രോഗം മൂലം വിശ്രമ ജീവിതം നയിച്ചുവരികയായിരുന്നു. നിയമസഭാ സാമാജികൻ, ട്രേഡ് യൂണിയൻ സംഘാടകൻ, സാംസ്ക്കാരിക പ്രവർത്തകൻ, സഹകാരി എന്നീ വിവിധ മണ്ഡലങ്ങളിൽ പ്രശോഭിച്ചിരുന്ന അദ്ദേഹത്തിന്റെ നിര്യാണംമൂലം പഴയതലമുറയിലെ പ്രഗൽഭനായ ഒരു ജനനേതാവ്കൂടി നമുക്ക് നഷ്ടമായിരിക്കുന്നു.

സ്വാതന്ത്ര്യ സമരത്തിൽ പങ്ക് വഹിച്ചിട്ടുള്ള ശ്രീ. കല്ലറ വാസുദേവൻപിള്ള പൊതുരംഗത്തേക്ക് കടന്നുവരുന്നതിനുമുമ്പ് അദ്ധ്യാപകനായിരുന്നു. കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായ അദ്ദേഹം തെങ്ങുംകോട് ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്ററർ ജോലി ഉപേക്ഷിച്ച് പാർട്ടിയുടെ സജീവ പ്രവർത്തകനായി മാറി. കമ്മ്യൂണിസ്ററ് പാർട്ടിയിലെ ഭിന്നിപ്പിനെ തുടർന്ന് അദ്ദേഹം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ നിലകൊണ്ടു. ഒരു ദശാബ്ദത്തോളം കല്ലറ പഞ്ചായത്തിന്റെ പ്രസിഡൻറായി പ്രവർത്തിച്ച അദ്ദേഹം നിസ്തുലമായ സേവനംകൊണ്ടും അർപ്പണബോധംകൊണ്ടും ഏവരുടേയും സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ചിരുന്നു. തിരുവനന്തപുരം ജില്ലാ സഹകരണബാങ്ക് ഡയറക്ടർ, ബോർഡംഗം, കേരളാ യൂണിവേഴ്സിററി സെനററ് അംഗം, അഖിലേന്ത്യാ കിസാൻ സഭയുടെ ജില്ലാ വൈസ് പ്രസിഡണ്ട്, ബി. ഡി. സി. ചെയർമാൻ എന്നീ നിലകളിൽ ശ്ളാഘനീയമായ സേവനം കാഴ്ചവെച്ച അദ്ദേഹം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ജില്ലാ കമ്മിററി മെമ്പറായിരുന്നു.

1967-ലും 1977-ലും വാമനപുരം നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ലാളിത്യവും ത്യാഗസന്നദ്ധതയും കൊണ്ട് എല്ലാവരുടേയും സ്നേഹാദരങ്ങൾ പിടിച്ചുപററിയിരുന്ന ഒരു പൊതുപ്രവർത്തകനെയാണ് ശ്രീ. കല്ലറ വാസുദേവൻപിള്ളയുടെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

സർവീസ് സംഘടനാ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയ-ട്രേഡ് യൂണിയൻ രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ഊർജ്ജസ്വലനായ ഒരു നേതാവായിരുന്നു ശ്രീ. ഇ. പത്മനാഭൻ. വകുപ്പ് അടിസ്ഥാനത്തിൽ ഭിന്നിച്ചുനിന്നിരുന്ന സർക്കാർ ജീവനക്കാരെ ഏകോപിപ്പിച്ചുകൊണ്ട് എൻ. ജി. ഒ. യൂണിയൻ രൂപീകരിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ജനറൽ സെക്രട്ടറിയായും തുടർന്ന് പ്രസിഡണ്ടായും പ്രവർത്തിച്ചു. കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ഐക്യനിര കെട്ടിപ്പടുക്കുന്നതോടൊപ്പം അവരുടെ ശ്രദ്ധ പൊതുപ്രശ്നങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും ജീവനക്കാരുടെ ചിന്താഗതിയിൽ സാരമായ മാററം വരുത്തുന്നതിനും, ശ്രീ. പത്മനാഭന്റെ നേതൃത്വത്തിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാന ജീവനക്കാരുടേയും സംഘടനയായ ആൾ ഇന്ത്യാ സ്റേററ് ഗവൺമെൻറ് എംപ്ലോയീസ് ഫെഡറേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളും ഭാരവാഹിയുമായിരുന്നു ശ്രീ. പത്മനാഭൻ. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി സംസ്ഥാന കമ്മിററി അംഗം, സി. ഐ. ടി. യു. പാലക്കാട് ജില്ലാ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിരുന്നു. ഒട്ടനവധി തൊഴിലാളി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന അദ്ദേഹത്തെ 1989-ൽ ആൾ ഇന്ത്യ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തിരുന്നു.

1982-ൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നിന്നും അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കുറഞ്ഞൊരു കാലംകൊണ്ടുതന്നെ നല്ലൊരു നിയമസഭാ സമാജികൻ എന്ന ഖ്യാതി നേടിയ അദ്ദേഹം തന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുന്നതിനും പരിഹാരം കാണുന്നതിനും അങ്ങേയററം ശ്രമിച്ചിരുന്നു. പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുവാനുള്ള താൽപ്പര്യവും വിനയാന്വിതമായ പെരുമാററവുംകൊണ്ട് എല്ലാവരുടേയും സ്നേഹാദരങ്ങൾ അദ്ദേഹം ആർജ്ജിച്ചിരുന്നു. നിയമസഭയുടെ സബോർഡിനേററ് ലജിസ്ലേഷൻ കമ്മിററിയിൽ അദ്ദേഹം അംഗമായിരുന്നു.

രാഷ്ട്രീയ സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. പത്മനാഭൻ ജീവിതാവസാനംവരെ ആ പ്രസ്ഥാനങ്ങൾക്കുവേണ്ടി ജീവിച്ചു. ശ്രീ. പത്മനാഭന്റെ ആകസ്മികമായ നിര്യാണം മൂലം നമ്മുടെ പൊതുജീവിതത്തിൽ, പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കരുത്തുററ ഒരു പ്രവർത്തകനെയാണ് നഷ്ടമായിട്ടുള്ളത്. പരേതരോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേററ് നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേററുനിന്ന് മൗനം ആചരിച്ചു.)

## III. അടിയന്തിരപ്രമേയം

### ബസ് ചാർജ്ജ് വർദ്ധന

മി. സ്പീക്കർ: ബസ് ചാർജ്ജിൽ വരുത്തിയ ക്രമാതീതമായ വർദ്ധനവ് സാധാരണ ജനങ്ങൾക്ക് ദുർവ്വഹമായതിനാൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകളിൽനിന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റൂൾ 50 അനുസരിച്ച് സർവ്വശ്രീ കെ. കരുണാകരൻ, കെ. എം. മാണി, കെ. മൊയ്തീൻകുട്ടി ഹാജി, എം. വി. രാഘവൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണ പിള്ള): സർ, ഇത് അടിയന്തിരപ്രമേയത്തിന് വിഷയീഭവിക്കേണ്ട ഒരു വലിയ കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല..........(ബഹളം)........ .. .. ഇത് സാധാരണ ഭരണപരമായ ഒരു നടപടിയാണ്. അതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. കാലാകാലങ്ങളിൽ ഇവിടെ ഭരിച്ചിട്ടുള്ള എല്ലാ ഗവൺമെൻറുകളും . ബസ് ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കാരണം ട്രാൻസ്പോർട്ട് വ്യവസായം കേരളത്തിൽ നാശത്തെ നേരിടുന്ന ഒരു വ്യവസായമാണ്. അതിന് സാക്ഷിയായി ഞാൻ ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജിയെതന്നെ ഹാജരാക്കാം. ആ വ്യവസായത്തെ നിലനിർത്തേണ്ട ഉത്തരവാദിത്വം ഗവൺമെൻറിനുണ്ട്. കാരണം ജനങ്ങൾക്ക് ഗതാഗത സൗകര്യമുണ്ടാക്കി കൊടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെൻറിനാണ്. അത് തകരാൻ പാടില്ല. സ്പെയർ പാർട്ട്സിനും ചേസ്സിസിനും ഡീസലിനും ക്രമാതീതമായ വില വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ ബസ് ചാർജ്ജ് വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം വളരെ നേരത്തെ തന്നെ ഉന്നയിക്കപ്പെട്ടിരുന്നു. വളരെ പെട്ടെന്ന് വീണ്ടും ഡീസലിന്റെ വിലയും ടയറിന്റെ വിലയും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഒഴിവാക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണ് ഈ വർദ്ധനവ് വരുത്തിയിട്ടുള്ളത്. അത് ക്രമാതീതമായ വർദ്ധനവാണെന്നുള്ള അഭിപ്രായം ഗവൺമെൻറിനില്ല. ഇതിനെക്കുറിച്ച് പ്രതിപക്ഷനേതാവിന് എന്താണ് പറയാനുള്ളതെന്ന് കേട്ടിട്ട് അതിന്റെ വിശദവിവരങ്ങൾ ഞാൻ പിന്നീട് പറയാം.

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മിനിസ്ററർ കേരളത്തിലെ ജനങ്ങളുടെ പ്രയാസങ്ങളും കഷ്ടപ്പാടുകളും മനസ്സിലാക്കുന്ന ഒരാളാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. അദ്ദേഹത്തെക്കുറിച്ച് മററ് ഒരു ധാരണയും എനിക്ക് ഉണ്ടായിട്ടില്ല. ഇതിനെ ഒരു നിസ്സാര കാര്യമായിട്ടാണ് അദ്ദേഹം കണ്ടത്. അത് അദ്ദേഹത്തിന്റേതല്ല, സർക്കാരിന്റെ സമീപനമാകാനാണ് വഴി. സർക്കാരിന്റെ സമീപനം അദ്ദേഹം തുടരാൻ നിർബന്ധിതനാണ്. പക്ഷേ ഇത്രയും ഭാരിച്ച വർദ്ധനവ് ഉണ്ടാക്കാനിടയാക്കിയ സാഹചര്യങ്ങളെ കുറിച്ച് സഭയിലെ അംഗങ്ങൾക്കെങ്കിലും വിശ്വാസം വരാവുന്ന നിലയിൽ അവതരിപ്പിക്കാൻപോലും ബഹുമാനപ്പെട്ട മന്ത്രി മുതിർന്നില്ല. ഞങ്ങൾ എന്തും ചെയ്യും, നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തോ എന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ സമീപനം. കഴിഞ്ഞ രണ്ട് കൊല്ലത്തിനുള്ളിൽ ബസ് ചാർജ്ജിന്റെ കാര്യത്തിൽ 65 ശതമാനം വർദ്ധനവുണ്ടായി. ഈ പ്രാവശ്യംതന്നെ 25 മുതൽ 40 ശതമാനംവരെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത്രയെല്ലാം വർദ്ധനവുണ്ടായിട്ടുപോലും ആ വർദ്ധനവ് വരുത്താൻ ഗവൺമെൻറിനെ നിർബന്ധിപ്പിച്ച സാഹചര്യമെന്താണെന്നുപറയാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായിട്ടില്ല. ഇത് ഒരു നിസ്സാര കാര്യമാണോ? മനുഷ്യന്റെ നിത്യജീവിതത്തിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന കാര്യങ്ങൾമാത്രം പൊതുപരിപാടിയായി സ്വീകരിച്ചിട്ടുള്ള ഒരു ഗവൺമെൻറുണ്ടെങ്കിൽ അത് ഇന്ന് ശ്രീ. ഇ. കെ. നായനാരുടെ ഗവൺമെൻറാണ്. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യത്തിൽ മാത്രം.

സർ, ഇലക്ട്രിസിററി ചാർജ്ജിന്റെ കാര്യത്തിലായാലും ശരി, അരിയുടെ വിലയുടെ കാര്യത്തിലായാലും ശരി; അതുപോലെ ഏത് കാര്യമെടുത്താലും ശരി ജനങ്ങളുടെ നിത്യജീവിതം ദുസ്സഹമാക്കിത്തീർക്കാനുള്ള നടപടിയല്ലാതെ അവർക്ക് ആശ്വാസം നൽകുന്ന ഒരു നടപടിയും

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടില്ലാത്ത ഒരു ഗവൺമെൻറിൽ നിന്ന് ഇത്തരത്തിൽ ഒരു പ്രതികരണം വന്നാൽ അദ്ഭുതപ്പെടേണ്ട കാര്യമില്ല പക്ഷേ, എന്താണ് ചാർജ് വർദ്ധിപ്പിക്കാനുള്ള കാരണം പറയുന്നത്? പെട്രോളിൻേറയും ഡീസലിൻേറയും വർദ്ധനവ്. അത് എത്രയാണ്? പെട്രോളിൻെറയും ഡീസലിൻേറയും വർദ്ധനവുണ്ടാക്കുമ്പോഴൊക്കെ സംസ്ഥാനങ്ങളിൽ ഇങ്ങനെ ചാർജ് കൂട്ടുകയാണോ ആവശ്യം? നേരെമറിച്ച് ജനങ്ങളെ നേരിട്ട് ബുദ്ധിമുട്ടിക്കാതെ കാര്യക്ഷമമായിട്ട് നടത്തി ചെലവ് ചുരുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഒരിക്കലും നിരക്ക് വർദ്ധിപ്പിക്കാൻ പാടില്ലെന്നുള്ള നിലപാട് ഞങ്ങൾക്കില്ല. ചിലപ്പോൾ നിരക്ക് വർദ്ധിപ്പിക്കേണ്ടിവരും. നിരക്ക് വർദ്ധിപ്പിക്കുമ്പോൾ മനുഷ്യൻെറ ബുദ്ധിമുട്ട് ഏററവും കുറയ്ക്കാവുന്ന നിലയിൽ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ സഭയേയും ജനങ്ങളേയും അറിയിക്കാനുള്ള ബാദ്ധ്യത സർക്കാരിനുള്ളതാണ്. അത് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായിട്ടില്ല. എന്താണ് കെ. എസ്. ആർ. ടി. സി.-യുടെ സ്ഥിതി? ഇവിടെ വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്? ഇവിടെനിന്ന് ആററിങ്ങലിലേയ്ക്ക് പോയാൽ ഫാസ്ററ് പാസഞ്ചറിലാണെങ്കിൽ ഒന്നര രൂപയും എക്സ്പ്രസ്സിലാണെങ്കിൽ രണ്ടര രൂപയും ഒരു ട്രിപ്പിന് കൂടുതൽ കൊടുക്കണം. അത് തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് വരെയാണെങ്കിൽ ഒരു ട്രിപ്പിന് ഒരു യാത്രക്കാരൻ കൊടുക്കേണ്ട നിരക്ക് 21 മുതൽ 40 രൂപ വരെയാണ്. നിലവിലുള്ള റേററ് കൂടാതെയാണ്. ഇത് പ്രയാസം സൃഷ്ടിക്കുന്ന കാര്യമല്ലേ? ഒരു പക്ഷേ ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നിയിട്ടുള്ളത് ഞങ്ങൾ ഇതെല്ലാം ചെയ്തിട്ടും ഇത്രയല്ലേ ജനങ്ങൾ ചെയ്യുന്നുള്ളൂ എന്നായിരിക്കാം. അത് ഞാൻ സമ്മതിക്കാം. ജനങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാവുന്ന നിലയിൽ അവർ പ്രകടിപ്പിക്കും. പക്ഷേ, ട്രാൻസ്പോർട്ട് ചാർജ് വർദ്ധിപ്പിച്ചതിൻെറ പേരിൽ ഉണ്ടാകുന്ന ഏത് ജനവികാരങ്ങളും പ്രതിഫലിപ്പിക്കാനുള്ള പരിപാടി പൊതുമുതൽ നശിപ്പിക്കാനും അക്രമാസക്തമാകാനും ഇടയാകരുതെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. അതുകൊണ്ടാണ് നിയമപരമായി പിക്കററിംഗ് നടത്തിയത്. സമാധാനപരമായി സ്വീകരിക്കാനുള്ള നടപടികളെല്ലാം സ്വീകരിച്ചു. പക്ഷേ അതുകൊണ്ട് ജനങ്ങളുടെ വികാരം അത്രത്തോളമേ ഉള്ളൂ എന്നാണ് മിനിസ്ററർ ധരിക്കുന്നതെങ്കിൽ അദ്ദേഹത്തിൻെറ കണക്കുകൂട്ടൽ തെററിയിരിക്കുന്നുവെന്ന് അദ്ദേഹത്തിന് ഒരു മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. മററ് മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അവർക്ക് പ്രേരണ നൽകുന്നതിലേയ്ക്കായിരിക്കരുത് സർക്കാരിൻെറ സമീപനം.

എന്താണ് ട്രാൻസ്പോർട്ടിൻെറ സ്ഥിതി? ഇതിനെപ്പററി ചർച്ച ചെയ്യാൻ തയ്യാറാകേണ്ടത് ആവശ്യമാണ്. കാരണം അത്യാവശ്യമായതുകൊണ്ട് കൂട്ടിയതല്ല. ഞാൻ മററ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. സ്വകാര്യ ബസ്സുകാർ സമരം ചെയ്യാൻ ഇടയായതും. സമരത്തിൻമേലുണ്ടായിട്ടുള്ള ധാരണയും, സമരത്തിനെ നേരിട്ട സമ്പ്രദായവും, അതു സംബന്ധിച്ച കൂടിയാലോചനയും അതിൻെറ ഫലവും മെച്ചവും ഒന്നും ഞാൻ ഇപ്പോൾ ചർച്ച ചെയ്യുന്നില്ല. നേരെ മറിച്ച് ഇക്കാര്യത്തിൽ എന്താണ് സർക്കാരിൻെറ നിലപാടെന്ന് അറിയണം. ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ നഷ്ടത്തെപ്പററി പറയുമ്പോൾ 10·5 പൈസയാണ് തമിഴ്നാട്ടിലുള്ള റേററ്. ഇവിടെ വർദ്ധിപ്പിച്ചിട്ടും നഷ്ടമാണ്. അവിടെയാണെങ്കിൽ ട്രാൻസ്പോർട്ടിൻെറ നികുതി നിരക്ക് ഇവിടത്തേതിനേക്കാൾ രണ്ടിരട്ടി വർദ്ധനവാണ് ബോഡി ബിൽഡിംഗിന്. ഇതെല്ലാം കഴിഞ്ഞിട്ടും ബോഡി ബിൽഡിംഗ് ലാഭത്തിൽ നടക്കുന്നു. ഇവിടെയാകട്ടെ 24 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതെല്ലാം ജനങ്ങളിൽ നിന്ന് പിഴിഞ്ഞെടുത്തിട്ടുപോലും നഷ്ടം നികത്തിയോ? ഇപ്പോഴും നഷ്ടം നിലനിൽക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ സാഹചര്യമാണ് നമ്മൾ കണക്കിലെടുക്കേണ്ടത്. ട്രാൻസ്പോർട്ടു കോർപ്പറേഷൻ എന്താണെന്നും, ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സമീപനമെന്താണെന്നും, അതിന്റെ പ്രവർത്തനം എങ്ങനെയാണെന്നും ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ പറയുമ്പോൾ അതിന്റെ ഏററവും സഹായിയായി ഞാൻ കാണുന്നത് ഭരണകക്ഷിയെ നയിക്കുന്ന മാർക്സിസ്ററ്പാർട്ടിയുടെ സെക്രട്ടറിയായ ശ്രീ. ഒ. ഭരതൻ പറഞ്ഞ കാര്യമാണ്. ശ്രീ. ഒ. ഭരതൻ. അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുകയാണ് 'കേരളത്തിലെ ഏററവും വലിയ പൊതുമേഖലാസ്ഥാപനമായ കെ. എസ്. ആർ. ടി. സി.-യെപ്പററി അതിലെ ജീവനക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും അടങ്ങാത്ത അമർഷം ഇരച്ച് പൊങ്ങുകയാണെന്ന്'. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു അത് നിസ്സാര കാര്യമാണെന്ന്.

മി. സ്പീക്കർ: ഇതൊരു അടിയന്തിരപ്രമേയമാണ്. അങ്ങ് ഇങ്ങനെ തുടങ്ങിയാൽ ബുദ്ധിമുട്ടാകും.

ശ്രീ. കെ. കരുണാകരൻ: സർ, അങ്ങ് ഈ കാര്യത്തിലൊക്കെ ശരിയായ ഒരു നിലപാടെടുക്കുമെന്നുള്ളതുകൊണ്ട് അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന് ഞങ്ങൾക്ക് അനുവാദംതരാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിലും സഭയുടെ ശ്രദ്ധയിലും കൊണ്ടുവരേണ്ട കടമ ഞാൻ നിർവ്വഹിക്കുകയാണ്. അങ്ങയെ വിശ്വസിപ്പിക്കാതിരുന്നാൽ സഭയെ വിശ്വസിപ്പിക്കാതിരുന്നാൽ അത് അനുവദിച്ചില്ലെങ്കിലോ. അതുകൊണ്ട് അനുവദിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പോലും ഈ കാര്യങ്ങൾ ശരിയായ നിലയിൽ ധരിപ്പിക്കാൻ സഹായകരമായ ഒരു നിലപാട് സ്വീകരിക്കാത്തതുകൊണ്ട് ഈ കാര്യത്തിൽ അങ്ങ് ശ്രദ്ധിക്കണം, സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ പറയുന്നത് നഷ്ടം നികത്താൻ ഇതിന്റെ ആവശ്യമുണ്ടായിരുന്നില്ലെന്നാണ്. നഷ്ടം നികത്താനാണെങ്കിൽ എങ്ങനെ ചെയ്യാമായിരുന്നുവെന്ന് ശ്രീ. ഒ. ഭരതൻ തന്നെ പറയുന്നുണ്ട്. ഒരുഭാഗത്ത് റീട്രെഡ് ചെയ്ത ടയറുകൾ കുന്നുകുന്നായി കിടക്കുന്നു. മറുഭാഗത്ത് ടയറുകളുടെ ക്ഷാമം കാരണം നിരവധി ഷെഡ്യൂളുകൾ നിത്യേന റദ്ദ് ചെയ്യുന്നു. പണം മുടക്കി റീട്രെഡ് ചെയ്ത ടയറുകൾ ഷെഡ്ഡിൽ കിടക്കുമ്പോൾ ടയർ ഇല്ലെന്ന് പറഞ്ഞ് സർവ്വീസ് മുടക്കുന്നു. അങ്ങനെ നഷ്ടം വരുത്തിയിട്ട് ആ നഷ്ടം നികത്താൻ യാത്രചെയ്യുന്നവനെ പോക്കററടിച്ച് കഷ്ടപ്പെടുത്തുന്നു. ഇങ്ങനെ ബസ് ചാർജ് വർദ്ധിപ്പിച്ചതിന്റെ ഫലം എല്ലാ ദിക്കിലുമുണ്ട്. ഞാൻ ഈ അവസരത്തിൽ എന്റെ നിയോജകമണ്ഡലത്തിന്റെ കാര്യം പറയുന്നില്ല. അവിടെയുള്ള റൂട്ടുകളിൽ ഉണ്ടായിരുന്നതിന്റെ ബസ് സർവ്വീസുകളിൽ പകുതിയോളവും സമയത്തിന് ഓടിക്കുന്നില്ല. നല്ല കളക്ഷനുള്ള ഒരു സ്ഥലമാണത്. ഞാൻ അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഇപ്പോൾ ധാരാളം ബസ്സുകൾ ഓടിക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: സർ, ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. ഇത്രയും ലാഭമുണ്ടായിരുന്നിട്ട് ആദായകരമായി നടത്തുന്ന സ്റേറഷനിൽ പോലും ശരിയായി ബസ്സുകൾ ഓടിക്കുന്നില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് ചർച്ച ചെയ്യാതെ നിവൃത്തിയില്ല. അഴിമതിയെക്കുറിച്ചും മററുള്ള

കാര്യങ്ങളെക്കുറിച്ചുമല്ല ഞാൻ പറയുന്നത്. ഞാൻ പറയുന്നത് ട്രാൻസ്പോർട്ട് ചാർജ് ഇത്രയും വർദ്ധിപ്പിക്കാനുള്ള ഒരു സാഹചര്യം കേരളത്തിൽ ഇല്ലെന്നിരിക്കെ കേരളത്തിലെ ജനങ്ങളോട് എന്തും ചെയ്യും, കാണുന്നിടത്ത് വച്ച് കാണാമെന്നുള്ള ധിക്കാരപരമായ വെല്ലുവിളി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാവുകയാണെങ്കിൽ അത് ഏറെറടുക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാണ്, ചർച്ച ചെയ്ത് പരിഹരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. അതിനുവേണ്ടി ഈ സഭ നിറുത്തിവച്ച് ചർച്ചയ്ക്ക് അനുവദിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണപിള്ള): സർ, പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും വച്ചുപുലർത്തിക്കൊണ്ടുതന്നെ അദ്ദേഹം ഉന്നയിച്ച വാദത്തോട് വിയോജിക്കാതിരിക്കാൻ കഴിയുന്നില്ല. ഗവൺമെൻറിന് ഈ കാര്യങ്ങളിൽ യാതൊരു ധിക്കാരവുമില്ല. ശ്രീ. കരുണാകരൻ എൻെറ ഒരു സീനിയർ നേതാവായിരുന്നു. ആളുകളുടെ കയ്യടി വാങ്ങുന്നതിനേക്കാൾ ഫലപ്രദമായി ഭരണം നടത്തുന്ന ഒരാളാണ് ഭരണാധികാരിയെന്ന് എന്നെ പഠിപ്പിച്ചത് അദ്ദേഹമാണ്. അങ്ങനെ ചീപ്പായ കയ്യടി ഇഷ്ടപ്പെടുന്ന ആളുമല്ല ഞാൻ. ആ ഒരു സമീപനം തന്നെയാണ് ഭരണകാര്യങ്ങളിലും വച്ചുപുലർത്തി വരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി തുടങ്ങിയത് വളരെ ഗൗരവത്തിലായിരുന്നു. അത് നന്നായിട്ട് വന്നതാണ്. പക്ഷേ, ഇടയ്ക്ക് കയറി വേറെ ചിലത് പറഞ്ഞുപോയി.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ഈ വ്യവസായത്തിലുണ്ടായ പ്രതിസന്ധിയെ കണ്ടില്ലെന്ന് നടിക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലത്തും ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. എത്ര ശതമാനമാണെന്ന് അദ്ദേഹം കണക്കുകൂട്ടി പരിശോധിച്ചാൽ മതി. അത് ഞാൻ പറയുന്നില്ല. വളരെയേറെ തെററിദ്ധാരണാജനകമായ പ്രചരണങ്ങൾ ഇന്ന് നടക്കുന്നുണ്ട്. തമിഴ്നാട് ഒഴിച്ച് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും ബസ് ചാർജ് നിരക്ക് കേരളത്തിലേതിനേക്കാൾ കൂടുതലാണ്. ശരത്പവാർ മുഖ്യമന്ത്രി ആയിരിക്കുന്ന മഹാരാഷ്ട്രയിൽ 18·5 പൈസയാണ് ഒരു കിലോമീററിനുള്ളത്. ഒരു രൂപയാണ് മിനിമം ചാർജ്. പത്രങ്ങളിലൊക്കെ വന്നതാണ്. ആന്ധ്രാപ്രദേശിൽ ഒരു കിലോമീററിന് 14·5 പൈസയാണുള്ളത്. കർണ്ണാടകയിൽ 15·5 പൈസയാണ് ഒരു കിലോമീററിനുള്ളത്. ഇവിടെ ആദ്യം ബസ് ചാർജ് വർദ്ധിപ്പിച്ചപ്പോൾ കിലോമീററിന് 14 പൈസ എന്ന നിരക്കിലാണ് വർദ്ധിപ്പിച്ചത്. സ്വാഭാവികമായി പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് അതൊരു വലിയ വർദ്ധനവാണെന്ന് പരാതിയുണ്ടായപ്പോൾ ഗവൺമെൻറ് കുറയ്ക്കുകയാണ് ചെയ്തത്. അമിതമായ ലാഭമുണ്ടാക്കണം അല്ലെങ്കിൽ കെ. എസ് ആർ. ടി. സി.-യുടെ ലാഭം മുഴുവൻ ബസ് ചാർജ് വർദ്ധനവുകൊണ്ട് പരിഹരിക്കണമെന്ന അത്യാഗ്രഹം കൊണ്ടല്ല അങ്ങനെ ചെയ്തത്.

കേരളത്തിൽ ഓടുന്ന ട്രാൻസ്പോർട്ട് ബസ്സുകളിൽ ബഹുഭൂരിപക്ഷവും സ്വകാരമേഖലയിലാണ്. കെ. എസ്. ആർ. ടി. സി.-യിൽ നമുക്ക് നഷ്ടമുണ്ടെങ്കിലും എങ്ങനെയെങ്കിലും നമുക്ക് അതിനെ ഉരുട്ടിക്കൊണ്ട് പോകാൻ സാധിക്കും. സ്വകാര്യ ബസ്സുകളെപ്പററി പറയുകയാണെങ്കിൽ ഫ്ളീററ് ഓപ്പറേറേറഴ്സ് എല്ലാം ബസ് മതിയാക്കുന്നു. ഇപ്പോൾ കൊരമ്പയിൽ അഹമ്മദ് ഹാജി പോലും ബസ്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടെന്നുവെച്ചുവെന്നാണ് പറഞ്ഞുകേൾക്കുന്നത്. അപ്പോൾ അതാണ് പ്രൈവററ്മേഖലയിലെ സ്ഥിതി. നമ്മുടെ സംസ്ഥാനത്തെ ഒററവണ്ടിക്കാരും രണ്ട് വണ്ടിക്കാരും ഇത് കൊണ്ടു പോകുന്നതിന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സംസ്ഥാനത്തെ ഗതാഗതവകുപ്പുമന്ത്രി എന്നുള്ള നിലയിൽ കണ്ടില്ലെന്ന് നടിക്കാൻ എനിക്ക് കഴിയില്ല. പലർക്കും ഒരു തെററിദ്ധാരണയുണ്ട്. ഗംഫ് സർച്ചാർജ് കൊണ്ടാണ് ഈ വിലക്കയററമുണ്ടായതെന്ന്. എന്നാൽ ആ ധാരണ ശരിയല്ല. ഗംഫ് സർചാർജ് വരുന്നതിന് മുൻപുതന്നെ ബസ്ചാർജ് വർദ്ധിപ്പിക്കണമെന്നയാവശ്യം ഉന്നയിക്കുകയും അതേക്കുറിച്ച് ഗവൺമെൻറ് പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയായിരുന്നു. സമയച്ചുരുക്കം കൊണ്ട് ഞാനതിലേയ്ക്കൊന്നും കടക്കുന്നില്ല. 1988 മേയ് മാസത്തിലാണ് കഴിഞ്ഞതവണ ബസ് ചാർജ് വർദ്ധിപ്പിച്ചത്. അതിനുശേഷം സ്പെയർപാർട്ട്സിൻെറ വില 38·6 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഡീസലിൻെറ വില 42 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ടയറിൻെറ വില 18·5 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ടാററയുടെ ചെയിസ്സിന് 2,26,279 രൂപ 39 പൈസ എന്നത് ഇന്ന് 3,28,695 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ലെയ്ലാൻഡിന് 2,20,610 രൂപയായിരുന്നത് 3,20,360 രൂപയായിരിക്കുന്നു. ജി. ഐ. ഷീററ് ടണ്ണിന് 15,000 രൂപയായിരുന്നത് 23,000 രൂപയായിരിക്കുന്നു. അതുപോലെ സ്പ്രിംഗ് അസംബ്ലിംഗിൻെറ കാര്യം. സ്പ്രിംഗ് അസംബ്ലിംഗിന് 1118 രൂപ ഉണ്ടായിരുന്നത് ഇന്ന് 1593 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അത്തരത്തിൽ വിലവർദ്ധന സ്പെയർ പാർട്ട്സിനും മററെല്ലാത്തിനും വർദ്ധിച്ചതിൻെറ അടിസ്ഥാനത്തിലാണ് ബസ് ചാർജ് വർദ്ധിപ്പിക്കാൻ ഗവൺമെൻറ് നിർബന്ധിതമായത്. അപ്പോൾ സ്പെയർ പാർട്സിനും മററ് സാമഗ്രികൾക്കുമെല്ലാം വിലവർദ്ധിച്ചതിൻെറ കണക്കുകൾ എല്ലാം എൻെറ കയ്യിലുണ്ട്. എന്നാൽ സമയക്കുറവുകൊണ്ട് ഞാനതൊന്നും ഇപ്പോൾ വായിക്കാനാഗ്രഹിക്കുന്നില്ല. വേണമെങ്കിൽ അതെല്ലാം ഇപ്പോൾ ഇവിടെ വായിക്കാം. അപ്പോൾ വിലവർദ്ധനവും മററു കാര്യങ്ങളുമെല്ലാം നിസ്സാരമായി കണ്ടിട്ട് കാര്യമില്ല. കൂപ്ലിംഗ് ഫ്ളാങ്ക് 94 രൂപയിൽ നിന്ന് 146 രൂപയായി. എൻജിൻ മൗണ്ടിംഗിന് 1217 രൂപയായിരുന്നത് 1650 രൂപയായി. അബട്ട്മെൻറ് ബ്ലോക്ക് അസംബ്ലിംഗ് 388 രൂപയിൽനിന്ന് 442 രൂപയായി. റേഡിയേററർ അസംബ്ലിംഗ് 2211 രൂപയിൽ നിന്ന് 2352 രൂപയായി. വാട്ടർ പമ്പ് അസംബ്ലിംഗ് 1400 രൂപയിൽ നിന്ന് 1800 രൂപയായി. അപ്പോൾ ഇത്തരത്തിൽ അതിൻെറ മുഴുവൻ ഡീറെറയിൽസും വേണമെങ്കിൽ പ്രതിപക്ഷനേതാവിന് ഞാൻ കൊടുക്കാൻ തയ്യാറാണ്. അപ്പോൾ ചെയിസ്സിൻെറ വില കൂടിയെന്ന് മാത്രമല്ല, അതിൽ ഉപയോഗിക്കുന്ന എല്ലാത്തിൻെറയും വില കൂടി. ഹെഡ് ലൈററ്യൂണിററ് ഉൾപ്പെടെ. ഹെഡ് ലൈററ് യൂണിററിന് മുൻപ് 92 രൂപയുണ്ടായിരുന്നത് 155 രൂപയായി വർദ്ധിച്ചു. അപ്പോൾ ഈ നിലയിൽ എല്ലാത്തിൻെറയും വിലവർദ്ധനവും താങ്ങിക്കൊണ്ട് ബസ് സർവ്വീസ് നിലനിർത്താൻ കഴിയില്ലെന്നുള്ള ഒരു സാഹചര്യമുണ്ടായി.

സ്വകാര്യമേഖലയിൽ ഫെയർ വേജസ് ആക്ട് അനുസരിച്ച് ശമ്പള പരിഷ്ക്കാരമുണ്ടായി. കെ. എസ്. ആർ. ടി. സി.-യിൽ കരാറിൻെറ അടിസ്ഥാനത്തിൽ ശമ്പള പരിഷ്ക്കരണമുണ്ടായി. കഴിഞ്ഞ ഫെയർ റിവിഷൻെറ കൂടെ സമാന്തരമായി വന്ന കാര്യങ്ങളാണിത്. സ്ററാഫ് കോസ്ററ് വർദ്ധിച്ചു, അപ്പോൾ ആ സാഹചര്യത്തിൽ ഈ വ്യവസായം നിലനില്ക്കണമെന്നുണ്ടെങ്കിൽ ബസ് ചാർജ്ജ് വർദ്ധനവ് അനിവാര്യ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ട് വേണ്ടി വന്നു. ഇവിടെ ഒരാഴ്ച സ്വകാര്യ ബസ്സുകൾ ഓടിയില്ല. സ്വകാര്യ ബസ്സുടമകളെയൊന്നും എനിക്ക് നേരിട്ട് പരിചയമൊന്നുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഏററവും വ്യക്തിപരമായി അടുപ്പമുള്ള ഇതിന്റെ സെക്രട്ടറി ശ്രീ. എം. എം. സെബാസ്ററ്യനോട് ചോദിച്ചാൽ വസ്തുത മനസ്സിലാക്കാൻ കഴിയും. അല്ലെങ്കിൽ വർക്കല സുരേന്ദ്രലാലിനോട് ചോദിച്ചാൽ മനസ്സിലാക്കാൻ കഴിയും, അല്ലെങ്കിൽ കൃഷ്ണൻ നായരോട് ചോദിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഞാൻ പോലും അന്ന് പറഞ്ഞിട്ട് കേൾക്കാതെ സ്വകാര്യ ബസ്സുടമകൾ പണി മുടക്കുകയുണ്ടായി. ഈ സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളൊന്നും തന്നെ ഒരാഴ്ച ഓടിയില്ല. വെറും ഒരു തറ രാഷ്ട്രീയമെന്നുള്ള നിലയിൽ അവരെ അടക്കിപ്പിടിച്ച് ആക്ഷേപിച്ചിട്ട് കാര്യമില്ല. കാരണം അത് ഓടിക്കാൻ കഴിയാത്തതുകൊണ്ടുതന്നെയാണ് അവർ വണ്ടികളൊന്നും ഓടിക്കാതിരുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതേക്കുറിച്ച് എന്ത് ആക്ഷേപം മററുള്ളവർ പറഞ്ഞാലും എനിക്കതിനോട് യോജിക്കാൻ നിവൃത്തിയില്ല. അപ്പോൾ അങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ്, ഒഴിവാക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണ്, ഗവൺമെൻറു ഈ ബസ് ചാർജ്ജ് വർദ്ധനവിന് നിർബന്ധിതമായിത്തീർന്നത്. ഒരു ഗവൺമെൻറും മനഃപൂർവ്വം ഒരു വർദ്ധനവും ഉണ്ടാക്കാൻ മുതിരുകയില്ല യെന്നാണ് എനിക്ക് പറയാനുള്ളത്. പ്രത്യേകിച്ചും ഇനിയിപ്പോൾ ജില്ലാ കൗൺസിലിലേക്കുള്ള ഇലക്ഷൻ നടക്കാൻ പോവുകയാണ്. അങ്ങനെ യുള്ള ഒരു സാഹചര്യത്തിൽ ജില്ലാ കൗൺസിൽ ഇലക്ഷൻ നടക്കുമെന്ന് ഉറപ്പുള്ള, അത് അറിയാവുന്ന ഞങ്ങൾ ഏതെങ്കിലും കാരണവശാൽ ഈ ബസ് ചാർജ്ജ് വർദ്ധന ഒഴിവാക്കാൻ കഴിയുമായിരുന്നെങ്കിൽ ഇത് വർദ്ധിപ്പിക്കുമായിരുന്നോ? ഇല്ല. ഇവിടെ കേരളത്തിൽ മുഴുവൻ ഗതാഗതം സ്തംഭിച്ച് ജനങ്ങൾ ഗതാഗതസൗകര്യമില്ലാതെ, യാത്രാസൗകര്യ മില്ലാതെ ബുദ്ധിമുട്ടുമ്പോൾ അവർക്ക് ഗതാഗതസൗകര്യവും യാത്രാസൗക ര്യവുമുണ്ടാക്കി കൊടുക്കേണ്ടത് ഗവൺമെൻറിന്റെ കടമയാണ്. ഉത്തരവാ ദിത്വമുള്ള ഒരു ഗവൺമെൻറിന്റെ ചുമതലയാണ്. അപ്പോൾ അതിനും ഈ ഗവൺമെൻറ് തന്നെ അത്തരം പ്രശ്നങ്ങൾക്ക് മറുപടി പറയേണ്ടിവരും. അതുകൊണ്ടാണ് ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും ബസ്സുടമകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ടി ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. അങ്ങനെ ബസ് ചാർജ്ജ് വർദ്ധിപ്പി ച്ചപ്പോൾ ആദ്യമായി ആ വർദ്ധനവിനെതിരെ ജനങ്ങൾ ആക്ഷേപമുന്നയിച്ച പ്പോൾ, അത് സംബന്ധിച്ച് പരാതികൾ, വന്നപ്പോൾ അക്കാര്യം ഗവൺ മെൻറ് പരിശോധിച്ചപ്പോൾ ചില സ്റേറജുകളിൽ വലിയ ജമ്പിംഗ് ഉണ്ടായിട്ടുണ്ടെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ അത് 25 ശതമാനത്തിൽ ത്തിൽ കൂടുതൽ കൂടാൻ പാടില്ലെന്നുള്ള ഉറച്ച തീരുമാനത്തോടുകൂടിയാണ് ഇപ്പോൾ ഈ 13 പൈസ പെർ കിലോമീററർ എന്ന് വച്ചിരിക്കുന്നത്. തമിഴ്നാട് ഒഴികെ ഇപ്പോൾ ഇൻഡ്യയിലെ മറെറല്ലാ സംസ്ഥാനങ്ങളിലും ബസ് ചാർജ്ജ് ഇവിടെനുള്ളതിനേക്കാൾ വളരെ കൂടുതലാണ്. തമിഴ്നാ ട്ടിലും ഈയിടെ ബസ് ചാർജ്ജ് പുതുക്കി നിശ്ചയിക്കാൻ പോകുന്നു വെന്ന് നമ്മെ അറിയിച്ചിട്ടുമുണ്ട്. അപ്പോൾ ഇതൊരു അഖിലേൻഡ്യാ പ്രതിഭാസമാണ്.

സർ, വാഴയ്ക്കാ അപ്പത്തിനും വടയ്ക്കും ദോശയ്ക്കും തുണിയ്ക്കു മൊക്കെ വില വർദ്ധിക്കുകയാണ്. പേനക്കും പെൻസിലിനും വില വർദ്ധിച്ചു. എന്നിട്ട് അതിലൊന്നും ആർക്കും പരാതിയില്ല. ഈ ബസ് ടിക്കററ് എന്ന് പറയുന്ന ഒരു കഷണം മാത്രം വെറുതെ എഴുതി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നാണ് കരുതുന്നതെങ്കിൽ അത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അല്ലെങ്കിൽ ഇവിടെ പച്ചവെള്ളമൊഴിച്ച് ഓടിക്കാൻ കഴിയുന്ന ഒരു വണ്ടി പുതിയതായി കണ്ടുപിടിക്കണം. ടയറിന് പകരം തടികൊണ്ട് ഒരു പൈത ഉണ്ടാക്കി അതുകൊണ്ട് ഓടിക്കാൻ കഴിയുന്ന ഒരു വണ്ടി പുതിയതായി കണ്ടുപിടിക്കണം. അതല്ലാതെ ഇന്നിപ്പോഴുള്ള യന്ത്രം കൊണ്ടുള്ള ഇന്നത്തെ വണ്ടി ഓടിക്കണമെന്നുണ്ടെങ്കിൽ തീർച്ചയായും അതിനുള്ള വരുമാനം കണ്ടെത്തണം. കച്ചികെട്ടാനുള്ള വള്ളി കച്ചിയിൽനിന്ന് തന്നെ ഉണ്ടാക്കണം. അല്ലാതെ ജനങ്ങൾ കൊടുക്കുന്ന നികുതിപ്പണത്തിൽ നിന്ന് ആ പണം എടുത്ത് ഈ സ്ഥാപനങ്ങൾ നടത്തണമെന്ന് പറയുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് തന്നെ ഗവൺമെൻറ് നടത്തുന്ന കമ്മേർഷ്യൽ രൂപത്തിലുള്ള പ്രവർത്തനങ്ങൾക്ക് അവിടെ നിന്ന് തന്നെ പണം കണ്ടെത്തേണ്ട ബാദ്ധ്യതയുണ്ട്. പൊതുവേതന്നെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ നികുതി പിരിച്ച് ഇലക്ട്രിസിററി ബോർഡും ട്രാൻസ്പോർട്ട് കോർപ്പറേഷനും വാട്ടർ അതോറിററിയുമൊക്കെ അവയുടെ പ്രവർത്തനം നടത്തിക്കൊള്ളണമെന്ന് പറയുന്നത് ഒരു നല്ല സമീപനമല്ല. ബസ്സിൽ കയറുന്നവർ തന്നെ അതിൻെറ ഒരുഭാരം സഹിക്കേണ്ടതായി വരും. അതുകൊണ്ട് വളരെ പ്രയാസമുണ്ടെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിലും ഈ ബസ് ചാർജ്ജ് വർദ്ധനവിന് മുതിരുകയാണ് ഗവൺമെൻറ് ചെയ്തത്. ഈ പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അടിയന്തിരപ്രമേയം പ്രസ് ചെയ്യരുതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാനഭ്യർത്ഥിക്കുന്നു.......(ബഹളം)............

മി. സ്പീക്കർ: ഇതേ സംബന്ധിച്ച് സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൻെറ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു......(ബഹളം)........

ശ്രീ. കെ. കരുണാകരൻ: സർ, ഈ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചുവെങ്കിലും ഇതു സംബന്ധിച്ച് ഒരു ചർച്ചയ്ക്കെങ്കിലും ഗവൺമെൻറ് തയ്യാറാകേണ്ടതായിരുന്നു. ഇത് ചർച്ച ചെയ്യാൻ അങ്ങ് അനുവദിക്കുകയുണ്ടായില്ല. അതുകൊണ്ട് ഗവൺമെൻറ് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ തയ്യാറാണോയെന്നുള്ളത് വ്യക്തമാക്കണം. കാരണം ഇവിടെ ബസ് ചാർജ് വർദ്ധനവിനുണ്ടായ കാരണം മന്ത്രിയിവിടെ പറയുകയുണ്ടായി. എന്നാൽ വസ്തുത അതൊന്നുമല്ല. പ്രശ്നം വേറെയാണ്. 44.46 ലക്ഷം രൂപ ദിവസേന വരുമാനമുണ്ടായിരുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷന് കഴിഞ്ഞ തവണത്തെ റിവിഷൻ ഉണ്ടായതിനുശേഷമുള്ള വരുമാനം 45 ലക്ഷമായിട്ട് കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട ഭരതൻെറ ആർട്ടിക്കിളിൽ തന്നെ പറയുന്നുണ്ട്. ആ ആർട്ടിക്കിളിൽ പറഞ്ഞതായ സംഗതി സത്യത്തിൽ ഒന്നെടുത്തു പരിശോധിച്ചാൽ അങ്ങനെ ഉണ്ടായതിൻെറ കാരണങ്ങളുൾപ്പെടെയുള്ള എല്ലാ വസ്തുതകളും വെളിവാകുന്നതാണ്. ഈ പ്രശ്നം ചർച്ച ചെയ്ത് ഒരു പരിഹാരം ഉണ്ടാക്കുന്നതിന് ഞങ്ങൾ തയ്യാറാണ്. അതിന് സഹകരിക്കാൻ ഞങ്ങൾ സന്നദ്ധരാണ്. അതുകൊണ്ടീപ്രശ്നത്തിൽ ഒരു പരിഹാരമുണ്ടാക്കുന്നതിന് നമ്മൾ ഇക്കാര്യം ചർച്ച ചെയ്യണം. എന്നാൽ ഈ പ്രശ്നത്തിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരമുണ്ടാക്കുന്നതിനായി ഒരു ചർച്ചയ്ക്ക് എങ്കിലും തയ്യാറാണോ എന്ന് ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഒന്നറിഞ്ഞാൽ കൊള്ളാം........ (ബഹളം).............

ശ്രീ. ഇ. കെ. നായനാർ: ശ്രീ. മാണിയുടെ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാവണം. അതല്ലാതെ ഇവിടെ പ്രശ്നമൊന്നുമില്ല............... (ബഹളം)...............

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൻെറ നിർദ്ദേശം ബിസിനസ് അഡ്വൈസറി കമ്മിററിയിൽ ഉന്നയിച്ച് നമുക്ക് ചർച്ച ചെയ്യാം. ഈ സഭയിൽ അത് ഇപ്പോഠം വേണ്ട......(ബഹളം)..........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതല്ല പ്രശ്നം....(ബഹളം)..........

മി. സ്പീക്കർ: ഇതിപ്പോഠം സഭയിൽവച്ച് ചർച്ച വേണ്ട. ഇത് നമുക്ക് ബിസിനസ് അഡ്വൈസറി കമ്മിററി കൂടിയിട്ട് പ്രശ്നത്തിൻെറ ഗൗരവം കണക്കിലെടുത്തുകൊണ്ട് ചർച്ച ചെയ്യണം. അതിനുള്ള സമയം കണ്ടെത്തി ഇക്കാര്യം ചർച്ച ചെയ്യാം. ബിസിനസ് അഡ്വൈസറി കമ്മിററിയിൽ ഇത് ഉന്നയിച്ച് വിശദമായി ചർച്ച ചെയ്യാം........... (ബഹളം)......അടിയന്തിര പ്രമേയത്തിന് അനുമതിയില്ല. മെമ്പർമാർ ദയവുചെയ്ത് ഇരിക്കണം..........(ബഹളം)..........

ശ്രീ. കെ. കരുണാകരൻ: സർ, അതിന് ആദ്യമായി ആവശ്യമായത് ഗവൺമെൻറ് അതിനുള്ള സന്നദ്ധത പ്രകടിപ്പിക്കണം. ബിസിനസ് അഡ്വൈസറി കമ്മിററി കൂടുന്ന സമയമാണ്. ഏതായാലും സർ, ഇത്തരത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ടിക്കററ് നിരക്ക് വർദ്ധിപ്പിക്കാതെതന്നെ കാര്യങ്ങഠം പരിഹരിക്കാനുള്ള സാദ്ധ്യത ഉണ്ടായിരുന്നിട്ടുപോലും ഗവൺമെൻറ് അതിന് മുതിർന്നിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ചർച്ചയ്ക്ക് ഈ സഭയിൽവച്ച് തന്നെ ഗവൺമെൻറ് തയ്യാറാകണം. ഗവൺമെൻറ് അതിന് തയ്യാറാകുന്നില്ലെങ്കിൽപ്പിന്നെ എങ്ങനെയാണ് പ്രശ്നം പരിഹരിക്കുന്നത്? ഗവൺമെൻറ് അതിന് തയ്യാറാണോയെന്ന് ഞങ്ങഠംക്കറിയണം.............(ബഹളം)............

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രി ഇതിന് മറുപടി പറയണം. ചർച്ചയ്ക്ക് തയ്യാറാണോഅല്ലയോ എന്ന്........(ബഹളം)............

മി. സ്പീക്കർ: മുഖ്യമന്ത്രി അടക്കമുള്ള ആളുകഠം ബിസിനസ് അഡ്വൈസറി കമ്മിററിയിൽ വരും. അത് അവിടെ വച്ച് നമുക്ക് തീരുമാനിക്കാം.........(ബഹളം)..........

ശ്രീ. ഉമ്മൻ ചാണ്ടി: ചർച്ചയ്ക്ക് മുഖ്യമന്ത്രി തയ്യാറാണെങ്കിൽ ഇപ്പോഠം പറഞ്ഞാൽ മതി. സമയത്തിൻെറ കാര്യം നമുക്ക് പിന്നീട് തിരുമാനിക്കാം. ഇത്രയും പ്രധാനപ്പെട്ട ഒരു പ്രശ്നത്തിൽ ഒരു ചർച്ച അനുവദിക്കുകയില്ലായെന്ന് പറയുന്നത് ശരിയല്ല............(ബഹളം) ..............

മി. സ്പീക്കർ: ഇതിപ്പോഠം ഇവിടെവച്ച് ചർച്ച ചെയ്യേണ്ട കാര്യമല്ല. അത് നമുക്ക് ബിസിനസ് അഡ്വൈസറി കമ്മിററിയിൽവച്ച് ചർച്ച ചെയ്യാം............(ബഹളം)..............ദയവുചെയ്ത് മെമ്പർമാർ ഇരിക്കണം. നമുക്ക് ബിസിനസ് അഡ്വൈസറി കമ്മിററിയിൽ അതിനെ കുറിച്ച് ആലോചിക്കാം. അതിൽ കൂടുതലൊന്നും പറയാൻ പററില്ല. ദയവുചെയ്ത് ഇരിക്കണം. നമുക്ക് ബിസിനസ് അഡ്വൈസറി

LIBRARY ARCHIVES Kerala Legislative Assembly

കമ്മീററിയിൽവച്ച് പ്രതിപക്ഷനേതാവ് ഉന്നയിച്ച ആവശ്യം തീർച്ചയായും പരിഗണിക്കാം, അത് അവിടെവച്ച് ചർച്ച ചെയ്യാം അല്ലാതെ അതിനെ കുറിച്ച് ചർച്ച ചെയ്യണമെന്ന് സഭയിലിരുന്നുകൊണ്ട് ഇങ്ങനെ നിർബന്ധിക്കരുത് അതിനുള്ള സമയമില്ല..............(ബഹളം)..........

ശ്രീ. കെ. കരുണാകരൻ: സർ, ഇവിടെ ഒരു ചെറിയ ചർച്ചയ്ക്കെങ്കിലും ഗവൺമെൻറ് സമ്മതിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അതിന് തയ്യാറാകുമായിരുന്നു. എന്നാൽ ആരംഭത്തിൽതന്നെ ഇത് നിസാരമാണെന്ന് പറയുകയും ജനങ്ങളുടെ പ്രയാസം മനസിലാക്കാതെ അവർക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ ബസ് ചാർജ് വർദ്ധിപ്പിക്കാതെ സാധിക്കുമോ, അല്ലെങ്കിൽ ഏത് രീതിയിൽ അത് പരിഹരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യാൻപോലും തയ്യാറല്ലാതെ ഞങ്ങളിത് ചെയ്യും നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യൂ എന്നുള്ള ആ വെല്ലുവിളി.... ആ വെല്ലുവിളിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ് സർ.

(ശ്രീ. കെ. കരുണാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽനിന്നും മനസിലായത് ഈ പ്രശ്നത്തിന്റെ ഗൗരവം അദ്ദേഹം മനസ്സിലാക്കിയിട്ടില്ലായെന്നാണ്. വളരെ നിസാരമായി പോയി എന്ന് അദ്ദേഹം പറഞ്ഞത് വളരെ മോശമായിപ്പോയി. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, കേരളം ഈ മൂന്ന് സംസ്ഥാനങ്ങളിലെയും ബസ് ചാർജ്ജിന്റെ കാര്യം എടുക്കുകയാണെങ്കിൽ കേരളത്തിലേക്കാൾ ബസ് ചാർജ് വർദ്ധനവ് തമിഴ്നാട്ടിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് മിനിമം ചാർജിന്റെ കാര്യത്തിൽ അംഗീകരിക്കാൻ, അതിനെ അനുകൂലിക്കാൻ ഞാൻ തയ്യാറല്ല. സർ, മിനിമം ചാർജ് കർണ്ണാടക സംസ്ഥാനത്ത് 45 പൈസയാണ്. തമിഴ്നാട്ടിൽ മിനിമം ചാർജ്ജ് 50 പൈസയാണ്. കേരളത്തിലാണെങ്കിൽ അത് 70 പൈസയാണിപ്പോൾ. അപ്പോൾ മിനിമം ചാർജ്ജ് കൊടുത്ത് യാത്ര ചെയ്യുന്ന സാധാരണക്കാരനും ക്ലാസ് 4 ഉദ്യോഗസ്ഥൻമാരും കേരളത്തിൽ ഇന്നനുഭവിക്കുന്ന ദുരിതങ്ങൾ ബഹുമാനപ്പെട്ട മന്ത്രി കണക്കിലെടുത്തിട്ടില്ലെന്നാണ് ഞാൻ മനസിലാക്കുന്നത്. എന്നാൽ ബസ് ചാർജ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് അതിന്റെ മുന്നോടിയായി നടത്തിയ ഒരു ചർച്ചയിൽ ഒരു ഘട്ടത്തിൽ ഞാനും പങ്കെടുത്തിരുന്നു. അന്ന് വിദ്യാർത്ഥികളുൾപ്പെടെയുള്ള ആളുകൾക്ക് സാധാരണക്കാരന് വില വർദ്ധനവുകൊണ്ട് പൊറുതിമുട്ടുന്ന ഈ സന്ദർഭത്തിൽ ബസ് ചാർജ്ജ് വർദ്ധിപ്പിക്കരുത്, അതിനുപകരം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അതിന് ന്യായമായ വിധത്തിൽ ബസ്സുടമകൾക്ക്, ഫ്ളീററ് ഓണേഴ്സിന്, താൽക്കാലികമായി ടാക്സ് ഇളവു ചെയ്തു കൊടുക്കലാണ് കരണീയമെന്ന് ഞാൻ പറയുകയുണ്ടായി. ഞാൻ അന്നു മാത്രമേ ആ യോഗത്തിൽ സംബന്ധിച്ചുള്ളു. എന്നിട്ട് അവിടുത്തെ മട്ടുകണ്ടപ്പോൾ ആ യോഗത്തിൽ തുടർന്ന് സംബന്ധിക്കേണ്ട കാര്യമില്ലെന്ന് മനസിലാക്കി പിന്നീട് ഞാനതിൽ സംബന്ധിച്ചില്ല. അതുകൊണ്ട് ഞാനിപ്പോൾ പറയുന്നു, ഭീമമായ 24 കോടിയോളം വരുന്ന സംഖ്യ കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം ഉണ്ടെങ്കിൽ അത് നികത്തുന്നത് സാധാരണക്കാരെയും പാവപ്പെട്ടവനെയും ക്ലാസ് 4 ഉദ്യോഗസ്ഥൻമാരെയും പിഴിഞ്ഞ് എടുത്തിട്ട് വേണമെന്നില്ല. അങ്ങനെ വേണമെന്നു പറയുന്ന തത്വത്തോട് ഒരിക്കലും യോജിക്കാനോ

LIBRARY ARCHIVES Kerala Legislative Assembly

അത് അംഗീകരിക്കാനോ നിവൃത്തിയില്ല. നമുക്ക് ഇക്കാര്യം സംബന്ധിച്ച് ഒരു ചർച്ച ഇന്നല്ലെങ്കിൽ മറ്റൊരവസരത്തിൽ ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. അതെങ്കിലും മന്ത്രിക്ക് പറയാമായിരുന്നു. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്ന ഈ ഗവൺമെന്റിന്റെ ഈ നടപടിയെ അനുകൂലിച്ചുകൊണ്ട് ഇവിടെ ഇരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇവിടെനിന്ന് ഇറങ്ങിപ്പോവുകയാണ്.

(ശ്രീ. കെ.മൊയ്തീൻകുട്ടി ഹാജിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

ശ്രീ. കെ. എം. മാണി: സർ, ഈ ചാർജ്ജ് വർദ്ധന ഒരു അഖിലേന്ത്യാ പ്രതിഭാസമായിട്ടാണ് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇവിടെ പ്രതിപാദിച്ചത്. അതിനുവേണ്ടി അദ്ദേഹം

10 a. m.] മഹാരാഷ്ട്രയിലെ കാര്യം ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചുകൊള്ളട്ടെ. ഗുജറാത്തിൽ മിനിമം ചാർജ്ജ് മാത്രമല്ല ഓർഡിനറി ചാർജ്ജ് 8.3 നയാപൈസ മാത്രമാണ്. തമിഴ്നാട്ടിൽ ഓർഡിനറി ചാർജ്ജ് 9.5 പൈസയാണ്. അപ്പോൾ തമിഴ്നാട്ടിലും ഗുജറാത്തിലും കുറഞ്ഞ നിരക്കിൽ ബസുകൾ ഓടിക്കാമെന്നുണ്ടെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം 13 പൈസയെന്നുള്ളത് അമിതമായ ചാർജ്ജ് വർദ്ധനയാണ്. ഇവിടെ ഞങ്ങൾ പ്രതിഷേധിക്കുന്ന കാര്യം ഒറ്റയടിക്ക് അമിതമായ നിലയിൽ ഇവിടെ ചാർജ്ജ് വർദ്ധിപ്പിച്ചുവെന്നുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടാമത്തെ ചാർജ്ജ് വർദ്ധനയാണ് ഇത്. രണ്ടുപ്രാവശ്യം ഞങ്ങൾ ചാർജ്ജ് വർദ്ധിപ്പിച്ചു. ഇത് ഒട്ടകത്തിന്റെ മുതുകൊടിക്കുന്ന അവസാനത്തെ കച്ചിത്തുരുമ്പാണ്. ഈ ഗവൺമെന്റ് മുൻപൊരിക്കൽ ബസ്ചാർജ്ജ് വർദ്ധിപ്പിച്ചു, ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിച്ചു, അരിവില കൂട്ടി, ഇപ്പോൾ വീണ്ടും ബസ്ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുകയാണ്. സാധാരണക്കാരൻ എങ്ങനെ ഈ രാജ്യത്ത് ജീവിക്കും? ഇതാണ് പ്രധാനപ്പെട്ട വിഷയം. ഇതിനെ വളരെ ലാഘവബുദ്ധിയോടുകൂടി കാണാൻ കഴിയുകയില്ല. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ബസ്ചാർജ്ജ് വളരെ കുറഞ്ഞിരിക്കെ കേരളത്തിൽ രണ്ടാമത്തെ തവണയും വളരെ അമിതമായ നിലയിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത് നീതീകരിക്കാൻ ഒട്ടും പാടില്ല. ഇത് ഒരിക്കലും അനുവദനീയമല്ല. അതുകൊണ്ട് മിനിമം ചാർജ്ജുതന്നെ കുറയ്ക്കണം. മിനിമം ചാർജ്ജും ഓർഡിനറി ചാർജ്ജും തമിഴ്നാട്ടിലും കർണ്ണാടകത്തിലും കുറവാണ്. അതുകൊണ്ട് ഇതിനൊരു നീതീകരണവുമില്ല. കെ.എസ്.ആർ.ടി.സി. യുടെ വമ്പിച്ച നഷ്ടം ഒഴിവാക്കാൻ പാവപ്പെട്ടവരെ ക്രൂശിക്കണമോ സർ? കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം ഒഴിവാക്കാൻ മാറു മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. അതിനുപകരം പാവപ്പെട്ടയാളുകളെ ബുദ്ധിമുട്ടിപ്പിച്ചുകൊണ്ട്, ജീവിതച്ചെലവും ജീവിതഭാരവും വർദ്ധിപ്പിച്ചുകൊണ്ട് വിഷമിപ്പിക്കുന്ന ഈ നടപടിയിൽനിന്നും ഗവൺമെന്റ് പിൻതിരിയണം. ഇതിനെപ്പറ്റി ഒരു ചർച്ച വേണം. പിശകുകൾ തിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. അതിന് തയ്യാറാകാതെ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചിരിക്കുന്ന ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

# IV. ശ്രദ്ധക്ഷണിക്കൽ

## (1) പട്ടുനൂൽ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, പത്ത് മണിക്ക് കേന്ദ്രമന്ത്രി പങ്കെടുക്കുന്ന യോഗത്തിൽ ഞാനാണ് അദ്ധ്യക്ഷത വഹിക്കുന്നത്. അതുകൊണ്ട് ഇത് നാളത്തേക്ക് മാററിയാൽ മതി.

മി. സ്പീക്കർ: ശ്രീ. കെ. കെ. തോമസ്, വേഗം പറയുക.

ശ്രീ. കെ. കെ. തോമസ്: സർ, നമ്മുടെ സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിൽ മൾബറിച്ചെടി കൃഷിചെയ്ത് വൻതോതിൽ പട്ടുനൂൽ ഉൽപ്പാദിപ്പിച്ച് ഒരു ഗ്രാമീണ വ്യവസായത്തിനുള്ള സാദ്ധ്യത വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ചെറുകിട കൃഷിക്കാർ മററു കൃഷിക്ക് പ്രയോജനപ്പെടാത്ത അര ഏക്കറും ഒരേക്കറുമുള്ള ഭൂമിയിൽ മൾബറിച്ചെടി കൃഷിചെയ്യുന്നു. പ്രതികൂലമായ കാലാവസ്ഥയെപ്പോലും അതിജീവിച്ച് മൾബറിച്ചെടി സമൃദ്ധിയായി വളരുന്നു. പട്ടുനൂൽ പുഴുക്കൾക്ക് ഇല തീററയായി കൊടുത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഗ്രാമത്തിൽ ഏതാണ്ട് ആയിരത്തോളം കൃഷിക്കാർ ഒരു സെറി കൾച്ചറൽ സൊസൈററി ഖാദി ബോർഡിന്റെ കീഴിൽ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരികയാണ്. എന്നാൽ കേരളത്തിൽ ഇതൊരു ഗ്രാമവ്യവസായമായി വളർത്തുന്നതിന് സംസ്ഥാന ഗവൺമെൻറ് ആവശ്യമായ നടപടികളോ സഹായങ്ങളോ കൃഷിക്കാർക്ക് ചെയ്യുന്നില്ലെന്നുള്ളതാണ് ഖേദകരമായ വസ്തുത. തമിഴ്നാട്ടിലും കർണ്ണാടകയിലും ഇതൊരു വകുപ്പായി പ്രവർത്തിക്കുന്നുണ്ട്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും സിൽക്ക് നിർമ്മാണം ഒരു വ്യവസായമെന്ന നിലയിൽ വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. എന്നാൽ സംസ്ഥാന ഗവൺമെൻറ് ഖാദി ബോർഡിന്റെ കീഴിൽ ഒരു രണ്ടാംകിട സ്ഥാപനമായി ഈ വ്യവസായത്തെ കാണുന്നു. ഗ്രാമീണ മേഖലയിൽ കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്ന ഒരു ഗ്രാമീണ വ്യവസായമായി ഇതിനെ വളർത്തിയെടുക്കണമെങ്കിൽ ഗവൺമെൻറ് കൂടുതൽ സഹായം ചെയ്യണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന കൊക്കൂൺസ് വിററഴിക്കുന്നതിനുള്ള മാർക്കററുകൾ കേരളത്തിലില്ല. വിററഴിക്കുന്നതിന് കോയമ്പത്തൂരും, മംഗലാപുരത്തും കൊണ്ടുപോകേണ്ടിവരുന്നു. കേന്ദ്ര സിൽക്ക് ബോർഡ് നല്ലയിനം ക്വാളിററിയാണ് കേരളത്തിലെ കൊക്കൂൺസ് എന്ന് അംഗീകരിച്ചു. കോയമ്പത്തൂരിൽ കൊണ്ടുചെന്നാൽ അവിടത്തെ മൂന്നാംകിട കൊക്കൂൺസ് 75 രൂപയ്ക്ക് വിൽക്കുമ്പോൾ നിർഭാഗ്യമെന്നു പറയട്ടെ; 30 രൂപയ്ക്കാണ് നമ്മുടെ കൊക്കൂൺസ് വിൽക്കപ്പെടുന്നത്. ദീർഘദൂരം സഞ്ചരിച്ച് ഇത് കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽനിന്നും 1500 കിലോഗ്രാം കൊക്കൂൺസ് കോയമ്പത്തൂരിൽ കൊണ്ടുചെന്നിട്ട് 28-30 രൂപമാത്രമാണ് വിലയായി ലഭിച്ചത്. അതുകൊണ്ട് സംസ്ഥാനത്ത് ഉൽപ്പാദനമേഖലയിൽ കൊക്കൂൺസ് മാർക്കററുകളുണ്ടാകണം. ഇതൊരു വ്യവസായമായി കണ്ട് ഒരു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ കൊണ്ടുവരണം. നിർഭാഗ്യമെന്ന് പറയട്ടെ; ഖാദിബോർഡ് ഉദ്യോഗസ്ഥൻമാർ ഇതിൽ താൽപര്യം കാണിക്കുന്നില്ല. അത് അവർക്ക് പരിശീലനമില്ലാത്തതുകൊണ്ടായിരിക്കാം.



LIBRARY ARCHIVES Kerala Legislative Assembly

എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 10-ാം തീയതി ഒരു സെമിനാർ നടത്തി. ഇരുന്നൂറോളം മൾബറിച്ചെടി കൃഷിക്കാരും പട്ടുനൂൽ ഉൽപ്പാദകരും പങ്കെടുത്തിരുന്നു. ആ സെമിനാറിൽ ഖാദിബോർഡിലെ ഒരു ഉദ്യോഗസ്ഥൻപോലും പങ്കെടുക്കാൻ തയ്യാറായില്ലെന്നുള്ളത് ഖേദകരമാണ്. അതുകൊണ്ട് ഇതൊരു ഡിപ്പാർട്ടുമെന്റാക്കി മാററണം. അതുപോലെതന്നെ കൊക്കൂൺസ് മാർക്കററുകളുണ്ടാകണം. വിത്തുനിക്ഷേപമടങ്ങിയ മുട്ടകൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കണം, വിദൂര സ്ഥലങ്ങളിൽനിന്നും മുട്ടകൾ കൊണ്ടുവരുമ്പോൾ ഇവ തകർന്നുപോവുകയും വിത്തുൽപ്പാദനം വളരെയേറെ കുറയുകയും ചെയ്യും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ മൂന്ന് കാര്യങ്ങളാണ്. ഒന്ന്, കൊക്കൂൺസ് സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള മാർക്കററുണ്ടാകണം, ഗവൺമെന്റ് ഏജൻസിയുണ്ടാകണം. രണ്ട്, കൃഷിക്കാർക്ക് ന്യായമായ വില കിട്ടണം. മൂന്ന്, വിത്തുനിക്ഷേപം അടങ്ങിയ മുട്ടകൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കണം. എല്ലാത്തിലുമുപരിയായി കേന്ദ്ര സിൽക്ക് ബോർഡ് ഇതൊരു വ്യവസായമായി പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, മൾബറി കൃഷി 1990–91 ആകുമ്പോൾ 5250 ഏക്കറിൽ നടത്തണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിൽ 2589 ഏക്കറിൽ ഇപ്പോൾത്തന്നെ തുടങ്ങിക്കഴിഞ്ഞു. 2770 ഏക്കർ സ്ഥലത്തേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ ആവശ്യമായിട്ടുള്ള മൾബറിച്ചെടികൾ വച്ചുപിടിപ്പിച്ച് അത് ഡിസംബർ 31-നകം കൊടുക്കും. ഗവൺമെന്റ് വിചാരിച്ചതിനേക്കാൾ വേഗം കൃഷിക്കാർ ഇത് പെട്ടെന്ന് അഡോപ്റ്റ് ചെയ്തതുകൊണ്ട് ഈ രംഗത്ത് കുറച്ച് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ഇല്ലെന്ന് പറയുന്നില്ല. ഗവൺമെന്റ് ഈ ബുദ്ധിമുട്ടുകൾ എങ്ങനെ ഒഴിവാക്കാമെന്നുള്ളതിനെ സംബന്ധിച്ച് വേഗം ആലോചിക്കുകയും ആവശ്യമായിട്ടുള്ള നടപടികളെടുക്കുകയും ചെയ്തു. ആ എടുത്ത നടപടികളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ കോ-ഓപ്പറേററീവ് സൊസൈററികൾ ഉണ്ടാക്കി. ആ കോ-ഓപ്പറേററീവ് സൊസൈററികളുടെ അടിസ്ഥാനത്തിൽ ഇതൊരു സംഘടിത മേഖലയാക്കി മാററുന്നതിനുള്ള നടപടികൾ വന്നു. ഏതാണ്ട് 472-ഓളം സൊസൈററികൾ ഇതിനകംതന്നെ ഉണ്ടായിക്കഴിഞ്ഞു. ഇനിയും ബാക്കിയുള്ള പഞ്ചായത്തുകളിൽ സൊസൈററികളുണ്ടാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. അതുപോലെ മൾബറികൃഷി ആവശ്യമായി വന്നതോടൊപ്പംതന്നെ കൊക്കൂൺസ് ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് കൊക്കൂൺ മാർക്കററുകൾ അധികമില്ലാത്തതുകൊണ്ട് ഇന്ന് അൽപം ബുദ്ധിമുട്ടുന്നുണ്ട്. ഇടുക്കിക്കാർക്ക് കാന്തല്ലൂരിൽ പോയാൽ മതി, അവിടെ ഒരു മാർക്കററിംഗ് സെന്ററുണ്ട്. അതുപോലെതന്നെ റീലിംഗ് സെന്ററുമുണ്ട്. കഴിഞ്ഞ വർഷമാണ് കാന്തല്ലൂരിൽ ഇത് രണ്ടും സ്ഥാപിച്ചത്. അവിടെ കൊണ്ടുചെന്നാൽ ആവശ്യമായ നടപടികളുണ്ടാകും. മററ് ആറ് സ്ഥലങ്ങളിൽക്കൂടെ ഈ കൊല്ലംതന്നെ കൊക്കൂൺ മാർക്കററുകൾ തുടങ്ങുന്നതാണ്. ഇപ്പോൾ മൂന്ന് സ്ഥലത്താണ് റീലിംഗ് സെന്റർ തുടങ്ങാനുള്ള നടപടികൾ വന്നത്. ആ റീലിംഗ് സെന്ററിലേയ്ക്ക് ആവശ്യമായ മെഷീനറിക്ക് ഓർഡർ ചെയ്യണം. അതുപോലെതന്നെ കൊക്കൂൺ മാർക്കററിൽ സ്റൈറഫ്ളിംഗ് യൂണിററിന് മെഷീനറി വേണം. ഇതിനെല്ലാം ഓർഡർ കൊടുക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. ഞങ്ങളുടെ കണക്കുപ്രകാരം ഇപ്പോൾത്തന്നെ ഏതാണ്ട് ഏഴായിരത്തോളം കൃഷിക്കാർ രജിസ്ററർ ചെയ്തവരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ കൃഷിക്കാർക്ക് പരിശീലനത്തിനുവേണ്ടിയുള്ള നടപടികൾ നടന്നു വരികയാണ്. അതിനാവശ്യമായ സെൻററുകൾ തുറന്ന് പരിശീലനം കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. ഇതിനുപുറമെ മുൻപ് പറഞ്ഞതുപോലെ വിത്തുനിക്ഷേപ മുട്ടകൾ വിരിയിക്കുന്നതിനാവശ്യമായ രണ്ട് സെൻററുകൾ മലബാറിലും തിരുവിതാംകൂറിലും തുടങ്ങുന്നതിന് തീരുമാനമെടുത്ത് സ്ഥലം നോക്കിത്തുടങ്ങി. അതുപോലെതന്നെ കൃഷിക്കാർക്കാവശ്യമായ Loan കൊടുക്കുന്നതിനാവശ്യമായ നടപടികൾ എന്തൊക്കെയെന്ന് ചർച്ചചെയ്തു തീരുമാനിച്ചു. Subsidy-യും കൊടുക്കുന്നതാണ്. നബാർഡും മററു ബാങ്കുകളും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളുമായിട്ട് കൂടിയാലോചിച്ച് ലോൺ കൊടുക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്.

അതുപോലെതന്നെ മററ് സെറിക്കൾച്ചർ കൃഷിക്കാർക്കാവശ്യമായിട്ടുള്ള എല്ലാ സഹായ സഹകരണങ്ങളും ചെയ്തുകൊടുക്കുന്നതിന് നടപടികളുണ്ട്. ഇത് ആദ്യത്തെ നടപടിയാണ്. അതുകൊണ്ട് ഇതിനു എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും ഇളവു കിട്ടാൻവേണ്ടി ഖാദിയുടെ കീഴിലുള്ള ഒരു ഗ്രാമ വ്യവസായമായി പ്രഖ്യാപിക്കുകയാണ് നല്ലതെന്നുള്ള അടിസ്ഥാനത്തിലാണ് ഇതു രണ്ടും ഖാദിയുടെ കീഴിൽ ഡിക്ളെയർ ചെയ്തത്. കാലാന്തരത്തിൽ ഇതു വളർന്നുവരുമ്പോൾ പ്രത്യേകമായിട്ടുള്ള ഒരു സെറിക്കൾച്ചർ ഡിപ്പാർട്ടുമെൻറും അതിനാവശ്യമായിട്ടുള്ള സിൽക്ക് ബോർഡിൻെറ രൂപത്തിലുള്ള ബോർഡോ മററോ സംഘടിപ്പിക്കുന്നതിനും കുറച്ചുകൂടി ആലോചിച്ച് ചെയ്യാമെന്നുള്ള നിലയിൽ ആണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതിന് അത്യാവശ്യമായിട്ടുള്ള ഉദ്യോഗസ്ഥൻമാരെ മാത്രം വച്ചു. കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനായി കേന്ദ്രത്തിൽ ആവശ്യമായിട്ടുള്ള പണമില്ലാതെ വരും. അതുകൊണ്ടാണ് ഉദ്യോഗസ്ഥ സംവിധാനം വളരെ കൂടുതലുണ്ടാകാത്ത നടപടിയിലേയ്ക്കുമാത്രം ഒതുങ്ങിയത്. തീർച്ചയായും ഇന്നത്തെ നിലയിൽ ഇതു വളർന്നുവരുന്നതു നമ്മൾ വിചാരിക്കുന്നതിനേക്കാൾ വളരെ വേഗമാണ്. സെറിക്കൾച്ചർ വ്യവസായം നമ്മുടെ നാട്ടിൽ വളരെ വേഗം വളരുകയാണ്. അതിനാൽ ഇതിനാവശ്യമായിട്ടുള്ള നടപടികളുണ്ടാകണം. ആവശ്യമായിട്ടുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കണം. മൾബറി കൃഷിക്കാവശ്യമായിട്ടുള്ള തൈകൾ, കമ്പ് എന്നിവ സൗജന്യമായിട്ടാണ് കൊടുക്കുന്നത്. ട്രാൻസ്പോർട്ടിംഗ് ചാർജ് ഗവൺമെൻറാണ് വഹിക്കുന്നത്. മൾബറി കൃഷിക്കാർക്ക് കൃഷിനിലം സജ്ജമാക്കുന്നതിനാവശ്യമായിട്ടുള്ള സബ്സിഡി ഗവൺമെൻറ് കൊടുക്കുന്നുണ്ട്. മററു വിധത്തിലുള്ള നടപടികളും ഉണ്ട്. ബാങ്കുകളുമായി ആലോചിച്ച് ലോൺ കൊടുക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൊക്കൂൺ മാർക്കററിംഗിനുവേണ്ടിയുള്ള നടപടികളും എടുക്കുന്നുണ്ട്. മൂന്നു റീലിംഗ് സെൻററുകൾ ആരംഭിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ ഉദുമയിൽ കെ. എസ്. ടി. സി. എടുത്തിരുന്ന കെട്ടിടം മാററി അവിടെ കൊക്കൂൺ മാർക്കററ് തുടങ്ങി. കാന്തല്ലൂരിലും കൊക്കൂൺ മാർക്കററിംഗ് തുടങ്ങിയിട്ടുണ്ട്. പ്രൈവററ് വ്യക്തികൾ ആരെങ്കിലും ഈ രംഗത്തേയ്ക്കുവരാൻ തയ്യാറാണെങ്കിൽ അവർക്കാവശ്യമായിട്ടുള്ള സഹായം ഗവൺമെൻറ് കൊടുക്കും. ഇടുക്കിയിൽ കേന്ദ്ര ഗവൺമെൻറിൻെറ വെസ്ററേൺ ഗാട്ട് സ്കീമുണ്ട്. Central Silk Board-ൻെറ പ്രത്യേക ഉദ്യോഗസ്ഥൻമാരുമുണ്ട്. അവരുടെ സംവിധാനങ്ങളുമുണ്ട്. ആ സംവിധാനങ്ങൾ ഇടുക്കിയിലെ കൃഷിക്കാർ ഉപയോഗിക്കാൻ നോക്കണം. പാലക്കാടും വയനാടും അതു വ്യാപിപ്പിച്ചിട്ടുമുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. തോമസ്: സർ, ഇടുക്കി ജില്ലയിലും കോട്ടയം ജില്ലയിലും ഉൽപ്പാദനം വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. അവിടെ അടിയന്തിരമായി കൊക്കൂണിന് മാർക്കററിംഗിൽ നല്ല വില കിട്ടുന്നതിനും കൃഷിക്കാർക്ക് പ്രോത്സാഹനം കിട്ടുന്നതിനുമായി ഒരു കൊക്കൂൺ മാർക്കററ് ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ: ഇപ്പോൾ കാന്തല്ലൂരിൽ മാർക്കററുണ്ട്. കാന്തല്ലൂരിലുള്ളതുകൊണ്ടാണ് കോട്ടയത്ത് ആലോചിക്കാതെ വന്നത്. ഇപ്പോൾ പ്രധാനമായും രണ്ടു ജില്ലകൾക്ക് ഒന്ന് എന്നുള്ള നിലയിലാണ് കൊക്കൂൺ മാർക്കററ് തുടങ്ങാൻ തീരുമാനിച്ചത്. ആവശ്യമാണെന്നു കണ്ടാൽ, കൃഷിക്കാർക്ക് എവിടെയെങ്കിലും ബുദ്ധിമുട്ടുണ്ടെന്നുകണ്ടാൽ അവിടെയൊക്കെ കൊക്കൂൺ മാർക്കററ് തുടങ്ങാൻ തയ്യാറാണ്.

## (2) 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് നടപ്പിലാക്കിയതിനെ തുടർന്ന് ട്രാൻസ്പോർട്ട് രംഗത്ത് സംജാതമായിരിക്കുന്ന പ്രതിസന്ധി

ശ്രീ. ഒ. ഭരതൻ: സർ, ബസ് ചാർജ് വർദ്ധനയേക്കാൾ ഗൗരവതരമായ ഒരു പ്രശ്നമാണ് 1989-ലെ ജൂലായ് ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ നടത്തിപ്പിന്റെ ഫലമായി ഉണ്ടായിട്ടുള്ളത്. ബസ് ചാർജ് വർദ്ധനവിന്റെ ഫലമായി കാശ് കൂടുതൽ കൊടുത്താൽ ആളുകൾക്ക് യാത്ര ചെയ്യാം. എന്നാൽ 1989-ലെ ആക്ട് പ്രാബല്യത്തിൽ വന്നപ്പോൾ യാത്രാസൗകര്യം തന്നെയില്ല. ഇപ്പോൾ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളുടെ കിഴക്കൻ മലയോര പ്രദേശങ്ങളിൽ, ഉദാഹരണമായി ചെമ്പേരി, ചെമ്പൻതൊട്ടി, ശ്രീകണ്ഠപുരം, ആലക്കോട്, രാജഗിരി, ഉദയഗിരി, തിരുവമ്പാടി, കൂമ്പാറ, കുണ്ടുതോട്, വെലങ്ങാട്, കൂടരഞ്ഞി, കൊടിയത്തൂർ, കാവിലുംപാറ, ചാത്തംകോട്, കൂരാച്ചുണ്ട്, കിഴക്കഞ്ചേരി, മംഗലം ഡാം, പറശ്ശേരി, പുത്തൻകുളമ്പ്, അയിലൂർ, അടിപ്പെരണ്ട, മണ്ണപ്പാടം, കലിപ്പാറ, പണ്ടാരംകോട് ഇങ്ങനെ നിരവധി പ്രദേശങ്ങളിലെ ആളുകൾക്ക് യാത്രാ സൗകര്യമില്ല. 1939-ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് 1989 ജൂലായ് മാസം ഒന്നാം തീയതി മുതലാണ് പ്രാബല്യത്തിൽ വന്നത്. 1939-ലെ നിയമമനുസരിച്ച് ഒരു റൂട്ടിൽ ഒരു പ്രദേശത്ത് ബസ് വേണമോ, വേണമെങ്കിൽ എത്രയെന്ന് തുടങ്ങിയുള്ള കാര്യങ്ങളെപ്പററി ആലോചിക്കാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിററിക്ക് അധികാരമുണ്ടായിരുന്നു. ഇന്നിപ്പോൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിററിക്ക് ആ അധികാരമില്ല. ഒരു റൂട്ടിൽ ബസ് ഓടിക്കാൻ ആവശ്യപ്പെട്ടാൽ അവർക്ക് പെർമിററ് നിരോധിക്കാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിററിക്ക് അധികാരമില്ല. അതിന്റെ ഫലമായി നാഷണൽ ഹൈവേയിലെ റോഡുകളിൽ മൽസരിച്ച് വാഹനങ്ങളുടെ തിരക്കാണ്. അനാശാസ്യകരവും അനാരോഗ്യകരവുമായിട്ടുള്ള മൽസരമാണുള്ളത്. അതിന്റെ ഫലമായി നാഷണൽ ഹൈവേയിലാണെങ്കിൽ ആളുകൾക്ക് ജീവൻരക്ഷാ ബോധത്തോടെ യാത്രചെയ്യാൻ സാധിക്കുന്നില്ല, കൃത്യമായി ബസ് ഓടിക്കാൻ സാധിക്കുന്നില്ല. അനേകം ബസ്സുകൾ ഒരേ സമയത്ത് ഓടുന്നുണ്ടാകും. കുഗ്രാമങ്ങളിലാണെങ്കിൽ ബസ്സുകൾ ഓടുന്നില്ല. ഗ്രാമങ്ങളിലെ പതിനായിരക്കണക്കിന് ആളുകൾക്ക് യാത്ര

ചെയ്യാൻ സൗകര്യമില്ല. 1989 ജൂലായ് മാസം ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം ഞങ്ങൾ കേന്ദ്ര ഗവൺമെന്റിൽ ഇതു സംബന്ധിച്ച് നിവേദനം നടത്തിയിരുന്നു. ഈ വ്യവസായരംഗത്ത് വർദ്ധിച്ചുവരുന്ന അനാശാസ്യകരമായ സംഭവങ്ങളെ സംബന്ധിച്ചും കേന്ദ്രഗവൺമെന്റിൽ നിവേദനം നടത്തിയിരുന്നു. ഈ നിയമം ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്ന ശ്രീമാൻ ഉണ്ണികൃഷ്ണൻ ഞങ്ങളോടു പറഞ്ഞത് അടിയന്തിരമായി ഈ നിയമം ഭേദഗതി ചെയ്യാനുള്ള നടപടികൾ ആരംഭിക്കുമെന്നാണ്. പക്ഷേ, ഒരു നടപടിയും ഇതുവരെ ആരംഭിച്ചിട്ടില്ല. ഞങ്ങൾ സംസ്ഥാന ഗവൺമെന്റിനും നിരവധി തവണ നിവേദനം കൊടുത്തിരുന്നു. ഒട്ടനവധി തവണ സംയുക്തമായിട്ടുള്ള കോൺഫറൻസുകൾ വിളിച്ചിട്ടുണ്ട്. വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, സഹകരണ സ്ഥാപനങ്ങൾ ഇവരൊക്കെ ഗവൺമെന്റിന് ഇതു സംബന്ധിച്ച് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അനുരഞ്ജന സമ്മേളനം വിളിച്ചുകൂട്ടി നിയമം ഭേദഗതി ചെയ്യുന്നതാണെന്ന് വാഗ്ദാനം നൽകി. പക്ഷെ നിയമം ഭേദഗതി ചെയ്തിട്ടില്ല. ഇങ്ങനെ പോയാൽ കേരളത്തിലെ സ്വകാര്യ ബസ് ട്രാൻസ്പോർട്ട് വ്യവസായം ആകെ നിശ്ചലമായിത്തീരാൻ പോകുകയാണ്. ഇപ്പോൾ ഗൗരവതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും കുറവിന്റെ ഫലമായി ഈ വ്യവസായത്തിനു നേരിടേണ്ടിവന്ന കുഴപ്പങ്ങളേക്കാൾ ഗൗരവതരമായ കുഴപ്പമാണ് ഈ നിയമം നടപ്പിലാക്കപ്പെട്ടതിന്റെ ഫലമായി ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണപിള്ള): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളോട് നൂറു ശതമാനം യോജിപ്പാണുള്ളത്. 1939-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ സ്ഥാനത്ത് 1988-ലെ പുതിയ നിയമം വന്നപ്പോൾ നമ്മുടെ ഗതാഗതരംഗത്ത് പുതിയ പ്രതിസന്ധികൾ ഉണ്ടായിരിക്കുകയാണ്. അത് കേരളത്തെ വളരെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് ഈ സഭയിൽ നേരത്തെ പലതവണ പറഞ്ഞിട്ടുണ്ട്. കാരണം യാതൊരു നിയന്ത്രണവുമില്ലാതെ പെർമിററുകൾ ലഭ്യമാക്കുന്ന വ്യവസ്ഥകളാണ്, പുതിയ മോട്ടോർ വാഹന നിയമത്തിലുള്ളത്. അതിന്റെ ഫലമായി മെമ്പർ സൂചിപ്പിച്ചതുപോലെ ഉൾപ്രദേശങ്ങളിലെ പെർമിററുകൾ സറണ്ടർ ചെയ്ത് മെയിൻ റൂട്ടിലേക്ക് കൂടുതൽ വാഹനങ്ങൾ വന്ന് അനാരോഗ്യകരമായ മൽസരം ഉണ്ടാവുകയും ചെയ്യുന്നു. അതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റിന് യാതൊരു നിയന്ത്രണവും ഇതിന്റെ മേൽ ഇല്ലാതെയുള്ള ഒരവസ്ഥയാണ് പുതിയ നിയമത്തിൽ വിഭാവന ചെയ്തിരിക്കുന്നത്. ഈ രംഗത്തുള്ള ട്രേഡ് യൂണിയൻ പ്രതിനിധികളും ബസ് ഓപ്പറേററർമാരുമെല്ലാം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നു. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ മുൻപിൽ ആവശ്യമായ ഭേദഗതിക്കായി സമർപ്പിച്ചിരുന്നു. അതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ഒരു കമ്മിററിയെ നിയോഗിച്ചു. ആ കമ്മിററി ഇതു പരിശോധിച്ച് ചില ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ആ ഭേദഗതികൾ നൂറു ശതമാനം നമ്മെ തൃപ്തരാക്കുന്നവയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കേരളത്തിൽ ലോക്കൽ അമെൻറുമെൻറ്വഴി ആ നിയമം ഭേദഗതി ചെയ്ത് നമുക്കുള്ള പഴയ നിയന്ത്രണങ്ങൾ വീണ്ടെടുത്ത് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വാഹനങ്ങൾ ഓടിക്കാൻ കഴിയുന്ന സ്ഥിതി സംജാതമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ അമെൻറുമെൻറുകൾ തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് അയച്ചുകൊടുത്തു. അത് ഓർഡിനൻസായി കൊണ്ടുവരുന്നതിന് അനുവാദം ആവശ്യപ്പെട്ടു. കേന്ദ്രത്തിലെ ആഭ്യന്തരവകുപ്പ് ഓർഡിനൻസ് രൂപത്തിലാക്കിത്തരണമെന്നു പറഞ്ഞ് തിരിച്ചയച്ചിരിക്കുകയാണ്. കാരണം ആഭ്യന്തരവകുപ്പാണ് ഓർഡിനൻസുകൾ കൈകാര്യം ചെയ്യുന്നത്. അതനുസരിച്ച് നമ്മുടെ നിയമവകുപ്പ് അത് ഓർഡിനൻസ് രൂപത്തിലാക്കിക്കൊണ്ടിരിക്കുകയാണ്. അത് ഉടനെ വീണ്ടും കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കുന്നതാണ്.

ശ്രീ. ഒ. ഭരതൻ: അങ്ങനെ ഒരു ഓർഡിനൻസ് പ്രാബല്യത്തിൽ വരുന്നതുവരെ ഇപ്പോൾ ഓടുന്ന ബസ്സുകളുടെ പെർമിററ് പിൻവലിച്ച് വേറൊരു സ്ഥലത്തേക്ക് ഓടാനുള്ള പെർമിററിന് വേണ്ടി അപേക്ഷിക്കുന്ന ഏർപ്പാട് തടയുന്നതിനുവേണ്ടിയുള്ള കർശനമായ നിർദ്ദേശം റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടിക്ക് കൊടുക്കുമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഇന്നത്തെ നിയമത്തിനകത്തുനിന്നുള്ള എല്ലാ നിർദ്ദേശങ്ങളും കൊടുക്കാൻ കഴിയും. പക്ഷെ അങ്ങനെ നിർദ്ദേശങ്ങൾ കൊടുക്കുമ്പോൾ കോടതിയിലോ മറേറാ പോയാൽ ചിലപ്പോൾ നിൽക്കാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. ഏതായാലും പരമാവധി പരിശ്രമിക്കുന്നതാണ്.

## V. സബ്മിഷൻ

### (1) മഹാരാഷ്ട്രയിലെ ജോഗേശ്വരിയിലുള്ള സ്നേഹസദനിൽ രണ്ടു കന്യാസ്ത്രീകൾ കൊലചെയ്യപ്പെട്ട സംഭവം

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, മഹാരാഷ്ട്ര സംസ്ഥാനത്തിലെ ജോഗേശ്വരിയിൽ 'സ്നേഹസദൻ' എന്ന ആശ്രമത്തിലെ രണ്ടു കന്യാസ്ത്രീകൾ മൃഗീയമായി കൊലചെയ്യപ്പെട്ടു. അതിൽ ഒരു കന്യാസ്ത്രീ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചാത്തമംഗലം പഞ്ചായത്തുകാരിയാണ്. തെരുവുകുട്ടികളെ ദത്തെടുത്ത് വളർത്തുന്ന ഏററവും മനുഷ്യസ്നേഹപരമായ ജീവകാരുണ്യപരമായ ജോലിയാണ് അവർ നിർവഹിച്ചുവരുന്നത്. ഇതുപോലെ ആതുരശുശ്രൂഷാരംഗത്ത് ഒരുപാട് കന്യാസ്ത്രീകൾ കേരളത്തിൽനിന്ന് വിവിധ സംസ്ഥാനങ്ങളിൽ പോയി സേവനമനുഷ്ഠിക്കുന്നുണ്ട്. അത്തരം കന്യാസ്ത്രീകൾക്കെതിരായി കൊലപാതകമുൾപ്പെടെയുള്ള അക്രമങ്ങൾ മഹാരാഷ്ട്ര, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളടക്കം നടക്കുകയാണ്. നേരത്തെ ഉത്തർപ്രദേശിൽ രണ്ടു കന്യാസ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടു. ഈ കന്യാസ്ത്രീകളുടെ കൊലപാതകം അന്വേഷിച്ച് ഫലപ്രദമായ നടപടി എടുക്കാൻ മഹാരാഷ്ട്രാ ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ലെന്നാണ് എനിക്കു കിട്ടിയ വിവരത്തിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്. മഹാരാഷ്ട്ര ഗവൺമെൻറുമായി ബന്ധപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ അന്വേഷണം നടത്തി ഈ ക്രൂരമായ നടപടികൾക്ക് ഉത്തരവാദികളായ ആളുകൾക്കെതിരായി നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സി.ബി.ഐ.യെക്കൊണ്ട് കേസ് അന്വേഷണം നടത്തിക്കത്തക്കവിധത്തിൽ മഹാരാഷ്ട്ര ഗവൺമെൻറും കേന്ദ്ര ഗവൺമെൻറുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെൻറ് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, മഹാരാഷ്ട്രയിൽ ബോംബെക്ക് അടുത്തുള്ള ജോഗേശ്വരി സ്നേഹസദൻ ആശ്രമത്തിലെ സിസ്റ്റർ പ്രിയയും സിസ്റ്റർ സിൽവിയാ ഡിസൂസയും കഴിഞ്ഞ നവംബർ മാസം 15-ാം തീയതി രാത്രി ക്രൂരമായി കൊല്ലപ്പെടുകയുണ്ടായി. അവർ അക്രമികളുടെ കുത്തേററാണ് കൊല്ലപ്പെട്ടത്. കേരളത്തിൽനിന്ന് മഹാരാഷ്ട്രയിൽ അനാഥാലയം നടത്തിവന്നിരുന്ന കന്യാസ്ത്രീകളെ ദാരുണമായി കൊലപ്പെടുത്തിയ നിന്ദ്യവും നീചവുമായ പ്രവൃത്തിക്കെതിരെ കേരളജനതയുടെ വികാരം ഞാൻ മഹാരാഷ്ട്ര മുഖ്യമന്ത്രിയെ വയർലസ് സന്ദേശം വഴി അറിയിക്കുകയും ഫലപ്രദമായ അന്വേഷണം നടത്തി കൊലപാതകികളെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്ന കാര്യത്തിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## (2) റേഷൻകടകളിലൂടെയുള്ള പാമോയിൽ വിതരണത്തിലെ സ്തംഭനം

ശ്രീ. സി. എഫ്. തോമസ്: സർ, നമ്മുടെ സംസ്ഥാനത്ത് റേഷൻകടകളിൽക്കൂടി വിതരണം ചെയ്തിരുന്ന പാം ഓയിലിൻെറ വിതരണം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഒരു തുള്ളി പാം ഓയിൽ പോലും ഒരിടത്തും കിട്ടാനില്ല. കഴിഞ്ഞ നവംബർ മാസത്തെ അലോട്ടുമെൻറുപോലും റേഷൻ കടകളിൽ ഇല്ല. അതു പോലും കൊടുത്തിട്ടില്ല. ഡിസംബർ മാസം 17 ആയി. ഡിസംബർ മാസത്തിലുമില്ല. അടുത്ത ആഴ്ചയാണ് ക്രിസ്മസ്. ആ കാലത്തുപോലും കേരളത്തിലെ മലയാളികൾക്ക് ആശ്വാസമായിരുന്ന പാം ഓയിൽ ഇല്ലാതായി. സാധനങ്ങൾക്കൊക്കെ വലിയ വിലയാണ്. അതിനു പുറമേയാണ് ഉള്ള ആശ്വാസം പോലും ഇല്ലാതാകുന്ന ഒരു അവസ്ഥയുണ്ടായിരിക്കുന്നത്. ഗവൺമെൻറ് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് സമയത്തിൻെറ പ്രാധാന്യമെങ്കിലും മനസ്സിലാക്കി ഈ അവസരത്തിലെങ്കിലും പാം ഓയിൽ വിതരണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, നവംബർ മാസത്തെ അലോട്ടുമെൻറായ 4,800 ടൺ പാം ഓയിൽ ഉള്ളതിൽ 1,500 ടണ്ണോളം മാത്രമേ നമുക്കെടുക്കാൻ കഴിഞ്ഞുള്ളു. കേന്ദ്ര ഗവൺമെൻറിൻെറ എസ്.ടി.സി. യാണ് ഇത് ഇറക്കുമതിചെയ്യുന്നത്. അവരുടെ മദ്രാസിലോ, ബാംഗ്ലൂരിലോ, മാംഗ്ലൂരിലോ, ബോംബെയിലോ ഉള്ള സ്റേറാറുകളിൽ ഒരു തുള്ളി പാം ഓയിൽ പോലുമില്ലെന്നാണ് പറയുന്നത്. പാം ഓയിലിൻെറ ഇറക്കുമതി നിറുത്തി. ഡിസംബർ മാസത്തിലെ അലോട്ടുമെൻറുമില്ല. ഇപ്പോൾ അറിയിച്ചിട്ടുള്ളത് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്തുവെന്നാണ്. അത് നമുക്ക് എത്രത്തോളം എഡിബിളായിരിക്കുമെന്ന് വന്നതിനുശേഷം പരിശോധിച്ചതിനുശേഷമേ പറയാൻ കഴിയൂ. അത് വന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ കിട്ടുകയുള്ളു. കേന്ദ്ര ഗവൺമെൻറിന് എവിടെയെങ്കിലും ഒരു ശേഖരമുണ്ടെങ്കിൽ ക്രിസ്മസ് പ്രമാണിച്ച് കുറച്ച് പാം ഓയിൽ തരണമെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിന്റെ സ്റേറാക്ക് പാം ഓയിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ ക്രിസ്മസ് പ്രമാണിച്ച് നാലായിരം ടണ്ണെങ്കിലും തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കഴിയുമെങ്കിൽ ഞാൻ നേരിട്ട് ബന്ധപ്പെടാൻ ശ്രമിക്കുന്നുണ്ട്. കൈയിലുള്ള കുറച്ച് സ്റേറാക്ക് ക്രിസ്മസ് ചന്തകളിലൂടെ കൊടുക്കുകയാണ്. റേഷൻ കടകളിൽക്കൂടി കൊടുക്കാൻ സാധനമില്ല.

മി. സ്പീക്കർ: നമുക്ക് വെളിച്ചെണ്ണ വേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, അത് വേണ്ടെന്ന് പെട്ടെന്ന് പറയാൻ കഴിയുമോ? കേന്ദ്ര ഗവൺമെൻറ് വെളിച്ചെണ്ണയേ തരുന്നുള്ളു. അത് പൊതുവിതരണ ശൃംഖലയിൽക്കൂടി കൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടാൽ കൊടുക്കുകയില്ലെന്ന് പെട്ടെന്ന് റിയാക്ട്ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് ആലോചിച്ചേ പറയാൻ കഴിയൂ.

## (3) മൂവാററുപുഴയിൽ മിനി സിവിൽ സ്റേറഷൻ

ഡോ. എ. വി. ഐസക്: സർ, എറണാകുളം ഡിസ്ട്രിക്ടിലെ അതിപ്രധാനമായ ഒരു പട്ടണമാണ് മൂവാററുപുഴ. അവിടെ ഏതാണ്ട് 80 ഗവൺമെൻറു സ്ഥാപനങ്ങളോളം പ്രവർത്തിക്കുന്നുണ്ട്. അതിൽ നാൽപ്പതെണ്ണത്തിലധികം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏതാണ്ട് ലക്ഷക്കണക്കിന് രൂപ വാടകയിനത്തിൽ ഗവൺമെൻറ് ഈ കാര്യത്തിൽ ചെലവഴിക്കുന്നുണ്ട്. എട്ടേക്കറോളം സ്ഥലം ആ പട്ടണത്തിന്റെ ഹൃദയഭാഗത്ത് കിടക്കുന്നുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് പൈസ വാങ്ങിച്ചിട്ട് ഒരു മിനി സിവിൽസ്റേറഷൻ പണിയുകയാണെങ്കിൽ വാടക കൊടുക്കുന്ന പൈസകൊണ്ട് അത് കൊടുത്ത് തീർക്കാൻ കഴിയും. അതുകൊണ്ട് എത്രയും വേഗം ഗവൺമെൻറിന്റെ ശ്രദ്ധ ഒരു മിനി സിവിൽസ്റേറഷൻ പണിയുന്നതിനുവേണ്ടി തിരിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, എവിടെയൊക്കെ സിവിൽ സ്റേറഷൻ വേണമെന്ന് ഗവൺമെൻറ് ആലോചിച്ച് ഒരു പ്രയോറിററി ലിസ്ററ് തയ്യാറാക്കാറുണ്ട്. ആ ലിസ്ററിൽ ഇപ്പോൾ മൂവാററുപുഴ സിവിൽസ്റേറഷൻ ഉൾപ്പെടുത്തിയിട്ടില്ല. അങ്ങനെ മൊത്തത്തിൽ നയപരമായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലേ ഉൾപ്പെടുത്താൻ കഴിയൂ. അത് സംബന്ധിച്ചിടത്തോളം ഇപ്പോൾ പ്രാഥമികമായ നടപടികളാരംഭിക്കാൻ നിവർത്തിയില്ലെന്ന് അറിയുകയാണ്.

# VI. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

## വെളിച്ചെണ്ണ ഇറക്കുമതി

മി. സ്പീക്കർ: റൂൾ 300 അനുസരിച്ചുള്ള സ്റേററുമെൻറ് ബഹുമാനപ്പെട്ട മന്ത്രിക്ക് അവതരിപ്പിക്കാം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. വി. വി. രാഘവൻ): സർ, കേന്ദ്ര ഗവൺമെൻറ് വെളിച്ചെണ്ണ ഇറക്കുമതി നടത്താൻ തീരുമാനിച്ചുവെന്നും ഇറക്കുമതി തുടങ്ങിക്കഴിഞ്ഞു എന്നുമുള്ള ഔദ്യോഗിക വക്താവിന്റെ

പ്രഖ്യാപനം കേരളത്തിലെ മുപ്പതുലക്ഷം കേര കർഷകരുടെയിടയിൽ കടുത്ത അമർഷവും ഞെട്ടലും ഉളവാക്കിയിരിക്കുന്നു. കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യുകയില്ലെന്ന് മുൻ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് ഉറപ്പുനൽകിയിരുന്നു. അത് ലംഘിച്ചുകൊണ്ട് ഒരു അറിയിപ്പുപോലും നൽകാതെയാണ് ഇപ്പോഴത്തെ നടപടി. നാളികേരത്തിന്റെ വിളവെടുപ്പുവേളയുടെ തൊട്ടുമുമ്പായി കേന്ദ്ര സർക്കാർ കൈക്കൊണ്ട ഈ നടപടി സംസ്ഥാന ഗവൺമെന്റിന്റെ സമ്പദ്ഘടനയെ വിപരീതമായി ബാധിക്കുന്നതാണ്. കൊപ്രയുടെ സംഭരണത്തിലും സംസ്കരണത്തിലും വിപണനത്തിലും നിർണ്ണായക പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുള്ള കേര കർഷകരുടെ സഹകരണസ്ഥാപനമായ കേരഫെഡിന്റെ പ്രവർത്തനത്തെയും ഈ ഇറക്കുമതി നയം വിപരീതമായി ബാധിക്കും. വെളിച്ചെണ്ണയും കൊപ്രയും ചുരുങ്ങിയ വിലയ്ക്ക് തട്ടിയെടുത്ത് വ്യവസായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി അമിതലാഭം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഇൻഡ്യയിലെ കുത്തക വ്യവസായികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് കേന്ദ്രസർക്കാർ ഇപ്പോൾ ഈ നടപടിക്ക് മുതിർന്നതെന്ന് പകൽ വെളിച്ചംപോലെ വ്യക്തമാണ്. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം ഉപേക്ഷിക്കണമെന്ന് പ്രധാനമന്ത്രിയോടും ഉപപ്രധാനമന്ത്രിയോടും വാണിജ്യ വകുപ്പുമന്ത്രിയോടും കമ്പിസന്ദേശം വഴി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം അംഗീകരിപ്പിക്കാൻ ഈ സഭയുടെ ഒന്നടങ്കം മെമ്പർമാരുടേയും പിന്തുണ ഉണ്ടായിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## VII. PAPERS LAID ON THE TABLE

I. *Minister for Education and Law* (**Shri K. Chandrasekharan**): Sir, I lay on the Table:

The Kerala Court—Fees and Suits Valuation (Amendment) Ordinance, 1990 (Ordinance No. 9 of 1990).

II. *Minister for Education and Law* (**Shri K. Chandrasekharan**): Sir, on behalf of the Minister for Industries and Social Welfare (Smt. K. R. Gouri Amma), I lay on the Table:

The Kerala Public Men's Corruption (Investigations and Inquiries) Amendment Ordinance, 1990 (Ordinance No. 4 of 1990).

III. *Minister for Housing* (**Shri Lonappan Nambadan**): Sir, I lay on the Table:

The Kerala State Housing Board (Amendment) Ordinance, 1990 (Ordinance No. 7 of 1990).

IV. *Minister for Finance* (**Shri V. Viswanatha Menon**): Sir, I lay on the Table:

(1) The Kerala Stamp (Amendment) Ordinance, 1990 (Ordinance No. 5 of 1990).

(2) The Travancore-Cochin Hindu Religious Institutions (Amendment) Ordinance, 1990 (Ordinance No. 6 of 1990).

(3) The Kerala Building Tax (Amendment) Ordinance, 1990 (Ordinance No. 8 of 1990).

LIBRARY ARCHIVES Kerala Legislative Assembly

## VIII. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

### 1989-ലെ കേരള ടൂറിസ്റ്റ് ട്രേഡ് രജിസ്ട്രേഷൻ ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ട്

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): 1989-ലെ കേരള ടൂറിസ്ററ് ട്രേഡ് രജിസ്ട്രേഷൻ ബിൽ സംബന്ധിച്ച് സബ്ജക്ട് കമ്മിററി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1990 ഡിസംബർ 17-ാം തീയതിവരെ നീട്ടണമെന്ന പ്രമേയം റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. പി. എസ്. ശ്രീനിവാസനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

(പ്രമേയം സഭ അംഗീകരിച്ചു.)

## IX. റിപ്പോർട്ട് സമർപ്പണം

### (1) 1989-ലെ കേരള ടൂറിസ്ററ് ട്രേഡ് രജിസ്ട്രേഷൻ ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ട്

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): 1989-ലെ ടൂറിസ്ററ് ട്രേഡ് രജിസ്ട്രേഷൻ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിററി റിപ്പോർട്ടും സബ്ജക്ട് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലും ശ്രീ. പി. എസ്. ശ്രീനിവാസനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

### (2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അറുപത്തിഎട്ടാമത് റിപ്പോർട്ട്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 205-ാമത് വകുപ്പനുസരിച്ച് 1990 നവമ്പർ 22-ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിച്ച സമിതിയുടെ 68-ാമതു റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

## X. നിയമനിർമ്മാണകാര്യം

### (i) 1990-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

മി. സ്പീക്കർ: മൂന്നു ബില്ലുകളാണ് ഇന്നു ചർച്ചയ്ക്കു വച്ചിരിക്കുന്നത്. ആദ്യത്തെ ബില്ലിന് ഒരു മണിക്കൂർ, രണ്ടാമത്തെ ബില്ലിന് ഒരു മണിക്കൂർ, മൂന്നാമത്തെ ബില്ലിന് അര മണിക്കൂർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഏകപക്ഷീയമായിട്ട് ഇത് തീരുമാനിക്കുന്നത് ശരിയല്ല. അങ്ങയുടെ ചേമ്പറിൽ ബിസിനസ് അഡ്വൈസറി കമ്മിററി കൂടാൻ വിളിച്ചിട്ടുണ്ട്. സാധാരണ നടപടിക്രമമെന്ന നിലയിൽ നിയമസഭ കൂടുന്ന ആദ്യത്തെ ദിവസം ഏതാനും ബില്ലുകൾ ഷെഡ്യൂൾ ചെയ്യും. അതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ ബില്ലാണ് ചർച്ചയ്ക്കെടുക്കുക. ബാക്കി ബിസിനസ് അഡ്വൈസറി കമ്മിററി കൂടിയശേഷമാണ് എടുക്കുക. അല്ലാതെ ഇന്ന ബില്ലിന് ഒരു മണിക്കൂർ ഇന്ന ബില്ലിന് ഒരു മണിക്കൂർ എന്ന് ഈ സഭ തീരുമാനിച്ചിട്ടില്ല. അങ്ങയോട് ഒരപേക്ഷയുള്ളത് ദയവ് ചെയ്ത് അങ്ങ് അങ്ങനെയൊരു നിർദ്ദേശം വയ്ക്കരുത്. ആദ്യത്തെ ബിൽ ചർച്ചയ്ക്കെടുക്കുക. ബിസിനസ് അഡ്വൈസറി കമ്മിററി യോഗം ചേരാൻ പോകുന്നുണ്ട്. അവിടെ ആലോചിച്ചശേഷം സഭയിൽ വന്ന് ആ വിവരം പറയണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഉമ്മൻചാണ്ടി: ഇന്ന് ബിസിനസ് അഡ്വൈസറി കമ്മിററി വിളിച്ചിരിക്കുന്നതുതന്നെ ഈ ബില്ലിന് സമയം നിശ്ചയിക്കാനും മററ് കാര്യങ്ങൾക്കും വേണ്ടിയാണ്. അതിനുമുമ്പ് സമയം നിശ്ചയിക്കുന്നതിനോട് യോജിക്കാൻ നിവൃത്തിയില്ല സർ. ഇത് അങ്ങേയററം നിർഭാഗ്യകരമാണ്. കാരണം കഴിഞ്ഞ നിയമസഭയിലും ഇതുതന്നെയായിരുന്നു അനുഭവം. സമയപരിധി വയ്ക്കുന്നതുമൂലം ഓരോ ബില്ലിന്റെ നിയമ നിയമനിർമ്മാണത്തിലും സജീവമായി പങ്കെടുക്കത്തക്കവിധത്തിൽ ചർച്ച നടക്കുന്നില്ല. അതുകൊണ്ട് ബിസിനസ് അഡ്വൈസറി യോഗത്തിൽ ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് സമയം നിശ്ചയിക്കരുത്. അത് സഭയുടെയും അംഗങ്ങളുടേയും മേലുള്ള ഒരു നിയന്ത്രണമായിരിക്കും. അങ്ങനെയൊരു നിയന്ത്രണം അങ്ങ് ഒരിക്കലും വയ്ക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട രണ്ട് മെമ്പർമാർ പറഞ്ഞ അഭിപ്രായത്തോട് യോജിച്ചുകൊണ്ടുതന്നെ ഇതിന് ഒരു പ്രായോഗിക നിർദ്ദേശമെന്നുള്ള നിലയിൽ ഞാൻ വച്ചതാണ്. ഈ രണ്ടു ബില്ലിലും ഓരോ വകുപ്പുകൾ വീതമാണുള്ളത്. ഒന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം. മറെറാന്ന് വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടു നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളെ കെട്ടിട നികുതിയിൽ നിന്നു ഒഴിവാക്കുന്നതിനുള്ളതാണ്. ഏതായാലും നിങ്ങൾക്ക് നിങ്ങളുടെ അമെൻറ്മെൻറ് ഇപ്പോൾ മൂവ് ചെയ്യാം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, 1990-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റേറററ്മെൻറ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഇതിന്റെ അവതരണത്തെ എതിർക്കുന്നു. ഈ ബില്ലിന് ഗവർണ്ണറുടെ റെക്കമെൻറേഷൻ വേണം. "ആർട്ടിക്കിൾ 207 (1)-ൽ പറയുന്നു: A Bill or amendment making provision for any of the matters specified in sub-clause (a) to (f) of clause (1) of article 199 shall not be introduced or moved except on the recommendation of the Governor, and a Bill making such provision shall not be introduced in a Legislative Council:

Provided that no recommendation shall be required under this clause for the moving of an amendment making provision for the reduction or abolition of any tax."

Under article 207 (1) of the Constitution of India introduction of this Bill is not possible without the consent of the Governor.

"Article 199 (1)—For the purposes of this Chapter, a Bill shall be deemed to be a Money Bill if it contains only provisions dealing with all or any of the following matters, namely:—

(*a*) the imposition, abolition, remission, alteration or regulation of any tax; ഈ ബില്ലിലെ 3 (എ)-യിൽ പറയുന്നു: "Power to make exemption—The Government may, if they consider it necessary so to do for the promotion of tourism, by notification in the Gazette make exemption from the payment of building tax......"

ഈ എക്സംപ്ഷൻ എന്നു പറഞ്ഞാൽ അത് റെമിഷനാണ്. remission, alteration or regulation of any tax എന്നാണ് 199 (1)-ൽ പറയുന്നത്. അതുകൊണ്ട് ഇത് റെമിഷനാണ്. ഇത് ആൾട്ടറേഷനാണ്. അതുകൊണ്ട് ഇത് ഒരു റെഗുലേഷനാണ്. റൂം 207 അനുസരിച്ച് വളരെ വ്യക്തമായി ഇതിനകത്ത് ഗവർണ്ണറുടെ റെക്കമെൻേറഷൻ വേണം. ഈ ബില്ലിനകത്തുള്ളത് റിഡക്ഷനല്ല സർ. അതുപോലെ അബോളിഷനല്ല. ഇതു രണ്ടുമല്ല. ഇത് റെമിഷനാണ്, റെഗുലേഷനാണ് അതുകൊണ്ട് ആർട്ടിക്കിൾ 199 (1) അനുസരിച്ച് ഇത് മണി ബില്ലാണ്. അതുകൊണ്ട് ഇതിന് ഗവർണ്ണറുടെ റെക്കമെൻേറഷൻ വേണം. ആ റെക്കമെൻേറഷനില്ലാത്തത് ശരിയല്ല. റെക്കമെൻേറഷൻ വന്നിട്ടില്ല. അതുകൊണ്ട് ഈ ബിൽ മൂവ് ചെയ്യാൻ പാടില്ല.

ശ്രീ. കെ. സി. ജോസഫ്: ഈ ബില്ലിൻെറ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത് ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചിലവും ഉണ്ടാകുന്നതല്ല എന്നാണ്. ഈ ബില്ലിൽ വ്യക്തമായി ഗവൺമെൻറിന് എക്സസ് പവേഴ്സ് കൊടുത്തിരിക്കുകയാണ്. ടൂറിസത്തിനുവേണ്ടി നിലവിലുള്ള ടൂറിസവുമായിട്ട് ബന്ധപ്പെട്ട കെട്ടിടങ്ങളും ഇനിയും പണിയാൻ പോകുന്ന കെട്ടിടങ്ങളും പ്രത്യേക മേഖലയിൽ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കാൻ പോകുന്നു. അതിൻെറ അർത്ഥം നിലവിലുള്ള കെട്ടിടങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ സംസ്ഥാനത്തിൻെറ കൺസോളിഡേറ്റഡ് ഫണ്ടിൽ നിലവിലുള്ള വരുമാനത്തിൽ കുറവ് സംഭവിക്കാൻ പോകുന്നു. അഡീഷണൽ എക്സ്പെൻസ് ഉണ്ടാകുന്നില്ലെങ്കിലും ഈ കെട്ടിട നികുതിയിൽ നിന്നും ഇളവ് നൽകാനുള്ള അധികാരം കൊടുക്കുന്നതുകൊണ്ട് നിലവിലുള്ള വരുമാനത്തിൽ കുറവ് സംഭവിക്കുന്നതോടൊപ്പം തന്നെ ധനകാര്യ മെമ്മോറാണ്ടം സത്യസന്ധമല്ല അത് യാഥാർത്ഥ്യ വിരുദ്ധമാണ്. അതുകൊണ്ട് ഈ ബിൽ നിയമമായി കഴിഞ്ഞാൽ എക്സംപ്ഷനുള്ള പവേഴ്സ് ഗവൺമെൻറിനുണ്ടാകുമ്പോൾ നികുതിയിളവ് നൽകുന്നതുമൂലം വരുമാനക്കുറവ് സംസ്ഥാനത്തിൻെറ കൺസോളിഡേറ്റഡ് ഫണ്ടിലുണ്ടാകുമെന്ന് വ്യക്തമാക്കാൻ മന്ത്രി തയ്യാറാകണമെന്ന് അങ്ങ് വ്യക്തമായി നിർദ്ദേശിക്കണം. അങ്ങനെ ചെയ്യാതെ ഈ ബിൽ അവതരിപ്പിക്കാൻ സമ്മതിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): ഈ രണ്ട് ഒബ്ജക്ഷൻസും നിലനിൽക്കത്തക്കതല്ല. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ വളരെ പ്രസക്തമായ ഒരു കാര്യം മാത്രമേ വരുന്നുള്ളു. ഏതെങ്കിലും ടാക്സ് ഒഴിവാക്കുന്നില്ല. ഏതെങ്കിലും വിധത്തിൽ ടാക്സ് ഒഴിവാക്കുന്നുവെന്ന് പറയുന്നില്ല. ഒഴിവാക്കാനുള്ള അധികാരം ചോദിക്കുന്നുവെന്നു മാത്രം. അത്രമാത്രമേയുള്ളു. അല്ലാതെ ഇന്ന ടാക്സ്, ഇന്ന വീട് ഒഴിവാക്കി കളഞ്ഞുവെന്ന് പറയുന്നില്ല. ഈ പറഞ്ഞ മണി ബില്ലിന്റെ ഡെഫനിഷനിലും അത് വരുന്നില്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഭരണഘടനയുടെ ആർട്ടിക്കിൾ 199 (1) അനുസരിച്ച് അവതരിപ്പിക്കുന്ന ബില്ലിൽ the imposition, abolition, remission, alteration or regulation of any tax എന്ന രീതിയിൽ വകുപ്പുകൾ ഉണ്ടെങ്കിൽ Money Bill ആയി കണക്കാക്കണമെന്നാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ ഇതൊന്നും വരുന്നില്ല. ഇവിടെ വാസ്തവത്തിൽ യാതൊന്നും ഒഴിവാക്കുന്നില്ല, ഒഴിവാക്കേണ്ട അധികാരം ചോദിക്കുന്നു എന്നു മാത്രമേയുള്ളു. ഇതാണ് എന്റെ വാദഗതി. ആ വിധത്തിലുള്ള ഒരു അധികാരം ഞങ്ങൾ ചോദിക്കുന്നുവെന്നതിൽ കവിഞ്ഞ് അതിനകത്ത് വേറെയൊന്നും ആവശ്യപ്പെടുന്നില്ല. ഏതാണ് ഒഴിവാക്കേണ്ടത് എന്നുള്ളതാണ്. അധികാരങ്ങൾ ചോദിക്കുന്നുവെന്നു മാത്രമേയുള്ളു. ഭരണഘടനയുടെ ആർട്ടിക്കിൾ 207-ൽ ആ കാര്യം വളരെ ക്ലീയറാണ്. ഏതെങ്കിലും ഒരു ടാക്സ് ഇല്ലാതാക്കുന്നില്ല. പക്ഷേ ടൂറിസത്തിനുവേണ്ടിവരുന്ന ഏതെങ്കിലും കെട്ടിടമാണെങ്കിൽ അത് ഒഴിവാക്കുന്ന കാര്യത്തിൽ അധികാരങ്ങൾ നൽകുന്നു. ആ അധികാരങ്ങൾ ഡെലിഗേററ് ചെയ്തു കൊടുക്കുന്ന ഗവൺമെൻറ് ആ അധികാരങ്ങൾ ഉപയോഗിച്ച് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നു. ഇതുമാത്രമേ ഉള്ളു. അതുകൊണ്ട് ഒഴിവാക്കി കൊടുക്കുന്നു എന്നു പറയുന്നത് ശരിയല്ല. ഇതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: Regarding Financial Memorandum will there be any commitment.

ശ്രീ. വി. വിശ്വനാഥമേനോൻ: ഇങ്ങനെ ഒരധികാരം എടുക്കുന്നതുകൊണ്ട് കൺസോളിഡേററഡ് ഫണ്ടിൽനിന്നും കാശെടുക്കുന്ന പ്രശ്നമൊന്നും വരുന്നില്ല, കമ്മിററ്മെൻറുകളും വരുന്നില്ല, അതുകൊണ്ടാണ് ആവശ്യമില്ലയെന്നുള്ള കാര്യം ഞങ്ങൾ എഴുതിയിരിക്കുന്നത്. പ്രത്യേക കമ്മിററ്മെൻറ് ഈയൊരു പവ്വറിനില്ല. ഈ പവ്വർ എടുത്ത് ഹാൻറിൽ ചെയ്യണമെന്നില്ല. ആരെങ്കിലും കുറച്ചു കൊടുക്കണമെന്നില്ല. ഇപ്പോൾ consolidated ഫണ്ടിൽ നിന്നും പോകുന്നില്ല. ഇതാണ് പൊസിഷൻ.

ശ്രീ. വയലാർ രവി: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഒരു പവ്വർ എടുക്കുന്നുയെന്നേ ഉള്ളു എന്നാണ്. The consequence of that power is the exemption of tax. അതിന്റെ consequence അതാണ്. അങ്ങ് തന്നെ അത് വായിച്ചു. ഭരണഘടന 199-ൽ പറഞ്ഞിരിക്കുന്നതിൽ the imposition, abolition, remission, alteration or regulation of any tax അതിന് ഡിക്ഷനറിയിൽ അർത്ഥം പറഞ്ഞിരിക്കുന്നത് remission is equivalent to exemption അത് വായിച്ചാൽ അറിയാം. Exemption എന്നൊരു വാക്കിൽ പറഞ്ഞിരിക്കുന്നത് വളരെ വ്യക്തമായിട്ടാണ്. അതുതന്നെ to give up ആണ് പറഞ്ഞിരിക്കുന്നത്. Exemption is, to give up എന്നാണ്, രണ്ടും to give up ആണ് അതിന്റെ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു abolition എന്ന വാക്ക് പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിലും remission is equivalent to abolition ആകുമ്പോൾ സ്വാഭാവികമായും ഗവൺമെൻറ് എടുക്കുന്ന ഒരു അധികാരം അതിന്റെ consequence ആയി the consequence of that power that has been taken by the Government is to give exemption with revenue loss to the Government. അത് സ്വാഭാവികമായിട്ടും റവന്യൂ വരുമാനത്തെ ബാധിക്കുന്ന ഒരു കാര്യമായതു കൊണ്ട് നാളെ ഗവൺമെൻറ് അധികാരം വിനിയോഗിക്കുമ്പോൾ നഷ്ടം വരുന്നതുകൊണ്ട് അത് നിശ്ചയമായും ഭരണഘടന 199, 207 ഈ വകുപ്പുകൾ അത് ആകർഷിക്കും, അത് മന്ത്രിതന്നെ സമ്മതിച്ചു കഴിഞ്ഞു. അദ്ദേഹം പറഞ്ഞു ഞാൻ അധികാരമേ എടുക്കുന്നുള്ളു, ഞാൻ ഇപ്പോൾ ഉത്തരവ് പുറപ്പെടുവിക്കുന്നില്ല, തല്ക്കാലത്തേയ്ക്ക് മാററിവെച്ചിരിക്കുന്നുവെന്നാണ്. തൽക്കാലത്തേയ്ക്ക് മാററി വെച്ചിരുന്നാൽപോലും ഗവൺമെൻറിന് കിട്ടുന്ന ഈ അധികാരം സർക്കാരിന് നഷ്ടമുണ്ടാകുന്നതുകൊണ്ട് നിശ്ചയമായും 207-ഉം 199-ഉം ഭരണഘടനാ വകുപ്പുകൾ ഇത് അട്രാക്ട് ചെയ്യുന്നുണ്ട്. അതുകൊണ്ട് ഗവർണ്ണറുടെ റെക്കമെൻേറഷൻ ഇല്ലാതെ ഇത് അവതരിപ്പിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ചതിന്റെ വെളിച്ചത്തിൽ മെരിററിലേക്ക് ഇപ്പോൾ ഞാൻ കടക്കുന്നില്ല. പക്ഷേ ഒരു കാര്യം, ഈ ബിൽ അവതരിപ്പിക്കുന്നതിന് ഗവർണ്ണറുടെ കൺസെൻറ് നേരത്തെ വേണമെന്നില്ല പിന്നീടായാലും മതി. അതുകൊണ്ട് അവതരണ സമയത്ത് ഗവർണ്ണറുടെ കൺസെൻറ് വേണമെന്ന് നിർബന്ധമില്ല. അവതരിപ്പിക്കുമ്പോൾ ഇതില്ലാതെ അവതരിപ്പിക്കാൻ Even Private Members' Bills can be introduced and the consent will have to be obtained and brought when the Bill is taken for discussion അതാണ് ഒന്ന്. അതുകൊണ്ട് ഇവിടെ ബില്ലിന്റെ അവതരണത്തിന് യാതൊരു സാങ്കേതിക തടസ്സവുമില്ല. Exemption—whether it will be an imposition or reduction, whether it will come under article 207 (1). That are matters will look into. അതിനെ സംബന്ധിച്ച് ഇപ്പോൾ ഒരഭിപ്രായവും ഞാൻ പറയുന്നില്ല. പക്ഷേ ബിൽ അവതരണത്തിന് തടസ്സമില്ല.

ശ്രീ. വയലാർ രവി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പോയിൻറിന് നിശ്ചയമായും അങ്ങയുടെ റൂളിംഗ് വേണം, അതായത് ഒരധികാരം എടുക്കുന്നതിനുള്ള നിയമം കൊണ്ടുവരുമ്പോൾ വേണമോ വേണ്ടയോ? അതിനെക്കുറിച്ച് ഒരു റൂളിംഗ് വേണം.

മി. സ്പീക്കർ: അത് പരിശോധിച്ച് പറയാം. ശ്രീ. വയലാർ രവി, അങ്ങ് ദയവായി ഇരിക്കണം. നിങ്ങൾ ഉന്നയിച്ചതിന്റെ മെരിററിലേക്ക് ഞാൻ കടക്കുന്നില്ല, ഞാൻ ആദ്യമേ അത് പറഞ്ഞതാണ്. അതിന്റെ മെരിററിനെ സംബന്ധിച്ച് പരിശോധിച്ച് പറയാം. 'ബിൽ അവതരണത്തിന് ഇതൊരു condition precedent അല്ല. Bill can be introduced even without the consent from the Governor. But it will have to be produced at the time when the Bill is taken for consideration or for discussion. ഇവിടെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞ ഒരു കാര്യം, ഇതിൽ കൺസോളിഡേറഡ് ഫണ്ടിൽ നിന്നും ഒരു എമൗണ്ടും വരുന്നില്ല, ഒരു എമൗണ്ടും കുറയുന്നുമില്ല, കൂടുന്നുമില്ല. ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

ഇംപോസിഷൻ, അഡീഷൻ മാത്രമേ ഉള്ളു. So no financial implication or financial commitment. ആ വാദം ശരിയല്ല, അത് നിലനിൽക്കുന്നതല്ല. ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ. വയലാർ രവിയുംകൂടി പറഞ്ഞ കാര്യം പരിശോധിച്ചു ഞാൻ പിന്നെ പറയാം.

ശ്രീ. ടി. എം. ജേക്കബ്: റൂളിംഗ് ഒരു ക്ലാരിഫിക്കേഷന്റെ ആവശ്യമുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മോഷൻ അവതിപ്പിച്ചിരിക്കുന്നു, സബ്ജക്ട് കമ്മിററിയ്ക്ക് റഫർ ചെയ്യാനുള്ള മോഷൻ. ആ മോഷൻ ഇപ്പോൾ consideration-ന് എടുക്കുന്നതിൽ കുഴപ്പമില്ലായെന്ന് അങ്ങ് പറഞ്ഞു. അങ്ങനെയെങ്കിൽ അങ്ങുതന്നെ ഇപ്പോൾ രണ്ടാമത് പറഞ്ഞത് ബിൽ consideration-ന് എടുക്കുന്ന സമയത്ത് അതിന് മുൻപ് ഭരണഘടനാപരമായിട്ടുള്ള ഗവർണ്ണറുടെ അംഗീകാരം വേണമെന്നും പറയുന്നുണ്ട്. അങ്ങനെ സെക്കൻറ് സ്റേറജിൽ ലഭ്യമാക്കണമെന്ന് മുൻപ് പറഞ്ഞതിന്റെ അർത്ഥം........

മി. സ്പീക്കർ: അത് പിന്നീടാകാം, ആവശ്യമുണ്ടെങ്കിൽ I will look into it.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ അങ്ങ് പറഞ്ഞ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പക്ഷെ 207-ൽ പറയുന്നത്. A Bill or amendment making provision for any of the matters specified in sub-clause (a) to (f) of clause (1) of article 199 shall not be introduced or moved except on the recommendation of the Governor: Introduce ചെയ്യാനോ മൂവ് ചെയ്യാനോ ആർട്ടിക്കിൾ 207, 199 അനുസരിച്ച് ഗവർണ്ണറുടെ റെക്കമെന്റേഷൻ ഇല്ലാതെ സാദ്ധ്യമല്ല. അതാണ് എന്റെ അഭിപ്രായം.

ശ്രീ. വി. വിശ്വനാഥമേനോൻ: സർ, ഞാൻ ആദ്യം പറഞ്ഞിടത്തുതന്നെ നിൽക്കുന്നു. ഈ വിധത്തിൽ മണി ബിൽ എന്നുള്ള ഇൻറർപ്രട്ടേഷനിൽ ഇത് പോകാൻ സാധിക്കുകയില്ല, ഇത് ക്ലിയറാണ്, കുറച്ചു പവേഴ്സ് എടുക്കുന്നതിൽ കവിഞ്ഞ് ഏതെങ്കിലും നികുതി വേണ്ടായെന്ന് തീരുമാനിക്കുന്നില്ല. ആ പവ്വേഴ്സ് എടുക്കുന്നതിൽ കവിഞ്ഞ് ഒന്നുമില്ല. രണ്ടാമത് ശ്രീ. ജോസഫ് പറഞ്ഞ പോയിൻറിനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിടത്തുതന്നെ ഞാൻ നിൽക്കുന്നു. ആ കാര്യത്തിലും പ്രത്യേകമായിട്ടുള്ള കൺസോളിഡേററഡ് ഫണ്ടിൽ നിന്നും എന്തെങ്കിലും കമ്മിററ്മെൻറ് ഈ സ്റേറജിൽ ഇല്ല. ഇതാണ് എന്റെ പൊസിഷൻ.

ശ്രീ. ഇ. അഹമ്മദ്: റൂളിംഗ് റിസർവ് ചെയ്യുക എന്നുള്ള അർത്ഥത്തിലാണ് പറഞ്ഞത്. ഇപ്പോൾ അവതരിപ്പിക്കുന്നതിൽ തടസ്സമൊന്നുമില്ല. If it is absolutely necessary it will be examined എന്ന അർത്ഥത്തിലാണ്. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ചെയർ തീരുമാനിക്കാൻ പോകുന്നത് Whether the Bill sought to be moved by the Minister is a Money Bill or not എന്നാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട മെമ്പറൻമാർ ഒരു കാര്യം അറിയണം, ഇവിടെ പുതിയ ടാക്സ് ഇൻട്രൊഡ്യൂസ് ചെയ്യുന്ന അവസരത്തിൽ ഗവർണ്ണറുടെ റെക്കമെന്റേഷൻ വേണം, ഇവിടെ രണ്ടും ചെയ്യുന്നില്ല. ഇവിടെ ഒരു പുതിയ ടാക്സ് ഏർപ്പെടുത്തുന്നില്ല, ഒരു പുതിയ ടാക്സ് ഇല്ലാതാക്കുന്നുമില്ല. ഇവിടെ the question is only with reference to the exercise of a particular power. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഈ ബില്ലിന് ഇപ്പോൾ വാസ്തവത്തിൽ റെക്കമെന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട It is not covered by the proviso to article 207 അതാണ് പറഞ്ഞത്. നേരെമറിച്ച് പുതിയ ടാക്സ് ഏർപ്പെടുത്തുന്ന നിയമമോ, പുതിയ ടാക്സ് എടുത്തുകളയുന്ന നിയമമോ അവതരിപ്പിക്കുമ്പോൾ it is a condition precedent that the Governor's recommendation is essential. Here no new tax is imposed, no tax is reduced. But the only thing is regarding the exercise of a power.

ശ്രീ. ഉമ്മൻചാണ്ടി: ടാക്സ് ഇല്ലാതാക്കുന്നതോ കുറയ്ക്കുന്നതോ എനേബിളിംഗ് പ്രൊവിഷനാണ്, അത് നീക്കുന്നതിന് തുല്യമായിട്ടല്ലേ! അത് തത്വസാങ്കേതികമായി പോകാതെ ........

മി. സ്പീക്കർ: അല്ല, ഒരു ടാക്സും പുതിയതായി വെയ്ക്കുന്നില്ല. ഗവൺമെൻറിന് ഈ പവർ എക്സർസൈസ് ചെയ്യാനുള്ള ഒരു ഡയറക്ഷൻ മാത്രമേയുള്ളൂ. The Government is not introducing any new tax. Government is not exempting anybody from tax. In the interest of tourist industry, they propose to exempt certain type of hotels. That exercise or power requires certain amendment of law. That will not be covered by article 199 or it will not come under article 207. So there is no legal objection on moving the Bill.

ശ്രീ. കെ. എം. മാണി: സർ, ഇത് വെറും എനേബിളിംഗ് ആയിട്ടുള്ള പ്രൊവിഷനാണ്. ഇതിൽ എക്സ്പെൻഡിച്ചർ ഇൻവോൾവ്ഡ് അല്ലെന്നാണ് പറയുന്നത്. സ്റേറററ്മെൻറ് ഓഫ് ഒബ്ജക്ട്സിൽ ഒരു വാക്ക് വായിച്ചാൽ One of the concessions declared by the Government was to exempt the buildings constructed in relation to tourism from the provisions of the Kerala Building Tax Act, 1975. ഗവൺമെൻറ് ഒഴിവാക്കണമെന്ന് ഡിക്ലയർ ചെയ്തതിൻെറ അടിസ്ഥാനത്തിൽ അത് കൊടുക്കുന്നതിനുവേണ്ടിയുള്ള എനേബിളിംഗ് പ്രൊവിഷൻ ആണ്, ഭാവിയിൽ കൊടുക്കാം, കൊടുക്കാതിരിക്കാം എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടല്ല. ഡിക്ലയർ ചെയ്ത ഒരു പോളിസി അനുസരിച്ച് exemption കൊടുക്കുവാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലിൽ ഫിനാൻഷ്യൽ ഇംപ്ലിക്കേഷൻ ഉള്ളതുകൊണ്ട് അതു പറയണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): ടൂറിസം പ്രമോഷനുവേണ്ടി ഇങ്ങനെയുള്ള കാര്യങ്ങൾ ആവശ്യമാണ്. വേണമെങ്കിൽ എക്സംപ്ററ് ചെയ്യാനുള്ള അധികാരം ഗവൺമെൻറിന് കൊടുക്കുന്നു. അത്രയേയുള്ളൂ. ഏതെങ്കിലും വിധത്തിലുള്ള ടാക്സ് വേണ്ടെന്നു പറയുന്നില്ല; ടാക്സ് കൂടുതൽ വേണമെന്നു പറയുന്നില്ല; ടാക്സ് ഇല്ലാതാക്കുന്നില്ല. എക്സംപ്ററ് ചെയ്യാനുള്ള പവർ ഗവൺമെൻറിന് കൊടുക്കുന്നു. ആ പവർ ഗവൺമെൻറ് പ്രോപ്പറായിട്ട് ഹാൻറിൽ ചെയ്യും. അത്രയേയുള്ളൂ.

1990-ലെ കേരളാ കെട്ടിട നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യം സംബന്ധിച്ച 8-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ പിൻതാങ്ങുന്നു.

ശ്രീ. വി. വിശ്വനാഥമേനോൻ: എല്ലാപേർക്കും വിഷയം മനസ്സിലായിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പോയിൻറ് ഓഫ് ആർഡർ (റൂൾ-4). കേന്ദ്ര മന്ത്രിസഭയിൽ സത്യപ്രതിജ്ഞയ്ക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള ഒരു മെമ്പർ ഈ സഭയിൽ വന്നിരിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: ഇതിൽ യാതൊരു പോയിൻറ് ആഫ് ആർഡറുമില്ല. ശ്രീ. മാണി, അങ്ങ് കേന്ദ്ര മന്ത്രിസഭയെന്നുള്ള നിലയിൽ മറുപടിയും പറയേണ്ട ആവശ്യമില്ല.

**Shri P. P. George:** Sir, I move that "This House resolves to disapprove the Kerala Building Tax (Amendment) Ordinance, 1990 (Ordinance No. 8 of 1990)" ഈ ഓർഡിനൻസ് കൊണ്ടുവരേണ്ട യാതൊരു ആവശ്യവും ഗവൺമെൻറിനില്ല. 1986-ൽ അന്നത്തെ ഗവൺമെൻറ് പുറപ്പെടുവിച്ച ഒരു ഉത്തരവുപ്രകാരം വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നാനാവിധങ്ങളായിട്ടുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും ആ ആനുകൂല്യങ്ങളിൽ ഒന്ന് വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന കെട്ടിടങ്ങളെ 1975-ലെ ആക്ടിൽനിന്ന് ഒഴിവാക്കുകയും ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് നിയമസഭ സമ്മേളിക്കാത്ത കാരണത്താൽ, ഈ നിർദ്ദേശം ഉടനെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി 1990 നവംബർ മാസം 2-ാം തീയതി ഒരു ഓർഡിനൻസ് വിളംബരപ്പെടുത്തുകയും ആ ഓർഡിനൻസ് നവംബർ 6-ാം തീയതി ഗസററിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു എന്നാണ് ഇതിനുള്ള കാരണമായി പറഞ്ഞിരിക്കുന്നത്. 1986-ലെ നിർദ്ദേശം ആണെങ്കിൽ നാല് വർഷത്തിനുള്ളിൽ ഗവൺമെൻറിന് ഇതിന് എന്തുകൊണ്ട് ഇതുവരെ സമയം ഉണ്ടായില്ലെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഈ നിയമസഭയുടെ 11-ാം സമ്മേളനം കഴിഞ്ഞ് 12-ാം സമ്മേളനമാണ് ഇപ്പോൾ നടക്കുന്നത്. പതിനൊന്ന് സമ്മേളനങ്ങൾക്കുള്ളിലും എന്തുകൊണ്ട് ഇപ്രകാരമൊരു ബില്ല് നിയമ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കാൻ ഗവൺമെൻറ് തയ്യാറായില്ല. മാത്രമല്ലാ ഓർഡിനൻസ് കൊണ്ടുവന്നതിനുശേഷം ഇങ്ങനെ എക്സംപ്ഷൻ കൊടുക്കേണ്ട ഒരു കാര്യവും ഉണ്ടായിട്ടില്ല. ഈ നിയമംകൊണ്ട് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് വളരെ വ്യക്തമാണ്. ഗവൺമെൻറിൻെറ അധികാരം ക്രമാതീതമായി വർദ്ധിപ്പിക്കുന്ന, കൂടുതൽ അധികാരങ്ങൾ ഗവൺമെൻറിന് നൽകുന്ന ഒരു ഓർഡിനൻസാണിത്. ഇതിൻെറ ഇൻറൻഷനെ ഞാൻ എതിർക്കുന്നു. 1975-ലെ ആക്ടിൽ കെട്ടിടനികുതി ഈടാക്കുന്നതു സംബന്ധിച്ച്, ഒൺടൈം ടാക്സ് ഈടാക്കുന്നതു സംബന്ധിച്ചുള്ള ആക്ടിൽ, അതിൽനിന്ന് എക്സംപ്ഷൻ നൽകേണ്ട തായിട്ടുള്ള കാര്യങ്ങൾ വ്യക്തമായി പറയുന്നുണ്ട്. കേരള സർക്കാരിൻെറ കെട്ടിടങ്ങൾ ഒഴിവാക്കാം. കേന്ദ്രസർക്കാരിൻെറ കെട്ടിടങ്ങൾ ഒഴിവാക്കാം. ലോക്കൽ അതോറിററിയുടെ കെട്ടിടങ്ങൾ ബിൽഡിംഗ് ടാക്സിൽ നിന്നും ഒഴിവാക്കണം. അതിനുപുറമേ മതപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, ചാരിററബിൾ പർപ്പസിനുള്ള കെട്ടിടങ്ങൾ, വിദ്യാഭ്യാസാവശ്യത്തിനു വേണ്ടിയുള്ള കെട്ടിടങ്ങൾ, ഫാക്ടറികൾ, വർക്ക്ഷോപ്പുകൾ എന്നിവ കേരളാ ബിൽഡിംഗ് ആക്ടിന് ബാധകമല്ലെന്ന് എടുത്ത് പറയുന്നുണ്ട്. ശരിക്കു പറഞ്ഞാൽ എക്സംപ്ഷൻെറ അർഹത ഒറിജിനൽ ആക്ട് അനുസരിച്ച് ധാരാളമായി കവർ ചെയ്യുന്നുണ്ട്. ഇത്തരം ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ മാത്രമേ ന്യായമായും എക്സംപ്ഷൻെറ പരിധിയിൽ കൊണ്ടുവരേണ്ടതായിട്ടുള്ളു എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. എക്സംപ്ഷൻെറ പരിധി വിപുലപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ



LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസ് എന്നുള്ളതിന് യാതൊരു സംശയവുമില്ല. ടൂറിസത്തിന്റെ പേരു പറഞ്ഞ്, ടൂറിസത്തിന്റെ വികസനമെന്നു പറഞ്ഞ് 'എനി ബിൽഡിംഗ് ഓർ ബിൽഡിംഗ്സ്' എന്നു പറയാൻ സാധിക്കുന്ന തരത്തിൽ ഇത്ര പരസ്യമായി അഴിമതിക്കുള്ള എല്ലാ സാദ്ധ്യതകളുമുള്ള ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചത് വളരെ വിചിത്രമായിരിക്കുന്നുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുമാത്രമല്ല വളരെ ആക്കുറസിയോടുകൂടി ഈ കാര്യം പറയുന്നില്ല. എൽ. ഡി. എഫ്. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ നിയമവ്യവസ്ഥ കൃത്യതയില്ലാത്ത ഒരു വ്യവസ്ഥയാണ്, ആക്കുറസി ഇല്ലാത്ത ഒരു വ്യവസ്ഥയാണ്. ടൂറിസം വികസനമെന്നു പറഞ്ഞ്, അതിന്റെ റെക്കഗ്നേഷൻ, അത് എങ്ങനെ വിവരിക്കാൻ സാധിക്കും? അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്. ടൂറിസത്തിന്റെ പേരും പറഞ്ഞ് ആരേയും ടാക്സിൽനിന്ന് ഒഴിവാക്കാനുള്ള ദുരുദ്ദേശം വച്ചുകൊണ്ടല്ലേ ഈ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത് എന്ന് നാം ആലോചിക്കേണ്ടതുണ്ട്. ഇന്ന് എല്ലാ ടൗണുകളിലും ലോഡ്ജുകളുടെ പേര് പറഞ്ഞ്, ടൂറിസത്തിന് വേണ്ടിയാണെന്നു പറഞ്ഞ് വൻകിട മുതലാളിമാർ വലിയ കെട്ടിടങ്ങൾക്കായിട്ട് വമ്പിച്ച തോതിൽ പണം മുതലിറക്കുന്നതു നമുക്ക് കാണാം. ഇതു പണിതുവരുന്ന കാലഘട്ടത്തിൽ, ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ ഇത് പണിയുന്നതെന്നു നോക്കാതെ ഗവൺമെന്റിന് ഒഴിവാക്കാവുന്ന രീതിയിൽ 'എനി ബിൽഡിംഗ് ആർ ബിൽഡിംഗ്സ്' എന്നു പറയുന്ന രീതിയിൽ വളരെ വേഗം ആയിട്ട് വളരെ ജനറലായിട്ട് എക്സംപ്ഷൻ ചെയ്യാവുന്ന തരത്തിലുള്ള ഒരു അധികാരം ഗവൺമെന്റിന് നൽകുന്നതിനെ ഞാൻ എതിർക്കുന്നു. ഹോട്ടൽ ബിസിനസ് ഒട്ടും മോശമല്ലാത്ത ഒരു ബിസിനസ്സായി ഇന്ന് വളർന്നിരിക്കുന്നു. അതിന് വളരെയധികം സഹായങ്ങൾ ചെയ്തുകൊടുക്കുന്നു. അതിനുവേണ്ടി കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻ ലോൺ നൽകാറുണ്ട്. നാഷണലൈസ്ഡ് ബാങ്കിൽ നിന്ന് വൻതുകകൾ ലോൺ കിട്ടാറുണ്ട്. അതുകൂടാതെ മററു ധാരാളം സഹായങ്ങളും ഹോട്ടൽ ഉണ്ടാക്കുന്നതിനും ടൂറിസ്ററ് ഹോം പണിയുന്നതിനും അതിന്റെ ഉടമകൾക്ക് ലഭിക്കുന്നുണ്ട്. അതുകൊണ്ട് പുതുതായുള്ള ഈ ആനുകൂല്യം വളരെ തെററാണ്, അത് നൽകുന്നത് ഏററവും വൈരുദ്ധ്യം നിറഞ്ഞ ഒരു കാര്യമാണ്.

അതുപോലെതന്നെ റേഷൻ ആർട്ടിക്കിൾസ് കൺസഷൻ റേററിൽ കൊടുക്കാനുള്ള ഒരു വ്യവസ്ഥയുണ്ട്. ഹോട്ടൽ പണിയുന്നവർക്ക് റേഷൻ ആർട്ടിക്കിൾസ് കിട്ടുന്നുണ്ട്. മാത്രമല്ല, കുക്കിംഗ് ഗ്യാസ് പോലുള്ള കാര്യങ്ങൾക്ക് പ്രിഫറൻസും ഉണ്ട്. കൂടുതൽ കുക്കിംഗ് സിലിണ്ടറുകൾ കിട്ടാനുള്ള സാദ്ധ്യതയുമുണ്ട്. ഇതെല്ലാം സപ്ലൈ ചെയ്യുമ്പോൾ ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നുള്ള ആനുകൂല്യങ്ങൾ ഹോട്ടൽ ഉടമകൾക്ക് കിട്ടാനുള്ള സാഹചര്യം ഇന്ന് ഉണ്ടായിരിക്കേ ഇങ്ങനെയൊരു പുതിയ ആനുകൂല്യംകൂടി അവർക്ക് നൽകേണ്ട ആവശ്യമില്ല. ശരിക്കു പറഞ്ഞാൽ വൻകിട ഹോട്ടലുകൾ ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ഒരു സഹായവും ചെയ്യുന്നില്ല. ഒരു ലോക്കൽ കാളിനുപോലും മൂന്നുരൂപ ചാർജ്ജ് ചെയ്യുന്ന ഹോട്ടലുകളാണ് ഇന്നുള്ളത്. പൊതുജനത്തിന് ഒരു പ്രയോജനവുമില്ലാത്ത ഈ പ്രസ്ഥാനങ്ങളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടു
11 a. m.] വന്നിരിക്കുന്നത് വളരെ തെററാണ്. സ്ററാർ ഹോട്ടലുകൾ ജനങ്ങളെ പിഴിഞ്ഞ് തുക ഈടാക്കുന്നതിനെ സംബന്ധിച്ച്, പൈസയുണ്ടാക്കുന്നതിനെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാറുണ്ട്. എന്തിനേറെ പറയുന്നു, കെ. ടി. ഡി. സി. നടത്തുന്ന ചൈത്രം ഹോട്ടലിൽപോലും ഒരു സാധാരണ ഊണിന് 12 രൂപ ഈടാക്കുന്നു എന്നു പറഞ്ഞുള്ള ആക്ഷേപം വരാറുണ്ട്. ടൂറിസം വികസനത്തിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത് എന്നു പറയുന്നു. ഇത് യഥാർത്ഥത്തിൽ ടൂറിസം വികസനമാണോ അതോ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിനു മുമ്പായുള്ള എൽ. ഡി. എഫ്.-ന്റെ പാർട്ടി ഫണ്ട് വികസനത്തിനുവേണ്ടിയാണോ എന്നു നാം ആലോചിക്കേണ്ടതായിട്ടുണ്ട്. ചൂഷണത്തിനും സ്വജനപക്ഷപാതത്തിനും വേണ്ടിയുള്ള ഒരു ഓർഡിനൻസാണ് ഇതുമുഖാന്തിരം ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ടാക്സ് അസ്സസ് ചെയ്യാതെ ഇന്നു ഹോട്ടലുകൾ പണിയുന്ന പല സ്ഥലങ്ങളിലും ഉദ്യോഗസ്ഥൻമാരും ഗവൺമെന്റിന്റെ അധികൃതരും തമ്മിൽ ഒളിച്ചുകളി നടത്തിക്കൊണ്ട് ടാക്സ് അസ്സസ് ചെയ്യുന്നത് ഡ്രാഗ് ഓൺ ചെയ്യുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും കെട്ടിട ഉടമകളും തമ്മിൽ ഒത്തിട്ട് പാർട്ടി നേതാക്കളുടെ അനുമതിയോടുകൂടിയാണ് ഈ ഡ്രാഗ് ഓൺ പ്രക്രിയ നടക്കുന്നത് എന്ന് ഈ സന്ദർഭത്തിൽ ആരോപിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നു. റവന്യൂ മന്ത്രിയും ടൂറിസം മന്ത്രിയും ഒരേ ഉദ്ദേശം വച്ചുകൊണ്ടാണോ? അതാണോ ഇതിന് മുൻകൈയെടുത്തത്? അതോ മാർക്സിസ്റ്റു പാർട്ടിയുടെ ലക്ഷ്യമാണോ? ഏത് ഏരിയായും ഡിക്ലയർ ചെയ്യാം, ഏത് സമയത്തേക്കും ഇത് ഡിക്ലയർ ചെയ്യാമെന്ന ഒരു വകുപ്പ് ഇതിനകത്ത് കൂട്ടിച്ചേർത്തിട്ടുണ്ട്. "........during such period and in such areas........", എന്നു പറഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഗവൺമെന്റ് ഏത് നിയമവും കൊണ്ടുവരികയും അതിന് ഗവൺമെന്റിന് തന്നിഷ്ടംപോലെ ചെയ്യാൻ സാധിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം ഈ നിയമംകൊണ്ട് ഉണ്ട്. ഇത് ഗവൺമെന്റിലേയ്ക്ക് പണം കിട്ടാതിരിക്കാനുള്ള ഒരു ഓർഡിനൻസാണ്. അതുകൊണ്ടുതന്നെ ഈ ഓർഡിനൻസ് ഈ സഭ തള്ളിക്കളയണം. റവന്യൂറിക്കവറി എന്ന പേരു പറഞ്ഞ് ഗവൺമെന്റിലേക്ക്........

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): ഹോട്ടൽ ഇൻഡസ്ട്രിയായി പരിഗണിച്ച് അവർക്ക് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ക്യാബിനററ് അത് അംഗീകരിക്കുകയും ചെയ്തതായിട്ട് ബഹുമാനപ്പെട്ട മെമ്പർക്കറിവുണ്ടോ?

ശ്രീ. പി. പി. ജോർജ്: ഞാൻതന്നെ അത് ആദ്യമേ പറഞ്ഞു. 1986-ലെ ഓർഡർ ഞാൻതന്നെ കോട്ട് ചെയ്തു. ഓബ്ജക്ട്സ് സ്റേററുമെന്റിൽ പറയുന്നുണ്ട്. 1986-ലെ നിർദ്ദേശങ്ങൾ വച്ചുകൊണ്ട് കൊണ്ടുവന്നിരിക്കുന്ന ഈ ഓർഡിനൻസ് വ്യക്തതയില്ലാത്ത ഓർഡിനൻസാണ്. ദുരുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഓർഡിനൻസാണ് എന്നുള്ള പോയിൻറാണ്. നാലുകൊല്ലമായിട്ട്, ഇപ്പോൾ ഈ ഇലക്ഷൻ അടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ കൊണ്ടുവന്നിരിക്കുന്നതിനെ സംബന്ധിച്ചാണ് ഞാൻ ചോദ്യം ചെയ്ത മറെറാരു കാര്യം. അതുകൊണ്ട് എനിക്ക് അതറിയാം. ടൂറിസം പ്രോൽസാഹിപ്പിക്കണമെന്ന് എല്ലാ ഗവൺമെന്റുകളും തീരുമാനിച്ചിട്ടുണ്ട്. ആര് പ്രധാന

മന്ത്രിയായാലും ആര് മുഖ്യമന്ത്രിയായാലും തീരുമാനിച്ചിട്ടുണ്ട്. പക്ഷേ അതിന് ഈ രൂപത്തിൽ തെററായ നിലയിലുള്ള നിയമനിർമ്മാണം കൊണ്ടു വരാൻ പാടില്ല എന്നുള്ളതിനെ സംബന്ധിച്ച് യാതൊരു സംശയവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ടൂറിസം പ്രോൽസാഹിപ്പിക്കുവാനാണോ താവുവിനെത്തന്നെ ടൂറിസം വകുപ്പ് ഏൽപ്പിച്ചത്? ശ്രീ. ദേവിലാലിനെ ടൂറിസംവകുപ്പ് ഏൽപ്പിച്ചത് അതുകൊണ്ടാണോ?

ശ്രീ. പി. പി. ജോർജ്: വി. പി. സിംഗ് മന്ത്രിസഭയിലിരിക്കുമ്പോൾ ശ്രീ. ദേവിലാലിനെ അഭിനന്ദിക്കുകയും ചന്ദ്രശേഖർ മന്ത്രിസഭയിലിരിക്കുമ്പോൾ ശ്രീ. ദേവിലാലിനെ എതിർക്കുകയും ചെയ്യുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണന് ഭൂഷണമല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. വി. പി. സിംഗിന്റെ കൂടെ ശ്രീ. ദേവിലാൽ ഇരിക്കുമ്പോൾ ശ്രീ. ദേവിലാലിന് ഇല്ലാത്ത കുററമുണ്ടായിരുന്നോ? ഇപ്പോൾ ശ്രീ. ദേവിലാലിനെ നിങ്ങളല്ലേ പാടിപ്പുകഴ്ത്തുന്നത്?

ശ്രീ. പി. പി. ജോർജ്: ശ്രീ. വി. പി. സിംഗിന്റെ കാലത്ത് ശ്രീ. ദേവിലാലിനെ നിങ്ങൾക്ക് പാടിപുകഴ്ത്താമെങ്കിൽ ഇപ്പോൾ ഞങ്ങൾ പിന്തുണ പ്രഖ്യാപിക്കുമ്പോൾ ഞങ്ങൾക്കും പാടി പുകഴ്ത്തിയാൽ എന്താണ് തെററ്? നിങ്ങൾ തൊട്ടാൽ ശുദ്ധമാകും എന്നുള്ള ആ കാലഘട്ടം ഒക്കെ കഴിഞ്ഞുപോയി. ഇപ്പോൾ ധാരാളം റവന്യൂ റെക്കവറി നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അതിന് വ്യാപകമായിട്ട് പരിശ്രമങ്ങൾ നടത്തുകയാണ്. വൻകിട ടൂറിസ്ററ് വ്യവസായികൾക്ക് ഒരു ക്ഷേമപദ്ധതിപോലെയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇത് നിയമമായി കഴിഞ്ഞാൽ ഗവൺമെൻറിന് വരുന്ന നഷ്ടം, അതിന്റെ ഒരു കണക്ക് ഞാൻ കണ്ടു. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. 75,000 രൂപ വരെയുള്ള കെട്ടിടങ്ങൾക്ക് എക്സംപ്ഷൻ ഉണ്ട്. പിന്നത്തെ 25,000 രൂപയ്ക്ക് ഒരു ശതമാനം ബിൽഡിംഗ് ടാക്സ് വരും. പിന്നത്തെ 25,000 രൂപയ്ക്ക് ഒരു ശതമാനം. പിന്നെ 50,000,50,000 രണ്ടു ശതമാനവും 3 ശതമാനവും വീതം. പിന്നത്തെ ഒരു ലക്ഷം, ഒരു ലക്ഷം തുകകൾക്ക് നാല് ശതമാനവും അഞ്ച് ശതമാനവും ടാക്സ് വരും. പിന്നത്തെ ഒരു ലക്ഷത്തിന് ഏഴു ശതമാനം, പിന്നത്തെ ഒരു ലക്ഷത്തിന് പത്തു ശതമാനം. ഇത് കണക്ക് കൂട്ടിയപ്പോൾ ഒന്നേകാൽ ലക്ഷം രൂപ ചെലവ് ചെയ്ത് ഒരു കെട്ടിടം പണിയുമ്പോൾ അതിനു കൊടുക്കേണ്ട ബിൽഡിംഗ് ടാക്സ് 750 രൂപയാണ്. ഗവൺമെൻറിന് ഇഷ്ടംപോലെ അത് ഒഴിവാക്കാം. രണ്ടേകാൽലക്ഷം രൂപ ചെലവഴിച്ചാൽ തുക വളരെ കൂടും, 3500 രൂപ ടാക്സ് കൊടുക്കണം. അത് ഒഴിവാക്കാം. അഞ്ചേകാൽലക്ഷം രൂപ ചെലവ് ചെയ്ത് പണിയുന്ന കെട്ടിടത്തിനാണെങ്കിൽ വളരെ വ്യത്യാസം വരികയാണ്. 25,500 രൂപ ടാക്സ് കൊടുക്കണം. അത് ഗവൺമെൻറിന് ഒഴിവാക്കാൻ സാധിക്കും. പത്തേകാൽലക്ഷം രൂപയാണെങ്കിൽ 75,500 രൂപ ടാക്സ് വരും. അത് ഒഴിവാക്കാൻ സാധിക്കും. പതിനഞ്ചേകാൽലക്ഷം രൂപയാണെങ്കിൽ 1,25,500 രൂപ ടാക്സ് വരും. കൃത്യമായിട്ട് ടാക്സ് കാൽക്കുലേററ് ചെയ്തുകൊണ്ട് പറയുകയാണ്. വലിയ ടൂറിസ്ററ് കോംപ്ലക്സുകൾക്കൊക്കെ ലക്ഷക്കണക്കിന് രൂപ വരും. ഇരുപതേകാൽ ലക്ഷമാണെങ്കിൽ 1,75,500 രൂപ ടാക്സ് വരും. മുപ്പതേകാൽലക്ഷമാണെങ്കിൽ 2,75,500 രൂപ വരും. നാൽപ്പതേകാൽ ലക്ഷമാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

3,75,500 രൂപ വരും. ഞാൻ ചുരുക്കമായിട്ടേ പറയുന്നുള്ളു. 50 ലക്ഷം രൂപ ചെലവ് ചെയ്ത് പണിയുന്ന ഒരു ഹോട്ടൽ കോംപ്ലക്സിന് 4,75,500 രൂപ ടാക്സ് വരും. അത് ഗവൺമെന്റ് എക്സംപ്ററ് ചെയ്യുമെന്ന് പറഞ്ഞാൽ വളരെ തെററായിട്ടുള്ള കാര്യമാണ്. ഇവിടെ യൂണിവേഴ്സിററി കോളേജിന്റെ മുന്നിൽ വെൽകം ഗ്രൂപ്പ് പണിതു കൊണ്ടിരിക്കുന്ന പാർക്ക് ഹൗസ് ഒരുകോടി രൂപ ചെലവഴിച്ചാണ് അതിന്റെ പണി ഏകദേശം പൂർത്തിയായിരിക്കുന്നത്. അതിന്റെ ബിൽഡിംഗ് ടാക്സ് പത്തുലക്ഷം രൂപയാണ്. ഈ നിയമം വന്നാൽ ഗവൺമെന്റിന് അത് ഒഴിവാക്കിക്കൊടുക്കാൻ ഉള്ള അനുവാദമുണ്ടാകും. ഈ നിയമം വന്നാൽ പത്തുലക്ഷം രൂപയുടെ ടാക്സ് ഒഴിവാക്കിക്കൊടുക്കുന്നത് യാതൊരു തരത്തിലും നീതീകരിക്കാവുന്നതല്ല. ഇത്തരം വലിയ തുകകൾ ഗവൺമെന്റിലേക്ക് കിട്ടാതിരിക്കുന്നതിനുവേണ്ടി ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ ധൈര്യം അതിന്റെ വൈരുദ്ധ്യം എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. കെ. ടി. ഡി. സി.-യുടേതാണെങ്കിൽ വിരോധമില്ല. കെ. ടി. ഡി. സി.-യുടെ എക്സ്പാൻഷൻ സ്കീമുകളുണ്ട്. അതിനൊക്കെ ഒഴിവാക്കി കൊടുത്തോട്ടെ. കെ. ടി. ഡി. സി. കുമരകത്ത് 60 മുറികളുംകൂടി ചേർത്തുകൊണ്ട് ഒരു ടൂറിസ്ററ് കോംപ്ലക്സ് ഇപ്പോൾ പണിതു കൊണ്ടിരിക്കുന്നുണ്ട്. അതിനെ ഒഴിവാക്കട്ടെ. ഒരു വിരോധവുമില്ല. അത് നല്ല കാര്യമാണ്. സമുദ്ര, അവിടെ നൂറു മുറികളുംകൂടി കൂടുതലായിട്ട് പണിത് എക്സ്പാൻഡ് ചെയ്യുന്നുണ്ട്. മസ്ക്കററിന് ഇപ്പോൾ 60 മുറികൾകൂടി പണിത് അത് എക്സ്പാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനൊന്നും വേണ്ട. വലിയ കൺസ്ട്രക്ഷൻ കൊണ്ട് പ്രയോജനമുണ്ടാകുന്നത്, അതിന്റെ ബെനിഫിററ് ഉണ്ടാകുന്നത് വലിയ ഹോട്ടലുടമകൾക്ക്, വൻകിട വ്യവസായികൾക്കാണ്. ടൂറിസ്ററ് കോംപ്ലക്സുകളുമായിട്ട് വരാൻ പോകുന്ന ടാററാ, ബിർള, വെൽകം ഗ്രൂപ്പുകാർക്ക് ഇത് ഒഴിവാക്കി കൊടുക്കാനായിട്ട് മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ഒരു പരിപാടി, ഒരു കോൺസ്പിറസിയുടെ ഭാഗമായിട്ട് അവർക്ക് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുവാനുള്ള ഒരു ഓർഡിനൻസാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് വൻകിട മുതലാളിമാർക്ക് ഗവൺമെന്റ് പണം കൊള്ളയടിക്കുന്നത് അനുവദിച്ചു കൊടുക്കുന്ന ഈ നിയമം ഈ നിയമസഭ അനുവദിച്ചുകൊടുക്കാൻ പാടില്ല. കുവൈററിൽ നിന്നും വരുന്ന തൊഴിലില്ലാത്ത പത്തുപേർ ചേർന്ന് കോ-ഓപ്പറേററീവ് സെക്ടറിൽ ഒരു ടൂറിസ്ററ് കോംപ്ലക്സ് ഉണ്ടാക്കുന്നുവെങ്കിൽ അവർക്കാണ് ഇത് ചെയ്തുകൊടുക്കുന്നതെങ്കിൽ ആരും ഒരു വിരോധവും കാണിക്കുകയില്ല. ഗവൺമെന്റ് ഇപ്പോൾ കേന്ദ്രഗവൺമെന്റിലേക്ക് സമർപ്പിച്ചിരിക്കുന്ന 800 കോടി രൂപയുടെ സ്കീമിൽ അങ്ങനെ ഒരെണ്ണം ഉൾക്കൊള്ളിച്ചാൽ എല്ലാവരും അത് സ്വാഗതം ചെയ്യുകയേയുള്ളു. പക്ഷേ ആ സ്കീമിനെക്കുറിച്ച് ആരുമായിട്ടും കാര്യമായിട്ട് ആലോചിച്ചിട്ടൊന്നുമില്ല. അതുകൊണ്ട് കുവൈററിൽ പെട്ടുപോയവരോട് നീതി ചെയ്യാൻ ഈ സർക്കാർ സൃഷ്ടിപരമായി എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഞാൻ ഈ പറഞ്ഞ നിർദ്ദേശങ്ങൾ പോലെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചാൽ നന്നായിരിക്കും.

സർ, എറണാകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹോട്ടൽ ആൻറ് റെസ്റേറാറൻറ്സ് അസോസിയേഷനാണ് ഇക്കാര്യം ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. ഗവൺമെന്റിനോട് അവർ വളരെ നാളുകളായി ഇത് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പെട്ടെന്ന് ഗവൺമെന്റിന് ഈ ഹോട്ടൽ ഉടമസ്ഥരുടെ അസോസിയേഷനോട് എങ്ങനെ ഈ

അനുരാഗം തോന്നിയെന്ന് എനിക്ക് എത്രയാലോചിച്ചിട്ടും പിടികിട്ടുന്നില്ല. ഈ പ്രവർത്തനങ്ങൾ ഗവൺമെൻറിന് ഏറെറടുപ്പിക്കണം. അവരുടെ മെമ്മോറാണ്ടത്തിലുള്ള കാര്യത്തിൽനിന്ന് ഗവൺമെൻറിൻെറ തടി രക്ഷിക്കുന്നതിനുവേണ്ടി, അതിൻെറ പ്രവർത്തനത്തിൽ നിന്ന് മാറിനിൽക്കുന്നതിനുവേണ്ടി ഈ റിപ്പോർട്ട് കളക്ടർമാർക്ക് അയച്ചുകൊടുത്തു. അവരുടെ മെമ്മോറാണ്ടത്തിൻെറ പ്രസക്തഭാഗം ഗവൺമെൻറ് കളക്ടർമാർക്ക് അയച്ചുകൊടുത്ത വാചകം ഇതാണ്. "All constructions for hotel purposes as an incentive for tourism promotion"–എന്നുള്ള നിലയിൽ ഇത് റെക്കമെൻഡ് ചെയ്യണമോ എന്ന് ചോദിച്ചുകൊണ്ട് കളക്ടർമാർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. ഒററ കളക്ടർമാരും അതിന് വേണ്ടതായിട്ടുള്ള റിപ്പോർട്ട് റെക്കമെൻഡ് ചെയ്തിട്ട് ഇത് ചെയ്തുകൊടുക്കാമെന്ന് പറഞ്ഞ് ഒരു റിപ്പോർട്ട് ഗവൺമെൻറിലേക്ക് അയച്ചിട്ടില്ല. കളക്ടർമാർ എന്താണ് ചെയ്തിരിക്കുന്നതെന്നറിയാമോ? കളക്ടർമാർ തഹസീൽദാർമാരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ ടൂറിസ്ററ് ഹോട്ടൽകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഇപ്പോൾ തന്നെ ഗവൺമെൻറ് ചെയ്തുകൊടുക്കുന്നു എന്നുള്ളതിൻെറ റിപ്പോർട്ട് പരിഗണിച്ച് ഇക്കാര്യം വേണമോയെന്ന് ഡി. എസ്. ഒ. മാരോട് ചോദിച്ചിരിക്കുകയാണ്. റിപ്പോർട്ട് അയക്കാൻ ഡി. എസ്. ഒ.-മാരും മടി കാണിക്കുകയാണ്. അനുകൂലമായി റിപ്പോർട്ട് അയക്കാൻ, ഗവൺമെൻറ് ആഗ്രഹിക്കുന്നതുപോലെയുള്ള റിപ്പോർട്ട് അയക്കാൻ കളക്ടർമാരും മുൻകൈ എടുക്കുന്നില്ല. ഇത് തെററാണ്. തഹസീൽദാർമാർക്കെഴുതി, ഡി. എസ്. ഒ.-മാർക്ക് എഴുതി "Ascertain from D.S.O. whether rationed articles are given to the hotels? . ." എന്ന് ചോദിച്ചിരിക്കുകയാണ്. റേഷൻഡ് ആർട്ടിക്കിൾസ് ഹോട്ടലുകൾക്ക് കൊടുക്കുന്നു എന്നുള്ളത് തീർച്ചയാണ്. അതിന് ഒരു റിപ്പോർട്ടും ആവശ്യമില്ല. അത് സിവിൽ സപ്ലൈസ് വകുപ്പിനോട് ചോദിച്ചാൽമതി. എന്തായാലും ഗവൺമെൻറിൻെറയുള്ളിലിരിക്കുന്ന ആഗ്രഹം എല്ലാ ഡിപ്പാർട്ടുമെൻറിലേക്കും കളക്ടർമാർക്കും അയച്ച് അവരുടെ തലയിൽ അതിൻെറ കുററം വരുത്തുന്ന രീതിയിൽ വലിയ അഴിമതി ചെയ്യാനായിട്ടുള്ള ഒരു പരിശ്രമം ആണിത്. ഹോട്ടൽ ഉടമകളോട് മുമ്പ് പറഞ്ഞിരുന്ന ഒരു ധാരണ പ്രാവർത്തികമാക്കാനുള്ള ഈ നിയമം, ഈ ഓർഡിനൻസ് അപാകതകൾ നിറഞ്ഞതും അഴിമതിക്ക് സാദ്ധ്യതകളുള്ളതും തെരഞ്ഞെടുപ്പിൻെറ അവസരത്തിൽ വരാൻ പാടില്ലാത്തതുമാണ്. ഈ ഓർഡിനൻസ് തള്ളിക്കളയണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഓർഡിനൻസ് നിരാകരിക്കാനുള്ള പ്രമേയം ഒരംഗം അവതരിപ്പിച്ചാൽ വേറൊരംഗത്തിന് അതിനെ പിൻതാങ്ങി സംസാരിക്കാം. ആ നടപടിക്രമം അനുസരിച്ച് ചെയ്യണം.

## XI. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ സത്യൻ മൊകേരി, ഇസ്ഹാക്ക് കുരിക്കൾ, ജോർജ് ജോസഫ് പൊടിപ്പാറ എന്നിവരെ 8-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിലേക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

# XII. നിയമനിർമ്മാണകാര്യം (തുടർച്ച)

## (i) 1990-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ

ശ്രീ. കെ. സി. ജോസഫ്: സർ, 1990 നവംബർ 2-ാം തീയതി പുറപ്പെടുവിച്ച 8-ാം നമ്പർ ഓർഡിനൻസ് തികച്ചും അനാവശ്യമായ ഒരു ഓർഡിനൻസാണ്. അതിന്റെ ഉദ്ദേശ കാരണങ്ങളിൽ പറയുന്നത് 1986 ജൂലൈ 11-ാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ തുടർച്ചയായിട്ടാണ്, ഹോട്ടൽ വ്യവസായത്തെ ഒഴിവാക്കാൻ വേണ്ടിയാണ് ഈ പുതിയ ഓർഡിനൻസെന്നാണ്. 1986 ജൂലൈ 11-ന് പുറപ്പെടുവിച്ച ഒരു ഗവൺമെന്റ് ഉത്തരവിന്റെ പേരിൽ 1990 നവംബർ മാസം 2-ാം തീയതി വരെ യാതൊരു നടപടിയും സ്വീകരിക്കാതെ, ഈ കാലഘട്ടത്തിൽ പലവട്ടം സഭ സമ്മേളിച്ചു, എങ്കിലും അതിനുവേണ്ടി നിയമസഭയിൽ നിയമം കൊണ്ടുവരാതെ പിന്നീടിപ്പോൾ നിയമസഭ ഡിസംബർ മാസം 17-ന് ചേരുമ്പോൾ ഒരു 45 ദിവസം കാത്തിരിക്കാനുള്ള സാവകാശം പോലും കാണിക്കാതെ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്, ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള ഗവൺമെന്റിന്റെ അധികാരത്തെ ദുർവിനിയോഗം ചെയ്യുകയാണ്. ഇവിടെ പറയുന്നതുപോലെ പ്രത്യേകമായ അടിയന്തിര സ്വഭാവമൊന്നും ഈ ഓർഡിനൻസിനില്ല. ഈ നിയമം അസംബ്ലി സമ്മേളിക്കുന്ന ഈ ദിവസം അവതരിപ്പിച്ചാൽ മതിയായിരുന്നു. നവംബർ മാസം 2-ാം തീയതി തന്നെ ഓർഡിനൻസായിട്ടു കൊണ്ടുവരേണ്ടതായ അടിയന്തിര സാഹചര്യമൊന്നും ഇല്ലാതിരിക്കേ ഇതു പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങൾ സംശയകരമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിനു പ്രത്യേകമായി ഒരു ബാക്ക്ഗ്രൗണ്ടുണ്ട്. ശ്രീ. പി. പി. ജോർജ് ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ ടൂറിസം വ്യവസായത്തിലേക്ക് വൻകിടകുത്തകകൾക്ക് ഒരു വലിയ ആനുകൂല്യം നൽകി അവരെ കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ പൊതുമേഖലയിലെ ലാഭകരമായ സ്ഥാപനങ്ങൾപോലും ഒന്നൊന്നായി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ, പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇതിന്റെ പിന്നിലുള്ളത്. ഇവിടെ കേരളാ ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനും ടൂറിസം വകുപ്പും, ഈ രണ്ട് ഗവൺമെന്റ് സ്ഥാപനങ്ങൾ രംഗത്തുണ്ട്. അവർക്ക് ആനുകൂല്യം കൊടുത്താൽ, അവരെ സഹായിച്ചാൽ മനസ്സിലാക്കാം. പക്ഷെ ഇപ്പോഴുണ്ടാകാൻ പോകുന്നത് കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടാററായ്ക്കും വെൽക്കംഗ്രൂപ്പിനും ഇന്ത്യയിലെ മററു വൻകിടകുത്തകകൾക്കും വമ്പിച്ച ആനുകൂല്യം കൊടുത്തു, സ്ഥലം സൗജന്യമായോ പാട്ടമായോ കൊടുത്തു അവരെ ഈ രംഗത്തു കൊണ്ടുവന്നു സ്വകാര്യ മുതലാളിമാരെ സഹായിക്കാനുള്ള ഒരു നീക്കമാണ്. അതിന്റെ ഭാഗമാണ് ഈ ഓർഡിനൻസ്. നമ്മുടെ നാടിന്റെ സമ്പദ്ഘടനയ്ക്ക് ഒരു വലിയ പങ്ക് വഹിക്കേണ്ട ഒന്നാണ് ടൂറിസം. ടൂറിസം വ്യവസായമായി കരുതി വികസിപ്പിക്കണം. ഈ കഴിഞ്ഞ 4 കൊല്ലക്കാലമായി ഗവൺമെന്റ് ഇക്കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് സങ്കേതങ്ങൾ അവഗണിക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കുമരകം ടൂറിസ്റ്റ് കോംപ്ലക്സ് പോലെയുള്ള പ്രധാനപ്പെട്ട പല ടൂറിസ്റ്റ് കേന്ദ്രങ്ങളും അനാഥാവസ്ഥയിലാണ്. കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുവാനുള്ള പദ്ധതികൾ കടലാസിൽ കിടക്കുന്നു എന്നല്ലാതെ നടപ്പിലാക്കാനുള്ള നടപടികളൊന്നുമുണ്ടായിക്കാണുന്നില്ല. ഈ രംഗത്ത് കാര്യമായി പ്രവർത്തിക്കേണ്ട പൊതുമേഖലാ സ്ഥാപനങ്ങളെ, കെ.ററി.ഡി.സി.-യേയും ടൂറിസം വകുപ്പിനേയും സഹായിക്കാതെ സ്വകാര്യമേഖലയ്ക്ക് വമ്പിച്ച ആനുകൂല്യം കൊടുത്തു, വമ്പിച്ച ഇളവുകൾ നൽകി ഈ രംഗം സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് ഇതിന്റെ പിന്നിലുള്ളത്. ഇത് ശരിയായ നീക്കമല്ല. കെട്ടിടനികുതി ഇളവ് ചെയ്യാനുള്ള ഈ നിയമത്തിലെ വകുപ്പുകൾ നാളെ ദുരുപയോഗം ചെയ്യപ്പെടും. വളരെ ആർബിററററിയായി എക്സംപ്ഷൻ പവേഴ്സ് കൊടുത്തിരിക്കുകയാണ്. ഇവിടെ പറയുന്നത്, സർക്കാരിന് വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിന് അപ്രകാരം ചെയ്യേണ്ടത് അവശ്യമെന്നു അവർ കരുതുന്ന പക്ഷം, ഗസററ് വിജ്ഞാപനം മൂലം വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന കാലയളവിനുള്ളിലും, പ്രദേശങ്ങളിലും നിർമ്മാണം പൂർത്തിയാക്കപ്പെട്ടതും ഇതിലേക്കുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന സവിശേഷതകളുള്ളതുമായ ഏതൊരു കെട്ടിടത്തേയോ അല്ലെങ്കിൽ കെട്ടിടങ്ങളേയോ ഈ ആക്ററ് പ്രകാരം നൽകേണ്ടതായ നികുതിയിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്നാണ്. വ്യാപകമായ അധികാരം കൊടുക്കുന്നു. ഹോട്ടൽ വ്യവസായത്തിന് അത് പറയുന്നില്ല. ടൂറിസവുമായി ബന്ധപ്പെട്ട ഏതു കെട്ടിടത്തേയും ഒഴിവാക്കാനുള്ള അധികാരം കൊടുക്കുകയാണ്. ഈ എക്സംപ്ഷൻ പവേഴ്സ് എത്രത്തോളം അപകടകരമാണെന്നു പറയേണ്ട കാര്യമില്ല. വിദ്യാഭ്യാസരംഗം നമുക്കറിയാം. യൂണിവേഴ്സിററി സിൻഡിക്കേററിനുള്ള എക്സംപ്ഷൻ പവേഴ്സ് ആർബിററററിയായി ഉപയോഗിച്ച് അവിഹിതമായി 4 വിദ്യാർത്ഥികൾക്ക് പരീക്ഷ ജയിക്കാനുള്ള മാർക്ക് കൂട്ടിക്കൊടുത്ത ലജ്ജാകരമായ സംഭവം നമ്മടെ മുമ്പിലുണ്ട്. ഉത്തരവാദപ്പെട്ട സമിതികൾ പോലും അവർക്ക് നൽകുന്ന അധികാരങ്ങൾ വിവേചനപൂർവം വിനിയോഗിക്കാതെ ചില പ്രത്യേക താൽപ്പര്യങ്ങൾക്കുവേണ്ടി അധികാരം ദുർവിനിയോഗം ചെയ്യുന്ന ഈ കാലഘട്ടത്തിൽ സർക്കാരിന് അധികാരം കൊടുത്താൽ അതു അപകടകരമായിത്തീരും. ഇപ്പോഴിവിടെ കാണുന്നത്, എവിടെയെല്ലാം പ്രത്യേകമായ അധികാരങ്ങളുണ്ടോ, എക്സംപ്ഷനാണെങ്കിലും ആനുകൂല്യം കൊടുക്കാനാണെങ്കിലും, ആ അവകാശങ്ങൾ ദുർവിനിയോഗം ചെയ്തുകൊണ്ടു ഈ ബില്ലിന്റേയും നിയമത്തിന്റേയും ഇൻറൻസ്ററ് മറികടക്കുന്ന ഒരു സാഹചര്യമാണ്. അതുകൊണ്ട് ഈ നിയമത്തിലും ടൂറിസം വികസനത്തിനുവേണ്ടിയെന്നു പറഞ്ഞുകൊണ്ട് നൽകുന്ന അധികാരങ്ങൾ വ്യാപകമായ അഴിമതിക്ക് വഴിതെളിക്കും ഇനി കേരളത്തിൽ ഉണ്ടാക്കാൻ പോകുന്ന കെട്ടിടങ്ങൾക്കെല്ലാംതന്നെ ഒരു തരത്തിലല്ലെങ്കിൽ മററൊരു തരത്തിൽ ടൂറിസത്തിന്റെ കാര്യം പറഞ്ഞു. ഇളവുകൾ നൽകേണ്ടി വരും. അങ്ങനെയുള്ള നീക്കങ്ങൾ തടയണമെങ്കിൽ വ്യക്തമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഡിഫൈൻ ചെയ്യേണ്ടതുണ്ട്. അത് ചെയ്തിട്ടില്ല. അങ്ങനെ നാളെ വളരെയേറെ ദുരുപയോഗത്തിനിടയുള്ള ഈ നിയമം ഏതെല്ലാം മേഖലകളിലാണെന്ന് പ്രത്യേകം പറയാതെ ആർബിററററിയായി നിയന്ത്രണാതീതമായ അധികാരങ്ങൾ ഗവൺമെൻറിന് കൊടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ നിയമം പ്രത്യേകമായി മോഡിഫൈ ചെയ്ത് പുറപ്പെടുവിക്കേണ്ടതായിരുന്നു, ഞാൻ നേരത്തെ പറഞ്ഞതുപോലെ അനാവശ്യമായി പുറപ്പെടുവിച്ച ഓർഡിനൻസാണിത്, 1986-ലെ ജി.ഒ. ആണ് ആധാരമായ ശുപാർശയെങ്കിൽ കഴിഞ്ഞ നാലു

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലക്കാലംകൊണ്ട് പല തവണ നിയമസഭ കൂടിയപ്പോൾ അന്ന് ഈ നിയമം അസംബ്ലിയിൽ കൊണ്ടുവരാതെ അനാവശ്യമായി ഓർഡിനൻസ് പുറപ്പെടുവിച്ചത് ശരിയല്ല എന്ന കാരണം കൊണ്ടുതന്നെ ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 1990-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 1991 ജനുവരി 15 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിൽ 3 (എ)-യിൽ പറയുന്നത് "The Government may, if they consider it necessary to do so for the promotion of tourism, by notification in the Gazette make exemption from the payment of building tax under the Act......" എന്നാണ്. ഈ ഭേദഗതി പാസ്സാക്കുകയാണെങ്കിൽ ഇത് വളരെയധികം ദുരുപയോഗപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്. ടൂറിസം ഒരു വ്യവസായമായി കണക്കാക്കി അതിന്റെ വികസനത്തിനുവേണ്ടിയുള്ള കാര്യങ്ങളൊക്കെ ചെയ്യുന്നത് കൊള്ളാം. എന്നാൽ അതേയവസരത്തിൽ ഇതുപോലെയുള്ള ഇളവുകൾ കൊടുക്കുകയാണെങ്കിൽ അത് വളരെയധികം ദുരുപയോഗപ്പെടുത്തും. ഉദാഹരണത്തിന് എത്ര വലിയ വീടുണ്ടാക്കിയാലും 'പേയിംഗ് ഗസ്റ്റ്' എന്നു പറഞ്ഞു ഒന്നുരണ്ട് മുറികൾ ഒഴിച്ചിട്ടാൽ അതും ടൂറിസം പ്രൊമോഷനുവേണ്ടിയുള്ളതാണ്. ഈ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 3 (എ) അനുസരിച്ച് പേയിംഗ് ഗസ്റ്റിന് താമസിക്കാൻ എന്നു പറഞ്ഞാൽ അതും ഇതിനകത്തു വരും. ഒന്നു രണ്ടാഴ്ച താമസിച്ചിട്ട് പിന്നീട് വേണ്ടെന്നു വയ്ക്കാവുന്നതാണ്. അങ്ങനെ താമസിക്കാൻ വീടുകൾ ഉണ്ടാക്കുന്ന ആളുകൾക്കു പോലും ഇളവുകൾ നൽകേണ്ടിവരുന്ന ഒരു സ്ഥിതി ഈ നിയമനിർമ്മാണത്തിലുണ്ട്. ടൂറിസം ഒരു വ്യവസായമായിട്ട് ഉയർത്തുന്നതിന് ഞാൻ എതിരല്ല. എന്നാൽ അതേയവസരത്തിൽ എല്ലാ കാര്യത്തിനും ഇളവുകൾ അനുവദിക്കുന്ന സമ്പ്രദായം നമ്മുടെ സംസ്ഥാനത്തിന് ദോഷം ചെയ്യും. നമ്മുടെ 8-ാം പഞ്ചവൽസര പദ്ധതി തുടങ്ങിയിരിക്കുകയാണ്. ആ പദ്ധതിയെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല. മററ് പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് നമ്മുടെ മുതൽമുടക്ക് കുറവാണ്. ടോട്ടൽ ഔട്ട്ലേ നോക്കുകയാണെങ്കിൽ മററ് പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം വളരെ പിറകിലാണ്. ഞാൻ പറയുന്നത് 7-ാം പദ്ധതിയുടെ കാര്യം കണക്കിലെടുത്തുകൊണ്ടാണ്. ടോട്ടൽ ഔട്ട്ലേ കുറയാൻ കാരണം സംസ്ഥാന ഗവൺമെന്റിന്റേതായ കോൺട്രിബ്യൂഷൻ വയ്ക്കാൻ കഴിയാത്തതുകൊണ്ടാണ്. ഇതുപോലെ ടൂറിസം വികനത്തിന് എന്നു പറഞ്ഞു എല്ലാ കാര്യത്തിനും ഇളവുകൾ അനുവദിക്കുന്നത് നല്ല പ്രവണതയല്ല. എന്നു മാത്രമല്ല നമ്മുടെ സംസ്ഥാത്തിന്റെ വ്യവസായവൽക്കരണത്തിനുതന്നെ അത് ദോഷകരമാണ്. കൂടുതൽ തൊഴിലവസരങ്ങൾ ഇവിടെയുണ്ടാകണം. പ്രത്യുല്പാദനപരമായിട്ടുള്ള വ്യവസായങ്ങളുണ്ടാകുന്നതിന് സൗകര്യം ചെയ്യുകയാണെങ്കിൽ അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് പ്രയോജനം ചെയ്യും, അത് സംസ്ഥാനത്തിന് ഗുണം ചെയ്യും, നേരെമറിച്ച് ടൂറിസത്തിന്റെ പേരിൽ ഇളവുകൾ നൽകുമ്പോൾ സർക്കാരിന് കിട്ടേണ്ട പണം കിട്ടാതെ പോവുകയാണ് ചെയ്യുന്നത്. അത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. എല്ലാ കാര്യത്തിനും ഇളവുകളും സബ്സിഡിയുമൊക്കെ കിട്ടുമെന്നുള്ള മനോഭാവം ജനങ്ങളുടെയിടയിൽ വളർന്നു വരികയും ചെയ്യും. ഒരു വ്യവസായം തുടങ്ങുമ്പോൾ ഇവിടെ തൊഴിൽ പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞുകൊണ്ടുള്ള വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതുപോലെ യഥാർത്ഥത്തിൽ തൊഴിൽപ്രശ്നം കുറവായ സംസ്ഥാനമാണ് കേരളം. പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് ഭേദമാണ് കേരളം. ഇവിടെ തൊഴിൽ പ്രശ്നങ്ങൾ ഉണ്ടെന്ന പ്രചരണം നടത്തി ഭരണകക്ഷിക്കാർതന്നെ പ്രത്യേകിച്ച് മാർക്സിസ്റ്റുകാർ വ്യവസായവൽക്കരണത്തിന് എതിരായ ഒരു നിലപാട് ഉണ്ടാക്കുകയാണ്. ഇത്തരമൊരു പ്രചരണത്തിന് സി.ഐ.ടി.യു. തന്നെ ശ്രമിക്കുന്ന ഒരു സന്ദർഭങ്ങളിൽ ഇതുപോലെയുള്ള സൗകര്യങ്ങൾ ടൂറിസംപോലെയുള്ള സ്ഥാപനങ്ങൾക്ക് നൽകിയാൽ മുതൽമുടക്കെല്ലാം ഇതുപോലെത്തെ മേഖലയിൽ വരിക സ്വാഭാവികമാണ്. അത് പ്രത്യുല്പാദന മേഖലയെ സഹായിക്കില്ല. അത് വ്യവസായവൽക്കരണത്തിന് ദോഷമായി ഭവിക്കും. ഒരു വ്യവസായം തുടങ്ങുമ്പോൾ ആവശ്യമായ സഹായങ്ങളും സബ്സിഡിയും നൽകിയാൽ മനസ്സിലാക്കാൻ സാധിക്കും. റാ മെറ്റീരിയൽസിന്റെ പ്രശ്നമുണ്ട്. മാർക്കറ്റിംഗിന്റെ പ്രശ്നമുണ്ട്; ടെക്നോളജിയുടെ പ്രശ്നമുണ്ട്, അതുകൊണ്ട് ഇനീഷ്യൽ സ്റ്റേജിൽ നഷ്ടമുണ്ടാകാം. ആ നഷ്ടം നികത്തുന്നതിന് സബ്സിഡി അനുവദിക്കുന്നുവെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. അത് ന്യായമാണ്. അതേയവസരത്തിൽ ശ്രീ. പി. പി. ജോർജ് പറഞ്ഞതുപോലെ ടാജ് ഗ്രൂപ്പ് കോടിക്കണക്കിന് രൂപ മുടക്കി ഹോട്ടൽ ഉണ്ടാക്കുമ്പോൾ അവർക്ക് മുടക്ക് മുതലിന് നഷ്ടം സംഭവിക്കുന്നില്ല. ഒരു വ്യവസായം തുടങ്ങുമ്പോഴുള്ള നഷ്ടം ഇവിടെ സംഭവിക്കുന്നില്ല. അതുകൊണ്ട് ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകുന്നത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ഇതു മൂലം നമ്മുടെ സംസ്ഥാനം സാമ്പത്തികമായി വളരെയധികം പ്രയാസങ്ങൾ അനുഭവിക്കാൻ ഇടവരും. നമ്മുടെ വികസന പദ്ധതികൾക്ക് മുതൽമുടക്കാൻ പണമില്ലാതെവരും. അതുകൊണ്ട് ഈ ഭേദഗതി മന്ത്രി പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, എന്താണ് ഇത്രവലിയ അർജൻസി? ടാററാ, ടാജ്, ഒബറോയ് ഗ്രൂപ്പുകാർ ഹോട്ടൽ ഉണ്ടാക്കുന്നു എന്ന് കാണുമ്പോഴേയ്ക്കും ഓർഡിനൻസ് ഇറക്കേണ്ട കാര്യമെന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇതെല്ലാം വളരെ മോശമായ കാര്യമാണ്. ഈ ഭേദഗതി കോടീശ്വരൻമാരായ ടാററാ, ഒബറോയ് ഗ്രൂപ്പുകാരെ സഹായിക്കാൻ വേണ്ടി മാത്രമുള്ളതാണ്. ഈ വ്യവസായംകൊണ്ട് ലാഭമുണ്ടെങ്കിൽ സബ്സിഡി കൊടുക്കാതെ തന്നെ അവർ വരും. പണമില്ലാതെ സംസ്ഥാനം വിഷമിക്കുമ്പോൾ ഇതുപോലൊരു ഭേദഗതിയുമായി വരുന്നത് ഒരിക്കലും നീതികരിക്കാൻ പററില്ല. നമ്മുടെ പബ്ലിക് അണ്ടർടേക്കിംഗായ കെ.ടി.ഡി.സി.-ക്ക് മാത്രമായി ഇതു നൽകുകയാണെങ്കിൽ എനിക്ക് വിരോധമില്ല. ഇപ്പോഴത്തെ ആക്ടിനകത്തുതന്നെ ചില എക്സംപ്ഷൻസ് ഉണ്ട്. "(a) buildings owned by the Government of Kerala or the Government of India or any local authority; and

(b) buildings used principally for religious, charitable or educational purposes or as factories or workshops", എന്നാണ് പറയുന്നത്. ആളവുകളുടെ കൂട്ടത്തിൽ 'ലോക്കൽ അതോറിററി' എന്ന നിർവചനത്തിൽ 'സംസ്ഥാനത്തിന്റേയും കേന്ദ്രഗവൺമെൻറിന്റേയും പബ്ലിക് സെക്ടർ' എന്നുള്ള ഭേദഗതി മാത്രം കൊണ്ടുവരികയാണെങ്കിൽ അത് നമ്മുടെ സംസ്ഥാനത്തിന് പ്രയോജനം ചെയ്യും. നമുക്ക് വലിയ പണം നഷ്ടപ്പെടാതെ തന്നെ ഈ കാര്യങ്ങൾ നിർവഹിക്കാൻ സാധിക്കും. എന്നാൽ ഈ ഭേദഗതിയുടെ ഫലം അനുഭവിക്കാൻ പോകുന്നത് ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

കോടീശ്വരൻമാരും കുത്തകക്കാരുമായ ഹോട്ടൽ ഗ്രൂപ്പുകാരാണ്. അതിനുപുറമേ എല്ലാററിനും സഹായം കിട്ടുമെന്നുള്ള ബോധം എല്ലാവരിലും വരും. അങ്ങനെ വന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തേയും പ്രത്യുൽപ്പാദന മേഖലയേയും വളരെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 1990-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ "ഒരു സെലക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു." 1986-ൽ ആണ് ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചത്. ടൂറിസം വ്യവസായമായി പ്രഖ്യാപിച്ചതിനുശേഷം പലരും ഈ രംഗത്തേയ്ക്ക് കടന്നു വന്നിട്ടുണ്ട്. ഇന്ത്യാ രാജ്യത്ത് ടൂറിസം പ്രോൽസാഹിപ്പിക്കാൻ പററിയ ഏററവും നല്ല അന്തരീക്ഷമാണ് കേരളത്തിൽ ഇന്നുള്ളത്. പ്രകൃതിരമണീയമായ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വിദേശ ടൂറിസ്ററുകളെക്കൂടി ആകർഷിക്കാൻ സാധിക്കുന്ന അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം വിമാനത്താവളത്തെ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചതോടുകൂടി വിദേശ ടൂറിസ്ററുകളെ കാര്യമായി കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുന്ന ഒരു സംവിധാനം വന്നിട്ടുണ്ട്. പ്രത്യേകിച്ചും നമ്മുടെ ആഭ്യന്തര ടൂറിസവും വിദേശ ടൂറിസവും വികസിപ്പിക്കണമെങ്കിൽ അതിനാവശ്യമായ ചില സൗകര്യങ്ങൾ ചെയ്തു കൊടുത്തേ മതിയാകൂ. അമേരിക്കയിലേയും യൂറോപ്പിലേയും ജനങ്ങൾ പ്രത്യേകിച്ച് പ്രായമായവർ വിശ്രമ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരാണ്. അവർ ലോകത്ത് പല ഭാഗങ്ങളിലും പോയി താമസിച്ച് വിശ്രമജീവിതം നയിക്കുന്നവരാണ്. അമേരിക്കയിൽ ഒരു പെൻഷണർക്ക് ഒരു മാസം രണ്ടായിരം ഡോളർ പെൻഷനായി കിട്ടുന്നുണ്ട്. അതായത്, 36,000 രൂപയാണ് കിട്ടുന്നത്. വിശ്രമജീവിതം നയിക്കാൻവേണ്ടി ഇത്രയും തുക അമേരിക്കയിലെ ഒരു പെൻഷണർ ചെലവഴിക്കുന്നുണ്ട്. അത് ലോകത്തിലെ മററ് പല രാജ്യങ്ങളിലും പോയി ചെലവഴിക്കുന്നതിനുപകരം കേരളത്തിൽ വന്നിരുന്നുവെങ്കിൽ കേരളം രക്ഷപെട്ടു. അതിന് സാധിക്കണമെങ്കിൽ ഇവിടെ അതിനനുസരിച്ചുള്ള സംവിധാനങ്ങളുണ്ടാകണം. വിദേശ ടൂറിസ്ററുകളെ ആകർഷിക്കാൻ സാധിക്കുന്ന തരത്തിലുള്ള കേരളത്തിൽ അതിനാവശ്യമായ സൗകര്യങ്ങളെങ്ങനെയുണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുന്ന ഒരു ഗവൺമെൻറാണ് ഇന്ന് കേരളത്തിലുള്ളത്. അതുകൊണ്ടാണ് 1986-ൽ ടൂറിസം വ്യവസായമായി പ്രഖ്യാപിച്ചിട്ടും അന്ന് ടൂറിസം വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച രണ്ടുമൂന്നു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അമേരിക്കയിലെ കാര്യം മാത്രമേ ഇപ്പോൾ നിങ്ങൾ സംസാരിക്കുന്നുള്ളു; റഷ്യയിലെ കാര്യം, നമ്മുടെ സ്വർഗ്ഗരാജ്യത്തെ കാര്യം ഒന്നും നിങ്ങളുടെ ഉദാഹരണത്തിലും ഭാവനയിലും സ്വപ്നത്തിലുമൊന്നുമില്ലേ? അതിനെക്കുറിച്ചൊന്ന് പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റഷ്യയിലേയും മററും കാര്യം നമ്മൾ ഇവിടെ കുറെ പറഞ്ഞല്ലോ. അക്കൂട്ടത്തിൽ ആ വിജ്ഞാനം കിട്ടിയപ്പോഴല്ലേ നമ്മൾ ഇതിനെക്കുറിച്ച് പറയുന്നത്. റഷ്യയിലെ കാര്യംപോലെ തന്നെ അമേരിക്കയിലെ കാര്യവും നമുക്ക് പറയേണ്ടതുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ മുഖ്യമന്ത്രി നേരത്തെ പാതിരാ മണലിൽ നടത്തിയ പ്രസംഗത്തെക്കുറിച്ച് വളരെ വിവാദമുണ്ടായതാണ്. ഞാൻ ആ വിഷയം ഇപ്പോൾ പറയുന്നില്ലെങ്കിലും ആ സംസ്കാരമൊക്കെ വേണമെന്നാണോ? അതുകൊണ്ടാണോ? അമേരിക്കൻ സംസ്കാരത്തെ കുററപ്പെടുത്തി അദ്ദേഹം പറഞ്ഞത് 'വൺ ടീ..............' എന്നു പറഞ്ഞല്ലോ? ആ വിഷയം ഇവിടെ വേണമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ സംസ്കാരമൊന്നുമില്ലാതെ പുതിയൊരു സംസ്കാരം പഠിച്ചിട്ട് നമുക്ക് അമേരിക്കക്കാരെ അങ്ങോട്ട് വിടാം. അതിന് പററുന്ന രീതിയിൽ കേരളത്തിലേയ്ക്ക് അവരെ ആകർഷിക്കാൻ വേണ്ടി സാധിക്കണം. അതിനുവേണ്ടി രണ്ടുമൂന്നു കാര്യങ്ങൾ മുമ്പത്തെ ഗവൺമെൻറ് പ്രഖ്യാപിച്ചിരുന്നു. ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരുന്ന കാലത്താണ് അത് പ്രഖ്യാപിച്ചത്. വെള്ളത്തിൻെറയും വെളിച്ചത്തിൻെറയും നിരക്കിൽ സൗജന്യം കൊടുക്കുമെന്ന് അന്ന് പ്രഖ്യാപിച്ചിരുന്നു. കെട്ടിട നികുതിയിളവ് ആനുകൂല്യം കൊടുക്കുമെന്ന് പ്രഖ്യാപിച്ചതും ഞങ്ങളല്ല. ശ്രീ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന കാലത്താണ് കെട്ടിടനികുതിയിൽ, ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഇളവ് കൊടുക്കുമെന്ന് പ്രഖ്യാപിച്ചത്. എന്നാൽ നിങ്ങൾക്ക് അത് നടപ്പിലാക്കാൻ സാധിച്ചില്ല. അന്ന് നിങ്ങൾക്ക് നടപ്പിലാക്കാൻ സാധിക്കാത്ത കാര്യം ഇന്ന് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെൻറ് നടപ്പിലാക്കുമ്പോൾ ആണ് പ്രതിപക്ഷത്തിന് എതിർപ്പ്. യഥാർത്ഥത്തിൽ നികുതിയെന്നു പറഞ്ഞാൽ, വർഷാവർഷം പിരിക്കുന്ന നികുതിയല്ല. കെട്ടിടം നിർമ്മിച്ചു കഴിഞ്ഞാൽ ആ കെട്ടിട നിർമ്മാണത്തിൻെറയടിസ്ഥാനത്തിൽ തഹസീൽദാർ മുഖേന, റവന്യൂ ഡിപ്പാർട്ട്മെൻറ് മുഖേന പിരിക്കുന്ന ഒരു നികുതിയാണ്. എല്ലാ വർഷവും ഈ നികുതി പിരിക്കുന്നില്ല. കെട്ടിട നിർമ്മാണം കഴിയുന്നതോടുകൂടി അതിൻെറ വില നിശ്ചയിച്ചുകൊണ്ട് നികുതി പിരിവ് പൂർത്തിയാകുകയാണ്. നേരത്തെ പ്രതിപക്ഷത്തു നിന്നും ഇവിടെ ഒരു വാദഗതിയുന്നയിക്കുകയുണ്ടായി. ഗവൺമെൻറിൻെറ വരുമാനത്തിൽ, ഇതിനകം പിരിച്ചതിൽത്തന്നെ ചോർച്ച സംഭവിച്ചിരിക്കുന്നുവെന്ന്. ഗവൺമെൻറിന് ഇപ്പോൾ കിട്ടുന്ന വരുമാനത്തിൽ ഒരു ചോർച്ചയും സംഭവിക്കാൻ പോകുന്നില്ല. ഭാവിയിലുണ്ടാകാൻ പോകുന്ന ധനനഷ്ടത്തെക്കുറിച്ചാണ് വേവലാതി പറയുന്നതെങ്കിൽ, അങ്ങനെയുണ്ടാകാൻ പോകുന്ന ധനനഷ്ടത്തേക്കാൾ കൂടുതൽ മെച്ചം ടൂറിസം വ്യവസായം പ്രോത്സാഹിപ്പിക്കുന്നതുമൂലം കേരളത്തിന് കിട്ടും. നൂറു രൂപ ഒരു ഭാഗത്ത് നഷ്ടപ്പെടുമ്പോൾ ആയിരം രൂപ വേറൊരു ഭാഗത്തുനിന്നും കിട്ടും. അങ്ങനെ കേരളത്തിൻെറ ഭാവി സമ്പദ്ഘടനയെക്കൂടി ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. ഇന്ന് കേരളത്തെ പോലെ ടൂറിസ്ററുകൾക്ക് വരാൻ സാധിക്കുന്ന മറേറതെങ്കിലുമൊരു സംസ്ഥാനം ഇൻഡ്യയിലുണ്ടോ? ഇന്ന് പഞ്ചാബിൽ പോകാൻ സാധിക്കുമോ? വിദേശ ടൂറിസ്ററുകളെ മുമ്പ് ആകർഷിച്ചിരുന്ന സ്ഥലമായിരുന്നു പഞ്ചാബ്. പഞ്ചാബിൽ ഇപ്പോൾ സിക്ക് ഭീകരവാദികൾ അവിടത്തെ സ്ത്രീകൾക്ക് ഒരു മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്, സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ സാൽവാറും കമ്മീസും ധരിച്ചു മാത്രമേ പുറത്തിറങ്ങാവൂ എന്നാണ് പഞ്ചാബിലെ ചണ്ഡിഗഡിലെ മതമൗലിക വാദികൾ കൊടുത്തിട്ടുള്ള നിർദ്ദേശമാണത്. അവിടെ വിദേശ വസ്ത്രം ധരിച്ചു കൊണ്ട് നടക്കാൻ പാടില്ലെന്നാണ്. ആ സ്ഥലത്ത് ടൂറിസ്ററുകൾ പോകുമോ? അതുപോലെതന്നെ ജമ്മു-കാശ്മീരിലെ മുസ്ലീം മതമൗലിക

വാദികരം കൊടുത്തിരിക്കുന്ന നിർദ്ദേശം, പർദ്ദ ധരിച്ചുകൊണ്ടു മാത്രമേ മുസ്ലീം സ്ത്രീകരം പുറത്തിറങ്ങാവൂ എന്നാണ്. പർദ്ദ ധരിക്കാതെ മുസ്ലീം സ്ത്രീകരം പുറത്തിറങ്ങിയാൽ മുസ്ലീം സ്ത്രീകളുടെ മുഖത്ത് ആസിഡ് ഒഴിക്കും. ഇങ്ങനെയുള്ള ജമ്മു-കാശ്മീരിൽ ടൂറിസ്ററുകരം പോകുമോ? അങ്ങനെ നോക്കുമ്പോരം ഇൻഡ്യയിൽ ടൂറിസ്ററുകളെ ആകർഷിക്കാൻ സാധിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഗുജറാത്തിൽ ടൂറിസ്ററുകരം പോകുമോ? ഗുജറാത്തിലെ അഹമ്മദബാദിലല്ലേ പട്ടാളഭരണം ഏർപ്പെടുത്തിയിരിക്കുന്നത്? അതുപോലെ ഹൈദ്രബാദിൽ ടൂറിസ്ററുകരം പോകുമോ? അവിടെയും പട്ടാളത്തിന്റെ പിടിയിലല്ലേ? അവിടെയും വർഗ്ഗീയ ലഹളയല്ലേ? കാൺപൂരിലും യൂ. പി. യിലും ടൂറിസ്ററുകരം പോകുമോ? അവിടെയെല്ലാം ഇന്ന് വർഗ്ഗീയ ലഹളയാണ്. ഇന്ത്യയിൽ വർഗ്ഗീയ ലഹളയില്ലാത്ത ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. കേരളത്തിലെ ഇന്നത്തെ അനുകൂലമായ സാഹചര്യം ഉപയോഗപ്പെടുത്തി കൊണ്ട് നമുക്ക് പ്രോൽസാഹിപ്പിക്കാൻ സാധിക്കുന്ന വ്യവസായമാണ് ടൂറിസം വ്യവസായം. അതുകൊണ്ടാണ് ആഭ്യന്തര ടൂറിസ്ററുകളെ പ്രോൽസാഹിപ്പിക്കാനുള്ള ചില നടപടികരം സ്വീകരിച്ചിട്ടുള്ളത്. പ്രതിപക്ഷത്തുനിന്നും ചില വാദഗതികരം കേട്ടു, ചില വീടുകളെടുത്ത് ആ വീടുകളിൽ പേയിംഗ് ഗസ്ററായിട്ട് ആളുകളെ താമസിപ്പിച്ചുകൊണ്ട് ഇത്തരത്തിലുള്ള ചില ആനുകൂല്യങ്ങരം തട്ടിയെടുക്കുന്നുവെന്നാണ്. എല്ലാവിധ ആനുകൂല്യങ്ങളും നമ്മുടെ നാട്ടിൽ ദുരുപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ആനുകൂല്യങ്ങരം ദുരുപയോഗപ്പെടുത്താതിരിക്കാനാവശ്യമായ ജാഗ്രത വേണമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഇപ്പോരം കണ്ടുവരുന്ന ഒരു പ്രവണതയുണ്ട്. ടൂറിസ്ററ് ഹോട്ടലുകളെന്നപേരിൽ കെട്ടിടങ്ങരം നിർമ്മിക്കാറുണ്ട്. ടൂറിസ്ററ് ഹോട്ടലുകരം നിർമ്മിക്കുന്നവർക്ക് വ്യവസായവകുപ്പ് ആനുകൂല്യം കൊടുക്കാറുണ്ടായിരുന്നു. വ്യവസായ വകുപ്പിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങരം വാങ്ങി ടൂറിസ്ററ് ഹോട്ടലുകരം നിർമ്മിച്ച് അത് പിന്നെ നഴ്സിംഗ് ഹോമാക്കി മാററുന്നു. അല്ലെങ്കിൽ മറേറതെങ്കിലും സംവിധാനമാക്കി മാററുന്നു. യഥാർത്ഥത്തിൽ ടൂറിസ്ററുകരംക്ക് താമസിക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ട പല ഹോട്ടൽ സംവിധാനങ്ങളും ടൂറിസ്ററുകരംക്ക് ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്.

പ്രതിപക്ഷത്തുനിന്നും ഉന്നയിച്ച വാദഗതിയെന്താണെന്നറിയാമോ, ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ടാണ്, അതിനെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ വക ആനുകൂല്യങ്ങളൊക്കെ പ്രഖ്യാപിച്ചതെന്നാണ്. ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടുകൂടി പ്രതിപക്ഷത്തുള്ള ആളുകരംക്ക് വെപ്രാളം തുടങ്ങിയിരിക്കുന്നു. ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പിനെ ഞങ്ങളെന്തിനാണ് ഭയപ്പെടുന്നത്? കുറെ ദിവസങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണത്തിന്റെ ഭാഗമാണ് ശ്രീ. ജോസഫും ശ്രീ. ജോർജ്ജും ശ്രീ. ആര്യാടനും ഇവിടെ ചെയ്തിട്ടുള്ള പ്രസംഗങ്ങരം. ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോരംത്തന്നെ പ്രതിപക്ഷനേതാവ് പറഞ്ഞില്ലേ, തെരഞ്ഞെടുപ്പിൽ കൃത്രിമം, വോട്ടേഴ്സ് ലിസ്ററിലും കൃത്രിമം എന്ന്. പ്രതിപക്ഷനേതാവിന് പോലും വോട്ടില്ലെന്ന് പ്രതിപക്ഷനേതാവ് പ്രഖ്യാപിച്ചില്ലേ? അതിന്റെ വസ്തുതയെന്താണ്? നിങ്ങരംക്കും എനിക്കുമൊക്കെ ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പിൽ ഒരു വോട്ടല്ലേയുള്ളൂ? എന്നാൽ പ്രതിപക്ഷനേതാവിന് രണ്ട് വോട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ ഡിവിഷനിൽ പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവിന് വോട്ടില്ലേ? പ്രതിപക്ഷനേതാവിന് വഞ്ചിയൂർ ഡിവിഷനിൽ വോട്ടുണ്ടെന്ന് മാത്രമല്ല, വഞ്ചിയൂർ ഡിവിഷനിൽ 161–ാമത്തെ വീട്ടിൽ 86–ാമത്തെ നമ്പറായി കന്റോൺമെന്റ് ഹൗസിൽ കെ. കരുണാകരൻ, രാവുണ്ണിമാരാരുടെ മകൻ, പുരുഷൻ, 73 വയസ്സ്, കല്യാണിക്കുട്ടിയമ്മ കെ. കരുണാകരൻ; സ്ത്രീ, 65 വയസ്സ്, പത്മജ വേണുഗോപാലൻ, സ്ത്രീ, 29 വയസ്സ് അങ്ങനെ മൂന്ന് വോട്ട് കാന്റോൺമെന്റ് ഹൗസിൽ പ്രതിപക്ഷനേതാവിനും ഭാര്യയ്ക്കും മകൾക്കുമായിട്ടുണ്ട്. അതേസമയം തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ ഡിവിഷനിൽ മുനിസിപ്പാലിറ്റിയിലെ 22–ാമത് വാർഡിലും പ്രതിപക്ഷനേതാവിന് വോട്ടുണ്ട്. ഇവിടെയല്ലേ കള്ളപ്രചരണം നടത്തുന്നത്? ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പിലെ വോട്ടേഴ്സ് ലിസ്റ്റിൽ കൃത്രിമമാണെന്ന് പ്രചരിപ്പിക്കാൻ വേണ്ടി നിങ്ങൾ നടത്തിയ പ്രചരണം പോലെയല്ലേ ഈ പ്രചരണം.

സർ, മറ്റൊരു കാര്യം പറഞ്ഞു, മാള സീറ്റ് സ്ത്രീ വാർഡാക്കി ക്കളഞ്ഞു. സ്ത്രീ വാർഡ് ആക്കിയതിൽ ആരെങ്കിലും പ്രതിഷേധി ക്കുമോ? നിയമസഭ ഉണ്ടാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലല്ലേ സ്ത്രീ വാർഡുകൾ നിശ്ചയിക്കുന്നത്? ഏറ്റവും കൂടുതൽ സ്ത്രീ വോട്ടർമാരുള്ള സ്ഥലം സ്ത്രീ വാർഡ്. അതിനെക്കാൾ അദ്ദേഹത്തിന് വിരോധം എന്താണെന്നറിയാമോ? അതു ഹരിജന സ്ത്രീ വാർഡാക്കി ക്കളഞ്ഞു എന്നതാണ്. ശ്രീ. കരുണാകരൻ വിചാരിച്ചിട്ടുണ്ടാകും, സ്ത്രീ വാർഡാണെങ്കിൽ ഭാര്യ കല്ല്യാണിക്കുട്ടിയമ്മയെ നിർത്താമെന്ന്. പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ മകൻ മുരളി. ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പുവരുമ്പോൾ ഭാര്യ. ഇത് ഹരിജനസ്ത്രീ വാർഡായതുകൊണ്ട് ഭാര്യയ്ക്കും നിന്നുകൂടാ, മകൾക്കും നിന്നുകൂടാ. അതിൽ പ്രതിപക്ഷ നേതാവിന് പ്രതിഷേധം. കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത കണ്ടു, തമിഴ്നാട്ടിൽ താമ്പരം എന്നു പറയുന്ന മുനിസിപ്പാലിറ്റിയിൽ കോൺഗ്രസ് (ഐ) കൗൺസിലർമാർ ജയിച്ച ചില വാർഡുകൾ സ്ത്രീ വാർഡാക്കി പ്രഖ്യാപിച്ചതിൽ പ്രതിഷേധി ക്കുവാൻവേണ്ടി അവിടത്തെ കോൺഗ്രസ് (ഐ) കൗൺസിലർമാർ സമരം ചെയ്യുന്നു. കൗൺസിൽ ഹാളിലേക്ക് കോൺഗ്രസ് (ഐ) കൗൺസിലർമാർ വരുമ്പോൾ പുരുഷൻമാരായ ആളുകൾ സാരിയും ഉടുത്തിട്ടാണ് പോകുന്നത്. ആ കൗൺസിലർമാരുടെ മാതൃക ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പിൻതുടരരുത് എന്നാണ് എന്റെ അഭ്യർത്ഥന. ശ്രീ. കരുണാകര നെങ്ങാനും സാരിയും ഉടുത്ത് ഇവിടെ വന്നാൽ എന്തായിരിക്കും കോലം? ഒന്നാമത് കണ്ടിരിക്കാൻ തന്നെ സാധിക്കുകയില്ല. അതുകൊണ്ട് താമ്പരത്തെ കോൺഗ്രസ് (ഐ) കൗൺസിലർമാരെ പ്രതിപക്ഷനേതാവ് മാതൃക യാക്കരുത്. ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പ് വരുന്നതു പ്രമാണിച്ചാണ് കെട്ടിട നികുതിയിൽ ഭേദഗതി വരുത്താൻ പോകുന്നത് എന്നു പ്രഖ്യാപിക്കുന്നത് എത്രമാത്രം പരിഹാസ്യമാണ്. ഞങ്ങളെ ന്തിനാണ് ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പിനെ ഭയപ്പെടേണ്ട ആവശ്യം? ഭയപ്പെടേണ്ടത് അപ്പുറത്ത് ഇരിക്കുന്ന ആളുകളാണ്. അപ്പുറത്ത് പാരവയ്ക്കലല്ലേ? പാവം മാണിയുടെ ഇരിപ്പ് കാണുമ്പോൾ എനിക്ക് സങ്കടം തോന്നുന്നു. ശ്രീ. കെ. എം. മാണി ഡൽഹിയിൽ പോയി തിരിച്ചുവന്നപ്പോൾ എം. എം. മാണിയായി. ഞാൻ ഇനി അദ്ദേഹത്തെ എം. എം. മാണി എന്നേ വിളിക്കുകയുള്ളു. ''മന്ത്രിയാകാതെ മടങ്ങിവന്ന മാണി'' എം. എം. മാണി. ശ്രീ. കെ. എം. മാണിയെ ഇത്രമാത്രം രാഷ്ട്രീയമായി കോലം കെടുത്തേണ്ട ആവശ്യമുണ്ടോ? കോൺഗ്രസ് (ഐ) ശ്രീ. മാണിയോട് പറഞ്ഞു, നിങ്ങളെ കേന്ദ്രത്തിലെ മന്ത്രിയാക്കാമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയാക്കാമെന്നു കേരക്കേണ്ട പാതി കേരക്കാത്ത പാതി അദ്ദേഹം ഡൽഹിയിൽ പോയി, ഡൽഹിയിൽ ചെന്നപ്പോരം കേരളാ ഹൗസിൽ പ്രതിപക്ഷ നേതാവ് ശ്രീ. കെ. കരുണാകരൻ. അദ്ദേഹം ശ്രീ. മാണിയെ കണ്ടപ്പോരം കെട്ടിപ്പിടിച്ചു. നല്ല വകുപ്പ് തന്നെ എടുക്കണേ എന്നു പറഞ്ഞു. ഉപരിതല ഗതാഗതം ആയിക്കോട്ടെ. ധനകാര്യമായാൽ എന്താണെന്നു ശ്രീ. മാണി. അവസാനം മന്ത്രിയാകുമെന്നു വിചാരിച്ച് കേരളാ ഹൗസിൽ റൂമിൽ ശ്രീ. മാണി പോയി കിടന്നുറങ്ങി. മന്ത്രിയായാൽ എങ്ങനെ പ്രസംഗിക്കണം എന്നുപോലും ശ്രീ. കെ. എം. മാണി റിഹേഴ്സൽ നടത്തി. പനമ്പിള്ളി ഗോവിന്ദമേനോനെപ്പോലെ പ്രസംഗിക്കണോ, അതല്ല സി. എം. സ്ററീഫനെപ്പോലെ പ്രസംഗിക്കണോ എന്നു പോലും അദ്ദേഹം റിഹേഴ്സൽ നടത്തി. അങ്ങനെ കിടന്നുറങ്ങുമ്പോഴാണ് രാത്രി തലയിൽ മുണ്ടുമിട്ട് പ്രതിപക്ഷനേതാവ് ശ്രീ. കെ. കരുണാകരൻ ശ്രീ. ചന്ദ്രശേഖരന്റെ വീട്ടിൽ ചെല്ലുന്നത്. ശ്രീ. കെ. എം. മാണിയെ മന്ത്രിയാക്കരുത് എന്നു പറഞ്ഞു. ഇതിൽപ്പരം രാഷ്ട്രീയമായ വഞ്ചനയുണ്ടോ? എന്തിനാണ് ശ്രീ. മാണിയെ വെറുതെ പിടിച്ച് ഡൽഹിയിൽ കൊണ്ടുപോയത്? കോൺഗ്രസ് (ഐ) കാണിക്കുന്ന ഈ രാഷ്ട്രീയ വഞ്ചനയിൽ എന്തെങ്കിലും ഒരക്ഷരം ഉരിയാടാൻ അദ്ദേഹത്തിന് സാധിച്ചോ? ഒന്നര മണി സമയത്ത് ശ്രീ. സുബ്രഹ്മണ്യ സ്വാമിയുടെ ഫോൺ ശ്രീ. കെ. എം. മാണിക്ക്. ശ്രീ. മാണിക്ക് ഹൃദയം എന്നൊരു സാധനമുണ്ടായിരുന്നെങ്കിൽ ഹൃദയ സ്തംഭനം ഉണ്ടാകുമായിരുന്നു. ഹൃദയം ഇല്ലാത്തവന് ഹൃദയ സ്തംഭനമുണ്ടോ? ശ്രീ. മാണി അതിനെക്കാരം നല്ലത് കേരളാ ഹൗസിന്റെ മുമ്പിലെ മാവിന്റെ മുകളിൽ പത്തു രൂപയ്ക്ക് കയറുവാങ്ങി തൂങ്ങിമരിക്കുകയായിരുന്നു. ഇത്രമാത്രം രാഷ്ട്രീയത്തിൽ അപമാനം കലർത്തേണ്ട ആവശ്യമുണ്ടോ? ശ്രീ. കരുണാകരനാണ് ശ്രീ. മാണിയെ ഇങ്ങനെ അപമാനിച്ചത്. ശ്രീ. മാണിയെ അപമാനിച്ച ശ്രീ. കരുണാകരനോട് പകരം ചോദിക്കും എന്നാണ് ശ്രീ. മാണി പറഞ്ഞിട്ടുള്ളത്. ശ്രീ. മാണി അങ്ങനെ നിസ്സാരനല്ല. ശ്രീ. മാണി നിസ്സാരനല്ലെന്ന് പലപ്പോഴും തെളിയിച്ചിട്ടുണ്ട്. അത് കേരളത്തിൽ തെളിയിച്ചു കൊടുക്കും എന്നാണ് ശ്രീ. മാണി പറഞ്ഞിട്ടുള്ളത്. അപ്പോഴാണ് ശ്രീ. കരുണാകരൻ ശ്രീ. മാണിയോട് പറയുന്നത്, നിങ്ങരം അങ്ങനെ ചിണുങ്ങണ്ടാ, മുറായി വേണമെങ്കിൽ വാങ്ങിത്തരാം ലഡുവിന് കൊതിക്കണ്ട എന്ന്. ശ്രീ. കെ. എം. മാണിയെ ഇങ്ങനെ അപമാനിച്ചതിന് കോൺഗ്രസ് (ഐ) എന്നു പറയുന്ന രാഷ്ട്രീയ പ്രസ്ഥാനം എല്ലാവരെയും ഇങ്ങനെയാണ് കാണുന്നത്. മുസ്ലീം ലീഗിനോട് പറഞ്ഞില്ലേ സേട്ടുവിനെ മന്ത്രിയാക്കാമെന്ന്. ബാബറി മസ്ജിദ് പള്ളി പൊളിച്ചാൽ എന്താ, നിങ്ങരക്ക് മന്ത്രിയായിക്കൂടെ എന്നു സേട്ടുവിനോട് ചോദിക്കുന്നു. അങ്ങനെ സേട്ടു ശ്രീ. ചന്ദ്രശേഖരന് പിന്തുണകൊടുത്തു. അങ്ങനെ പിന്തുണ കൊടുത്തതിന്റെ ഫലം ഇന്ന് ലീഗ് അനുഭവിക്കയല്ലേ? മുസ്ലീം ലീഗ് അക്ഷരാർത്ഥത്തിൽ എലിക്കെണിയിലല്ലേ പോയിപ്പെട്ടിട്ടുള്ളത്? നിങ്ങരക്ക് ഈ അബദ്ധം ഇതിനുമുമ്പും പററിയിട്ടില്ലേ? 1952-ൽ മദിരാശി സംസ്ഥാനത്ത് രാജാജി മുഖ്യമന്ത്രിയായത് മുസ്ലീം ലീഗിന്റെ പിൻതുണയോടുകൂടിയല്ലേ? അന്ന് രാജാജി പുറപ്പെടുവിച്ച മൂന്ന് ഉത്തരവ് എന്തായിരുന്നു? മുസ്ലീംങ്ങളിൽ ഒററയാളിനെയും എം. എസ്. പി.-യിൽ എടുക്കരുത്. രണ്ടാമത്തെ ഉത്തരവ്, മുസ്ലീംങ്ങളെ പോലീസ് സേനയിൽ എസ്. ഐ.-യ്ക്ക് മുകളിലുള്ള ഒരു സ്ഥാനത്തും നിയമിക്കരുത്. മൂന്നാമത്തെ ഉത്തരവ്, പള്ളികളും മദ്രസ്സകളും പുതുക്കി പണിയുമ്പോരം ഗവൺമെന്റിന്റെ പ്രത്യേക അനുവാദം വേണം. ഈ മൂന്ന് ഉത്തരവുകളും പുറപ്പെടുവിച്ചത് മുസ്ലീംലീഗിന്റെ പിന്തുണ

LIBRARY ARCHIVES Kerala Legislative Assembly

യോടുകൂടി അധികാരത്തിൽ വന്ന രാജാജിയായിരുന്നു 1952-ൽ. അത് പിൻവലിച്ചത് കമ്മ്യൂണിസ്ററുകാരനായ സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് 1957-ൽ ആയിരുന്നുവെന്ന് ശ്രീ. കൊരമ്പയിൽ എങ്കിലും സമ്മതിക്കുമോ? ഇന്ന് മുസ്ലീംലീഗിന്റെ പിൻതുണയോടുകൂടി അധികാരത്തിൽ വന്ന ശ്രീ. ചന്ദ്രശേഖരനാണ് ബാബറി മസ്ജിദ് പള്ളി പൊളിച്ചിട്ട് രാമക്ഷേത്രം നിർമ്മിക്കുവാൻ വേണ്ടി കർസേവ..........

ശ്രീ. കെ. പി. മമ്മൂമാസ്ററർ: മുസ്ലീം ലീഗിന്റെ മനസ്സാക്ഷി റബർ പോലെ വലിച്ചാൽ വലിയുന്നതും പിടിവിട്ടാൽ പൂർവ്വസ്ഥിതി പ്രാപിക്കുന്നതുമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് പലപ്പോഴും രാഷ്ട്രീയമായ പതനത്തിലേക്ക് പോയിട്ടുണ്ട്. കോൺഗ്രസ് (ഐ) യാണ് ഇവരെക്കൊണ്ട് എല്ലാം കുരങ്ങുകളിപ്പിക്കുന്നത്. കോൺഗ്രസ് (ഐ) യുടെ ഇൻഡ്യൻ രാഷ്ട്രീയത്തിലെ കുരങ്ങുകളി അത്രമാത്രം അസഹ്യമായിട്ടുണ്ട്. കോൺഗ്രസ് (ഐ) മുസ്ലീം ലീഗിനെ അപമാനിക്കുന്നു, കോൺഗ്രസ് (ഐ) കേരളാ കോൺഗ്രസ്സിനെ അപമാനിക്കുന്നു. ഇത്രമാത്രം അപമാനം ഒരു രാഷ്ട്രീയ പ്രസ്ഥാനം സഹിച്ചിരിക്കേണ്ട ആവശ്യം എന്താണ്? ലീഗ് എന്തിനാണ് ഇപ്പോഴും കോൺഗ്രസ് (ഐ) ന്റെ പിന്നാലെ നടക്കുന്നത്? കോൺഗ്രസ്സിന്റെ കൂടെ കൂടിയിട്ട് നിങ്ങൾക്ക് എന്താണ് കാര്യം? നിങ്ങൾക്ക് രണ്ട് പാർലമെന്റ് സീററല്ലേ ഉള്ളത്— മഞ്ചേരിയും പൊന്നാനിയും. കോൺഗ്രസ്സിന്റെ പിൻതുണയില്ലാതെ നിങ്ങൾക്ക് അത് കിട്ടുകയില്ലേ? നിങ്ങൾക്ക് ഒററയ്ക്ക് നിന്നുകൂടേ? ശ്രീ. ജോസഫ് കാണിച്ചതുപോലെ തന്റേടത്തോടുകൂടി നില്ക്കുവാൻ പററുകയില്ലേ? മൂവാററുപുഴയിൽ ശ്രീ. ജോസഫ് സ്വീകരിച്ച നിലപാട് എന്തുകൊണ്ടാണ് കേരളാ കോൺഗ്രസ്സിനും സ്വീകരിക്കാൻ സാധിക്കാത്തത്? ശ്രീ. കെ. എം. മാണി തന്റേടത്തോടുകൂടി നില്ക്കുമെന്നാണ് കേരളം അദ്ദേഹത്തെക്കുറിച്ച് പ്രതീക്ഷിക്കുന്നത്. അതല്ല നട്ടെല്ലില്ലാത്തവനാണെന്നു തെളിയിക്കാമോ എന്നു കാലഘട്ടമാണ് കാണേണ്ടത്.

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ജോസഫിന്റെ പ്രൊബേഷൻ ഡിക്ലെയർ ചെയ്തുകഴിഞ്ഞോ? ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് കഴിയുമ്പോളെങ്കിലും അദ്ദേഹത്തിന്റെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ശ്രീ. ജേക്കബിനും വേണ്ടി വരുമെന്നാണ് തോന്നുന്നത്.

ശ്രീ. ഒ. ഭരതൻ: ശ്രീ. കരുണാകരന് ഈ ഉപദേശങ്ങളെല്ലാം കൊടുക്കുന്നത് ശ്രീ. ജേക്കബാണെന്ന് സംസാരമുണ്ടല്ലോ? അതിനെക്കുറിച്ച് എന്താണ് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ജേക്കബ്, ശ്രീ. മാണിയെ അങ്ങനെ കൈവിടുമെന്നു തോന്നുന്നില്ല. ശ്രീ. ജേക്കബിന് അങ്ങനെ ചെയ്തിട്ട് എന്താണ് വേണ്ടത്?

ശ്രീ. പി. പി. തങ്കച്ചൻ: പള്ളിയെ തള്ളി പറഞ്ഞു, ചങ്ങലയും പിടിച്ചു. എന്നിട്ടും പോരാ, ഇനി കുറെ കാര്യങ്ങൾ കൂടി ചെയ്യണം എന്നാണ് ഇന്നലെ ശ്രീ. ലോറൻസ് പറഞ്ഞത്. അത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾക്ക് ആദ്യം മുതലേ സ്വീകരിച്ചുവന്ന ഒരു രാഷ്ട്രീയ നിലപാടുണ്ട്. അത് മതവും രാഷ്ട്രീയവുമായി കൂട്ടിക്കുഴയ്ക്കാൻ പാടില്ല എന്നതാണ്. മതവും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുന്നത് ആപത്താണെന്നാണ് ആദ്യം മുതലേ ഞങ്ങൾ പറഞ്ഞുവന്നത്. മതമേലദ്ധ്യക്ഷൻമാർ രാഷ്ട്രീയത്തിൽ ഇടപെടരുത്. രാഷ്ട്രീയക്കാർ മതത്തിലും ഇടപെടരുത്. ഇതാണ് ഞങ്ങൾ സ്വീകരിച്ച രാഷ്ട്രീയം. ആ രാഷ്ട്രീയം അവസാനം ശ്രീ. പി. ജെ. ജോസഫ് അംഗീകരിച്ചു. അത് സ്വാഗതാർഹമായ ഒരു നിലപാടാണ്.

ശ്രീ. ഇസഹാക് കുരിക്കൾ: എന്താണ് ശ്രീ. ജോസഫ് അംഗീകരിച്ചത്? ഇതുവരെ സഖാവ് ഇ. എം. എസ്. പറഞ്ഞിരുന്നത് ജോസഫ് ഗ്രൂപ്പ് വർഗ്ഗീയ കക്ഷിയാണെന്നാണ്. എന്നാണ് ജോസഫ് ഗ്രൂപ്പ് വർഗ്ഗീയ കക്ഷിയല്ലാതായത്? അവരുടെ നയത്തിൽ എന്നാണ് മാററം ഉണ്ടാക്കിയത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഓരോ പാർട്ടിയും സ്വീകരിക്കുന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് പാർട്ടിയെക്കുറിച്ച് വിലയിരുത്തേണ്ടത്. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞു മതവും രാഷ്ട്രീയവും ആപത്ത്, വർഗ്ഗീയത ആപത്ത്. വർഗ്ഗീയതയ്ക്കെതിരായി സംഘടിപ്പിച്ച മനുഷ്യ ചങ്ങലയിൽ ഒക്ടോബർ 30-ാം തീയതി ശ്രീ. ജോസഫും അനുയായികളും പങ്കെടുത്തു. എന്തുകൊണ്ട് ശ്രീ. കെ. എം. മാണിയും അനുയായികളും അങ്ങനെ ഒരു പ്രഖ്യാപനം നടത്തിയില്ല? എന്തുകൊണ്ട് മുസ്ലീം ലീഗ് അങ്ങനെ ഒരു പ്രഖ്യാപനം നടത്തിയില്ല? മതവും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുവാൻ പാടില്ല എന്ന് മുസ്ലീം ലീഗ് പറയുമോ?

ശ്രീ. ഇസഹാക് കുരിക്കൾ: ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ് മാർക്സിസ്ററ് പാർട്ടിയെ വെല്ലുവിളിച്ചിരുന്നു. നിങ്ങൾ അയോദ്ധ്യയിൽ ഒരു മനുഷ്യച്ചങ്ങല സൃഷ്ടിക്കുകയാണെങ്കിൽ ലീഗ് മുൻപന്തിയിൽ നിൽക്കാമെന്ന്. വർഗ്ഗീയ കലാപങ്ങൾ നടക്കുന്ന സ്ഥലത്ത് മനുഷ്യച്ചങ്ങല സൃഷ്ടിക്കുകയാണെങ്കിൽ മുസ്ലീം ലീഗ് ശ്രീ. ഇ. എം. എസ്.-ന്റെ അടുത്തു തന്നെ നിൽക്കാൻ തയ്യാറാണ്. അതിന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി തയ്യാറുണ്ടോ? ഒന്നുമില്ലാത്ത കേരളത്തിലാണോ മനുഷ്യച്ചങ്ങല നടത്തേണ്ടത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ഇസഹാക് കുരിക്കൾ ഒന്നാമത് പത്രം വായിക്കണം. ആദ്യമായിട്ട് മനുഷ്യച്ചങ്ങല പിടിച്ചത്, ഞങ്ങളും സി. പി. ഐ. യും കൂടി അയോദ്ധ്യയിലാണ്. അയോദ്ധ്യയിൽ സൃഷ്ടിച്ചു, പഞ്ചാബിൽ സൃഷ്ടിച്ചു, ഹൈദ്രാബാദിൽ സൃഷ്ടിച്ചു, കർണ്ണാടകയിൽ സൃഷ്ടിച്ചു. ഞങ്ങൾ അവിടെ ചെറിയ പാർട്ടിയാണ്. പക്ഷെ അവിടെയൊന്നും നിങ്ങളില്ല. അതാണ് കഷ്ടം. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് എന്നു പറയുന്ന പാർട്ടി അവിടെയൊന്നുമില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മതവും രാഷ്ട്രീയവും കൂട്ടികുഴയ്ക്കരുത് എന്ന് നിങ്ങൾ പറയുമോ എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഞങ്ങളോട് ചോദിച്ചത്. അത് ഞങ്ങളും പറയും. രണ്ടും കൂടി കൂട്ടിക്കുഴയ്ക്കേണ്ട കാര്യമെന്താണ്? ഉദാഹരണമായി, വക്കഫ് ബോർഡ് പുനസംഘടനയിൽ കൂട്ടിക്കുഴച്ചോ? അങ്ങനെ കൂട്ടി



LIBRARY ARCHIVES Kerala Legislative Assembly

കുഴയ്ക്കേണ്ട കാര്യമില്ല. മതവും രാഷ്ട്രീയവും എങ്ങനെ പെരുമാറണം എന്നതു സംബന്ധിച്ച് ഞങ്ങൾക്ക് വ്യക്തമായ ധാരണയുണ്ട്. കൂട്ടി കുഴയ്ക്കണം എന്ന അഭിപ്രായം ഞങ്ങൾക്കുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മതം രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്ന് മുസ്ലീം ലീഗ് പറയുവാൻ തയ്യാറുണ്ടോ? മുസ്ലീം പള്ളികളെ ആശ്രയിച്ചല്ല ലീഗിന്റെ നിലനിൽപ്പ്. മുസ്ലീംപള്ളി ഇല്ലെങ്കിൽ ലീഗ് ഉണ്ടോ? മുസ്ലീം ലീഗ് ഇന്നാർക്ക് വോട്ട് ചെയ്യണം എന്ന് പറയുന്നത് ലീഗിന്റെ പള്ളയല്ലേ? പള്ളിയിൽ നിന്ന് പറയുന്ന ഈ സമ്പ്രദായം നിർത്തണമെന്നുപറയുന്ന സ്ഥിതി സ്വീകരിക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങനെ കൂടുതൽ കൂടുതൽ ചോദിച്ചുപോകുമ്പോൾ ബുദ്ധിമുട്ടാണ്. ശ്രീ. ഇ. എം. എസ്. മലപ്പുറത്തുവന്ന് ഇതേ പ്രസംഗം നടത്തി. മതവും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കരുത്, മുസ്ലീം ലീഗും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും യോജിച്ച് പ്രവർത്തിക്കേണ്ട കാലഘട്ടമാണെന്ന് അദ്ദേഹം പറഞ്ഞു. അടുത്ത പടം വെള്ളിയാഴ്ച പള്ളിയിൽ നടക്കുന്ന പ്രസംഗം, ഞായറാഴ്ച പള്ളികളിൽ നടക്കുന്ന പ്രസംഗം—ഇതു രണ്ടും അപകടമാണെന്നതാണ്. എങ്ങനെയാണ് വെള്ളിയാഴ്ച പള്ളിയിൽ നടക്കുന്ന പ്രസംഗം അപകടമാകുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുസ്ലീം പള്ളികൾ രാഷ്ട്രീയത്തിൽ ഇടപെടുകയില്ല എന്ന് ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് പറയാൻ സാധിക്കുമോ? കേരളത്തിന്റെ അനുഭവം നോക്കിയാൽ മുസ്ലീം പള്ളികളാണ് മുസ്ലീം ലീഗിന്റെ...............

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അടിസ്ഥാനപരമായി നിങ്ങൾ മനസ്സിലാക്കിയ ചില തകരാറുകളുണ്ട്. മുസ്ലീം പള്ളികളിൽ രാഷ്ട്രീയ പ്രസംഗം എന്നത് നിങ്ങൾ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ നടക്കുന്നില്ല. ഇൻഡ്യയിലെ ഇന്നത്തെ കുഴപ്പങ്ങൾക്ക് കാരണമായ രീതിയിൽ നിങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയ പ്രസംഗവും ഒരു മുസ്ലീം പള്ളികളിലും നടക്കുന്നില്ല. അങ്ങനെ നടക്കുന്നുണ്ട് എന്ന് നിങ്ങൾ തെളിയിച്ചുതന്നാൽ നിങ്ങൾ പറയുന്നതു പോലെ ഞങ്ങൾ കേൾക്കാം.

ശ്രീ. സി. പി. കുഞ്ഞ്: മേരേ തക്ബീർ അല്ലാഹു അക്ബർ എന്ന് പഠിച്ചിട്ട് പള്ളിയിൽ നിന്ന് ഗുണ്ടകൾക്ക് നേതൃത്വം കൊടുത്തു കൊണ്ട് മുസ്ലീം ലീഗ് നേതാക്കൻമാർ നമ്മുടെ കേരളത്തിന്റെ നാനാ ഭാഗത്തും നടന്നിട്ടില്ലേ? കോഴിക്കോട് പട്ടണത്തിൽ അങ്ങനെ ഉണ്ടായിട്ടില്ലേ? അത് നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് ഇതുവരെ നടത്തിയ ഒരു പ്രഖ്യാപനത്തിലും മസ്ലീം മതം രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ലെന്ന് പറഞ്ഞിട്ടില്ല. ഞങ്ങൾ ഇന്നേവരെ കണ്ട ഒററ പ്രസ്താവനയിലും അങ്ങനെ കണ്ടിട്ടില്ല. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴക്കുന്നത് ആപത്താണെന്നുള്ള സ്ഥിതി ഇന്ന് രാഷ്ട്രീയ രംഗത്ത് വലിയ കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനെ പ്പോലുള്ള ആളുകൾ ഞങ്ങളുടെ മതവിശ്വാസവും, ഞങ്ങളുടെ രാഷ്ട്രീയ പ്രവർത്തനവും വേണ്ട നിലയിൽ മനസ്സിലാക്കിയിട്ടില്ലെന്നാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുന്നത്. ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവും എല്ലാം ഒന്നാണ്. അതേയവസരത്തിൽ ഞങ്ങളുടെ മതവിശ്വാസം ഈ രാജ്യത്തിന്റെ ക്ഷേമത്തിനും മററ് സമുദായ മൈത്രിക്കും മനുഷ്യർ തമ്മിൽ മതബോധമുണ്ടാക്കുന്നതിനും സൗഹാർദ്ദത്തിൽ ജീവിക്കുന്നതിനും അനുകൂലമാണ്. മതവിശ്വാസികളായ ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതുകൊണ്ട് ഇവിടത്തെ മററ് വിഭാഗങ്ങൾക്കോ പൊതുവായ രാഷ്ട്രീയ സ്വഭാവത്തിനോ ഒരിക്കലും ദ്രോഹകരമോ ദോഷകരമോ അല്ല. അതുകൂടി നിങ്ങൾ മനസ്സിലാക്കണം. ഉദാഹരണത്തിന് ഞങ്ങളെ സംബന്ധിച്ചിടത്തോളം സ്വരാജ്യ സ്നേഹം എന്നത് മതവിശ്വാസത്തിന്റെ ഏററവും അവിഭാജ്യമായ ഒരു ഘടകമാണ്. ആ മതവിശ്വാസമുണ്ടാകുന്നത് രാജ്യത്തിന് ഗുണകരമാണ്; ദോഷകരമല്ല. ആ ഒരു നിലയിൽ വീക്ഷിച്ചാൽ നിങ്ങൾക്ക് ഈ തെററിദ്ധാരണ നീങ്ങും.

ശ്രീ. ഒ. ഭരതൻ: കേവലം ഒരു മതവിശ്വാസത്തിന്റേയും മതപ്രമാണത്തിന്റേയും അടിസ്ഥാനത്തിൽ ഒരു രാഷ്ട്രീയ പാർട്ടി കെട്ടിപ്പടുക്കുന്നതിനുപകരം വിശാലമായ ജനാധിപത്യ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് എന്റെ പാർട്ടി നിലകൊള്ളുന്നതെന്നു പറയാനുള്ള തന്റേടം നിങ്ങൾക്കുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ഭരതൻ പറഞ്ഞത് തെററിപ്പോയി. ബഹുമാനപ്പെട്ട ഭരതൻ, മുസ്ലീംലീഗിന്റെ ഭരണഘടന നോക്കിയാൽ മുസ്ലീംലീഗിന്റെ ആദർശങ്ങൾ സ്വീകരിക്കുന്ന എല്ലാ വിഭാഗക്കാർക്കും, വിശിഷ്യാ ഇവിടത്തെ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും വേണ്ടി നിലകൊള്ളുന്നുവെന്ന് മനസ്സിലാകും. നിങ്ങൾ അത് മനസ്സിലാക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുസ്ലീം മതവുമായിട്ട് ബന്ധമുള്ളതു കൊണ്ടാണല്ലോ മുസ്ലീംലീഗ് എന്നുപറയുന്നത്. അല്ലെങ്കിൽ പിന്നെ നിങ്ങൾ എന്തിനാണ് മുസ്ലീംലീഗ് എന്നു പറയേണ്ട ആവശ്യം? യഥാർത്ഥത്തിൽ എല്ലാ മതങ്ങളും ഒന്നിച്ച് ജീവിക്കുന്ന രാജ്യമാണ് നമ്മുടെ ഭാരതം. ടൂറിസ്ററുകൾക്ക് ധൈര്യമായിട്ട് വരാൻ സാധിക്കുന്ന ഒരു സംസ്ഥാനം ഇന്ന് കേരളമാണ്. അതാണ് നമ്മൾ അവലംബിച്ചു വന്നിട്ടുള്ള സമീപനം. ഇവിടെ ഹിന്ദു ഉണ്ട്, മുസ്ലീം ഉണ്ട്, ക്രിസ്ത്യാനി ഉണ്ട്, പാർസി ഉണ്ട്, സിക്കുകാരൻ ഉണ്ട്, ജൈനൻ ഉണ്ട്, ബുദ്ധൻ ഉണ്ട്. ലോകത്ത് എന്തെല്ലാം മതങ്ങളുണ്ടോ ആ മതങ്ങളൊക്കെ ഇൻഡ്യയിലുമുണ്ട്. സർവ്വ മതങ്ങളും കൂടി ഒന്നിച്ച് ജീവിക്കുന്ന നമ്മുടെ ഇൻഡ്യ ഏകോദരസഹോദരങ്ങളെപ്പോലെ മനുഷ്യൻ മതവിശ്വാസങ്ങൾക്ക് അതീതമായി ജീവിച്ചുകൊണ്ടിരുന്ന ഒരു രാജ്യമായിരുന്നു. അവിടെയാണ് ഇന്ന് വിള്ളലേററിട്ടുള്ളത്. ഇന്ന് ഹിന്ദു വർഗ്ഗീയവാദികൾ പത്തി വിടർത്തി ആടുകയല്ലേ? ഇൻഡ്യാ രാജ്യത്തിലെ 80 ശതമാനത്തോളം വരുന്ന ഹിന്ദുവിന്റെ ഭരണം സ്ഥാപിക്കലാണ് അവരുടെ ലക്ഷ്യം. മതേതരത്വം എന്ന പുതിയ വ്യാഖ്യാനം വന്നിരിക്കുകയല്ലേ? ഇവിടെ ഹിന്ദുവിന്റെ ഭരണം സ്ഥാപിക്കലാണ് മതേതരത്വമെന്ന് പറഞ്ഞാൽ മററ് മതവിഭാഗങ്ങൾക്കും ഗണ്യമായ ഒരു പങ്കുണ്ട്. പാക്കിസ്ഥാനിലുള്ളതിനേക്കാൾ മുസ്ലീങ്ങൾ ഇന്ന് ഇൻഡ്യയിലുണ്ട്. ബംഗ്ലാദേശിലുള്ളതിനേക്കാൾ മുസ്ലീങ്ങൾ ഇന്ന് ഇൻഡ്യയിലാണ്. ഇൻഡ്യയേക്കാൾ കൂടുതൽ മുസ്ലീങ്ങളുള്ള ഒരേയൊരു രാഷ്ട്രം മാത്രമേ ലോകത്തുള്ളു. അത് ഇൻഡോനേഷ്യയാണ്. ക്രിസ്ത്യാനികൾ ഇവിടെയില്ലേ, മററ് മതവിഭാ



LIBRARY ARCHIVES Kerala Legislative Assembly

ഗത്തിൽപ്പെട്ടവർ ഇവിടെയില്ലേ? അവരെല്ലാം ഇൻഡ്യയിൽ നിന്നു പുറത്തു പോകണമെന്ന് പറയുന്ന സിദ്ധാന്തം എത്രമാത്രം ആപത്താണ്. ഇന്ന് ഇൻഡ്യയിലെ മുസ്ലീങ്ങളെന്നുപറഞ്ഞാൽ പാക്കിസ്ഥാൻ അല്ലെങ്കിൽ കബർസ്ഥാൻ എന്നു വിളിക്കുന്ന മുസ്ലീങ്ങളല്ല. ഇൻഡ്യയിൽ ഇന്നു ജീവിക്കുന്ന മഹാഭൂരിപക്ഷം മുസ്ലീങ്ങളും അങ്ങനെ വിശ്വസിക്കുന്നവരല്ല. ഇൻഡ്യയിൽ നിന്ന് പാക്കിസ്ഥാനിലേക്ക് പൊയ്ക്കോ എന്നുപറഞ്ഞിട്ട് പോകാതെ ഇതാണ് എന്റെ മാതൃരാജ്യം, ഞാൻ ഇവിടെയാണ് മരിക്കാൻ ഉദ്ദേശിക്കുന്നതെന്നു പ്രഖ്യാപിച്ച മുസ്ലീങ്ങളാണ് ഇന്ന് ഇൻഡ്യയിലെ മുസ്ലീങ്ങൾ. അങ്ങനെയുള്ള മുസ്ലീങ്ങൾക്ക് വരാനും താമസിക്കാനും പററിയ ഒരു സംസ്ഥാനം ഇൻഡ്യയിൽ മറെറവിടെയെങ്കിലുമുണ്ടെങ്കിൽ അത് കേരളത്തിലല്ലാതെ മറെറവിടെയാണ്?

ശ്രീ. പി. ബാലൻ: മുസൽമാൻമാർ ഇൻഡ്യയിൽനിന്നു പോകണമെന്നും ഇൻഡ്യ ഒരു ഹിന്ദു രാഷ്ട്രമാകണമെന്നും പറയുന്ന ബി. ജെ. പി. യോടൊപ്പം വി. പി. സിങ്ങിന്റെ ഗവൺമെന്റിനെ പിന്താങ്ങിയപ്പോൾ ഈ മതാധിഷ്ഠിത രാഷ്ട്രീയം എവിടെയായിരുന്നു?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ബി. ജെ. പി. യുമായിട്ട് യാതൊരു സഖ്യവും ഉണ്ടാക്കിയിട്ടില്ല. ബി. ജെ. പി. യുമായിട്ടുള്ള സഖ്യം ആപത്താണെന്നു പ്രഖ്യാപിച്ച ഒരേയൊരു പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ. ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഈ ആപത്ത് ചൂണ്ടിക്കാണിച്ചുവെന്നു മാത്രമല്ല, ഇടതുപക്ഷ പാർട്ടികൾ പാർലമെന്റിലേയ്ക്ക് ജയിച്ച 53 സീററുകളിൽ ഒററ സീററിൽപോലും ഞങ്ങൾ ബി. ജെ. പി. യുമായി സഖ്യമുണ്ടാക്കിയിട്ടില്ല. ബി. ജെ. പി. യുമായി മുന്നണി ഉണ്ടാക്കാതെയാണ് ഞങ്ങൾ തെരഞ്ഞെടുപ്പിൽ ജയിച്ചതെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ വർഗ്ഗീയത ആപൽക്കരമായിട്ടു വന്നിരിക്കുന്ന സാഹചര്യത്തിൽ എല്ലാ മതവിഭാഗത്തിൽ പെട്ടവരും ഒന്നിച്ചു ജീവിക്കുന്ന സംസ്ക്കാരമാണ് നമുക്കാവശ്യം. അതിനുവേണ്ടി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ടൂറിസ്ററുകളെ പ്രോൽസാഹിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു അന്തരീക്ഷമുണ്ടാകണം. ജനങ്ങൾ തമ്മിൽ ഒരു പുതിയ സംസ്ക്കാരം വളരണം. ആ പുതിയ സംസ്ക്കാരം വളർത്തിയെടുക്കാൻ സാധിക്കണമെങ്കിൽ ടൂറിസ്ററ് വ്യവസായത്തെ പ്രോൽസാഹിപ്പിക്കണം. ടൂറിസ്ററ് വ്യവസായം പ്രോൽസാഹിപ്പിക്കുന്നത് കേരളത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു പ്രധാനപ്പെട്ട ഘടകമാണ്. 32 ലക്ഷം അഭ്യസ്തവിദ്യരായ ആളുകൾ തൊഴിലില്ലാതെ കഴിയുന്ന കേരളത്തിൽ ഈ 32 ലക്ഷം ആളുകൾക്കും നമുക്ക് ഗവൺമെന്റ് ഉദ്യോഗം കൊടുക്കാൻ സാധിക്കുമോ? ഓരോ വർഷവും ഇവിടെ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ തന്നെ സർക്കാർ മേഖലയിൽ പതിനായിരം മാത്രമാണ്. ഈ സാഹചര്യത്തിൽ കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. അതിന്റെ ഭാഗമായിട്ടാണ് ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ളത്. ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിച്ചാൽ മാത്രം പോര. ടൂറിസ്ററുകളെ ആകർഷിക്കാൻ സാധിക്കത്തക്ക വിധത്തിലുള്ള ചില പ്രോൽസാഹനങ്ങൾ ചെയ്യുകയും വേണം. വ്യവസായമാണെന്നു പ്രഖ്യാപിച്ചതുകൊണ്ടുമാത്രം ടൂറിസം വളരുകയില്ല. കേരളത്തിലെ കഴിഞ്ഞ കാലത്തുണ്ടായ ദുരനുഭവം അതാണ്. കേരളത്തിലെ ഓരോ പ്രദേശവും എടുത്താൽ അവയെല്ലാം പ്രകൃതി രമണീയമായ പ്രദേശങ്ങളാണ്. ഏതു പ്രദേശവും ടൂറിസ്ററുകളെ ആകർഷിക്കാം. തേക്കടിയും

LIBRARY ARCHIVES Kerala Legislative Assembly

കോവളവും മലമ്പുഴയും മാത്രമല്ല ടൂറിസ്ററുകളെ ആകർഷിക്കാൻ സാധിക്കുന്ന സ്ഥലങ്ങൾ. കേരളത്തിലെ ഓരോ ചെറിയ ചെറിയ പ്രദേശങ്ങളും ടൂറിസ്ററുകളെ ആകർഷിക്കാം. കണ്ണൂർ ജില്ല ടൂറിസ്ററുകളെ ആകർഷിക്കാൻ പററിയ ഒരു ജില്ലയാണ്. കണ്ണൂർ ജില്ലയിലെ പൈതൽമല എത്ര പ്രകൃതിരമണീയമായ ഒരു സ്ഥലമാണ്. അതുപോലെതന്നെ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, പഴശ്ശിനിക്കടവ് ക്ഷേത്രം തുടങ്ങിയവയെല്ലാം പ്രകൃതി രമണീയമായ സ്ഥലങ്ങളാണ്. അങ്ങനെയുള്ള പിന്നോക്ക പ്രദേശങ്ങളിൽ ടൂറിസ്ററ് കേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കണമെങ്കിൽ ഈ നികുതിയിൽ ആനുകൂല്യം കൊടുക്കണം. അങ്ങനെ കേരളത്തിലെ ടൂറിസ്ററ് വ്യവസായത്തെ പ്രോൽസാഹിപ്പിക്കാനുള്ള ക്രിയാത്മകമായ പദ്ധതികൾ ഈ സംസ്ഥാനം ആവിഷ്ക്കരിച്ചപ്പോഴാണ് അപ്പുറത്തുള്ളവർക്ക് പിടലിയിളക്കം തുടങ്ങിയിട്ടുള്ളത്. ഇത് ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണെന്നുള്ള പ്രചരണം ശുദ്ധ അസംബന്ധം മാത്രമാണെന്നു മാത്രമല്ല ഈ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവോ അതെല്ലാം ഡിസ്ട്രിക്ട് കൗൺസിൽ തെരഞ്ഞെടുപ്പിന്റെ ഭാഗമാണെന്നു കണ്ട് പ്രചരിപ്പിക്കാനുള്ള ഒരു ഗൂഢനീക്കമാണ് ഇവിടെ നടക്കുന്നത്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെൻറിനോടൊപ്പമുണ്ടാകും. ടൂറിസ്ററ് വ്യവസായം പോലുള്ള വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാൻ ഇനിയും ധാരാളം നടപടികൾ നമ്മുടെ സംസ്ഥാനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായി 1986-ൽ ബഹുമാനപ്പെട്ട കെ. കരുണാകരന്റെ കാലത്ത് പ്രഖ്യാപിച്ച ആനുകൂല്യം നടപ്പാക്കുക മാത്രമാണ് ഇന്ന് സഖാവ് വിശ്വനാഥമേനോൻ ചെയ്യുന്നത്. അല്ലാതെ പുതിയ യാതൊരു കാര്യവും ഈ ഗവൺമെൻറ് ചെയ്യുന്നില്ലെന്നു മാത്രമല്ല ടൂറിസ്ററ് വ്യവസായത്തെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയുള്ള നടപടി, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കുക എന്നുള്ളതു മാത്രമാണ് ഗവൺമെൻറ് ചെയ്യുന്നത്. അത്തരം ഒരു നടപടിയിൽ സഹകരിക്കുന്നതിനുപകരം എതിർക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാടിനെ അപലപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ കേരളത്തിൽ നടത്തുന്ന എല്ലാ ശ്രമങ്ങളും സ്വാഗതാർഹമാണെന്നാണ് എന്റെ അഭിപ്രായം. ആ രീതിയിൽ ഈ ബില്ലിനെക്കുറിച്ച് സംസാരിക്കണമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ ഇവിടെ എന്റെ പാർട്ടിയെക്കുറിച്ചും, എന്റെ പാർട്ടിയുടെ രാഷ്ട്രീയത്തെക്കുറിച്ചുമെല്ലാം വളരെ വിശദമായിട്ട് ചർച്ച ചെയ്യാൻ അങ്ങ് സമയം അനുവദിച്ചതുകൊണ്ട് ആ ബില്ലിനെക്കുറിച്ച് പറയുന്നതിനു മുൻപ് അതിൽ ചില കാര്യങ്ങൾ പറയാൻ ഞാൻ നിർബന്ധിതനാണ്. ഞങ്ങളുടെ പാർട്ടി, ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് ഇവിടെ പരാമർശിക്കപ്പെടുന്ന മാതിരി ഒരു വർഗ്ഗീയ പാർട്ടിയോ ഒരു വിഭാഗീയ പാർട്ടിയോ അല്ല. ഞങ്ങളുടെ പാർട്ടിയുടെ ഭരണഘടനയിൽ തന്നെ ഞങ്ങളുടെ പാർട്ടിയുടെ ആശയാദർശങ്ങളോട് യോജിക്കുന്ന ഇൻഡ്യയിലുള്ള ആർക്കും അതിൽ അംഗമായി ചേരാനുള്ള ഖണ്ഡിക ഉണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ ഈ സഭയിലെ മെമ്പറായ രാഘവനേയും, രാമനേയും പോലും നിങ്ങൾ മെമ്പറാക്കിയില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: രാമനും അതുപോലുള്ള എത്രയോ ആളുകളും കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ പാർട്ടി സ്ഥാനാർത്ഥിയായി മൽസരിച്ച് ജയിച്ചു. എത്രയോ ഹരിജനങ്ങളും മററും മുസ്ലീംലീഗ് മെമ്പർമാരാണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഞങ്ങളുടേത് വർഗ്ഗീയ പാർട്ടിയാണെന്ന് വെറുതേ മുദ്രകുത്തി മുസ്ലീംലീഗിന്റെ പേരിൽ മുസ്ലീം സമുദായത്തോട് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി കാണിക്കുന്ന ഈ അവഗണന ആക്ഷേപാർഹമാണെന്നാണ് എനിക്ക് പറയാനുള്ളത്. മതവും രാഷ്ട്രീയവും.........(തടസ്സം).........

ശ്രീ. ഒ. ഭരതൻ: ഇൻഡ്യാ രാജ്യത്തിലെ ഏതു പൗരനും നിങ്ങളുടെ സംഘടനയിൽ അംഗമാകാമെങ്കിൽ നിങ്ങൾ എന്തിനാണ് അതിന് തടസ്സമായി നിൽക്കുന്നത്? മുസ്ലീംലീഗ് എന്നു പറയുന്നതിനെ ജനാധിപത്യ ലീഗ് എന്നുപറഞ്ഞ് നിങ്ങൾക്ക് പേര് മാററിക്കൂടേ?

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ബഹുമാനപ്പെട്ട ഭരതന്റെ നേതാവ് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് 1984-ൽ പറഞ്ഞ ഒരു കാര്യമുണ്ട്. അന്ന് അഖിലേന്ത്യാ മുസ്ലീം ലീഗിനേയും

12 noon] സ്വന്തം അണിയിൽ നിറുത്തിക്കൊണ്ടുപോകുന്ന ആ കാലഘട്ടത്തിൽ അങ്ങയുടെ ബഹുമാന്യനായ നേതാവ് പറഞ്ഞത് ഏതെങ്കിലും ഒരു കക്ഷി വർഗ്ഗീയ പാർട്ടിയാണോ എന്ന് നിശ്ചയിക്കുന്നത് അതിന്റെ പേര് നോക്കിയിട്ടല്ല, ആ പാർട്ടി ഈ രാജ്യത്ത് ദേശീയ തലത്തിലും തൊഴിലാളികളുടെ പ്രശ്നത്തിലും എങ്ങനെ പ്രതികരിക്കുന്നുവെന്ന് നോക്കിയിട്ടാണെന്ന്. അതുകൊണ്ട് ആ അടിസ്ഥാനത്തിൽ മുസ്ലീംലീഗ് ഒരു വർഗ്ഗീയ പാർട്ടിയല്ലെന്ന് ഉറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മതവും രാഷ്ട്രീയവും കൂട്ടിക്കുഴച്ചുകൊണ്ട് പോകണമെന്ന് മുസ്ലീംലീഗ് ഒരിക്കലും പറഞ്ഞിട്ടില്ല. അത് മുസ്ലീംലീഗ് വിശ്വസിക്കുന്നുമില്ല. ഞങ്ങളുടെ മതത്തിൽ അതിന്റേതായിട്ടുള്ള ചില നിയമങ്ങളും അതിന്റേതായിട്ടുള്ള മേഖലയുമുണ്ട്. ആ മേഖലയിൽ ഞങ്ങൾ മതവിശ്വാസികളാണ്. രാജ്യത്തിന്റെ പുനർനിർമ്മാണത്തിലും അഭിവൃദ്ധിയിലും മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിലും ഈ രാജ്യത്തിന്റെ ജനാധിപത്യ മതേതര സ്വാതന്ത്ര്യം സംരക്ഷിക്കുന്ന കാര്യത്തിലുമൊക്കെ ഞങ്ങൾ ഈ രാജ്യത്തെ പൗരൻമാരെന്നുള്ള നിലയിൽ, ഈ രാജ്യത്തെ പൗരൻമാർ രൂപീകരിച്ച ഒരു രാഷ്ട്രീയ പാർട്ടിയുടെ അടിസ്ഥാനത്തിലാണ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മതേതരത്വം എന്നൊക്കെ പറയുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ ഒന്ന് ചോദിക്കട്ടെ; നിങ്ങൾ പറഞ്ഞു കോൺഗ്രസ്സുമായി ഞങ്ങൾ യോജിച്ചിട്ട് ഇപ്പോൾ എന്തുണ്ടായി; ചന്ദ്രശേഖറിന്റെ ഗവൺമെൻറും ബാബറി മസ്ജിദ് പൊളിച്ചുമാററാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്ന്. അങ്ങനെയൊന്നും ഞങ്ങൾ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. ഇനി വരുംകാലങ്ങളിൽ അദ്ദേഹം എന്താണ് ചെയ്യുകയെന്നുള്ളത് പരിശോധിച്ചിട്ട് അതനുസരിച്ച് ഞങ്ങൾ പ്രതികരിക്കും. പക്ഷേ, ഒരുകാര്യം ഞാൻ നിങ്ങളോട് പറയുകയാണ്. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്ന പാർട്ടിയല്ല മുസ്ലീംലീഗ്. ഞങ്ങൾക്ക് ആവക കാര്യങ്ങളിലൊക്കെ വ്യക്തമായ ധാരണയുണ്ട്. കോൺഗ്രസ് മുസ്ലീംലീഗുകാരെ ഒരുപാട് ദ്രോഹിച്ചു എന്നൊക്കെ പറഞ്ഞു. ഒരുകാര്യം ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ഹരിജനങ്ങളും ഗിരിജനങ്ങളും ഏതെങ്കിലും മതത്തിലേയ്ക്ക് പരിവർത്തനം ചെയ്താൽ

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ഉള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടർന്നും കൊടുത്തിരുന്നു. എന്നാൽ ഇപ്പോൾ ഏതാനും ആഴ്ചകൾക്കുമുമ്പ് ഈ ഗവൺമെൻറ് പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗിരിജനങ്ങളും ഹരിജനങ്ങളും ഇസ്ലാം മതത്തിലേയ്ക്ക് പരിവർത്തനം ചെയ്താൽ അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നിറുത്തിക്കളയും. നേരെമറിച്ച് അവർ വേറെ വല്ല മതത്തിലേയ്ക്കുമാണ് പരിവർത്തനം ചെയ്യുന്നതെങ്കിൽ അവർക്കുള്ള ആനുകൂല്യങ്ങൾ തുടർന്നും കിട്ടുമെന്നൊരു പുതിയ വിജ്ഞാപനം ഈ ഗവൺമെൻറ് പുറപ്പെടുവിച്ചിരിക്കുന്നു വെന്ന് പത്രങ്ങളിൽ വാർത്തവന്നിരിക്കുന്നു. അത് ശരിയല്ലെങ്കിൽ ശരിയല്ലെന്നു പറയണം. ശരിയാണെങ്കിൽ നിങ്ങൾ എന്ത് വർഗ്ഗീയതയെ ക്കുറിച്ചാണ്, മതേതരത്വത്തെക്കുറിച്ചാണ് പ്രസംഗിക്കുന്നതെന്ന് മനസി ലാക്കാൻ ഞങ്ങൾക്ക് പ്രയാസമുണ്ട്. അതുകൊണ്ട് ഈ സഭയിൽ നിങ്ങൾ അത് പറയണം. അങ്ങനെയൊരു നിയമം നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ?

<u>ശ്രീ. എം. ജെ. സഖറിയ:</u> സർ, ഇസ്ലാം മതത്തിലേയ്ക്കുള്ള മതപരി വർത്തനം നിരുൽസാഹപ്പെടുത്തലാണ് നായനാർ ഗവൺമെൻറിന്റെ ലക്ഷ്യമെന്ന് ഇതുകൊണ്ട് വ്യക്തമാകുന്നുണ്ടോ?

<u>ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:</u> സർ, നിരുൽസാഹപ്പെടുത്തൽ മാത്രമല്ല മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ വിധത്തിലും അവഗണിക്കുകയും പീഡിപ്പിക്കുകയുമാണ് ഈ ഗവൺമെൻറിന്റെ നയം എന്നാണ് അതിന്റെ ഓരോ പ്രവർത്തനത്തിൽനിന്നും ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അതല്ലെങ്കിൽ അതല്ലെന്ന് നിങ്ങൾ തിരുത്തി പറയണം. മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു വർഗ്ഗീയ പാർട്ടിയാണെന്ന് പറഞ്ഞ് നിങ്ങൾ തുടർന്നു വരുന്ന നയം ശരിയല്ല. അത് ഈ രാജ്യത്തിന് ഒരു നേട്ടവുമുണ്ടാക്കുകയില്ല. പണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച ഒരു രാഷ്ട്രീയ ലൈനുണ്ട്. അതായത് ഈ രാജ്യത്തെ ഭൂരിപക്ഷ വർഗ്ഗീയതയാണ് ഏററവും വലിയ അപകടം. അതിൽ നിന്നൊരു വ്യതിയാനം കഴിഞ്ഞ അഞ്ചാറ് കൊല്ലമായിട്ട് നിങ്ങൾ വരുത്തി. അതായത് നിങ്ങൾ പ്രഖ്യാപിച്ച ഭൂരിപക്ഷവർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും ആപത്താണെന്ന്. കഴിഞ്ഞ അഞ്ചെട്ട് കൊല്ലമായി നിങ്ങൾ തുടർന്നുവന്ന ലൈൻ മുസ്ലീംലീഗിനെ എതിർക്കുകയാണെങ്കിൽ ഈ രാജ്യത്ത് ഹിന്ദു വർഗ്ഗീയത ഇല്ലാതാക്കാമെന്നാണ്. ഞാൻ ചോദിക്കുകയാണ് കഴിഞ്ഞ അഞ്ചെട്ടുകൊല്ലത്തെ അനുഭവങ്ങൾകൊണ്ട് മുസ്ലീംലീഗിനെ എതിർത്തിട്ട് ഇവിടത്തെ ഹിന്ദു വർഗ്ഗീയതയ്ക്ക് വല്ല കുറവും ഉണ്ടായിട്ടുണ്ടോ? നിങ്ങൾതന്നെ പറയുന്നു കേരളമൊഴിച്ച് ഇൻഡ്യയിലെ ഒരു സംസ്ഥാ നത്തും, സുരക്ഷിതമായി യാത്രചെയ്യാൻ സാധിക്കാത്ത വിധത്തിൽ, ആന്ധ്രയിലും, കർണ്ണാടകത്തിലും, അതുപോലെ വടക്കേ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇന്ന് വർഗ്ഗീയത വളരെ രൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന്. അതുകൊണ്ട് മുസ്ലീം ലീഗിനെ എതിർത്താൽ ഈ രാജ്യത്തെ ഹിന്ദു വർഗ്ഗീയതയെ നശിപ്പിക്കാൻ സാധിക്കുമെന്നുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ ലൈൻ പൊളിഞ്ഞിരിക്കുകയാണ്.

<u>ശ്രീ. ഒ. ഭരതൻ:</u> സർ, ബഹുമാനപ്പെട്ട കൊരമ്പയിൽ ന്യൂനപക്ഷം ന്യൂനപക്ഷാടിസ്ഥാനത്തിൽ വർഗ്ഗീയ അടിസ്ഥാനത്തിൽ സംഘടിച്ചാൽ അത് ഭൂരിപക്ഷത്തെ ഭൂരിപക്ഷാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതി ലേയ്ക്ക് പ്രേരിപ്പിക്കും. അതുകൊണ്ട് ന്യൂനപക്ഷ പ്രസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണമെന്ന് പറയുന്നത് ജനാധിപത്യ-മതേതരത്വത്തോടൊപ്പം നിന്നാൽ മാത്രമേ ന്യൂനപക്ഷത്തിന്റെ താല്പര്യം സംരക്ഷിക്കാൻ സാധിക്കുകയുള്ളു. അതാണ് ഞങ്ങളുടെ പാർട്ടി പറഞ്ഞത്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ഈ അടുത്ത കാലത്തായി ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ. ശ്രീ. നമ്പൂതിരിപ്പാട് ഇപ്പോൾ പറഞ്ഞിട്ടുണ്ട്. മുസ്ലീം ലീഗിനെ പണ്ട് ഞാൻ പിരിച്ചു വിടണമെന്ന് പറഞ്ഞിരുന്നു, ഇപ്പോൾ ഞാൻ അത് പറയുന്നില്ലെന്ന്. മുസ്ലീംലീഗ് ന്യൂനപക്ഷ സമുദായത്തിനാവശ്യമാണെങ്കിൽ അത് ഒററയ്ക്ക് നിന്ന് പ്രവർത്തിക്കട്ടെ, കോൺഗ്രസ്സിന്റെ കൂടെ വേണ്ടെന്നുള്ള രീതിയിലുള്ള ഒരു നിലപാടാണ് ഇപ്പോൾ വന്നിട്ടുള്ളത്. അത് കഴിഞ്ഞ കാലത്തെ തെററിനെ ഓർമ്മിച്ചു കൊണ്ടുള്ള ഒരു ഗൽഗദമാണെങ്കിൽ അതിനെ അനുകൂലിക്കാനും, അത് സ്വീകരിക്കാനും ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് മാററങ്ങളുടെ യാഥാർത്ഥ്യങ്ങളും വസ്തുതകളും മനസ്സിലാക്കണം. അല്ലാതെ കേവലം മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിലാകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ അതേ അർത്ഥത്തിൽത്തന്നെ ന്യൂനപക്ഷ സമുദായത്തിന്—പിന്നോക്ക-ഹരിജനങ്ങളുടെ സമുദായത്തിന് ശരിയായ നേതൃത്വവും സുരക്ഷിതത്വവുമുള്ള കേരളത്തിലാണ് മതസൗഹാർദ്ദം ഏററവും കൂടുതൽ നിലനില്ക്കുന്നതെന്ന് പറഞ്ഞു. അതിന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഒരു സംഭാവന ചെയ്യുന്നുണ്ട് എങ്കിൽ ഞങ്ങളും ചെയ്യുന്നുവെന്നല്ലേ ശ്രീ. കോടിയേരി പറഞ്ഞതിന്റെ അർത്ഥം?

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഈ രാജ്യത്ത് യഥാർത്ഥത്തിലുള്ള മതേതരത്വം ആഗ്രഹിക്കുന്നുണ്ടോ? അവർക്ക് ഈ രാജ്യത്തെ പിന്നോക്ക-ന്യൂനപക്ഷ സമുദായങ്ങളുടെ താല്പര്യത്തിനുവേണ്ടി നില്ക്കണം. കഴിഞ്ഞ ഘട്ടങ്ങളിൽ നിന്നിരുന്നു. അങ്ങനെ നില്ക്കണമെന്നാണ് ഞാൻ പറയുന്നത്. അല്ലാതെ ഈ രാജ്യത്തെ ഭൂരിപക്ഷ വർഗ്ഗീയത ചൂണ്ടി കാണിച്ചുകൊണ്ട്, പിന്നോക്ക സമുദായങ്ങളുടെ നിലനില്പിനെ ചോദ്യം ചെയ്യുന്നത് ശരിയല്ലെന്നാണ് പറയുന്നത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾക്ക് സുരക്ഷിതത്വം ഇല്ലെന്നുള്ളതിന് തെളിവ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ മനസ്സിലായി. 15 കൊല്ലമായി ഭരിക്കുന്ന പശ്ചിമ ബംഗാളിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിട്ടില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി സ്വീകരിച്ചിട്ടുള്ള ഇരട്ടത്താപ്പ് നയം തന്നെ ഈ രാജ്യത്ത് വർഗ്ഗീയതയ്ക്കും പിന്നോക്ക വിഭാഗങ്ങൾക്കും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽ സുരക്ഷിതത്വമില്ലെന്നുള്ളതിന്റെ ഏററവും വലിയ തെളിവല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പശ്ചിമ ബംഗാളിൽ നടപ്പിലാക്കണമെന്ന് പശ്ചിമ ബംഗാളിലെ ഒററ രാഷ്ട്രീയ പാർട്ടിയും ആവശ്യപ്പെട്ടിട്ടില്ല. പശ്ചിമ ബംഗാളിൽ അങ്ങനെയുള്ള പിന്നോക്ക സമുദായക്കാർ ഉണ്ടെന്ന് പ്രഖ്യാപി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടില്ല. പശ്ചിമ ബംഗാൾ എന്നു പറയുന്ന സംസ്ഥാനം ഇൻഡ്യയിലെ ഒരു പ്രത്യേകതയുള്ള സംസ്ഥാനമാണ്. രാജാറാം മോഹൻറോയിയുടെ കാലം മുതൽ ആരംഭിച്ച സാമൂഹ്യ *പരിഷ്കരണം, ജാതിക്ക് അതീതമായി ഒരു സംസ്കാരം പശ്ചിമ ബംഗാളിലുണ്ട്. അതുകൊണ്ടാണ് പശ്ചിമ ബംഗാളിൽ ഒരൊററ രാഷ്ട്രീയ പാർട്ടിയും ഇന്നുവരെ ആവശ്യപ്പെടാത്തത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, സി. പി. ഐ. മാത്രമാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ അനുകൂലിച്ചിട്ടുള്ള പ്രസ്ഥാനം. അത് നിഷേധിക്കാൻ അങ്ങേയ്ക്ക് കഴിയുമോ? ഹരിജനങ്ങളും ഗിരിജനങ്ങളും ധാരാളം തിങ്ങിപ്പാർക്കുന്ന പശ്ചിമ ബംഗാളിൽ പിന്നോക്ക വിഭാഗങ്ങൾ ഇല്ലെന്ന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പറഞ്ഞാൽ അത് വിശ്വസിക്കാൻ സാധിക്കുമോ?

ശ്രീ. ഒ. ഭരതൻ: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ സർവ്വാത്മനാ സ്വാഗതം ചെയ്ത പാർട്ടിയാണ് കമ്മ്യൂണിസ്ററ് പാർട്ടിയും മാർക്സിസ്ററ് പാർട്ടിയും. മാത്രമല്ല, ഞങ്ങൾ പറഞ്ഞത് ഒരു പാർട്ടിയും പരസ്യമായി എതിർക്കാത്ത സ്ഥിതിക്ക് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെപ്പററി വ്യാപകമായ അഭിപ്രായ സമന്വയമുണ്ടാക്കേണ്ടതായിരുന്നു എന്നാണ് ഞങ്ങളുടെ പാർട്ടി പറഞ്ഞത്.

ശ്രീ. പി. സീതിഹാജി: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പശ്ചിമ ബംഗാളിൽ 177 വിഭാഗം പിന്നോക്ക ജാതിക്കാരുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പശ്ചിമ ബംഗാളിൽ നടപ്പിലാക്കുകയില്ലെന്ന് അവിടത്തെ മുഖ്യമന്ത്രി ശ്രീ. ജ്യോതിബാസു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നു അവിടെ പിന്നോക്ക ജാതിക്കാരില്ലെന്ന്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു 177 പിന്നോക്ക വിഭാഗം അവിടെയുണ്ടെന്ന്. നിങ്ങൾ ആ റിപ്പോർട്ട് വായിച്ചിട്ടുണ്ടോ?

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ മാത്രമല്ല 1950-ലെ ഭരണ

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. സത്യൻ മൊകേരി]

പരിഷ്കാര റിപ്പോർട്ടിൽ നമ്പൂതിരിപ്പാട് എഴുതിവച്ചതു മുതൽക്ക് ഈ പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണത്തെക്കുറിച്ച് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ നയം എന്താണെന്നുള്ളത് വ്യക്തമായിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ച ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലും അവർ പറയുന്നത് സാമ്പത്തിക സംവരണം വേണമെന്ന് തന്നെയാണ്. ശ്രീ. വി. പി. സിംഗുമായിട്ട് അനുകൂലിക്കുന്നുവെന്ന് പറയുമ്പോൾ തന്നെ ശ്രീ. വി. പി. സിംഗിന്റെ കൂടെ കൂടാൻ മററുള്ളവരെ ആഹ്വാനം ചെയ്യുമ്പോൾ തന്നെ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി 100 ശതമാനവും വി. പി. സിംഗിനെ അനുകൂലിക്കുന്നുണ്ടോയെന്നുള്ള ചോദ്യം പ്രസക്തമാണ്. അതിനെക്കുറിച്ച് നിങ്ങൾ പറയണം. ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനോട് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയും അതുപോലെയുള്ള പല മുന്നോക്ക സമുദായങ്ങളുടെ പാർട്ടിയും അനുകൂലമല്ല. അതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം പറയാനുള്ളത് ഈ രാജ്യത്തെ ന്യൂനപക്ഷ പിന്നോക്ക സമുദായങ്ങളുടെ ആ പരാധീനതകളും പിന്നോക്കാവസ്ഥയും പരിഹരിച്ചുവെങ്കിൽ മാത്രമേ ഒരു രാജ്യമെന്നുള്ള നിലക്ക് ഈ രാജ്യത്തിന് മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ. ഈ രാജ്യത്തെ അധഃസ്ഥിതർ,

LIBRARY ARCHIVES Kerala Legislative Assembly

പീഡിതർ, അവരെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതെ ഇവിടെ ഒരു രാഷ്ട്രമെന്നുള്ള നിലക്ക് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ഭാരതം എന്നു പറയുന്നത് ഹിമാലയവും ഗംഗാനദിയും അല്ല, ഈ രാജ്യത്തെ 80 കോടി ജനങ്ങളാണ്. അതിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഉണ്ട്. അവരെല്ലാം കൂടി ചേർന്നതാണ് ഇൻഡ്യൻ ജനത എന്നു പറയുന്നത്. അതുകൊണ്ട് ആ ജനതയെ ഒന്നിച്ചു നിർത്തി അവരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് അവരെ ഒന്നിച്ചു നിർത്താൻ വേണ്ടി ശ്രമിക്കണം. അപ്പോളെ ഈ രാജ്യത്തിന് മുന്നോട്ടു പോകാൻ സാധിക്കയുള്ളു എന്നത്രേ എനിക്കു പറയാനുള്ളത്.

സർ, ഞാനീ ബില്ലിനെക്കുറിച്ച് അല്പം ചില കാര്യങ്ങൾ പറയണമെന്നാഗ്രഹിക്കുകയാണ്. ഇവിടെ ഈ ബില്ലിനെക്കുറിച്ച് സംസാരിച്ച ആളുകളൊക്കെ, ശ്രീ. കോടിയേരിയും ശ്രീ. ആര്യാടനുമൊക്കെ തന്നെ, ടാററയേയും ബിർളയേയും ഒക്കെ കണ്ടുകൊണ്ടാണ് സംസാരിച്ചത്. എന്നാൽ സർ അതല്ലാത്ത കുറേ കാര്യങ്ങളാണ് എനിയ്ക്കിവിടെ പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ടൂറിസമാണ് ഏററവും കൂടുതൽ വികസിപ്പിക്കാൻ സാദ്ധ്യതയുള്ള ഒരു വ്യവസായം. കാർഷിക രംഗത്തായാലും ശരി, വ്യാവസായിക രംഗത്തായാലും ശരി, മററുള്ള വ്യവസായ രംഗത്തായാലും ശരി നമുക്ക് ഇവിടെ ധാരാളം പരിമിതികൾ ഉണ്ട്. അതുകൊണ്ട് ഈ ടൂറിസം വ്യവസായം നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ വർദ്ധിപ്പിക്കാനും വളർത്തി എടുക്കാനും സാധിക്കുന്ന ഒന്നാണ്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ വളരെയേറെ പ്രകൃതി സുന്ദരമായ ഒരു സംസ്ഥാനമാണ് കേരളം. ഇപ്പോൾ ഏത് ഭാഗത്ത് ചെന്നാലും ടൂറിസ്ററുകളെ ആകർഷിക്കുവാൻ കഴിയുന്ന സ്ഥലങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഈ ബില്ലിൽ പറയുന്നത് എന്താണെന്നു വച്ചാൽ ഗവൺമെൻറ് അതാത് സമയത്ത് ഗസററ് നോട്ടിഫിക്കേഷൻ മൂലം പ്രസിദ്ധീകരിക്കുന്ന ചില നിശ്ചിത സ്ഥലങ്ങളിൽ ചില നിശ്ചിത കാലയളവുകളിലുള്ള കെട്ടിടങ്ങൾ മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നുള്ളതാണ്. എന്നാൽ ഇതോടുകൂടിത്തന്നെ ഈ ടൂറിസ്ററ് മാപ്പിൽ പറഞ്ഞിട്ടുള്ള ടൂറിസ്ററ് റൂട്ടിൽ വരുന്നതും അതേ സമയത്ത് ഹോട്ടൽ ഇൻഡസ്ട്രി എന്നുള്ള നിലയിൽ അതിന്റെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ചിട്ടുള്ളതുമായ ഹോട്ടലുകളുണ്ട്. 1986-ൽ ടൂറിസം ഒരു വ്യവസായമായി അംഗീകരിച്ച ആ കാലയളവിനുശേഷം ഇങ്ങോട്ട് പുതിയതായിട്ട് വന്നിട്ടുള്ളതും പൂർത്തിയായിട്ടുള്ളതുമായ ഹോട്ടലുകൾക്കുകൂടി ഈ നികുതിയിളവ് ബാധകമാക്കി കൊടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ടൂറിസം എന്നു പറയുന്നത് നമ്മുടെ കൊച്ചു കേരളത്തെ സംബന്ധിച്ചിടത്തോളം ഏററവും വലിയ ഒരനുഗ്രഹമായിരിക്കും. ഇപ്പോൾ ഗോവ, കാശ്മീർ, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിൽ ഈ ടൂറിസം കൊണ്ട് അവർ വലിയ സാമ്പത്തിക നേട്ടം വർഷംതോറും ഉണ്ടാക്കുന്നുണ്ട്. അവരുടെ റവന്യു വരവിൽ വലിയ ഒരിനം അതാണ്. ഇന്നിപ്പോൾ തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമാക്കി മാററി, അതിനെ നമുക്ക് പരമാവധി ഉപയോഗപ്പെടുത്താൻ സാധിക്കും. അതുമാതിരി തന്നെ ഈ ടൂറിസ്ററുകൾ വിദേശത്തു നിന്ന് വരുന്നത് പാക്കേജ് സ്കീം അനുസരിച്ച് അവർ വിമാനമൊക്കെ ഹയർ ചെയ്ത് അങ്ങനെ ഒന്നിച്ച് വരുന്നവരാണ്. അങ്ങനെ അവർ ഒന്നിച്ച് വരുമ്പോൾ, ഓരോ വിമാനത്തിലും പത്ത് നാനൂറ് ആളുകൾ ഇങ്ങനെ ഒന്നിച്ചു വരുമ്പോൾ, അവർക്ക് ഒരുമിച്ച് താമസിക്കാനുള്ള സൗകര്യങ്ങൾ വേണം. അങ്ങനെ അവർക്ക് താമസി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനുള്ള സൗകര്യങ്ങൾ ഉള്ള ഹോട്ടലുകൾ ഉണ്ടാക്കുക, ടൂറിസ്റ്റ് ഹോമുകൾ ഉണ്ടാക്കുകയും അതിനെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയും ആണ് ഈ വിധത്തിലുള്ള ഇളവുകൾ നിയമത്തിൽ കൊടുത്തിട്ടുള്ളത്. അത് കൂടുതൽ വിപുലപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം അതിവിടെ ശ്രീ. കോടിയേരിയും മററും പറഞ്ഞതുപോലെ ഈ രാജ്യത്ത് ആഭ്യന്തര ടൂറിസവും നമുക്ക് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിലേയ്ക്കായി ധാരാളം കാര്യങ്ങൾ നമുക്ക് ചെയ്യാനുമുണ്ട്. അതുകൊണ്ട് ഇത് രണ്ടും മുന്നിൽ കണ്ടുകൊണ്ട് ഇപ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്ന മാതിരി ഗവൺമെൻറ് നിശ്ചയിക്കുന്ന ഏതെങ്കിലും പരിധിയിൽ എന്നുപറയുന്നതിനു പകരം, ഹോട്ടൽ ഇൻഡസ്ട്രി എന്നുള്ള നിലയ്ക്ക്, ബന്ധപ്പെട്ട വ്യവസ്ഥകൾ അംഗീകരിച്ച് കെട്ടിയിട്ടുള്ളതും ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ച 1986 ജൂലായ് മാസത്തിന് ശേഷം പൂർത്തിയായതുമായ ഹോട്ടൽ കെട്ടിടങ്ങൾക്ക് കൂടി ഇത് ബാധകമാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതേമാതിരിതന്നെ ട്രാൻസ്പോർട്ടിംഗ് ഫെസിലിറ്റീസ് കൊടുക്കുന്ന കാര്യം. ടൂറിസ്ററുകൾക്ക് ഇങ്ങോട്ട് വരാനും പോകാനും, നമ്മുടെ ഇവിടെയുള്ള പ്രകൃതി രമണീയമായ സ്ഥലങ്ങൾ അവരെ കൊണ്ടുചെന്ന് കാണിച്ചു കൊടുക്കാനും വേണ്ടിയുള്ള യാത്രാ സൗകര്യങ്ങൾ കൂടി നമ്മൾ മെച്ചപ്പെടുത്തിയെങ്കിൽ മാത്രമേ ഇവിടെ വരുന്ന ടൂറിസ്ററുകൾക്ക് അവരുദ്ദേശിക്കുന്ന രീതിയിൽ സൗകര്യമായിട്ട് യാത്ര ചെയ്യാനും എല്ലാ സ്ഥലങ്ങളും ചെന്ന് കാണാനും സാധിക്കുകയുള്ളു. ഈ ടൂറിസമെന്നുള്ളത് വളരെ വിപുലപ്പെടുത്താവുന്ന, വളരെ വികസിപ്പിക്കാവുന്ന ഒരു വ്യവസായമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം അതിന് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന ഒരു വ്യവസായമാണ്. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലുമൊക്കെയുള്ള റാ മെററീരിയൽസിൻെറ അഭാവം, അതുപോലെതന്നെ മാർക്കററിംഗ് ഫെസിലിററീസിൻെറ കുറവ് ഇത്തരത്തിലുള്ള ധാരാളം പരിമിതികളും പരിധികളുമുള്ള സ്ഥിതിയ്ക്ക് ഇത് വളരെ വിപുലമായിട്ട് നമുക്ക് ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്ന മാതിരിയുള്ള ഭേദഗതികളോടുകൂടി ഈ ബിൽ പാസ്സാക്കണം. അതിന് പൊതുജനങ്ങളുടെ അഭിപ്രായം കൂടി ആരാഞ്ഞ് അവർക്ക് കൂടുതൽ ഇക്കാര്യത്തിൽ അവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടി ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി വിതരണം ചെയ്യണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ഇതോടുകൂടി ചർച്ചയ്ക്കായിട്ടുള്ള സമയം അവസാനിച്ചു. ഇനി ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം.

ശ്രീ. കെ. മുഹമ്മദാലി: സർ, എൻെറ ഭേദഗതിയെപ്പററി സംസാരിക്കാനുണ്ട്.

മി. ചെയർമാൻ: ചർച്ചയ്ക്കായിട്ട് അനുവദിച്ച സമയം ഒരു മണിക്കൂറാണ്. സമയം കുറവാണ്. ഇന്നിപ്പോൾ സഭയുടെ മുൻപാകെ മൂന്ന് ബില്ലുകളുണ്ട്. ഓരോ ബില്ലിനും ഒരു മണിക്കൂർ വീതമാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ ഈ ബില്ലിനു മാത്രമായി ഒന്നരമണിക്കൂർ സമയം ചർച്ചയ്ക്കായി അനുവദിച്ചു. എന്തായാലും ബഹുമാനപ്പെട്ട മെമ്പർക്ക് രണ്ട് മിനിററ് സമയം അനുവദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി വിടണമെന്ന എന്റെ ഭേദഗതിയെപ്പററിയാണ് രണ്ടു വാക്കു പറയുവാനുള്ളത്..................... (ബഹളം)....................

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ ചെയറിൽ ഇരിക്കുന്ന അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി പറയുകയാണ്, ബഹു: സ്പീക്കർ നേരത്തെ ഇവിടെ പറഞ്ഞത് ഈ ബില്ലിനെ സംബന്ധിച്ച് ചർച്ചക്കുള്ള സമയം നിശ്ചയിക്കുന്നില്ല എന്നാണ്. ഇവിടെ ഞങ്ങളൊക്കെ ഈ ബില്ലിന് അമെൻഡ്മെൻറ്സ് കൊടുത്തിട്ടുള്ളവരാണ്. ഇന്നിപ്പോൾ കാര്യോപദേശക സമിതി യോഗം ചേരുന്നുണ്ട്. ആ സമിതി കൂടി എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾ അംഗീകരിച്ചുകൊള്ളാം. അതുകൊണ്ട് അതിനുമുമ്പൊരു റസ്ട്രിക്ഷൻ കൊണ്ടുവരാൻ പാടില്ല. ഞങ്ങളെല്ലാം അമെൻഡ്മെൻറ്സ് കൊടുത്തിട്ടുള്ളവരാണ്, ഞങ്ങൾക്കൊക്കെ ബില്ലിനെക്കുറിച്ച് സംസാരിക്കാനുമുണ്ട്.

ശ്രീ. കെ. മുഹമ്മദാലി: സർ, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗം കേട്ടപ്പോൾ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പും ഈ ബില്ലും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഉണ്ടായിരുന്ന ആക്ഷേപം സാധൂകരിക്കുന്നതായിട്ടാണ് എനിക്ക് തോന്നിയത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അല്ല, ശ്രീ. കരുണാകരൻ 1986-ൽ കൊണ്ടുവന്നത് ഇപ്പോൾ നടക്കാൻ പോകുന്ന ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടായിരുന്നോ? അതല്ലേ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്?

ശ്രീ. കെ. മുഹമ്മദാലി: ഈ ഓർഡിനൻസ് കൊണ്ടുവരുവാൻ കണ്ടെത്തിയ സമയം വളരെ സംശയാസ്പദമാണ്. ഇപ്പോൾ ടൂറിസത്തിന്റെ മറവിൽ വൻകിട കെട്ടിടമുടമകൾക്ക് ആനുകൂല്യം ചെയ്യാനുള്ള ഒരു നിയമനിർമ്മാണമായിട്ടാണ് ഈ ബില്ലിനെ കാണുന്നത്. ഇവിടെ മററുള്ള ബഹുമാന്യരായ മെമ്പർമാർ സൂചിപ്പിച്ചതുപോലെ ടൂറിസം വികസനത്തിന്റെ കാര്യത്തിൽ ഈ ഭാഗത്തുള്ള ആരും അല്ലെങ്കിൽ ഈ സംസ്ഥാനത്തുള്ള ജനങ്ങളാരും എതിര് പറയുകയില്ല. ടൂറിസം വികസനത്തിന് സഹായകരമായ നിലപാടിനെക്കുറിച്ച് ആരായുമ്പോൾ സ്വാഭാവികമായും ഇന്ന് ടൂറിസം രംഗം നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനാണ് ശ്രമിക്കേണ്ടത്. ഇവിടെ ശ്രീ. ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ടൂറിസം വികസനത്തിന് വളരെ അനുകൂലമായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ളത്. ആ അനുകൂലമായ സാഹചര്യം വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് എത്തുന്ന ടൂറിസ്ററുകളോടുള്ള പെരുമാററവും അവർക്ക് ചുരുങ്ങിയ ചെലവിൽ ഇവിടെ കഴിഞ്ഞുകൂടുവാനുമുള്ള ഒരു സാഹചര്യം ഇവിടെ സൃഷ്ടിക്കുകയാണു വേണ്ടത്. അതിന് അനിവാര്യമായ സംവിധാനങ്ങളുണ്ടാക്കുന്നതിന് ഗവൺമെന്റ് മുൻപോട്ടു വരികയെന്നുള്ളതാണ് ആവശ്യമായിട്ടുള്ളത്. പഞ്ചനക്ഷത്ര ഹോട്ടലുകളിൽ താമസിക്കുന്നതിന് ഉപരിയായി അവർ ചെന്നെത്തുന്ന പ്രദേശങ്ങളിലെ തനിമയുമായി യോജിക്കാനാണ് സാധാരണയായി ടൂറിസ്ററുകൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടതിനെ സഹായകരമായ നിലയിൽ ടൂറിസ്ററ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതിനുപകരം ഇന്ന് ടൂറിസത്തിന്റെ മറവിൽ വൻകിട കെട്ടിടമുടമകളെ സഹായിക്കുവാൻവേണ്ടി ബോധപൂർവ്വമായ ശ്രമമാണ് ഈ നിയമനിർമ്മാണംമൂലം നടത്തുന്നത് എന്നാരോപിച്ചാൽ അതിനെ ആർക്കും

കുററംപറയാൻ കഴിയുകയില്ല. അപ്പോറം വൻകിട കെട്ടിടമുടമകളെ ഈ കെട്ടിടനികുതി നിയമത്തിൽ നിന്ന് ഒഴിവാക്കാനുള്ള അധികാരം, ഗവൺമെൻറിൽ നിക്ഷിപ്തമാക്കുമ്പോറം സ്വാഭാവികമായും അത് ദുരുപയോഗപ്പെടുത്തുവാൻ അവസരമുണ്ടാവുമെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചത് വളരെ ശരിയായ ഒരു വസ്തുതയാണ്. നമുക്കറിയാം കെട്ടിട നികുതിമൂലം പ്രയാസമനുഭവിക്കുന്ന പലയാളുകളും ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ടെന്ന്. ഇപ്പോറം ലോണുകളെടുത്ത് വൻകിട ബഹുനിലകെട്ടിടങ്ങറം കെട്ടുന്നവരുണ്ട്. പലവിധത്തിൽ കടമെടുത്ത്, ബാങ്കുകളിൽനിന്നും മററും പലിശകൊടുത്ത് പണംവാങ്ങി കെട്ടിടം നിർമ്മിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർ ഈ നികുതിയിൽ നിന്നും ഒഴിവാക്കിക്കിട്ടാൻ ആഗ്രഹിക്കുന്നവരാണ്. അതുപോലെതന്നെ ആശുപത്രികറം, ഇന്ന് സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന മററ് സ്ഥാപനങ്ങറം എന്നിവയുണ്ട്. ഇവരെല്ലാം തന്നെ ഇന്ന് കെട്ടിടനികുതിയിൽനിന്ന് ഒഴിവാക്കി കിട്ടാൻ ആഗ്രഹിക്കുന്നവരാണ്. വളരെ നാളുകളായിട്ട് അവരൊക്കെ ഇക്കാര്യം നിവേദനത്തിലൂടെയും മററുമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ ഗവൺമെൻറ് അതൊന്നും കാണാതെ ഈ രംഗത്ത് ഇത്തരത്തിലുള്ള ഒരു മാററമുണ്ടാക്കുവാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവരാൻ തയ്യാറാകാതെ വൻകിട ഹോട്ടലുടമകളെ സഹായിക്കാൻവേണ്ടി ടൂറിസം പ്രമോഷൻ എന്ന മറവിൽ അവരെ കൊണ്ടുവരാനുള്ള ഈ തിരക്കുപിടിച്ച ശ്രമം, ഒരു ഓർഡിനൻസിലൂടെ കൊണ്ടുവരാനുള്ള തിരക്കുപിടിച്ച ശ്രമം ഉണ്ടായപ്പോറം സ്വാഭാവികമായും സംശയങ്ങറം ഉണ്ടാവുകയാണ്, ആർക്കും നിഷേധിക്കാനാവാത്ത കാര്യമാണത്. ഏതായാലും ഈ നിയമനിർമ്മാണത്തിൻെറ ഉദ്ദേശശുദ്ധിയെ പൊതുവേ സംശയിക്കുന്നതുകൊണ്ട് ഇത് പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി വിടണമെന്ന എൻെറ വാദം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി.

ശ്രീ. വി. വിശ്വനാഥമേനോൻ: സർ, ഈ നിയമം.. ............

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ ബില്ലിന് അമൻറുമെൻറ് കൊടുത്തിട്ടുണ്ട്, എനിക്ക് സംസാരിക്കണം. ഈ വിഷയം ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിച്ചു. ആദ്യത്തെ ബില്ലിന് ഒരു മണിക്കൂർ, രണ്ടാമത്തെ ബില്ലിന് ഒരു മണിക്കൂറെന്ന് സ്പീക്കർ പറഞ്ഞപ്പോറം ഞാൻ തന്നെയാണ് ഈ സഭയിൽ എഴുന്നേററുനിന്ന് പറഞ്ഞത് ബി. എ. സി. കൂടുന്നുണ്ട്, അവിടെവച്ച് സമയം നിശ്ചയിച്ചുകൊള്ളുക, അതുകൊണ്ട് ഇവിടെവച്ച്. അങ്ങ് അത് പറയരുതെന്ന്. അപ്പോറം ബഹു: സ്പീക്കർ ആ ചെയറിലിരുന്ന് നൽകിയ റൂളിംഗ് ഈ സഭയിലെ എല്ലാവരും കേട്ടതാണ്. സമയം നിശ്ചയിക്കുന്നില്ലെന്ന് പറഞ്ഞു. എനിക്ക് ഇതുസംബന്ധിച്ച് ചില കാര്യങ്ങറം പറയാനുണ്ട്. അതിനുള്ള അവസരം കിട്ടണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, ബഹു: സ്പീക്കർ അങ്ങനെ ഒരു റൂളിംഗ് നൽകിയിട്ടില്ല. ബഹു: സ്പീക്കറും പറഞ്ഞു. ശ്രീ. ടി. എം. ജേക്കബും പറഞ്ഞു. അതവിടെ അവസാനിച്ചു. ബഹു: സ്പീക്കർ അങ്ങനെയൊരു റൂളിംഗും തന്നിട്ടില്ല. ഒരു മണിക്കൂർ എന്നുള്ളിടത്തുതന്നെ ബഹു: സ്പീക്കർ നിന്നിട്ടാണ് ഇവിടെ നിന്ന് പോയത്

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: സഭയുടെ മുമ്പാകെ ഇന്ന് മൂന്ന് ബില്ലുകൾ പരിഗണനയ്ക്കുള്ളതുകൊണ്ട്.....................

ശ്രീ. ടി. എം. ജേക്കബ്: ഇല്ല, അങ്ങനെയൊരു നിശ്ചയം ഈ സഭയിലുണ്ടായിട്ടില്ല. ഞാൻ ഈ സഭയിലിരുന്ന ആളാണ്. സഭയിൽ ഞാനാണ് ഈ ഇഷ്യു റെയിസ് ചെയ്തത്. ബില്ലുകൾ പാസ്സാക്കാനോ മന്ത്രിക്ക് മറുപടി പറയാനോ ഞാൻ തടസ്സം നിൽക്കുന്നില്ല. പക്ഷെ ഞങ്ങൾക്ക്, മെമ്പർമാർക്ക് സംസാരിക്കാനുള്ള സമയം വേണം. ഞാൻ ഇത് സഭയിൽ റെയിസ് ചെയ്തപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് സഭാ രേഖയിലുണ്ടല്ലോ. അല്ലെങ്കിൽ അങ്ങേയ്ക്ക് ബഹു: സ്പീക്കറോട് അന്വേഷിക്കാം ശരിയാണോയെന്ന്. ബി. എ. സി. അവിടെ കൂടിക്കൊണ്ടിരിക്കുകയാണ്, ഈ വിഷയമടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ തുടങ്ങിയിരിക്കുന്നു. ഉടനെ ബി. എ. സി. യുടെ മറുപടി ഇവിടെ കിട്ടും. അതുകൊണ്ട് ബില്ലിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയണമെന്ന് ആഗ്രഹിച്ചാൽ അത് പറയിപ്പിക്കാത്ത സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ഇന്ന് ഫസ്ററ് ഡേയാണ്. ഫസ്ററ് ഡേയിൽ സാധാരണ ചെയ്യാറുള്ളതുപോലെ രണ്ടു മൂന്ന് ബില്ലുകൾ ഷെഡ്യൂൾ ചെയ്തു. അതിൽക്കവിഞ്ഞ് വേറെയൊന്നും സംഭവിച്ചിട്ടില്ല. അപ്പോൾ ബി എ. സി. യുടെ തീരുമാനം എടുക്കുന്നതുവരെ സ്പീക്കറുടെ പരാമർശം ഇവിടെ പ്രാബല്യത്തിലുണ്ട്. ബഹു: സ്പീക്കർ സമയം നിശ്ചയിച്ചിട്ടില്ല. സമയം നിശ്ചയിച്ച് ഒരുമണിക്കൂറെന്ന് ഈ സഭ അംഗീകരിച്ചിട്ടുമില്ല.

ശ്രീ. ഒ. ഭരതൻ: ബിസിനസ് അഡ്വൈസറി കമ്മററിയുടെ തീരുമാനമുണ്ടാകുന്നതുവരെ ബഹു: സ്പീക്കറുടെ റൂളിംഗ് എന്താണെന്നു വച്ചാൽ ആ റൂളിംഗ് തന്നെയാണ് പ്രാബല്യത്തിലുണ്ടാവുക. ബഹു: സ്പീക്കർ എന്താണ് പറഞ്ഞിട്ടുള്ളത്? അദ്ദേഹം പറഞ്ഞത് മൂന്ന് ബില്ലുകൾ പരിഗണിക്കണം,, മൂന്ന് ബില്ലുകൾ പരിഗണനക്കെടുത്ത് ആ മൂന്ന് ബില്ലുകളും സബ്ജക്ട് കമ്മററിക്ക് റഫർ ചെയ്യണം, അതുകൊണ്ട് ഓരോ മണിക്കൂറാണ് ഓരോ ബില്ലിനും വേണ്ടി മാററി വച്ചിട്ടുള്ളത് എന്നാണ്. അത് പറഞ്ഞിട്ടാണ് അദ്ദേഹം പോയത്. ബിസിനസ് അഡ്വൈസറി കമ്മററിയുടെ തീരുമാനവും വന്നിട്ടില്ല. അതുകൊണ്ട് ഇപ്പോൾ പ്രാബല്യത്തിലുള്ളത് നേരത്തേ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടുള്ള ഓരോ മണിക്കൂറും ഓരോ ബില്ലിനും എന്നുള്ള തീരുമാനമാണ്. അതനുസരിച്ച് ഇതിന്റെ ചർച്ച ഇപ്പോൾ അവസാനിപ്പിക്കുകയും മിനിസ്ററർ മറുപടി പറയുകയും ചെയ്തതിനുശേഷം അടുത്ത ബില്ലിലേക്ക് നമുക്ക് കടക്കാം. അതാണ് ശരിയായിട്ടുള്ള വഴി.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട ജേക്കബ് ഈ തടസ്സവാദമുന്നയിച്ചപ്പോൾ ബഹു: സ്പീക്കർ പറഞ്ഞത് ബിസിനസ് അഡ്വൈസറി കമ്മിററി കൂടുകയാണ്, അവിടെ വച്ച് ഫൈനലായിട്ട് തീരുമാനിക്കാമെന്നാണ്. അതുവരെ സമയം നിശ്ചയിക്കുന്നില്ലെന്ന് പറഞ്ഞാണ് പോയത്. അപ്പോൾ അതുവരെ സമയം നിശ്ചയിക്കുന്നില്ലെന്നാണ് ബഹു: സ്പീക്കർ പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ തർക്കം വന്നിരിക്കുകയാണ്. ബഹു: സ്പീക്കർ സമയം നിശ്ചയിച്ചിട്ടില്ലെന്ന് ഞാൻ ധൈര്യമായി പറയുന്നു. അതിന്റെ ഉത്തരവാദിത്വം ഞാൻ ഏൽക്കുന്നു. സഭയിൽ അങ്ങനെ ബഹു: സ്പീക്കർ പറയാത്തിടത്തോളം കാലം അമെൻറുമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് ഡിസ്പോസ് ചെയ്യണം, ആളുകളെ വിളിക്കണം. സഭയ്ക്ക് ഒരു നടപടി ക്രമമുണ്ട്. നടപടിക്രമം തെററിപോകുന്നത് ശരിയല്ല. ബിൽ പാസ്സാക്കുന്നതിന് ഞങ്ങൾ എതിരല്ല. ഞാൻ തടസ്സം നിൽക്കുന്നുമില്ല. പക്ഷെ സഭയ്ക്ക് ഒരു നടപടി ക്രമമുണ്ട് ആ അംഗീകരിച്ചിരിക്കുന്ന നടപടിക്രമം വിട്ടുപോകാൻ സാദ്ധ്യമല്ല.

**മി. ചെയർമാൻ:** ശരി, ചർച്ച തുടരാം.

**ശ്രീ. സി. എഫ്. തോമസ്:** സർ, ഈ ബിൽ ആത്മാർത്ഥതയോടുകൂടിയാണോ അവതരിപ്പിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയണം. ഇതിനകത്ത് ടൂറിസം വികസിപ്പിക്കണം, ടൂറിസത്തിന് പ്രോൽസാഹനം കൊടുക്കണമെന്നാണ് ഉദ്ദേശമെങ്കിൽ ഈ ബില്ലിൻെറ അവതരണസമയത്ത് ഇപ്പുറത്തുനിന്ന് ചില ഒബ്ജക്ഷൻസ് അവതരിപ്പിച്ചിരുന്നത് സ്വീകരിക്കണം. ആ ഒബ്ജക്ഷൻസ് എന്താണെന്നു പറഞ്ഞാൽ സാമ്പത്തികമായ ബാദ്ധ്യതകൾ വരുന്നതാണ്, നികുതി ഒഴിവാക്കിക്കൊടുക്കുന്നതാണ്, അതുകൊണ്ട് ഇതുസംബന്ധിച്ച് ഗവർണ്ണറുടെ അനുവാദം വേണമെന്നുള്ളതാണ്. അത് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിനുള്ള അധികാരം കിട്ടുന്നുവെന്നു മാത്രമേയുള്ളു, അങ്ങനെയുള്ള നടപടിയിലേക്ക് പോകുന്നില്ലെന്നാണ്. അങ്ങനെയാണെങ്കിൽ ഈ ബില്ലിൻെറ ഉദ്ദേശമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. ടൂറിസം വികസിപ്പിക്കണമെന്ന് നിങ്ങൾക്ക് ഉദ്ദേശമുണ്ടോ? ഉദ്ദേശമുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ? നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണോ ഈ ബിൽ കൊണ്ടുവന്നത്? അങ്ങനെ തന്നെയായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അത്തരമൊരു മറുപടിയല്ലായിരുന്നു ഇവിടെ നൽകേണ്ടത്. അപ്പോൾ ഈ ബില്ല് തട്ടിപ്പാണ്, അതുകൊണ്ട് നികുതി ഒഴിവാക്കാൻ പോകുന്നില്ല, ടൂറിസത്തിന് പ്രോൽസാഹനം കൊടുക്കാൻ പോകുന്നില്ല.

സർ, അത്തരമൊരു ബിൽ ചർച്ചചെയ്യുമ്പോൾ ടൂറിസത്തിൻെറ ചുമതല വഹിക്കുന്ന മന്ത്രി കൂടെ തീർച്ചയായിട്ടും ഇവിടെ ഇരിക്കേണ്ടതായിരുന്നു. ടൂറിസത്തോട് ബന്ധപ്പെട്ട ഏററവും പ്രധാനപ്പെട്ട ഒരു വിഷയമാണെന്ന് പറയുമ്പോൾ ഈ ബില്ലിന് മറുപടി പറയേണ്ടത് ധനകാര്യമന്ത്രിയാണെങ്കിൽപോലും ധാരാളം നിർദ്ദേശങ്ങൾ ഇവിടെ വരാം. ആ നിർദ്ദേശത്തെക്കുറിച്ച് പറയുമ്പോൾ ടൂറിസത്തിൻെറ ചുമതല വഹിക്കുന്ന മന്ത്രി ഇവിടെ ഇരിക്കേണ്ടതായിരുന്നു. വാസ്തവത്തിൽ നമുക്ക് ഏററവും കൂടുതൽ വരുമാനമാർഗ്ഗമുണ്ടാക്കാവുന്ന മേഖലയാണ് ടൂറിസമെന്ന് പറയുന്നത്. പക്ഷെ, കേരളം അതിന് എന്ത് പ്രാധാന്യം കൊടുത്തിരിക്കുന്നു? നമ്മുടെ ഗവൺമെൻറ് എന്തെങ്കിലും പ്രാധാന്യം കൊടുത്തിട്ടുണ്ടോ? ഒരുപക്ഷെ കാശ്മീരിനോടുപോലും മൽസരിക്കാനും അതിൽകൂടുതൽ മനോഹാരിതയുള്ള കേരള സംസ്ഥാനത്തെ സംബന്ധിച്ച് ഗൗരവത്തോടുകൂടി ഗവൺമെൻറ് ചിന്തിക്കുന്നുണ്ടോ? ടൂറിസത്തിൽനിന്ന് ആവശ്യമായ വരുമാനമുണ്ടാക്കാനുള്ള പരിപാടി ഗവൺമെൻറിനുണ്ടോ? ഇത്തരമൊരു ബിൽ ചർച്ചചെയ്യുമ്പോൾ അതിൻെറ മന്ത്രിപോലും ഇവിടെയിരിക്കാതെ ചർച്ചചെയ്യുകയാണെങ്കിൽ അതുകൊണ്ട് എന്താണ് പ്രയോജനം? ഈ ഇരിക്കുന്ന മന്ത്രിയാണെങ്കിൽ പറയുന്നത് '' ഞങ്ങൾ ഈ ബില്ല് അവതരിപ്പിച്ചെങ്കിൽപോലും ഇതിലുള്ള നികുതി ഇളവൊന്നും കൊടുക്കാൻ പോകുന്നില്ലെന്നാണ്'', ഇതു എന്ത് പ്രോൽസാഹനമാണ്. ഇത് ആർക്കുവേണ്ടി കൊടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പറയണം. ഇത് ഏത് കെട്ടിടങ്ങൾക്ക് കൊടുക്കാൻ പോകുന്നു? വൻകിട കെട്ടിടങ്ങൾക്കാണോ കൊടുക്കുന്നത്? വൻകിട

കെട്ടിടങ്ങൾക്കാണ് കൊടുക്കുന്നതെങ്കിൽ ആർക്കാണ് ഇതിന്റെ സഹായം കിട്ടാൻ പോകുന്നത്? അടുത്ത കാലത്ത് കേരളത്തിലേക്ക് ക്ഷണിച്ചിരിക്കുന്ന ടാററാപോലുള്ള കുത്തകമുതലാളിമാരെ സഹായിക്കാൻവേണ്ടി, അവരിൽനിന്നും കോഴവാങ്ങുകയെന്നുള്ള ലക്ഷ്യം മനസിൽ വച്ചുകൊണ്ട് കൊണ്ടുവന്ന ബില്ലാണെന്ന് ഇതെന്ന് തുറന്നുപറയാം. കുത്തക മുതലാളിമാരെ ഈ സംസ്ഥാനത്തേക്ക് ക്ഷണിച്ചിരിക്കുന്നു. നമ്മുടെ നാട്ടിലേക്ക് ടാററായെയും ബിർളയെയും ക്ഷണിച്ചിരിക്കുന്നു. ടാററയെയും ബിർളയെയും. ക്ഷണിക്കുമ്പോൾ അവർക്കാവശ്യമുള്ള കാര്യത്തിന് ഒഴിവ് കൊടുക്കാനാണ്. നമ്മുടെ നാട്ടിലെ കാര്യം നമുക്കറിയാം. നേരത്തെ ഗ്വാളിയാർ റയോൺസിന്റെ പ്രശ്നം തീർത്തുകൊണ്ടുണ്ടാക്കിയ ഉടമ്പടി പ്രകാരം നമ്മുടെ നാട്ടിലെ വനസമ്പത്ത് മുഴുവൻ ബിർളക്ക് എഴുതിക്കൊടുത്ത സർക്കാരാണ് ഇത്, വീണ്ടും ടാററാ ഗ്രൂപ്പ്, ബിർളാ ഗ്രൂപ്പ് ഇവരെയൊക്കെ ഈ സംസ്ഥാനത്തേക്ക് കൊണ്ടുവന്നിട്ട് കോടികൾ മനസ്സിൽ ലക്ഷ്യമിട്ടുകൊണ്ട് കൊണ്ടുവന്നിരിക്കുന്ന ബില്ലാണിത്. അത് തുറന്ന് പറയണം. സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഒരു കാര്യം ചോദിക്കുകയാണ്. ടൂറിസം വകുപ്പു മന്ത്രിയായിരുന്നു മറുപടി പറയേണ്ടത്. ടൂറിസം പ്രോൽസാഹിപ്പിക്കാനാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ നമ്മുടെ നാട്ടിൽ ആഭ്യന്തര ടൂറിസത്തിന്റെ കാര്യത്തിൽ മലയാളികളായ ആളുകൾ തന്നെ പ്രധാനപ്പെട്ട ടൂറിസ്ററ് കേന്ദ്രങ്ങൾ സന്ദർശിക്കാൻ പോകുമ്പോൾ ഇന്ന് അനുഭവപ്പെടുന്ന അവസ്ഥയെന്താണ്? ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കാൻ കഴിയുമോ? എന്താണ് അവിടത്തെ അവസ്ഥ? ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന മന്ത്രിക്കുതന്നെ തോന്നി ഹോട്ടലുകളിലെ ഭക്ഷണത്തിനുപോലും നികുതി കൊണ്ടുവരണമെന്ന്, അത്തരമൊരു സർക്കാരും മന്ത്രിയുമാണ് ഇത്. നമ്മുടെ നാട്ടിൽതന്നെയുള്ള ടൂറിസ്ററ് കേന്ദ്രങ്ങളിലേക്ക് പോയാൽ ഭക്ഷണം ഒരു ഹോട്ടലിൽ നിന്ന് കഴിക്കാനാണ് അവർ ആഗ്രഹിക്കുന്നതെങ്കിൽ ആ ഹോട്ടലിലെ ഭക്ഷണത്തിനുപോലും നികുതി കൊണ്ടുവന്ന നിങ്ങൾ എങ്ങിനെയാണ് ടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്നത്? വാസ്തവത്തിൽ നമ്മുടെ നാട്ടിൽ ആഭ്യന്തര ടൂറിസം വികസിച്ചിട്ടുണ്ടോ? ആഭ്യന്തര ടൂറിസം വികസിപ്പിക്കാൻ നിങ്ങൾക്ക് പരിപാടിയുണ്ടോ? നിങ്ങൾ ടാററയ്ക്കുവേണ്ടിയാണോ പ്രവർത്തിക്കുന്നത്? നിങ്ങൾ ബിർളയക്കുവേണ്ടി

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

കോടികൾ കൊടുത്തു. ഇനി ടാററയ്ക്കുവേണ്ടിയും. അതുപോലെതന്നെ കോടീശ്വരൻമാരെ മാത്രം മനസ്സിൽ കണ്ടുകൊണ്ടുള്ള പരിപാടിയാണ് ചെയ്യുന്നത്. നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് സൗന്ദര്യമുള്ള പ്രദേശങ്ങൾ പോയി കണാനുള്ള അവസരങ്ങളും സൗകര്യങ്ങളും കൊടുത്തിട്ടില്ല. സാധാരണക്കാരനെ ദ്രോഹിക്കുന്ന നടപടികൾ മാത്രം സ്വീകരിച്ചു പോകുന്ന ഗവൺമെൻറിന് ഇത്തരം കാര്യങ്ങളിലാണ് താൽപര്യം, താൽപര്യമുണ്ടായിരുന്നുവെങ്കിൽ നിങ്ങൾ നടപടികൾ സ്വീകരിക്കുമായിരുന്നു. ഇത്തരം നടപടികൾ സ്വീകരിക്കാതെ ഈ നാട്ടിൽ ടൂറിസം വികസിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ മുന്നോട്ടുവരണം,

സർ, ഒരു കാര്യം കൂടി എനിക്ക് പറയാനുണ്ട്. ഇവിടെ ടൂറിസവുമായി ബന്ധപ്പെട്ട കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കുമെന്ന് പറഞ്ഞത്. ഇതുവരെയുള്ള ഈ കെട്ടിട നികുതിയുടെ അനുഭവം ധനകാര്യവകുപ്പു മന്ത്രി വിലയിരുത്തിയിട്ടുണ്ടോ? ഈ കെട്ടിട നികുതി ഏർപ്പെടുത്തിയതിനുശേഷം ആരാണ് അതുകൊണ്ട് ഏററവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

യാതന അനുഭവിക്കുന്നത്? ഇന്നുള്ള അവസ്ഥയെന്താണ്? ഇതിനെ സംബന്ധിച്ച് ഒരു അസസ്മെൻറ് നടത്തിയാൽ ആ അസസ്മെൻറിനെ സംബന്ധിച്ച് അപ്പീലു വേണമെങ്കിൽ ആർ. ഡി. ഒ. മാർക്ക് കൊടുക്കും. ആർ. ഡി. ഒ.-മാർക്ക് കൊടുത്താൽ വലിയ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. പിന്നെ കൊടുക്കാവുന്നത് ഹൈക്കോടതിയിൽ മാത്രമേയുള്ളു. ഇടത്തരം ആളുകളൊക്കെതന്നെ ഈ കെട്ടിട നികുതിയ്ക്ക് വിധേയരാകുന്നു. കെട്ടിട നികുതി നടപ്പിലാക്കിയതിനുശേഷം ഇതുവരെ നമ്മുടെ നാട്ടിലെ ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ടൂറിസത്തോട് ബന്ധപ്പെടുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട്, ഇടത്തരം ആളുകൾ ഈ നികുതി കൊണ്ട് ഇന്ന് വലയുന്നതു കൊണ്ട് ഈ കെട്ടിട നികുതിയിൽ നിന്നും സമ്പന്നൻമാരെ മാത്രം മാററി നിറുത്തിക്കൊണ്ട് ബാക്കിയുള്ളവർക്ക് മുഴുവൻ മോചനം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ടൂറിസ്ററ് ഹോട്ടലുകളെന്നു പറഞ്ഞ് ടാററാക്കുവേണ്ടി കോടികൾ ഈ ഗവൺമെൻറിന് വേണ്ടെന്നുവെയ്ക്കാമെങ്കിൽ നമ്മുടെ നാട്ടിലെ ചെറുകിടക്കാരും ഇടത്തരക്കാരും വയ്ക്കുന്ന കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കാൻകൂടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് ഈ അവസരം ഉപയോഗിക്കാം. അങ്ങ് തയ്യാറുണ്ടോയെന്ന് കൂടെ പറയണം. ഈ കെട്ടിട നികുതിയുടെ ബുദ്ധിമുട്ടുകൾ നമ്മുടെ നാട്ടിലെ ആളുകൾ ധാരാളമായി സഹിച്ചു കൊണ്ടിരിക്കുകയാണ്. അനാവശ്യമായ നികുതികൾ ധാരാളമുള്ള നമ്മുടെ സംസ്ഥാനത്ത് ഈ കെട്ടിട നികുതി കൂടെ അവരുടെ മേൽ കൂനിൻമേൽ കുരുപോലെ നിൽക്കുകയാണ്. അതുകൊണ്ട് ഈ അവസരത്തിൽ അങ്ങ് ഈ നാട്ടിലെ ചെറുകിടക്കാരെയും ഇടത്തരക്കാരെയും ഈ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കണം.

<u>ഡെപ്യൂട്ടി സ്പീക്കർ:</u> പ്ളീസ് കൺക്ളൂഡ്, ഒരു മണിക്കൂറാണ് ഈ ബില്ലിൻെറ ചർച്ചയ്ക്ക് വച്ചിരിക്കുന്നത്.

<u>ശ്രീ. ടി. എം. ജേക്കബ്:</u> ബഹു: ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ വരുന്നതിനുമുമ്പ് ഇവിടെ ഒരു തർക്കമുണ്ടായിരുന്നു. രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ ഈ വിഷയം പറഞ്ഞു. ഈ ബില്ലിന് ഒരു മണിക്കൂറെന്നും അടുത്ത ബില്ലിന് ഒരു മണിക്കൂറെന്നും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. ആ സന്ദർഭത്തിൽ ചെയർ അങ്ങിനെ ഡിസൈഡ് ചെയ്യരുതെന്ന് ഞാൻ എഴുന്നേററു ഒബ്ജക്ററ് ചെയ്തു. ബിസിനസ് അഡ്വൈസറി കമ്മററി കൂടുന്നുണ്ട് അവിടെ വച്ചു തീരുമാനിക്കാമെന്നാണ് അപ്പോൾ സഭയിൽ പറഞ്ഞത്, അതുകൊണ്ട് സമയപരിധി ഇപ്പോൾ നിശ്ചയിക്കുന്നില്ല എന്നുപറഞ്ഞാണ് ഇവിടെ ചർച്ച നടക്കുന്നത്. ബി. എ. സി.-യിൽ അങ്ങനെ എന്തെങ്കിലും തീരുമാനമുണ്ടായെങ്കിൽ ഞങ്ങൾ അത് അംഗീകരിക്കാം. അതല്ലെങ്കിൽ പഴയ തീരുമാനം നിലനിറുത്തണം.

<u>ഡെപ്യൂട്ടി സ്പീക്കർ:</u> അതെ. അങ്ങനെ ബി.എ.സി.-യിൽ തീരുമാനമായിട്ടുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്:</u> ഈ കെട്ടിട നികുതി ഒഴിവാക്കുന്ന കാര്യത്തോടൊപ്പം തന്നെ നമ്മുടെ നാട്ടിലെ ഇടത്തരക്കാരായ ആളുകളെക്കൂടി ഈ കെട്ടിട നികുതിയിൽ ഒഴിവാക്കണം. ഈ ഗവൺമെൻറ് കൊണ്ടുവന്ന ഹോട്ടലുകളിലെ ഭക്ഷണത്തിനുള്ള നികുതി കൂടി പിൻവലിക്കണം.



LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ നമ്മുടെ നാട്ടിലെ ആഭ്യന്തര ടൂറിസം വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ടൂറിസവുമായി ബന്ധപ്പെട്ട വാഹനങ്ങളെ കൂടി ഇത്തരം നികുതികളിൽനിന്നും ഒഴിവാക്കികൊണ്ട് ആഭ്യന്തര ടൂറിസം വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതു നന്നായിരിക്കും. ഇന്ത്യയിലെ ഏററവും വലിയ ടൂറിസ്ററ് കേന്ദ്രമായിട്ടുള്ള കേരളത്തെ സംബന്ധിച്ച് ടൂറിസം പ്രോൽസാഹിപ്പിക്കാനുള്ള നടപടികൾ എടുത്തു എന്നു പറയുന്നതല്ലാതെ ഈ ഗവൺമെൻറ് ഒരു നടപടിയും പ്രയോഗത്തിൽ കൊണ്ടുവന്നിട്ടില്ല. വളരെയേറെ ഗുരുതരമായ അലംഭാവമാണ് അക്കാര്യത്തിൽ കാണിക്കുന്നത്. അതിനുമാററം വരുത്തണം. നമ്മുടെ നാട്ടിൽ ഫലപ്രദമായ നടപടികൾ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ അംഗങ്ങൾക്കും പ്രത്യേകം നന്ദി പറയുകയാണ്. അത് സർക്കുലേഷന് കൊടുക്കണമെന്ന് ഇവിടെ പറഞ്ഞ അമെൻറുമെൻറുകൾ ഒന്നും സ്വീകരിക്കാൻ നിവൃത്തിയില്ല. വളരെയധികം താൽപര്യത്തോടുകൂടി കേരളത്തിലെ ടൂറിസം വളർത്തുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ ഒന്നൊന്നായി ചെയ്യുന്നതിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ ഞങ്ങൾ ചെയ്യുന്നത്. ഈ ഗവൺമെൻറിൻെറ തീരുമാനമെന്ന നിലയ്ക്ക് ഇപ്പോൾ ഞാൻ ഈ ബില്ല് കൊണ്ടുവന്നു എങ്കിലും ഒരു വ്യവസായമായി ടൂറിസത്തെ അംഗീകരിച്ചത് കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്താണ്. തികച്ചും ശരിയായ ഒരു തീരുമാനമായിരുന്നു അതെന്ന് എല്ലാവർക്കും അറിയാം. പക്ഷേ അതിനു ഉപോൽബലകമായ വിധത്തിൽ സൗകര്യപ്പെടുത്തുന്ന വിധത്തിൽ കുറെ കാര്യങ്ങൾ ചെയ്യാൻ പുറപ്പെടുമ്പോൾ അതിനെല്ലാം ഇത്രമാത്രം എതിർപ്പ് വരുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഇവിടെ പ്രസംഗിച്ച പലയാളുകൾക്കും ടാററായോടും ബിർളായോടുമുള്ള എതിർപ്പ് കാണുമ്പോൾ വളരെയധികം സഹതാപം തോന്നുകയാണ്. ടാററായും ബിർളായും വന്നുപോയാൽ അപകടമായി എന്നുള്ള വിധത്തിലുള്ള പ്രസംഗങ്ങൾ കേൾക്കുമ്പോൾ ഇന്നലെവരെ അതു വേണമെന്നു പറഞ്ഞിരുന്നവർ മറിച്ചു പറയുന്നതിനെക്കുറിച്ച് പരിഹാസം തോന്നുന്നു. തീർച്ചയായും ടൂറിസമെന്നുപറഞ്ഞാൽ ഗവൺമെൻറിൻെറ മാത്രം മേഖലയിൽ ഒതുക്കി നിറുത്താൻ സാദ്ധ്യമല്ലെന്ന് പ്രായോഗിക ബുദ്ധിയുള്ള എല്ലാവർക്കും മനസ്സിലാകും. ഗവൺമെൻറിൻെറ ടൂറിസ്ററ് ഹോമുകളും ഹോട്ടലുകളും മാത്രം കൊണ്ട് ഈ വിഭാഗത്തെ ഒതുക്കി നിർത്താൻ ശ്രമിക്കയാണെങ്കിൽ ഒരിക്കലും ഈ പ്രശ്നം തീരുകയില്ല. അതിനുള്ള ഉദാഹരണം എതിർപക്ഷത്തുനിന്നും പ്രസംഗിച്ചവരുടെ പ്രസംഗത്തിൽ വന്നിട്ടുണ്ട്. 400 ടൂറിസ്ററുകൾ ഒരുമിച്ച് വന്നാൽ എവിടെ താമസിപ്പിക്കും. കേരളം മനോഹരമായ സംസ്ഥാനമാണെന്ന് നമ്മൾ ആയിരമായിരം പ്രസംഗങ്ങൾ ചെയ്യുന്നുണ്ട്. അതിനുള്ള പ്രചരണങ്ങൾ നടത്തുന്നുണ്ട്. ചാർട്ടർ ഫ്ലൈയിനിൽ ആളുകൾ വന്നപ്പോഴാണ് ഈ പ്രശ്നം ഏററവും ഗുരുതരമായി വന്നത്. അവരെ താമസിപ്പിക്കാൻ സ്ഥലമില്ല. അങ്ങനെ വരുമ്പോൾ കേരള ഗവൺമെൻറിനോ കേന്ദ്രത്തിൻെറ സഹായം കൊണ്ട് മാത്രമോ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമോ സാധിക്കുകയില്ല. അതുകൊണ്ടാണ് കേന്ദ്രവും ഈ രംഗത്ത് സ്വകാര്യ മേഖലയെ ആശ്രയിക്കുന്നത് എന്നുള്ളത് ഒരു സത്യം മാത്രമാണ്. സ്വകാര്യമേഖലയിൽ നിന്നും ഈ രംഗത്തേക്കു വരുന്നവർക്ക് പ്രോൽസാഹനമെന്ന നിലയ്ക്ക് മാത്രമാണോ ഇതുകൊണ്ടുവന്നത്. ഇതും ജില്ലാഭരണ തെരഞ്ഞെടുപ്പുമായി കൂട്ടിക്കുഴയ്ക്കേണ്ട ആവശ്യമില്ല. ഇതിനെയൊന്നും ആശ്രയിച്ചല്ല ജനങ്ങൾ വോട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതെന്ന് നമുക്കെല്ലാമറിയാം. അതു സംബന്ധിച്ചെല്ലാം ഇവിടെ നീണ്ട ചർച്ചകൾ നടന്നതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല. പക്ഷേ അതിനും ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പുമായി യാതൊരു ബന്ധവുമില്ലെന്നു മാത്രമേ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ ബില്ല് ഇന്നല്ലെങ്കിൽ നാളെ പാസാക്കിയേ പററൂ.

ശ്രീ. ടി. എം. ജേക്കബ്: സർ, ടൂറിസം ഇൻഡസ്ട്രിയാക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി സ്വാഗതാർഹമാണ്. ഇതോടൊപ്പം ബിൽഡിംഗ് ടാക്സിൽ എക്സംപ്ഷൻ കിട്ടാൻ വേണ്ടി മററു ചിലതു കൂടി ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. അതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഗവൺമെൻറ് എടുത്തിട്ടുണ്ടോ. ചില വിഭാഗങ്ങളെ ടാക്സിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യം വന്നിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ബിൽഡിംഗ് ടാക്സ് എന്നു പറയുന്നത് ഈ ഗവൺമെൻറിന്റെ സൃഷ്ടിയല്ല. ഇത് പണ്ടേയുള്ള ടാക്സാണ്. ആ ടാക്സിൽ ഒരു പ്രത്യേക വിഭാഗത്തിന്റെ പ്രശ്നങ്ങളെ കുറിച്ച് പരിഗണിച്ച് ക്യാബിനററിൽ തീരുമാനത്തിൽ എത്തി. അങ്ങനെ വരുന്നവരെ പ്രോൽസാഹിപ്പിക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നു. അതുകൊണ്ട് മററുള്ളവരുടെ ആവശ്യങ്ങളും ഡിമാൻറുകളും എല്ലാം പോയി എന്നല്ല അതിനർത്ഥം. പക്ഷെ അതിനെപ്പററി ഒരു തീരുമാനവുമായിട്ടില്ല. ടൂറിസവുമായി ബന്ധപ്പെട്ട തീരുമാനമെന്ന നിലയ്ക്ക് അതുമായി ബന്ധപ്പെട്ട ഹോട്ടലുകൾ പണിയുന്നത് ടൂറിസത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാണെന്നു കണ്ടതുകൊണ്ടാണ് ആ തീരുമാനം ഗവൺമെൻറ് എടുത്തത്. യാതൊരു കോൺട്രവേഴ്സിയുമില്ലാത്ത ചെറിയൊരു അമെൻറുമെൻറാണിത്. അതിന് ആവശ്യമില്ലാത്ത നിയമ പരിജ്ഞാനം വരെ ഉയർത്തിക്കൊണ്ടുവന്നു. അത് ഈ വിധത്തിൽ രാഷ്ട്രീയമായി ഉപയോഗിക്കുന്നത് വളരെയധികം മോശമായി പോയി. ഈ രാജ്യത്ത് ടൂറിസം വളർത്തണ്ട എന്ന അഭിപ്രായമുള്ള ആരെങ്കിലുമുണ്ടോ ഈ അസംബ്ലിയിൽ ഇല്ലെന്നാണ് എന്റെ വിശ്വാസം. ടൂറിസം വളരണമെന്നുണ്ടെങ്കിൽ കേന്ദ്ര ലെവലിൽ പബ്ലിക് സെക്ടർ ലെവലിൽ മാത്രമായി സാധിക്കുകയില്ല എന്നു നമുക്കറിയാം. അതുകൊണ്ടാണ് സ്വകാര്യമേഖലയിൽ നിന്നും വരുന്നവരെ പ്രോൽസാഹിപ്പിക്കുന്നത്. ആ നിലപാട് എടുക്കണമെന്നുള്ള മുൻ ഗവൺമെൻറിന്റെ തീരുമാനം ഞങ്ങൾ നിയമപരമായി കൊണ്ടു വന്നു. അതുകൊണ്ട് ഈ ബിൽ എല്ലാവരുംകൂടി ഐകകണ്ഠ്യേന സബ്ജക്ട് കമ്മിററിക്ക് വിടണമെന്ന പ്രമേയം പാസാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1990-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട്സ് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട്സ് കമ്മിററിക്ക് അയച്ചു.



LIBRARY ARCHIVES Kerala Legislative Assembly

## (ii) 1990-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ

ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ): 1990-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ ഈ ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. എന്റെ ഒബ്ജക്ഷൻ ഇവിടെ മററു പല ബില്ലുകളിലും പലരും റെയിസ് ചെയ്തത് തന്നെയാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത്, The Bill, if enacted and brought into operation, would not involve any expenditure from the Consolidated Fund of the State, എന്നാണ്. അത് ഒരിക്കലും ശരിയായിരിക്കുകയില്ല. കാരണം, ഹൗസിംഗ് ബോർഡിലെ ജീവനക്കാർക്ക് ഇപ്പോൾ നൽകുന്നത് ഗ്രാററുവിററിയാണ്. അതിനെ സംബന്ധിച്ചിടത്തോളം പ്രതിമാസം 15 ദിവസം ക്രമത്തിൽ മാക്സിമം 16 മാസത്തെ ഗ്രാററുവിററി അവർക്ക് ഒന്നിച്ചു കൊടുത്താൽമതി. നേരെമറിച്ച് പെൻഷൻ നൽകുകയാണെങ്കിൽ അര മാസത്തെ ശമ്പളം 32 വർഷത്തേക്ക് കൊടുക്കണം. ഇന്ന് ഹൗസിംഗ് ബോർഡിന്റെ സാമ്പത്തികമായ സ്ഥിതി കണക്കിലെടുത്താൽ ഗവൺമെൻറിന്റെ സഹകരണവും സഹായവുമില്ലാതെ നടപ്പിലാക്കാൻ കഴിയുകയില്ല. ഇതുപോലെതന്നെയായിരുന്നു കേരള സ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമുള്ളത്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പെൻഷൻ പദ്ധതിക്ക് ഒരു വിഹിതം സർക്കാർ നൽകുന്നുണ്ട്. ഇതിൽ അത് നൽകിയില്ലെന്നാണ് പറയുന്നത്. റൂളിൽ പറയുന്നത്

73. A Bill involving expenditure shall be accompanied by a Financial Memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law. ഇന്നും സർക്കാർ സർവീസിലുള്ള പലരും ഹൗസിംഗ് ബോർഡിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഹൗസിംഗ് ബോർഡിൽ ഡെപ്യൂട്ടേഷന് പോയിക്കഴിഞ്ഞാൽ , അവർ ഹൗസിംഗ് ബോർഡിന്റെ എംപ്ലോയിയാകും. ഹൗസിംഗ് ബോർഡ് എംപ്ലോയീസാണെങ്കിലും അവരുടെ പെൻഷനുള്ള വക സംസ്ഥാന ഗവൺമെൻറ് അവരുടെ വകുപ്പിൽ പ്രത്യേകിച്ചു വകയിരുത്തണം. അപ്പോൾ സംസ്ഥാന ഗവൺമെൻറ് ജീവനക്കാർ ഹൗസിംഗ് ബോർഡിൽ ജോലി ചെയ്യുമ്പോൾ അവർക്കാവശ്യമായ തുക സംസ്ഥാന ഗവൺമെൻറിന്റെ കൺസോളിഡേററഡ് ഫണ്ടിൽ നിന്ന് പോകും. അപ്പോൾ റെക്കറിംഗ് ആൻറ് നോൺ റെക്കറിംഗ് എന്നു പറയുന്നതു കൊണ്ട് ഈ വിഭാഗത്തിൽപ്പെട്ടാൽ എന്നും ഗവൺമെൻറിന് റെക്കറിംഗ് എക്സ്പെൻറിച്ചറാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർ ഹൗസിംഗ് ബോർഡിൽ പോകുക, ഹൗസിംഗ് ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ കൊടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെൻറിനാകുക ; ഗ്രാററുവിററിയാണെങ്കിൽ ആ തുക മാത്രമെടുത്താൽമതി. ഇത് പെൻഷനാണ്. അവിടെ പോയി ജോലിചെയ്താലും പെൻഷൻ കൊടുക്കേണ്ടത് സർക്കാർ സർവീസിൽ നിന്നാണ്. കൺസോളിഡേററഡ് ഫണ്ടിൽ നിന്ന് അല്ലെന്ന് പറയുന്നത് ശരിയല്ല, ആ ഫണ്ടിൽ നിന്നല്ലായെന്നുള്ളതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായി എന്താണ്

പറയാനുള്ളതെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്. ആ ജീവനക്കാർക്ക് കൊടുക്കേണ്ടത് ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണെന്നതുകൊണ്ട് റെക്കറിംഗോ, നോൺ റെക്കറിംഗോ ആയ യാതൊരു എക്സ്പെൻറിച്ചറും ഉണ്ടാകുകയില്ലെന്ന് പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടതാണ്, എന്റെ അഭിപ്രായം ഇത് അവതരിപ്പിക്കാനേ പാടില്ലെന്നാണ്.

ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ): സർ, ഹൗസിംഗ് ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് ഹൗസിംഗ് ബോർഡുതന്നെയാണ്. ബോർഡിന്റെ പി. എഫ്. കോൺട്രിബ്യൂഷൻ അക്കൗണ്ടിൽ ഇപ്പോഴത്തന്നെ 25 ലക്ഷം രൂപയുണ്ട്. പെൻഷൻ നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആ തുക പെൻഷൻ ഫണ്ടിലേക്ക് മാററാവുന്നതാണ്. ആദ്യത്തെ കുറെ വർഷത്തേക്ക് പെൻഷൻ നൽകാൻ ഈ ഫണ്ട് മതിയാകും. ഹൗസിംഗ് ബോർഡിനാണ് ഈ ജീവനക്കാർക്കെല്ലാം പെൻഷൻ കൊടുക്കാൻ ബാദ്ധ്യതയുള്ളത്.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ഗവൺമെൻറ് ഒന്നും കൊടുക്കുകയില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഗവൺമെൻറ് ഒന്നും കൊടുക്കേണ്ടതില്ല. 1990-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച 7-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

**Shri P. P. George:** Sir, I move that "This House Resolves to disapprove the Kerala State Housing Board (Amendment) Ordinance, 1990 (Ordinance No. 7 of 1990)". സർ, ഹൗസിംഗ് ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ചുള്ളതാണ് ഈ വ്യവസ്ഥ. ഓർഡിനൻസ് ആയിട്ടുള്ള ഇത് തികച്ചും അനാവശ്യമായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഓർഡിനൻസ് വേണ്ടായിരുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം കൊണ്ടുവരേണ്ടതായിട്ടുള്ള ഓർഡിനൻസുകളെ സംബന്ധിച്ച് ഇതിനു മുമ്പ് വളരെ എതിരായി പ്രസംഗിക്കാറുള്ള ഇടതുപക്ഷമുന്നണിയുടെ നേതാക്കന്മാരിരിക്കുന്ന കാലഘട്ടത്തിൽ നിയമസഭയെ ഒരു റബർ സ്റ്റാമ്പാക്കികൊണ്ട് ഇതുപോലെ ഓർഡിനൻസ് കൊണ്ടുവരുന്നത് വളരെയധികം വൈരുദ്ധ്യാത്മകമായ ഒരു കാര്യമാണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഓർഡിനൻസ് കൊണ്ടുവരേണ്ടതായിട്ടുള്ള എമർജൻസി എന്തായിരുന്നു? ഇത് കഴിഞ്ഞ നിയമസഭയിൽ കൊണ്ടുവരാമായിരുന്നില്ലേ? അതുകൊണ്ട് ലെജിസ്ലേച്ചറിന്റെ അധികാരങ്ങൾ പിടിച്ചെടുത്തുകൊണ്ട് ഗവൺമെൻറ് ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങളെ എതിർക്കാതിരിക്കാൻ വയ്യ. 1971-ലെ ആക്ടിൽ പെൻഷനെപ്പററി പറയുന്നില്ല. ജീവനക്കാർക്ക് പെൻഷൻ കൊടുക്കേണ്ടത് ആവശ്യമാണ്, സ്വാഗതാർഹമാണ്. അതിൽ ആർക്കും എതിർപ്പില്ല. ബോർഡുകളും കോർപ്പറേഷനുകളും രൂപീകരിച്ച കാലഘട്ടത്തിൽ പല ബോർഡുകളുടേയും, കോർപ്പറേഷനുകളുടേയും കാര്യങ്ങളിൽ പെൻഷനെപ്പററി പറഞ്ഞിരുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ പെൻഷനെപ്പററി എടുത്തുപറയുന്നതിനുവേണ്ടി ഇപ്രകാരം ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമ വ്യവസ്ഥ ആവശ്യമായി വന്നത്. ഹൗസിംഗ് ബോർഡുപോലുള്ള ഒരു വലിയ സ്ഥാപനത്തിൽ ഈ കാര്യം ഉൾപ്പെടുത്തേണ്ടത് വളരെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് എത്രയോകാലം മുൻപുതന്നെ ഇത് ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സെക്ഷൻ 19-ഉം 162-ഉം അമൻറ് ചെയ്യാനാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. സെക്ഷൻ 162 അമൻറ് ചെയ്തിരിക്കുന്നത് വളരെ വിചിത്രമായ രൂപത്തിലാണ്. ഗവൺമെൻറിന് തോന്നിയ ഒരു തീയതി വച്ചുകൊണ്ട് ഇത് പ്രയോഗത്തിൽ വരുത്താനുള്ള ഗവൺമെൻറിന്റെ സമീപനം ദുരുദ്ദേശപരമാണ്. എന്തുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് മന്ത്രി ആമുഖമായി പ്രസംഗിക്കാതിരുന്നതുകൊണ്ടാണ് എനിക്ക് അത് പറയേണ്ടതായിവന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ഹൗസിംഗ് ബോർഡിന്റെ കോൺട്രിബ്യൂട്ടറി പി. എഫിൽ നിന്നുള്ള തുക ഉപയോഗിച്ചുകൊണ്ടാണ് പെൻഷൻ കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന്. അത് വളരെ ശരിയാണ്. ഹൗസിംഗ് ബോർഡിന്റെ കോൺട്രിബ്യൂട്ടറി പി.എഫിന്റെ ഇനത്തിൽ 25 ലക്ഷം രൂപ ഇപ്പോഴുണ്ടെന്നുള്ളത് സത്യമാണ്. മാത്രവുമല്ല, 1971 മുതൽ ബോർഡ് രൂപീകരിച്ച കാലഘട്ടം മുതൽ ഇതുവരെ അധികമാരും റിട്ടയർ ചെയ്യേണ്ട സാഹചര്യവുമുണ്ടായിട്ടില്ല. പത്തോ പതിനഞ്ചോ പേർ മാത്രമേ റിട്ടയർ ചെയ്യേണ്ടതായിട്ട് വന്നിട്ടുള്ളൂ. എന്നാലും ഗവൺമെൻറിന് പിന്നീട് ഫിനാൻഷ്യൽ കമ്മിററ്മെൻറ് വരുകയില്ലെന്ന് മന്ത്രി പറഞ്ഞത് ശരിയല്ല. ഫിനാൻഷ്യൽ കമ്മിററ്മെൻറ് ഗവൺമെൻറിന് വരും, പെട്ടെന്ന് വരില്ല. ഈ എമൗണ്ട് ഇപ്പോൾ ബോർഡിന്റെ കൈയിലുണ്ട്. അത് തീർന്നുകഴിഞ്ഞാൽ ഫിനാൻഷ്യലായിട്ടുള്ള ചുമതല ഗവൺമെൻറിന് വരുമെന്നുള്ളതിന് സംശയമില്ല. പക്ഷേ ഹൗസിംഗ് ബോർഡിന്റെ ഫണ്ട് ഉപയോഗിച്ചു കൊണ്ട് ജീവനക്കാർക്ക് മൊത്തമായി നൽകാനായിട്ടുള്ള ഈ പ്രശ്നത്തെ സംബന്ധിച്ച് നമ്മൾ ചിന്തിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പാർപ്പിട പ്രശ്നപരിഹാരത്തിനുവേണ്ടി ഹൗസിംഗ് ബോർഡിന് എന്തു ചെയ്യാൻ കഴിയുന്നുവെന്നുള്ളത് നാം ഓർക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഹൗസിംഗ് സംബന്ധമായ വികസന പ്രവർത്തനങ്ങളിൽ ഇന്നത്തെ ഹൗസിംഗ് ബോർഡ് വഹിക്കുന്ന പങ്ക്, അതിലെ ജീവനക്കാരോടുള്ള പങ്കാളിത്തം ഇവ ചർച്ചക്ക് വിധേയമാക്കേണ്ട കാര്യമാണ്. ഹൗസിംഗ് ബോർഡിന്റെ മെയിൻ ഓഫീസിലും, ഹൗസിംഗ് ബോർഡിന്റെ എറണാകുളം, കാലിക്കട്ട്, തിരുവനന്തപുരം തുടങ്ങിയ മൂന്ന് മേഖലാ ഓഫീസുകളിലും, അതുപോലെ ഹൗസിംഗ് ബോർഡിന്റെ 7 ഡിവിഷൻ ഓഫീസിലും, ഇപ്പോൾ രൂപീകൃതമായിട്ടുള്ള ഹൗസിംഗ് ബോർഡിന്റെ 14 ഡിസ്ട്രിക്ട് ഓഫീസുകളിലുമായി ഏകദേശം 700-ലധികം ജീവനക്കാരുണ്ട്. 1971-ന് മുൻപ് തിരുവനന്തപുരം സിററി ഇംപ്രൂവ്മെൻറ് ട്രസ്ററ് മാത്രമായി പ്രവർത്തിച്ചിരുന്ന ഈ പ്രസ്ഥാനം ഇന്ന് ബഹുദൂരം മുന്നോട്ട് വന്നിരിക്കുന്നുവെന്നുള്ളതിന് സംശയമില്ല. എന്നാൽ നമ്മുടെ സംസ്ഥാനത്തിലെ ഹൗസിംഗ് ആക്ടിവിററീസ് കോ-ഓർഡിനേററ് ചെയ്യാൻ ഹൗസിംഗ് ബോർഡിന് കഴിയുന്നില്ലെന്നാണ് പ്രിയാംപിളിൽ പറയുന്നത്. അത് എന്തുകൊണ്ടാണെന്ന് ഞാൻ ചോദിക്കുകയാണ്. എന്തിനുവേണ്ടി രൂപീകരിച്ചുവോ അതിന്റെ ലക്ഷ്യങ്ങൾ ക്കൊത്ത് ഉയർത്തുന്നതിനുവേണ്ടി, ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി, അനവർത്ഥമാക്കുന്നതിനുവേണ്ടി ഗവൺമെൻറിന്റെ പരിശ്രമം വളരെയധികം പിന്നോക്കം പോയിക്കൊണ്ടിരിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെൻറും വേറെ വേറെ ഹൗസിംഗ് പ്രോജക്ടുകളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട്? ഹൗസിംഗ് ബോർഡ് മുൻകൈയെടുത്തുകൊണ്ട് ആ പ്രോജക്ടുകൾ കോ-ഓർഡിനേററു ചെയ്തുകൊണ്ടുള്ള പ്രവർത്തനം നടത്താൻ കഴിയുന്നില്ല. ഇങ്ങനെ ഹൗസിംഗ് പ്രോജക്ടുകൾ കോ-ഓർഡിനേററു ചെയ്യാത്തതുകൊണ്ട് ഹൗസിംഗ് ബോർഡിൻെറ പ്രവർത്തനം ദുർബലമായിക്കൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഹൗസിംഗ് ബോർഡ് പ്രധാനമായും വീടുകൾ വച്ചുകൊടുക്കുന്നതിനാണ് പരിശ്രമിക്കേണ്ടത്. അതിനുള്ള മുൻഗണന നൽകാനാണ് പരിശ്രമിക്കേണ്ടത്. അതിന് ഇന്ന് ഹൗസിംഗ് ബോർഡ് തയ്യാറാകുന്നുമില്ല, താൽപ്പര്യമെടുക്കുന്നുമില്ല. നേരെമറിച്ച് ഓഫീസ് കോംപ്ലക്സുകൾ പണിയുന്നതിനാണ് ഇപ്പോൾ ഹൗസിംഗ് ബോർഡ് മുൻഗണന നൽകിക്കൊണ്ടിരിക്കുന്നത്. ഓഫീസ് ബ്ലോക്കുകൾ പണിയുന്നതിന് ബിസിനസ് സംബന്ധമായി ശ്രദ്ധവയ്ക്കുന്നുവെന്നുള്ളതല്ലാതെ പരമപ്രധാനമായിട്ടുള്ള ഹൗസിംഗ് ബോർഡിൻെറ പാർപ്പിട പ്രശ്നത്തെ സംബന്ധിച്ചുള്ള ലക്ഷ്യം നിറവേററാൻ, അതിനുള്ള പരിഹാരം കാണാൻ ആ കാര്യത്തിൽ ശ്രദ്ധിക്കാൻ ഹൗസിംഗ് ബോർഡ് യത്നിക്കാതിരിക്കുന്നത് ശരിയല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോഴത്തെ ഹൗസിംഗ് ബോർഡ് കോംപ്ലക്സിൻെറ തൊട്ട് നിർമ്മാണം തുടങ്ങിയ ഒരു കോംപ്ലക്സുണ്ട്. അത് എന്തിനാണ്? അത് ബിസിനസ് കോംപ്ലക്സായിട്ടാണ് തുടങ്ങിയത്. അതുപോലെതന്നെ ഇപ്പോൾ പട്ടത്ത് നിർമ്മാണം ഏകദേശം പൂർത്തിയാകാറായിട്ടുള്ള ഓഫീസ് കം-റെസിഡൻസ് കോംപ്ലക്സുണ്ട്. രണ്ടു കോടി രൂപയോ മറേറാ ചെലവു ചെയ്ത് അടുത്ത വർഷം പണി പൂർത്തിയാകാനിരിക്കുന്ന കോംപ്ലക്സാണ്. അതിൽ ഓഫീസ് കോംപ്ലക്സുമുണ്ട്. ഇങ്ങനെ ഫ്ളാററുകളാക്കിക്കൊണ്ട് പാർപ്പിടത്തിനാവശ്യമായിട്ടുള്ള നിലയിൽ വ്യക്തികൾക്ക് കൊടുക്കുന്ന രൂപത്തിൽ പൂർണ്ണമായിട്ട് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അത് വിനിയോഗിക്കാത്തത് എന്തുകൊണ്ടാണ്. ആ രൂപത്തിൽ ചിന്തിക്കാത്തത് എന്തുകൊണ്ടാണെന്ന് ഞാൻ ചോദിക്കുകയാണ്. ഹഡ്ക്കോയുടെ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന ഒരു കാര്യമാണിത്. അതിൻെറ സാമൂഹികാവശ്യം പരിഹരിക്കപ്പെടാതെ പോകുന്നത് നിസ്സാരമായിട്ടുള്ള ഒരു കാര്യമാണെന്ന് പറയാൻ നിവൃത്തിയില്ല. ഹൗസിംഗ് ബോർഡ് ഇപ്പോൾ പഴയപോലെ ലാൻറ് എടുക്കുന്നില്ലയെന്നു പറയുകയാണ്. ലാൻറ് എടുക്കുന്ന കാര്യത്തെക്കുറിച്ച് ഹൗസിംഗ് ബോർഡിൻെറ ചെയർമാനും അന്നത്തെ ബോർഡ് സെക്രട്ടറി ശ്രീ. ജ്ഞാനമണിയും തമ്മിലുണ്ടായ ഫയൽ യുദ്ധം ഇവിടെ പാട്ടായി തീർന്നിട്ടുള്ളതാണ്. ഹൗസിംഗ് ബോർഡിൻെറ ചെയർമാൻ നടത്തിയ അഴിമതി ഉയർന്നുവന്നിട്ടുള്ളതാണ്. അതിൻെറ അടിസ്ഥാനത്തിൽ സെക്രട്ടറിയായിരുന്ന ജ്ഞാനമണി ഹൗസിംഗ് ബോർഡിൽ നിന്നും വിട്ടുപോകേണ്ടതായിട്ടുള്ള സാഹചര്യമുണ്ടായത് ഈ സഭയിലെ മിക്കവാറും എല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എന്നിട്ടും ഗവൺമെൻറും ഹൗസിംഗ് ബോർഡും പറയുകയാണ് ലാൻറ് എടുക്കുന്നില്ല, ലാൻറ് എടുത്താൽ അതിൽ അഴിമതിയുണ്ടാകുമെന്നു പറയുകയാണ്. അതെങ്ങനെയാണ്? ലാൻറ് എടുക്കാതെ ഒരു പ്രവർത്തനവും നടത്താതെ വെറുതെയിരിക്കലാണോ ഹൗസിംഗ് ബോർഡിൻെറ ജോലി? ലാൻറ് എടുത്താൽ അഴിമതിയുണ്ടാകുമെന്നു പറയുന്നു. അഴിമതിയില്ലാതെ ലാൻറ് എടുക്കാനായിട്ട് സാധിക്കണം. ഉപയോഗശൂന്യമായ ലാൻറ് ആണ് പണ്ടെടുത്തിരുന്നതെന്ന് ബോർഡും

ഗവൺമെൻറും പറയുന്നു. ഉപയോഗശൂന്യമായ ലാൻറ് പണ്ടെടുത്തിരുന്നു വെങ്കിൽ അത് പരിശോധിച്ച് വേണ്ടെന്നു വയ്ക്കണം. ഉപയോഗശൂന്യമായ ലാൻറ് എടുക്കരുതെന്ന് ഇപ്പോഴത്തെ ഹൗസിംഗ് ബോർഡ് തീരുമാനി ക്കണം. അഴിമതി നടക്കുമെന്നു പറഞ്ഞ് വെറുതെയിരിക്കുന്നത് ഏററവും വലിയ അഴിമതിയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതു കൊണ്ട് ഗവൺമെൻറും ബോർഡും ഇപ്പോൾ ഹൗസിംഗ് ബോർഡിൻെറ കാര്യത്തിൽ ഒരു ഷോ കാണിക്കുകയാണ്. ഒരുതരത്തിലുള്ള ടെക്നിക്ക് പ്രചരിപ്പിക്കുകയാണ്. ഹൗസിംഗ് ബോർഡിൻെറ ആവശ്യത്തിനാണെന്ന് പറഞ്ഞ് ഫ്രീസ് ചെയ്തു വച്ചിട്ടുള്ള ഭൂമി എടുക്കാതിരിക്കുകയും പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള അവരുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വിജയം വരിക്കാതിരിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് ചിന്തിക്കുമ്പോഴാണ് ഇങ്ങനെ പറയേണ്ടതായിട്ട് വരുന്നത്.

നമ്മുടെ ലോൺ സ്കീംസ് ഉണ്ട്. ആ ലോൺ സ്കീംസ് ഇന്നത്തെക്കാൾ കൂടുതൽ ഫലപ്രദമായിട്ട് നടത്താനായിട്ട് സാധിക്കണം. എക്കണോമിക്കലി വീക്കർ സെക്ഷൻസിന് ലോൺ സ്കീംസ് ഉണ്ട്, ലോ ഇൻകം ഗ്രൂപ്പിന് ലോൺ സ്കീംസ് ഉണ്ട്, മിഡിൽ ഇൻകം ഗ്രൂപ്പിന് ലോൺ സ്കീംസ് ഉണ്ട്, ഉയർന്ന വരുമാനക്കാർക്കും ലോൺ സ്കീംസുണ്ട്. അതുപോലെ ബീഡിത്തൊഴിലാളികൾക്ക് ലോൺ സ്കീംസ് ഉണ്ട്. പക്ഷേ ഇതിനു വേണ്ടി അപേക്ഷിക്കുന്ന അപേക്ഷകൾ ബോർഡ് ആഫീസിൽ കെട്ടിക്കിടക്കു കയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കുകയും അവരുടെ കാര്യങ്ങൾ പ്രത്യേകമായിട്ട് അന്വേഷിക്കുകയും വേണം. മന്ത്രിമാരിൽ പ്രഗൽഭനായിട്ടുള്ള മന്ത്രി ഈവക പ്രശ്നങ്ങളിൽ ഉയർന്നു പ്രവർത്തി ക്കാൻ സന്നദ്ധമാകണം ഇതാണ് വേണ്ടത്. SASH എന്നുള്ള ഒരു ഹൗസിംഗ് പ്രോഗ്രാം ഉണ്ടായിരുന്നു. അത് നല്ല ഒരു സ്കീമായിരുന്നു. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കൊണ്ടുവന്ന് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആ സ്കീം ഈ ഗവൺമെൻറ് വന്നതിനുശേഷം എന്തുകൊണ്ടാണ് താൽപ്പര്യം കാണിക്കാത്തതെന്ന് ഞാൻ ചോദിക്കുകയാണ്. മററൊരു പ്രശ്നം പണം അടച്ചവർക്ക് സെയിൽസ് ഡീഡ് മടക്കിക്കൊടുക്കാനുള്ള നടപടി ഉൽസാഹപൂർവ്വം നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കണം. ഹൗസിംഗ് ബോർഡിൻെറ ഇപ്പോഴത്തെ സെക്രട്ടറിയെ കുറിച്ച് ധാരാളം പരാതികൾ ഉണ്ടായിക്കൊണ്ടി രിക്കുന്ന ഒരു സന്ദർഭമാണിത്. വളരെ പ്രഗൽഭൻമാരായിട്ടുള്ള സെക്രട്ടറിമാർ ഇരുന്നിട്ടുള്ള ഒരു സ്ഥാനമാണതെന്ന് ഗവൺമെൻറ് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ആദ്യത്തെ ഹൗസിംഗ് ബോർഡ് സെക്രട്ടറി ശ്രീ. എസ്. ഗോപാലൻ ഐ. എ. എസ്. കാരനായിരുന്നു. അതുപോലെ തന്നെ പ്രഗൽഭനായ ഐ. എ. എസ്. കാരനായ ശ്രീ. ഷൺമുഖ സുന്ദരം ഹൗസിംഗ് ബോർഡ് സെക്രട്ടറിയായിരുന്നു. അതുപോലെതന്നെ ശ്രീ. വിജയചന്ദ്രൻ സെക്രട്ടറിയായിരുന്ന കാലത്താണ് ബോർഡിൻെറ പ്രവർത്തനം ഫലപ്രദമായി നടന്നിരുന്നത്. ശ്രീ. എൻ. വി. മാധവൻ പ്രഗൽഭമായ രീതിയിൽ ബോർഡിൻെറ സെക്രട്ടറിയായി പ്രവർത്തിച്ച ആളാണ്. ഐ. എ. എസ്. കാരാണ് ഉന്നതമായ ആ സ്ഥാനത്തിരുന്ന് പ്രവർത്തിക്കാൻ അനുയോജ്യർ എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ശ്രീ. രാമചന്ദ്രനും, ശ്രീ. പൗലോസും ഐ. എ. എസ്. കാർ അല്ലെങ്കിലും സെക്രട്ടറിയായിരുന്നുകൊണ്ട് ഭംഗിയായി സേവനമനുഷ്ഠിച്ചിട്ടുള്ളവരാ ണെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇപ്പോൾ ഗവൺമെൻറിലെ പ്രമുഖ രാഷ്ട്രീയ പാർട്ടിയിലെ ഏറാൻമൂളിയായിട്ടുള്ള ഒരാളെ ഹൗസിംഗ് ബോർഡിൻെറ സെക്രട്ടറിയായി നിയമിച്ചതുമൂലം അതിൻെറ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

താഴോട്ടുപോകുന്ന സാഹചര്യമുണ്ടായിരിക്കുന്നുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എനിക്ക് വ്യക്തിപരമായിട്ട് ആരോടും വിരോധമൊന്നുമില്ല. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്ററിലെ ഒരു ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. ഭഗീരഥൻ മാർക്സിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട ഗസററഡ് ആഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റാണ്. അദ്ദേഹത്തെയാണ് നിയമിച്ചിരിക്കുന്നത്. അദ്ദേഹത്തിന് ബോർഡിന്റെ ജോലികൾ ചെയ്യാനായിട്ട് സമയം കിട്ടുന്നില്ല. മററ് തെററുകൾ ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ പ്രൊട്ടക്ട് ചെയ്യാൻ വേണ്ടി അദ്ദേഹത്തെ ഹൗസിംഗ് ബോർഡ് സെക്രട്ടറിയായിട്ട് വച്ചിരിക്കുകയാണ്. ഹഡ്ക്കോയുടെയും സെൻട്രൽ ഗവൺമെന്റിന്റെയും പണം വിനിയോഗിക്കുന്ന പ്രധാനപ്പെട്ട ഈ സ്ഥാപനം നിയന്ത്രിക്കുന്നത് നല്ല കാലിബർ ഉള്ള ഉദ്യോഗസ്ഥൻമാരായിരിക്കണമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഹൗസിംഗ് ബോർഡിന്റെ ഇപ്പോഴത്തെ സെക്രട്ടറിയെ ആ സ്ഥാനത്തു നിന്നും മാററണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബോർഡിന്റെ ചെയർമാനെപ്പററി ഇപ്പോൾ ധാരാളം പരാതികളുള്ള അവസരമാണിത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: കാലിബർ ഉള്ളതും സത്യസന്ധരും കോൺഗ്രസ്-ഐ. യുടെ പിന്തുണയുള്ളവരാണെന്ന് വരുത്തിക്കൊണ്ട് നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ താറടിക്കാൻ വേണ്ടി ഈ നിയമസഭാവേദി ഉപയോഗിക്കുന്നത് നാണക്കേടല്ലേ?

ശ്രീ. പി. പി. ജോർജ്: ഞാൻ പറഞ്ഞത് കുറുപ്പിന് ഇഷ്ടമില്ലെങ്കിൽ വേണ്ട. ഞാൻ ആത്മാർത്ഥമായിട്ട് തുറന്ന് പറഞ്ഞതാണ്. ഞാൻ മുൻപുള്ള സെക്രട്ടറിമാരെപ്പററി പറഞ്ഞു. ഇപ്പോഴത്തെ സെക്രട്ടറിമാരുടെ കീഴിൽ തെററുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്നത് സ്വീകരിക്കാൻ തയ്യാറില്ലെങ്കിൽ നിങ്ങളുടെ ഇഷ്ടംപോലെ ആയിക്കൊള്ളൂ. നിങ്ങളുടെ ഇഷ്ടം പോലെ നിങ്ങൾ ചെയ്യുമെന്ന് എനിക്കറിയാം. ഞാൻ പറയുന്നത് ഹൗസിംഗ് ബോർഡിന്റെ ഇപ്പോഴത്തെ സെക്രട്ടറി തെററുകൾ ചെയ്യുന്നു. മി. കുറുപ്പു തന്നെ അന്വേഷിക്കൂ. ഈ അടുത്ത കാലത്തൊന്നും ബോർഡിന്റെ സെക്രട്ടറിയായിട്ടോ ചെയർമാനായിട്ടോ കോൺഗ്രസ്-ഐ.-യുടെ ആൾക്കാർ ഇരുന്നിട്ടില്ല. ഞാൻ പറഞ്ഞുവന്നത് ശ്രീ. കെ. സി. ശങ്കരനാരായണൻ ആയിരുന്നു മുമ്പത്തെ ചെയർമാൻ. അദ്ദേഹത്തിന്റെ പ്രവർത്തന കാലഘട്ടത്തിൽ ഏററവും നല്ല നിലയിൽ പ്രവർത്തിച്ചതായിരുന്നു ഹൗസിംഗ് ബോർഡ്. പ്രഗൽഭരായിട്ടുള്ള ചെയർമാൻമാരുണ്ടായിരുന്നു. കുറുപ്പിന്റെ തന്നെ സ്നേഹിതനായിരുന്ന ശ്രീ. കെ. ടി. ജേക്കബ്, മുൻപത്തെ മന്ത്രിയായിരുന്ന അദ്ദേഹം ഹൗസിംഗ് ബോർഡിന്റെ ചെയർമാനായിരുന്ന കാലഘട്ടത്തിൽ അതിന്റെ പ്രവർത്തനം നന്നായിട്ട് നടന്നിരുന്നു. ഈ സഭയിൽ നിങ്ങളുടെ ഭാഗത്ത് ഇരിക്കുന്ന ശ്രീമതി റോസമ്മ പുന്നൂസ്, അന്നത്തെ അവരുടെ രാഷ്ട്രീയ ബന്ധങ്ങളെക്കുറിച്ചല്ല ഞാൻ പറയുന്നത്, ഹൗസിംഗ് ബോർഡിന്റെ ചെയർമാനായിരുന്ന കാലഘട്ടത്തിൽ നല്ലനിലയിൽ ഹൗസിംഗ് ബോർഡ് പ്രവർത്തിച്ചിരുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത് അല്ലാതെ വെറുതെ പറയുകയല്ല. മനസിലാക്കിയിട്ട് പറയുകയാണ്. ഈ കാലഘട്ടത്തിലൊക്കെ ഈ സഭയിൽ അംഗമായിരിക്കാനുള്ള ഭാഗ്യമുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു എളിയ വ്യക്തിയെന്നുള്ളതുകൊണ്ട് കൂടി പറയുകയാണ്. അല്ലാതെ വെറുതെ ആരോപണങ്ങൾ പറയുകയല്ല. ശ്രീ. കെ. ടി. ജേക്കബും, ശ്രീ. കെ. സി. ശങ്കരനാരായണനും, ശ്രീമതി റോസമ്മ

1 p. m.] പുന്നൂസും ഉണ്ടായിരുന്ന കാലഘട്ടത്തിൽ നിന്നും ഹൗസിംഗ് ബോർഡ് വളരെ താഴോട്ട് വന്നിരിക്കുന്നുവെന്ന് പറയുകയാണ്. ഇപ്പോൾ എന്തുകൊണ്ടാണ് ബോർഡിന് ദുഷ്പേര് വരുത്തി വെച്ചിരിക്കുന്നത്? ഇപ്പോഴത്തെ ബോർഡ് ചെയർമാൻ ഹൗസിംഗ് ബോർഡിന് ദുഷ്പേര് വരുത്തിവെച്ചിരിക്കുകയാണ്. ഇപ്പോഴത്തെ ബോർഡിന്റെ ചെയർമാനും, സെക്രട്ടറിയും ചെയ്യുന്ന അനീതികൾ, അതിക്രമങ്ങൾ, അഴിമതികൾ ഇന്ന് അങ്ങാടിപ്പാട്ടായി തീർന്നിരിക്കുകയാണ്, അത് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്, അത് നിയന്ത്രിക്കണം. ബഹുമാനപ്പെട്ട മിനിസ്റ്റർ അത് നിറുത്തണമെന്നാണ് ഞാൻ പറയുന്നത്. ബോർഡിന്റെ തീരുമാനങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വരുത്തിനോക്കണം. ബോർഡിന്റെ തീരുമാനങ്ങളും, ബോർഡ് യോഗത്തിന്റെ മിനിറ്റ്സും ഇത്രദിവസത്തിനകം കൊണ്ടുവരണമെന്നുണ്ട്. ബോർഡ് യോഗത്തിന്റെ മിനിറ്റ്സ് ഗവൺമെന്റിലേയ്ക്ക് അയയ്ക്കുന്നുണ്ടോ? ഗവൺമെന്റ് ആ ഫയലുകൾ കാൾ ഫോർ ചെയ്തുകൊണ്ട് എന്തൊക്കെയാണ് തീരുമാനങ്ങൾ എന്നുള്ളത് അറിയാൻ ഗവൺമെന്റ് തയ്യാറാവണം. എങ്കിൽ മാത്രമേ അവിടെ നടക്കുന്ന പലതരത്തിലുള്ള പോരായ്മകൾ, അപാകതകൾ, അവിടത്തെ കൃത്രിമങ്ങൾ ഇവയൊക്കെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഹൗസിംഗ് ബോർഡ് യോഗത്തിന്റെ തീരുമാനങ്ങൾ അവർ കൃത്യമായി അയയ്ക്കുന്നില്ലെങ്കിൽ പ്രത്യേകമായി അവരെ വിളിച്ചുവരുത്തി പരിശോധിക്കാൻ ബഹുമാനപ്പെട്ട ഭവന നിർമ്മാണ വകുപ്പുമന്ത്രി പ്രത്യേകം പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബോർഡിലെ അംഗങ്ങളെപ്പറ്റി വ്യക്തിപരമായി ഞാൻ പറയുകയല്ല. ബോർഡിലെ അംഗങ്ങളിൽ രണ്ടുപേർ മാത്രം മേധാവികളായി ഒരു സബ് കമ്മിറ്റി ഉണ്ടാക്കി. ആ സബ് കമ്മിറ്റി അപ്രൂവ് ചെയ്യുന്നതൊക്കെ ബോർഡ് അപ്രൂവ് ചെയ്തുകൊള്ളണമെന്നൊരു സമീപനം എടുത്തിട്ടുണ്ട്, അത് തെറ്റാണ്. രണ്ട് അംഗങ്ങൾ ഒന്ന് മിസ്റ്റർ ബാലകൃഷ്ണനും മറ്റെയാൾ മിസ്റ്റർ ആർ. എസ്. ഉണ്ണിയുമാണ്. മിസ്റ്റർ ആർ. എസ്. ഉണ്ണി ഞാൻ വളരെ ബഹുമാനിക്കുന്ന വ്യക്തിയാണ്. പക്ഷേ ഹൗസിംഗ് ബോർഡിൽ അദ്ദേഹം ചെയ്യുന്ന കാര്യത്തിൽ എനിക്കെതിർപ്പുണ്ട്. ശ്രീ. ബാലകൃഷ്ണന്റെ ക്വാളിഫിക്കേഷൻ അദ്ദേഹം മാർക്സിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട ആളാണ്, എ. കെ. ജി. സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ടിട്ടുള്ള ആളാണ്. മറ്റുള്ള മെമ്പർമാരെ കോൺഫിഡെൻസിൽ എടുക്കാതെ അവർ രണ്ടുപേരും കൂടി ഹൗസിംഗ് ബോർഡ് ഭരിക്കുന്നു. ബാലകൃഷ്ണനും ആർ. എസ്. ഉണ്ണിയും കൂടി ഭരിക്കേണ്ടുന്ന കുട്ടിക്കളിയല്ല ഇത്. ലോൺ ഏജന്റൻമാരായിട്ട് പലരും നടക്കുന്നുണ്ട്. ഗവൺമെന്റിൽ, സ്വാധീനമുള്ള, ബോർഡിൽ സ്വാധീനമുള്ള വ്യക്തികൾ ആപ്ലിക്കേഷൻ ഫോം വാങ്ങാൻ അവിടെ ചെന്ന് നിന്ന് ഫോം വാങ്ങുകയും; ആ ഫോം ഫിൽ ചെയ്തുകൊണ്ട് സ്വാധീനം ചെലുത്തി അത് പാസ്സാക്കുകയും ചെയ്യുന്ന ഒരു തെറ്റായ നടപടിക്രമം ഒരു കീഴ്വഴക്കമായി അഴിമതിക്കാരുമായി ബന്ധപ്പെട്ട ഒരു കാര്യം അവിടെ നടക്കുന്നുണ്ട്. അത് എല്ലാക്കാലത്തും ഉണ്ടായിരിക്കാം. ഞാൻ അതിനെപ്പറ്റി ആവേശപൂർവ്വം പറയുന്നതല്ല. ആര് ചെയർമാനായിരുന്ന കാലത്താണ് തെറ്റുകൾ ഉണ്ടായതെന്ന് പറഞ്ഞാൽ പോരാ. ലോൺ ഏജന്റൻമാർ അങ്ങനെ പല കാലങ്ങളിലും പലരേയും സഹായിക്കാൻ വന്ന് നില്ക്കാറുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly

ആയിക്കോട്ടെ, മോഹനൻ എന്ന് പേരുള്ള ഒരാൾ എല്ലാ ദിവസവും ഹൗസിംഗ് ബോർഡിൽ വന്നിരിക്കുന്നു. പലപ്പോഴും ഹൗസിംഗ് ബോർഡിന്റെ ഗസ്റ്റ് ഹൗസിലുള്ള മുറി തുറന്ന് അവിടെയിരുന്ന് ഫോംസ് വാങ്ങുകയും ആവശ്യമുള്ളവർക്ക് ലോണിന് അപേക്ഷ തയ്യാറാക്കി കൊടുത്തതിനുശേഷം അവിടെ സ്വാധീനം ചെലുത്തി ചെയ്യുന്ന ഏർപ്പാട് മോഹനൻ നടത്തുന്നത് അവസാനിപ്പിക്കണം. എന്തുകൊണ്ടാണെന്ന് അറിയാമോ? മോഹനൻ ഹൗസിംഗ് ബോർഡ് ചെയർമാന്റെ സഹോദരനാണ്. അതുകൊണ്ട് മോഹനൻ ആ ജോലി ചെയ്യുന്നത് നല്ലതല്ലയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: 1987-ലെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞ് ജോർജ് മാഷ് ജയിച്ച് ഇവിടെ വന്ന് സത്യപ്രതിജ്ഞ കഴിഞ്ഞ ശേഷം ആദ്യം ഹൗസിംഗ് ബോർഡിൽ പോയി സ്വന്തമായിട്ട് വീടുണ്ടായിട്ടും ലോൺ എടുത്തുവെന്ന ഒരാക്ഷേപം പല ആളുകളും പറയുന്നത് ശരിയാണോ?

ശ്രീ. പി. പി. ജോർജ്: ശ്രീ. ഇ. കെ. മേനോൻ ചോദിക്കുമെന്നാണ് ഞാൻ വിചാരിച്ചത്, അദ്ദേഹം മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ഭരതൻ ചോദിക്കാൻ വേണ്ടി കാത്തിരിക്കുകയാണ്.* ബഹുമാനപ്പെട്ട ഭരതൻ ഞാൻ ലോണെടുത്തതിനെ സംബന്ധിച്ച് പണ്ട് സ്പീക്കർക്ക് എഴുതി കൊടുത്തിരുന്നു. ഞാൻ ലോണെടുത്തത് ശരിയാണ്, ഇവിടെയുള്ള നിയമമനുസരിച്ചുള്ള കാര്യമാണ് ഞാൻ ചെയ്തത്. ഭരതൻ വീട് കെട്ടി എന്നകാര്യവും, ഭരതൻ അതിന്റെ പേരിലും അല്ലാത്ത രൂപത്തിലും കണ്ണൂരിൽ വീടുകൾ നിർമ്മിക്കുന്നതിന്റെ കഥകൾ എന്റെ കൈയിലുണ്ട്. ഞാൻ ഈ സമയത്ത് അത് പറയുന്നില്ല. ഞാൻ ലോണെടുത്ത് എന്റെ മകളുടെ കല്യാണത്തിന് വിനിയോഗിച്ചുവെന്ന് ആരോപിച്ചു. സർ, എനിക്ക് രണ്ട് കുട്ടികളാണുള്ളത്, ഒന്ന് മകൻ, ഒന്ന് മകൾ; മകളുടെ കല്യാണം കഴിഞ്ഞിട്ടില്ല. 1987-ൽ ഞാൻ ലോണെടുത്തത് കെട്ടിടം പണി പൂർത്തിയാക്കാനല്ല മകൾക്ക് സ്ത്രീധനം കൊടുക്കാനാണെന്നാണ് ഇവിടെ പറഞ്ഞത്, മിസ്റ്റർ ഭരതൻ, നിങ്ങൾ ഭരതനാണ്, രാവണന്റെ സ്വഭാവം കാണിക്കരുതെന്ന് ഞാൻ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ അത് നിഷേധിക്കുന്നു. നിങ്ങൾ ഈ നിയമസഭയിലേക്ക് കടന്നുവരുന്നതിന് 25 വർഷം മുൻപ് ഞാൻ ഈ നിയമസഭയിൽ വന്ന ആളാണ്. 1967-ൽ ഞാൻ ഈ നിയമസഭയിൽ ഉണ്ടായിരുന്ന ആളാണ്. 1987-ൽ ആദ്യമായിട്ട് നിയമസഭയിലേക്ക് കടന്നുവന്ന ആളല്ല. അന്ന് ഈ കാര്യം പറഞ്ഞ ശ്രീ. ഇ. കെ. മേനോൻ അയ്യന്തോളും, പുതുക്കരയും എന്താണ് ചെയ്യുന്നതെന്ന് എനിക്ക് അറിയാം. അദ്ദേഹം 1987-ലാണ് ആദ്യമായിട്ട് ഈ നിയമസഭയിലേയ്ക്ക് കടന്നുവന്നത്, അതിന് എത്രയോ മുമ്പ് ഈ നിയമസഭയിൽ വന്ന എളിയ മെമ്പറാണ് ഞാൻ എന്നുള്ളത് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

ട്രിവാൻഡ്രം യൂണിറ്റിൽ നടക്കുന്ന ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്, ഞാൻ ഒരു കുഴപ്പവും പറയുന്നില്ല. നിങ്ങൾക്ക് സൗകര്യമുണ്ടെങ്കിൽ നിങ്ങൾ അത് നേരെയാക്കിയാൽ മതി, സൗകര്യമില്ലെങ്കിൽ ഇങ്ങനെ നടക്കട്ടെ. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും ബഹുമാനപ്പെട്ട ഗവൺമെന്റിനോടും ചില കാര്യങ്ങൾ പറയുന്നു, നിങ്ങൾ എന്തിനാണ് ഇത്ര വിഷമിക്കുന്നത്. തിരുവനന്തപുരം ഹൗസിംഗ് ബോർഡിന്റെ യൂണിറ്റിൽ സി. പി. ഐ.-ലെ അവിടത്തെ യൂണിയൻ നേതാവ് ഭരണത്തിന്റെ നേതാവ് ചമഞ്ഞ് അവിടെ അഴിമതി നടത്തുന്നുവെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായിട്ട് പറയുന്നു. അതുകൊണ്ട് അത് അന്വേഷിക്കണം, അത് നിറുത്തൽ ചെയ്യണം, അത് ഹൗസിംഗ് ബോർഡിന് ദുഷ്പേരുണ്ടാക്കുന്നു. ഹൗസിംഗ് ബോർഡിൽ രവീന്ദ്രൻ നായർ എന്ന ഡെപ്യൂട്ടി സെക്രട്ടറി ഉണ്ട്. അദ്ദേഹത്തിന് നെയ്യാററിൻകരയിൽ വീടുണ്ട്, അദ്ദേഹത്തിന് ഇവിടെ മറെറാരു വീടുണ്ടായിരുന്നു, അദ്ദേഹത്തിന്റെ സഹോദരിക്ക് ഹൗസിംഗ് ബോർഡിന്റെ ഫ്ളാററുണ്ട്. ഹൗസിംഗ് ബോർഡ് വീണ്ടും അദ്ദേഹത്തിന്റെ സ്ററാററസിനൊത്ത വീടില്ലയെന്നുപറഞ്ഞുകൊണ്ട് അദ്ദേഹത്തിന് പുതിയ വീടുവെച്ചുകൊടുത്തിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മിനിസ്ററർ അന്വേഷിക്കണം. ചെയർമാൻ കചാട്ടയിൽ വീടുകൾ അലോട്ടുചെയ്യുന്നതു സംബന്ധിച്ചും ഈ ചെയർമാൻ വന്നതിൽ പിന്നെ നടക്കുന്ന അഴിമതികളെ സംബന്ധിച്ചും അന്വേഷിക്കണമെന്ന് ഞാൻ പറയുകയാണ്, അതിന് ഗവൺമെൻറ് തയ്യാറാകണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, പോയിൻറ് ഓഫ് ഓർഡർ, ഒരു മെമ്പർക്ക് എഴുതി കൊടുക്കാതെ ആരെപ്പററിയും അഴിമതി ആരോപണവും എന്തും ഈ നിയമസഭയിൽ പറയാമോ? ഇവിടെ കുറെ വ്യക്തികളുടെ പേര് എടുത്തുപറഞ്ഞ് അഴിമതിക്കാർ എന്ന് ആരോപിക്കുകയായിരുന്നു. ഇത് അഴിമതി നിയമമാണോ?

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, പോയിൻറ് ഓഫ് ഓർഡർ, ഈ സഭയിലില്ലാത്ത ഹൗസിംഗ് ബോർഡിന്റെ ചെയർമാനെപ്പോലെയുള്ള ഒരാളെക്കുറിച്ച് അഴിമതി ആരോപണമുണ്ടെങ്കിൽ വ്യവസ്ഥാപിതമായി സഭയിൽ അദ്ദേഹം ഇല്ലായെന്നുള്ളതുകൊണ്ട് ആ രീതിയിൽ ആക്ഷേപം കൊടുക്കാനും നടപടിയെടുക്കാനും ആവശ്യമായ സംവിധാനം നിലവിലുണ്ട്. സഭയിലുള്ള ആളെക്കുറിച്ച് സഭയിലുള്ളവർ എഴുതി കൊടുക്കാതെ പറയുന്നതിൽ ആക്ഷേപമില്ല. അവർ മറുപടി പറഞ്ഞു കൊള്ളും. സഭയിലില്ലാത്ത ആളെക്കുറിച്ച് ആ രീതിയിൽ അനാവശ്യമായി ആരോപണം ഉന്നയിക്കുന്നത് അതും മററ് സംവിധാനമുള്ളപ്പോൾ മാന്യമായ നടപടിയല്ല. അത് സഭാ നടപടികളിൽ ഉണ്ടാകുന്നത് നമ്മുടെ സഭയുടെ അന്തസ്സിന് യോജിച്ചതല്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. സീതിഹാജി: ഇവിടെ സഭയിലില്ലാത്ത ഒരാൾ, ഗവൺമെൻറിന്റെ കീഴിൽ നിൽക്കുന്ന ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ചെയർമാനോ അഴിമതി കാണിച്ചാൽ അവർ മറുപടി പറയാനില്ലാത്തതുകൊണ്ട് ഉന്നയിക്കാൻ പാടില്ലെന്നാണോ? അതിന് മറുപടി പറയാൻ ബാദ്ധ്യസ്ഥനായ മന്ത്രി ഇവിടെയുണ്ട്. ഇത് പൊതുമുതൽ ധൂർത്തടിക്കുകയാണ്. ഈ സഭയിൽ പറയുന്ന മറുപടിയിൽ അത് പറയേണ്ടേ?

ശ്രീ. പി. പി. ജോർജ്ജ്: ബഹുമാനപ്പെട്ട ചീഫ് വിപ്പ് എന്റെ ബഹുമാന്യ സ്നേഹിതൻ, ശ്രീ. കെ. പി. അരവിന്ദാക്ഷൻ പറഞ്ഞ അഭിപ്രായം വളരെ ശരിയാണ്. ഞാൻ അത് സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട മിനിസ്ററർ അതിന് മറുപടി പറയും. ഹൗസിംഗ്ബോർഡിനെ സംബന്ധിച്ചുള്ള ബില്ലാണിത്. ഹൗസിംഗ് ബോർഡിലെ പെൻഷനെ സംബന്ധിച്ചുള്ളതും അതിലെ ജീവനക്കാർക്ക് മൊത്തത്തിൽ ബാധകമായ ഒരു ഓർഡിനൻസ് നിരാകരിക്കണമെന്നുപറഞ്ഞുകൊണ്ടുള്ള പ്രമേയത്തിനെ സംബന്ധിച്ചാണ് ഞാൻ സംസാരിക്കുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: സഭയിലുള്ളവരെക്കുറിച്ച് ആരോപണം ഉന്നയിക്കുമ്പോൾ എഴുതിക്കൊടുത്ത് ഉന്നയിക്കണം. പുറത്തുള്ളവരെക്കുറിച്ച് ആരോപണമുണ്ടെങ്കിൽ അത് അന്വേഷിക്കാൻ വേറെ സംവിധാനമുണ്ട്. അവിടെ അന്വേഷിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്ജ്: അത് എനിക്ക് അറിയാം. ഞാൻ മാഡത്തിന് എഴുതി തന്നിട്ടുണ്ട്; മാഡം അനുവദിച്ചിട്ടുണ്ട്; ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇനിയും അന്വേഷണമൊന്നും ഉണ്ടായിട്ടില്ല. ഇത് എങ്ങനെ പറയണമെന്ന് എനിക്ക് അറിയാം. ഏതു രൂപത്തിലുള്ളതും പൊതുവെ പറയാം. ഗവൺമെൻറ് അന്വേഷിക്കണം.

ഹൗസിംഗ് ബോർഡ് ചെയർമാൻ ഒരു മുഖാമുഖം പരിപാടി നടത്തി. ആ മുഖാമുഖം പരിപാടിയിൽ അദ്ദേഹം എന്തു പറഞ്ഞുവെന്ന് അറിയാമോ? ഹൗസിംഗ് ബോർഡ് പ്രോഫിററ് എടുക്കുകയില്ലെന്ന് പറഞ്ഞു. ടി. വി.-യിൽ ഞാൻ കണ്ടതാണ്. അപ്പോൾ പിന്നെ ചെയർമാനെക്കുറിച്ച് പറയാൻ പാടില്ലെന്നു പറഞ്ഞാൽ എങ്ങനെയാണ്? മുഖാമുഖം പരിപാടിയിൽ പ്രോഫിററ് എടുക്കുകയില്ലെന്നു പറഞ്ഞു. പ്രോഫിററ് എടുക്കുകയില്ലെന്നു പറഞ്ഞത് അസത്യമല്ലേ? ഹൗസിംഗ് ബോർഡ് പ്രവർത്തിക്കുന്നത് നോ ലോസ് നോ പ്രോഫിററ് എന്നുള്ള സിസ്ററം അനുസരിച്ചല്ലേ? അതു ഞാൻ പറയാൻ പാടില്ലെന്നു പറയുന്നത് എങ്ങനെയാണ്? ഒരു സ്കീമിൽ നഷ്ടമുണ്ടായാൽ മറെറാരു സ്കീമിൽ ലാഭമുണ്ടാകുമ്പോൾ അത് അഡ്ജസ്ററുചെയ്തുകൊണ്ടു പോവുകയാണ് ഹൗസിംഗ് ബോർഡ് ചെയ്യേണ്ടത്. അതാണ് സത്യമെന്നിരിക്കെ അതിനെ ചോദ്യംചെയ്യാൻ പാടില്ലെന്നു പറയുന്നത് സ്വീകരിക്കാൻ വയ്യ. ബഹുമാനപ്പെട്ട മിനിസ്ററുടെ പ്രൈവററ് സെക്രട്ടറി പ്രൊഫസർ ടി. കെ. ജി. നായർ എനിക്ക് പരിചയമുള്ള ആളാണ്. പന്തളം എൻ. എസ്. എസ്. കോളേജിലെ എ.കെ.പി.ടി.സി.എ.-യുടെ നേതാവായിട്ടുള്ള അദ്ദേഹം ഹൗസിംഗ് ബോർഡിൻെറ പ്രവർത്തനങ്ങളിൽ ഇത്ര നിർദ്ദയം ഇടപെടരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അഡീഷണൽ പ്രൈവററ് സെക്രട്ടറി ശ്രീ. ചെല്ലപ്പൻ, അദ്ദേഹം കോട്ടയത്ത് ഒരു എൻ.സി.എ. യൂണിയൻെറ നേതാവാണ്. അദ്ദേഹത്തെ എനിക്കറിയാം, എല്ലാപേർക്കും അറിയാം. ഹൗസിംഗ് ബോർഡിലേക്കുള്ള അദ്ദേഹത്തിൻെറ ഇടപെടൽ വളരെ കൂടുതലായിരിക്കുന്നു. ഹൗസിംഗ് ബോർഡിൻെറ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാതെ വന്നിരിക്കുന്നു. ചെയർമാൻെറ നിയമനത്തിൻെറ കോൺട്രാവേഴ്സിയെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. എൻെറ മററു സുഹൃത്തുക്കൾ അതിനെക്കുറിച്ച് പറയും.

ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. 'സംസ്ഥാന ജീവനക്കാർക്ക് ഭവനവായ്പാസൗകര്യം' എന്നൊരു വാർത്ത പത്രങ്ങളിൽ വന്നു. എൻെറ കയ്യിൽ പത്ര റിപ്പോർട്ടാണിരിക്കുന്നത്. ഹൗസിംഗ് ബോർഡ് ചെയ്യുന്ന വലിയ കാര്യമായിട്ടാണ് പറയുന്നത്. ഇതൊരു പുതിയ കാര്യമല്ല; മുമ്പ് ഉണ്ടായിരുന്ന കാര്യമാണ്. അത് ഇപ്പോൾ ഗവൺമെൻറ് തുടരുന്നു എന്നേയുള്ളു. വീടു മേയാൻ നാലു കോടി രൂപ സഹായം. 420 ലക്ഷം രൂപയുടെ സഹായം ചെയ്യുമെന്ന് പറഞ്ഞ് ഒരു സ്കീം ഉണ്ടാക്കി. ആ സ്കീമിൻെറ ഡീറെറയിൽസ് എന്താണ്? ആ സ്കീം ഒരു തട്ടിപ്പല്ലേയെന്ന് ആളുകൾ ചോദിക്കുകയാണ്. ചെററക്കുടിൽ നിർമ്മാർജ്ജനം ചെയ്യാൻ ഹൗസിംഗ് ബോർഡിൻെറ വമ്പിച്ച പദ്ധതി എന്നു പറഞ്ഞിട്ടുണ്ട്. ചെററക്കുടിൽ നിർമ്മാർജ്ജനം ചെയ്യാനുള്ള വൻ പദ്ധതി ശ്രീ. എ. കെ. ആൻറണിയുടെയും ശ്രീ. കെ. കരുണാകരൻേറയും കാലത്തുള്ള പദ്ധതിയാണ്. ആ പദ്ധതിയെ സംബന്ധിച്ച് ഇപ്പോൾ ഒരു പുതിയ പദ്ധതിപോലെ പ്രചരണം നടത്തുന്നത് തെററാണെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണ ബോർഡിന് എട്ടുനില കോംപ്ലക്സ് എന്നു പറഞ്ഞ് മറെറാരു പത്രവാർത്ത; ഞാൻ ചോദിക്കട്ടെ, റൂറൽ ബോർഡ് പണം കൊടുത്തുകൊണ്ട് പഞ്ചായത്തുകൾ അത് നിർമ്മിക്കുന്നുണ്ട്. അതുപോലെതന്നെ മുനിസിപ്പാലിററികൾ നിർമ്മിക്കുന്നുണ്ട്. എന്തിനാണ് ഹൗസിംഗ് ബോർഡ് അനാവശ്യമായിട്ടുള്ള മൽസരത്തിന് പോകുന്നത്. ഇടത്തരക്കാരുടേയും പാവപ്പെട്ടവരുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം സ്ഥാപിത താൽപര്യക്കാരെപ്പോലെ അനാവശ്യമായിട്ടുള്ള കോമ്പററിഷന് എന്തിനാണ് ഹൗസിംഗ് ബോർഡ് മുൻകൈ എടുക്കുന്നത്? "Housing Board not pleasing allottees"—says Minister അങ്ങയുടെ പ്രസ്താവനയാണ്. അക്വയർ ചെയ്തുകൊണ്ട് പ്രോപ്പറായിട്ടുള്ള അലോട്ടുമെൻറ് നടക്കുന്നില്ല. പല സ്ഥലങ്ങളിലും സ്ഥലത്തെ സംബന്ധിച്ചും വീടുകളെ സംബന്ധിച്ചും അലോട്ടുമെൻറ് നടക്കാത്തതു സംബന്ധിച്ചുള്ള പരാതികളുണ്ട്. '135 കോടി രൂപയുടെ ഭവന പദ്ധതി പരിഗണനയിൽ' എന്നു പറഞ്ഞു. ആരാണ് ഇത് ആസൂത്രണം ചെയ്തത്? 135 കോടി രൂപയുടെ ഒരു ഭവന പദ്ധതി ഈ സെപ്തംബർ മാസത്തിൽ കേന്ദ്രത്തിനു സമർപ്പിച്ചു എന്നാണ് പറയുന്നത്. അതിൻെറ മാർഗ്ഗരേഖ സഭയ്ക്കു അറിയണ്ടേ? അതിൻെറ ഡീറെറയിൽസ് സഭയുടെ മേശപ്പുറത്ത് വയ്ക്കണ്ടേ? ആരാണ് ഇത് ആസൂത്രണം ചെയ്തത്? അതുപോലെതന്നെ ഇതിന് ബോർഡിൻെറ അപ്രൂവൽ ഉണ്ടോ? ആ സ്കീം എന്താണെന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 135 കോടി രൂപയുടെ ഭവന നിർമ്മാണ പദ്ധതിയെന്ന് മന്ത്രി പറയുന്നു. അതേസമയം 21 കോടി രൂപയുടെ ഭവന നിർമ്മാണ പദ്ധതിയെന്ന് ബോർഡ് ചെയർമാൻ പറയുന്നു. ഇതൊരു കോൺട്രാവേഴ്സി ആയിട്ടുള്ള കാര്യമാണ്. ആരു പറഞ്ഞതാണ് ശരി? പരസ്പരം കൂടിയാലോചിക്കാതെയാണ് കാര്യങ്ങൾ നടത്തുന്നത്. പുതിയ ഒരു ഭവന നിർമ്മാണപദ്ധതി ഹഡ്കോയ്ക്ക് സമർപ്പിച്ചുവെന്നും വാർത്ത വന്നിട്ടുണ്ട്. ഹഡ്കോയെ എങ്ങനെ ഏൽപ്പിച്ചുവെന്ന് ഞാൻ ചോദിക്കുകയാണ്. ഗവൺമെൻറ് നേരിട്ടൊരു പദ്ധതി ഹഡ്കോയെ ഏൽപ്പിച്ചത് തെററാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ പ്രവർത്തനവും നടത്താൻ ചുമതലപ്പെട്ട ഹൗസിംഗ് ബോർഡ് നിലവിലുള്ളപ്പോൾ ഇത് ഏകീകരിക്കാനുള്ള ചുമതല ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കുന്നതിനുപകരം ഗവൺമെൻറ് നേരിട്ട് ഹഡ്കോയെ ഏൽപ്പിക്കുന്നത് നല്ലതല്ല; അതു തിരുത്തണം. അതിൻെറ ഡീറെറയിൽസ് ഞങ്ങൾക്ക് അറിയാൻ അവകാശമുണ്ട്.

'ഗ്രാമീണ ഭവനനിർമ്മാണ പദ്ധതിക്ക് 30 കോടി രൂപ കൂടി' മന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻെറ പ്രസ്താവനയാണ്. ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന. ബോർഡ് ചെയർമാൻെറ മറെറാരു പ്രസ്താവന. സമ്പന്ന വിഭാഗത്തിന് ആനുകൂല്യം നൽകുന്നതായാലും ഇടത്തരക്കാർക്ക് ആനുകൂല്യം നൽകുന്നതായാലും, ഈവക കാര്യങ്ങളെ സംബന്ധിച്ച് പരസ്പരം ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തി, സന്ദർഭത്തിനൊത്ത് ഉയർന്നു പ്രവർത്തിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

'വീടു വയ്ക്കാൻ ആയിരം പേർക്ക് ലക്ഷം രൂപ വീതം വായ്പ', ചെയർമാൻെറ സ്റേറററുമെൻറാണ്. എത്ര പേർക്ക് നൽകി. അതിൻെറ ഡീറെറയിൽസ് എന്താണ്? അതിനെക്കുറിച്ച് യാതൊരു പിടിയുമില്ല. 'ഗ്രാമീണ വീടുകൾ ഓടുമേയാൻ 5,400 രൂപ വായ്പ' എത്രപേർക്ക് കൂര മേയാൻ വായ്പ കൊടുത്തു. ഇതിൻെറ സിസ്ററം എന്താണ്? പുതിയ

സമ്പ്രദായങ്ങൾ ഹൗസിംഗ് ബോർഡ് ആവിഷ്ക്കരിക്കുമ്പോൾ മന്ത്രി അറിയാറില്ലേ? അതുപോലെതന്നെ 'പട്ടികജാതി വിഭാഗത്തിന് മൂന്നു കൊല്ലത്തിനകം വീടു നൽകും'. മന്ത്രി ശ്രീ. പി. കെ. രാഘവന്റെ പ്രസ്താവനയാണ്. ഹൗസിംഗ് ബോർഡ് അറിയാതെയുള്ള പ്രവർത്തനമാണോ? പട്ടികവിഭാഗത്തിനുവേണ്ടി, ഹരിജനങ്ങൾക്കുവേണ്ടി, ആദിവാസികൾക്കുവേണ്ടി ഹൗസിംഗ് ബോർഡ് എന്തുകൊണ്ട് ഒരു സ്കീം നടപ്പിലാക്കുന്നില്ല? 'ഭൂരഹിത തൊഴിലാളികൾക്ക് 135 കോടി രൂപയുടെ ഭവന പദ്ധതി'. ഭൂമിയില്ലാത്തവർക്കുവേണ്ടിയുള്ള ഈ സ്കീം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറയേണ്ടതല്ലേ? ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചുള്ള സുപ്രധാനമായിട്ടുള്ള ഒരു കാര്യം, ഹൗസിംഗ് ബോർഡിലെ ജീവനക്കാർക്ക് മുഴുവൻ ബാധകമായിട്ടുള്ള ഒരു കാര്യം നടപ്പിൽ വരുത്താൻ ഗവൺമെന്റ് മുൻകൈ എടുക്കുമ്പോൾ ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനത്തിൽ, തെററുകളിൽ, പോരായ്മകളിൽ, അപാകതകളിൽ തിരുത്തൽ വരുത്താൻകൂടി യത്നിക്കണമെന്നു പറഞ്ഞുകൊണ്ട്, ഈ ഓർഡിനൻസ് ഡിസപ്രൂവ് ചെയ്യണമെന്നുള്ള മോഷൻ അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ബഹു. സ്പീക്കർ]

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഈ ഓർഡിനൻസ് ഡിസപ്രൂവ് ചെയ്യണമെന്നുള്ള എന്റെ പ്രമേയത്തെപ്പററി ഞാൻ സംസാരിക്കുന്നു. ശ്രീ. പി. പി. ജോർജ് ഹൗസിംഗ് ബോർഡിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചു. ഹൗസിംഗ് ബോർഡ് ചെയർമാന്റെ നിയമനത്തെ സംബന്ധിച്ച് ഈ ഗവൺമെന്റിന് എന്താണ് മറുപടി പറയാനുള്ളതെന്ന് എനിക്ക് അറിഞ്ഞുകൂട. ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള ചെയ്തികളെക്കുറിച്ചൊക്കെയുള്ള സംസാരം നിറുത്തിയിരിക്കുകയാണ്. ഒരു ഇരുമ്പുമറ സൃഷ്ടിച്ച് ആ ഇരുമ്പുമറക്കു പിന്നിൽ പല കാര്യങ്ങളും നടത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇരുമ്പുമറ എന്നു ഞാൻ പറയുമ്പോൾ, കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്. ആ കാര്യങ്ങളൊക്കെ സംസ്ഥാന വിഷയങ്ങളല്ലാത്ത രീതിയിലാണ് ഗവൺമെന്റ് നീങ്ങുന്നത്. ഹൗസിംഗ് ബോർഡ് ചെയർമാന്റെ നിയമം ലംഘിച്ചുകൊണ്ടുള്ള നിയമനത്തെ സംബന്ധിച്ച് പത്രവാർത്തകൾ വന്നിട്ടും കോടതിയിലും നിയമസഭയിലും ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ള കടുത്ത നിയമലംഘനമായിട്ടുപോലും നാളിതുവരെ അത് സംബന്ധിച്ച് തൃപ്തികരമായ ഒരു വിശദീകരണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട നിയമമന്ത്രി ഇവിടെയില്ല. ഭവനനിർമ്മാണ വകുപ്പുമന്ത്രി ആ ഫയൽ നിയമമന്ത്രിക്ക് അയച്ചുവെന്നും നിയമമന്ത്രി രാഷ്ട്രീയമായ കാരണങ്ങളാൽ അതിന് അപ്രൂവൽ കൊടുത്തു എന്നുമാണ് പത്രവാർത്ത. എന്തുകൊണ്ട് തൃപ്തികരമായ ഒരു മറുപടി ഇത്രയും നാളായിട്ട് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. ഈ സഭ പാസ്സാക്കിയ നിയമത്തിന്റെ സ്പിരിററ് ഉൾക്കൊള്ളാതെ കേവലം സാങ്കേതികം നിയമം മൗനം പാലിക്കുന്നു എന്നുള്ള ഒററ കാരണം വച്ചുകൊണ്ട് വീണ്ടും രാഷ്ട്രീയ നിയമനം നടത്തിയതിനെക്കുറിച്ച് തൃപ്തികരമായ ഒരു മറുപടിയുമില്ല. ഞാൻ ഇത് പറയുന്നതിന്റെ കാരണം ജനറലൈസ് ചെയ്തു പറയുകയല്ല. പക്ഷേ ഇപ്പോൾ മററു ചില കാര്യങ്ങൾ പറഞ്ഞു. മണ്ഡൽ കമ്മീഷനും മററു പ്രശ്നങ്ങളും അതുപോലെയുള്ള കാര്യങ്ങളുമൊക്കെ പറഞ്ഞ് ബഹളം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിന്റെ മറവിൽ ഗവൺമെന്റിന്റെ സമീപനത്തിൽ വരുന്ന, രാഷ്ട്രീയ പാർട്ടികളുടെ സമീപനത്തിൽ വരുന്ന മാററങ്ങൾ നമ്മൾ ഉൾക്കൊള്ളാം. വർഗ്ഗ സമരത്തിന്റെ മുദ്രാവാക്യം നഷ്ടപ്പെട്ട ഒരു സാഹചര്യമാണ് ഇന്ന് ലോകത്തുള്ളതെന്നു നമുക്ക് മനസ്സിലായി. കമ്മ്യൂണിസ്ററ് പാർട്ടികൾക്ക് വർഗ്ഗസമരത്തിന്റെ മുദ്രാവാക്യം നഷ്ടമായ ഒരു കാലഘട്ടമാണിത്. അതുകൊണ്ട് വർഗ്ഗീയമാകാം, ജാതീയമാകാം, മറെറന്തുമാകാം. യാതൊരു പ്രസക്തിയും ലോകത്തില്ല എന്നു നമുക്ക് മനസ്സിലാക്കാം. അതുകൊണ്ട് ഇന്ത്യയിൽ പിന്നോക്കക്കാരെ സംഘടിപ്പിക്കുക എന്നുള്ള ആശയം പുതുതായി കമ്മ്യൂണിസ്ററ് പാർട്ടികൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നു എന്നു വന്നാൽ ഞങ്ങളാരും അതിൽ അസന്തുഷ്ടിയുള്ളവരല്ല. ഒരു വേള പിന്നോക്കക്കാരെ ഒന്നു സംഘടിപ്പിക്കുന്ന കാര്യം നമുക്കൊന്ന് ആലോചിക്കാം. പക്ഷേ ആ മുദ്രാവാക്യത്തിന്റെ കാര്യത്തിൽ പിന്നോക്കക്കാർ ഒന്നിക്കണം, വർഗ്ഗസമരം വേണ്ട എന്നുള്ള കാര്യത്തിൽ നിങ്ങൾക്ക് വന്ന മാററം ഞങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാണ്. അത് നമുക്ക് മനസ്സിലാക്കാം. അതുപോലെ സ്വകാര്യ മേഖലയോടുള്ള നയം തിരുത്തിയത് നമുക്ക് മനസ്സിലാക്കാം. സ്കൂൾ കൊടുക്കാം, പാലം സ്വകാര്യ മേഖലയിൽ പണിയാം...............

ശ്രീ. എ. കണാരൻ: ഈ പിന്നോക്ക വിഭാഗം എന്നു പറയുന്നത് ഏത് വർഗ്ഗത്തിൽപ്പെട്ടവരാണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത്രയും കാലം അങ്ങേയ്ക്ക് അതിനെക്കുറിച്ച് ചിന്തിക്കാനുള്ള ഒരു അവസരം ഉണ്ടായിരുന്നില്ല. ഇത്രയുംകാലം വർഗ്ഗസമരം എന്നും പറഞ്ഞ് നടന്നു. ഇപ്പോൾ മനസ്സിലായി ഈ വർഗ്ഗസമരം കൊണ്ടു നടന്നിട്ട് കാര്യമില്ല എന്ന്. ഇപ്പോൾ മൂപ്പർക്കറിയണം പിന്നോക്കക്കാർ ആരൊക്കെയാണെന്നുള്ളത്. നമുക്ക് പറഞ്ഞുകൊടുക്കാം. അദ്ദേഹത്തിന് ഇപ്പോൾ പറഞ്ഞു കൊടുക്കാം. വിശദമായി പറഞ്ഞുതരാം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് എടുത്തുവച്ച് നമുക്ക് നോക്കാം. ഒരുപാടുണ്ട്. കാക്കത്തൊള്ളായിരം ആളുകളുണ്ട് ഇന്ത്യയിൽ പിന്നോക്കക്കാർ. അത് ആരൊക്കെയാണെന്നുള്ളത് വിശദമായിട്ട് പറഞ്ഞുതരാം. അതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട ഇ. എം. എസ്. കോഴിക്കോട് വന്ന് ഏരിയാ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ യോഗം വിളിച്ചുകൂട്ടിയ അവസരത്തിൽ ബഹുമാനപ്പെട്ട എ. കണാരൻ എന്ന മെമ്പർ നിങ്ങൾ എങ്ങിനെയാണ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ എതിർത്തതെന്നു ചോദിച്ചു. എന്നെപ്പോലെയുള്ള പിന്നോക്ക വിഭാഗക്കാരായ ഈഴവർ നിൽക്കുമ്പോൾ നിങ്ങൾക്ക് അതിനെ എതിർക്കാൻ പാടുണ്ടോ എന്നു ചോദിച്ചത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ശ്രീ. കണാരൻ ചോദിച്ചു, പാർട്ടിയിലും ഇന്ന് വലിയ ഡിസ്കഷനാണ്. അതാണ് ഞാൻ പറഞ്ഞത്. ഗവൺമെന്റിന്റേയും ഇടതുപക്ഷമുന്നണിയുടേയും ഒരു വലിയ മാററമാണ്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ആ പോയിന്റ് വന്നതുകൊണ്ട് ഞാൻ പറയുകയാണ്. മണ്ഡൽ കമ്മീഷന്റെ കാര്യം പറഞ്ഞതുകൊണ്ട് ഞാൻ ഒരു കാര്യം പറയാം. കഴിഞ്ഞ നിയമസഭയിൽ ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു പ്രമേയം കൊണ്ടുവന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: സർ, ഇത് ഏതിനെപ്പററിയാണ് ചർച്ച നടക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: അങ്ങ് ചെയറിലില്ലായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബിൽഡിംഗ് ടാക്സ് അമൻറ്മെൻറ് ബില്ലിനെക്കുറിച്ച് ഇവിടെ ഒരു പ്രസംഗം നടത്തി. ആ പ്രസംഗം അങ്ങ് എടുത്ത് വായിക്കണം. എന്നിട്ട് ശ്രീ. ഭരതനേക്കൊണ്ട് ഈ ചോദ്യം ഞങ്ങളോട് ചോദിപ്പിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതുമാത്രമല്ല എനിക്ക് പറയാനുള്ളത്. ഓണത്തിനിടയിൽ പൂട്ടുകച്ചവടം എന്ന് പറയുന്നതുപോലെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പും മററു പ്രശ്നങ്ങളുമൊക്കെ മൂത്ത് നിൽക്കുമ്പോൾ ഇങ്ങനെ ഷെഡ്യൂൾ ചെയ്യാൻ തന്നെ പാടില്ലായിരുന്നു. രാഷ്ട്രീയം പറയാവുന്ന രീതിയിൽ വേണമായിരുന്നു അജണ്ട ഷെഡ്യൂൾ ചെയ്യാൻ. ഓണത്തിനിടയിൽ പൂട്ടുകച്ചവടം എന്ന രീതിയിൽ നടത്തണമെന്നു പറഞ്ഞാൽ പററുമോ? കുറച്ചൊക്കെ രാഷ്ട്രീയം വന്നുപോകും. അതാണ് സ്ഥിതി. ശ്രീ. കോടിയേരി ബാലകൃഷ്ണനെ കുററം പറയാൻ പററുകയില്ല. ഞാൻ ഏതായാലും തനി രാഷ്ട്രീയമല്ല പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രാഷ്ട്രീയവുമായി ബന്ധപ്പെടാത്ത ഒന്നുംതന്നെയില്ലല്ലോ? നമ്മൾ ഇവിടെ ഇരിക്കുന്നതുതന്നെ അതുകൊണ്ടല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾ ഏതായാലും മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ നിങ്ങൾക്ക് യോജിപ്പാണ് എന്നുള്ളതുകൊണ്ട് കഴിഞ്ഞ നിയമസഭയിൽ ഞങ്ങൾ പ്രമേയം കൊണ്ടുവന്നു. ഇവിടെ പിന്നോക്ക ജാതിക്കാരുടെ നേതാവ് വാസുദേവൻ നിരാഹാര സമരം അനുഷ്ഠിച്ചപ്പോൾ, ഞങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറെ കണ്ട് നിരാഹാര വ്രതം അനുഷ്ഠിക്കുന്ന സാഹചര്യത്തിൽ ഒരു പ്രമേയം അവതരിപ്പിക്കാൻ അങ്ങ് അനുവദിക്കണമെന്ന് പറഞ്ഞപ്പോൾ അനുമതി തരികയും ഞാൻ അവതരിപ്പിക്കുകയും ചെയ്തു. അതു സംബന്ധിച്ചുള്ള ചർച്ച ഈ നിയമസഭയിൽ നടന്നതിന്റെ റിക്കാർഡ് ഇവിടെയുണ്ട്. ഓരോ പാർട്ടിയിൽനിന്നും പറഞ്ഞ അഭിപ്രായം ഉണ്ട്. ഞാൻ അതൊന്ന് എടുത്തുകൊണ്ടുവരാം. ആരൊക്കെ അന്നത്തെ രീതിയിൽ അഭിപ്രായങ്ങൾ പറയുന്നു ആരൊക്കെ മാററിപ്പറയുന്നു എന്നറിയാൻ നല്ല രസമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞത് മണ്ഡൽ കമ്മീഷൻ എന്നും പറഞ്ഞ് ഇപ്പോൾ ഇവിടെ വരുന്നത് ഞങ്ങളെ സൂപ്പാക്കാൻ വേണ്ടിയാണെന്നാണ്. ഞങ്ങൾ ഭരിക്കുമ്പോൾ ഞങ്ങളെ സൂപ്പാക്കാൻ വേണ്ടിയാണ് ഇപ്പോൾ കുഞ്ഞാലിക്കുട്ടി ഇത് കൊണ്ടുവരുന്നത് എന്നാണ് പറഞ്ഞത്. പണ്ട് നോക്കിക്കൂടായിരുന്നോ ഈ മണ്ഡൽ കമ്മീഷൻ ഇപ്പോൾ കൊണ്ടുവരുന്നത് ഞങ്ങളെ സൂപ്പാക്കാൻ വേണ്ടിയാണ് എന്നാണ് അന്ന് മറുപടി പറഞ്ഞത്. ഏതായാലും അതൊക്കെ പോകട്ടെ. അതൊക്കെ കഴിഞ്ഞ കാര്യങ്ങൾ. കേരളകൗമുദി വിശദമായിട്ട് അന്ന് നിയമസഭയിൽ നടന്ന ചർച്ച പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതൊക്കെ പോകട്ടെ. പക്ഷേ ഈ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിന് കേരള ഗവൺമെൻറ് അയക്കേണ്ട ഒരു മറുപടി ഇതേവരെ ഈ ഗവൺമെൻറ് അയച്ചിട്ടില്ല. ഇടതുപക്ഷ ഗവൺമെൻറ് അത് അയക്കാൻ തയ്യാറുണ്ടോ എന്ന് ഒന്ന് പറഞ്ഞാൽ തരക്കേടില്ല. അത് അയക്കേണ്ടതാണ്.

മി. സ്പീക്കർ: ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് നാളെ പ്രസംഗം തുടരാം. ഈ ബില്ലിന്റെ ചർച്ച നാളെ തുടരുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## (iii) 1990-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): 1990-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. അത് ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച 10-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനക്ക് അയക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. നായനാർ: 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിന് അനുബന്ധമായിട്ടുള്ള പട്ടിക 3-ൽ നിയമസഭാ സാമാജികർക്ക് നിരത്തുമാർഗ്ഗം സ്പെഷ്യൽ കൺവെയൻസ് ഉപയോഗിച്ചുള്ള യാത്രകൾക്ക് അനുവദനീയമായ യാത്രാബത്ത സ്പെഷ്യൽ മൈലേജ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഒന്നാം ക്ലാസ് ഓഫീസറൻമാർക്ക് സ്പെഷ്യൽ കൺവേയൻസ് പ്രകാരം നിരത്തു മാർഗ്ഗമുള്ള ആദ്യത്തെ 200 കിലോമീററർ യാത്രക്ക് കാലാകാലങ്ങളിൽ നൽകിവരുന്ന സ്പെഷ്യൽ മൈലേജ് അതേ നിരക്കിൽ സഞ്ചരിച്ച ദൂരം ക്ലിപ്തപ്പെടുത്താതെ നിയമസഭാ സമാജികർക്ക് അനുവദിക്കുന്നതിനാണ് ടി പട്ടിക വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചുകൊണ്ട് 1989 നവമ്പർ മാസം ഒന്നാം തീയതി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ക്ലാസ് ഓഫീസർമാർക്ക് സ്പെഷ്യൽ കൺവേയൻസ് പ്രകാരമുള്ള യാത്രകൾക്ക് കിലോമീററിന് 1 രൂപ 25 പൈസ ക്രമത്തിൽ പ്രത്യേക യാത്രാബത്ത സ്പെഷ്യൽ മൈലേജ് അനുവദിച്ചിരുന്നത് അവസാനിപ്പിച്ച് പകരം അവർ നടത്തുന്ന യാത്രകൾക്ക് വേണ്ടിവരുന്ന യാത്രാക്കൂലിയും അനാമത്ത് ചെലവുകളും മാത്രമേ അനുവദിച്ചിട്ടുള്ളൂ. സംസ്ഥാനത്തെ ഒന്നാം ക്ലാസ് ഓഫീസർമാർക്ക് അനുവദനീയമായിരുന്ന യാത്രാബത്ത നിരക്കിൽ വരുത്തിയ മാററത്തിൻെറ അടിസ്ഥാനത്തിൽ 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിന് അനുബന്ധമായുള്ള പട്ടികക്ക് ഭേദഗതി വരുത്തേണ്ടത് ആവശ്യമായിവന്നിരിക്കുന്നു എന്നും തുടർന്നും നിയമസഭാ സാമാജികർക്ക് കിലോമീററിന് 1 രൂപ 25 പൈസ ക്രമത്തിൽ സ്പെഷ്യൽ മൈലേജ് നൽകാൻ വ്യവസ്ഥ ചെയ്യുന്ന പട്ടികയിലെ ഖണ്ഡം 1-നും ഖണ്ഡം 2-നും ഭേദഗതി വരുത്തണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിക്കുകയുണ്ടായി. സംസ്ഥാനത്തിനുള്ളിലും പുറത്ത് ഇന്ത്യക്ക് അകത്തും നിരത്തുമാർഗ്ഗം നടത്തുന്ന യാത്രകൾക്ക് സഞ്ചരിച്ച ദൂരം ക്ലിപ്തപ്പെടുത്താതെ കാലാകാലങ്ങളിൽ സംസ്ഥാനത്തെ ഒന്നാം ക്ലാസ് ഓഫീസർമാർക്ക് ആദ്യത്തെ 200 കിലോമീററർ ദൂരം യാത്രക്ക് അനുവദനീയമായ സ്പെഷ്യൽ കൺവേയൻസ് ബത്ത അതേ നിരക്കിൽ മന്ത്രിമാർ, സ്പീക്കർ, ഡെ. സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്കും അനുവദിക്കുന്നതിന് 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിലെ പട്ടിക (1) വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒന്നാം ക്ലാസ് ഓഫീസർമാർക്ക് അനുവദനീയമായിരുന്ന സ്പെഷ്യൽ മൈലേജ് ആനുകൂല്യം നിറുത്തൽ ചെയ്ത സാഹചര്യത്തിൽ പട്ടിക 1-ൽ ഖണ്ഡം 1-ലെ ഉപഖണ്ഡം എ-ക്കും ഖണ്ഡം 2-ലെ ഉപഖണ്ഡം എ-ക്കും ഭേദഗതി ആവശ്യമായി വന്നിരിക്കുന്നു. അതനുസരിച്ചാണ് ഈ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത്. യാത്രാബത്ത നിരക്ക് വർദ്ധിപ്പിക്കുന്നതിനല്ല. 1989 ഡിസംബർ 1 വരെ നിലവിലുണ്ടായിരുന്ന നിരക്ക് തുടരുന്നതിനാണ് ഭേദഗതി ബിൽ വ്യവസ്ഥ ചെയ്യുന്നത്. നിർദ്ദിഷ്ട ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിന് 1989 ഡിസംബർ 1 മുതൽ പ്രാബല്യം നൽകുകയാണെങ്കിൽ അധികമായ യാതൊരു ചെലവും സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്ന് ഉണ്ടാവുകയില്ല. ഈ ബിൽ സബ്ജക്ട് കമ്മിററിക്ക് അയക്കുന്ന കാര്യത്തിൽ എല്ലാവരും യോജിക്കുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: നേരത്തെയുള്ള ആനുകൂല്യം തന്നെയാണിത്. സാധാരണ ആളുകൾ പറയും ഇതുപോലെയുള്ള ബില്ലുകൾ വന്നാൽ ചർച്ച ഒന്നും കൂടാതെ വിടുകയാണെന്ന്. ഇത് ഇവിടെ നിലനിൽക്കുന്ന ആനുകൂല്യം തന്നെയാണ്. മുഖ്യമന്ത്രി ഇത്രയും വിശദമായ ഒരു സ്റേററുമെൻറ് വായിച്ചപ്പോൾ പുതിയ എന്തോ ആനുകൂല്യം ആണെന്ന് ആരെങ്കിലും തെററിദ്ധരിക്കും. നിലവിലിരിക്കുന്ന ഒരു ആനുകൂല്യം തന്നെയാണിത്.

ശ്രീ. ഇ. കെ. നായനാർ: സബ്ജക്ററ് കമ്മിററിക്ക് ഇത് വേണമെങ്കിൽ കുറയ്ക്കുകയോ വ്യതിചലിപ്പിക്കുകയോ ചെയ്യാം.

1990-ലെ, ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പത്താം നമ്പർ സബ്ജക്ട് കമ്മിററിക്ക് അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിററിക്ക് അയച്ചു.

# XIII. റൂളിംഗ്

മി. സ്പീക്കർ: ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ നേരത്തെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ഒരു റൂളിംഗ് നൽകുകയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 199 (1) അനുസരിച്ച് ഒരു ബില്ലിൽ ടാക്സ് ഇമ്പോസ് ചെയ്യുന്നതിനോ, അബോളിഷ് ചെയ്യുന്നതിനോ, ആൾട്ടർ ചെയ്യുന്നതിനോ, റെഗുലേററ് ചെയ്യുന്നതിനോ, റമിഷൻ ചെയ്യുന്നതിനോ വ്യവസ്ഥയുണ്ടെങ്കിൽ, ആ ബില്ല് ഒരു മണി ബില്ലായി കരുതാവുന്നതാണ്.

ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ ടാക്സ് ഇമ്പോസിഷൻ ഓർ അബോളിഷൻ ഓർ റെമിഷൻ ഓർ ആൾട്ടറേഷൻ ഓർ റഗുലേഷൻ എന്നിവയിൽ ഒന്നുംതന്നെയില്ല. എന്നാൽ ഈ ബില്ല് അനുസരിച്ച് ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങളെ ടാക്സ് പേയ്മെൻറിൽനിന്നും എക്സംപ്ററ് ചെയ്യുന്നതിനുള്ള അധികാരം ഗവൺമെൻറിന് നൽകുന്നതിനുള്ളതാണ്. അങ്ങനെ ഗവൺമെൻറിന് ടാക്സ് പേയ്മെൻറ് എക്സംപ്ററ് ചെയ്യുന്നതിന് അധികാരം നൽകുന്ന ഒരു എനേബ്ലിംഗ് അമൻറ്മെൻറ് മാത്രമാണ് ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. Law Lexicon-ൽ 'Exempt' എന്ന വാക്കിനർത്ഥം to release, discharge, waive, to relieve from liability എന്നിവയാണ്. ടാക്സ് പേമെൻറിൽനിന്നും എക്സംപ്ഷൻ നൽകുന്ന ഒരു ബില്ല് ആർട്ടിക്കിൾ 199 (1)-ൻെറ പരിധിയിൽ വിവരിച്ചിട്ടുള്ള ഒരു മണി ബില്ലായി ഡീം ചെയ്യാൻ നിവൃത്തിയില്ല. ആയതിനാൽ അതിനെ ഒരു മണിബില്ലായി ട്രീററ്ചെയ്തുകൊണ്ട് ഗവർണ്ണറുടെ റെക്കമെൻേറഷൻ വാങ്ങേണ്ട ബില്ലായി കരുതാൻ സാധ്യമല്ല. മാത്രവുമല്ല, ഭരണഘടനയുടെ ആർട്ടിക്കിൾ 207 (1) പ്രൊവൈസോ അനുസരിച്ച് ഒരു ബിൽ ടാക്സ് അബോളിഷ് ചെയ്യുന്നതിനോ റെഡ്യൂസ് ചെയ്യുന്നതിനോ



LIBRARY ARCHIVES Kerala Legislative Assembly

ആണെങ്കിൽപ്പോലും ഗവർണ്ണറുടെ റെക്കമെൻേറഷൻ ആവശ്യമില്ല. ടാക്സ് എക്സംപ്ററ് ചെയ്യുന്നതിന് ഗവൺമെൻറിന് അധികാരപ്പെടുത്തുന്ന ബില്ല് ഒരു ടാക്സ് അബോളിഷൻ ബില്ലായി കരുതിയാൽപ്പോലും ഗവർണ്ണറുടെ അനുമതി ആർട്ടിക്കിൾ 207-ൽ (1)-ൻെറ പ്രൊവൈസോ അനുസരിച്ച് വാങ്ങേണ്ടതില്ല. ഈ ബില്ല് ഒരു മണി ബില്ലിൻെറ ഡെഫനിഷനിൽ വരാത്തതിനാൽ ഗവർണ്ണറുടെ അനുമതി ഇക്കാര്യത്തിന് ആവശ്യമില്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്..

(1990 ഡിസംബർ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് കൂടുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.33-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I

[17–12–1990–ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 1 (1) നോക്കുക]

# ആരോഗ്യ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ

### അലോപ്പതി

നിലവിലുള്ള 54 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 50 എണ്ണവും 883 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 620 എണ്ണവും 5094 ഉപകേന്ദ്രങ്ങളിൽ 2320 എണ്ണവും 1986–87–ന് ശേഷം നിലവിൽവന്നതാണ്. സംസ്ഥാനത്തെ വിവിധ അലോപ്പതി ചികിത്സാ സ്ഥാപനങ്ങളിൽ നിലവിലുള്ള 35718 കിടക്കകളിൽ 2352 എണ്ണം 1986–87–ന് ശേഷം നിലവിൽവന്നതാണ്. തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ജില്ലാ മെഡിക്കൽ സ്റ്റോർ ആരംഭിച്ചു. പത്തനംതിട്ട, വയനാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ ജില്ലാ ടി. ബി. സെന്ററുകൾ അനുവദിച്ചു. മന്തു രോഗ നിവാരണത്തിനായി മൂന്നു ഫൈലേറിയ ക്ലീനിക്കും ഒരു സർവ്വേ യൂണിററും സ്ഥാപിച്ചു. നേത്രരോഗ നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് ഓഫ്താൽമിക് യൂണിററും അതിനാവശ്യമായ വാഹനവും ലഭ്യമാക്കി. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം എസ്. എ. ററി. ആശുപത്രി, കോഴിക്കോട് ഐ. എം. സി. എച്ച്., ജനറൽ ആശുപത്രി, ഡബ്ലിയു. ആൻറ് സി. ആശുപത്രി എന്നിവിടങ്ങളിൽ മൂന്നു ഷിഫ്ററ് ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തി. രണ്ടു പുതിയ ഫിഷറീസ് ഡിസ്പെൻസറികൾ ആരംഭിച്ചു. പുതിയ ഒന്നിന് അനുവാദം നൽകുകയും ചെയ്തു. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ രക്തബാങ്കുകൾ തുടങ്ങുന്നതിന് അനുമതി നൽകി. സംസ്ഥാനത്ത് ഒരു ഗോയിററർ നിയന്ത്രണ വിഭാഗം പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തെ വിവിധ ആശുപത്രികളിലേയ്ക്കായി 23 എക്സ്റേ മെഷീൻ വാങ്ങിയിട്ടുണ്ട്. എറണാകുളം ഗവൺമെൻറ് ആശുപത്രിയോടനുബന്ധിച്ച് ഒരു കോബാൾട്ട് തെറാപ്പി യൂണിററും വാങ്ങാനുള്ള നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ വിവിധ ആശുപത്രികളിലേക്കായി 16429 പുതിയ മെത്തകൾ വാങ്ങി. ഈ കാലയളവിൽ വിവിധ ആശുപത്രികളിലേയ്ക്കായി 63 ജനറേററുകളും വാങ്ങിയിട്ടുണ്ട്. എറണാകുളം ഗവൺമെൻറാശുപത്രിയോടനുബന്ധിച്ച് ഒരു ലിമ്പ് ഫിററിംഗ് സെൻറർ പ്രവർത്തനം തുടങ്ങി. സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിനായി 50 ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് 6 കിടക്കകൾ വീതമുള്ള ഓരോ വാർഡ് നിർമ്മിക്കുന്നതിന് അനുവാദവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം I—(തുടർച്ച)

സാർവ്വത്രിക രോഗ പ്രതിരോധ പരിപാടി 14 ജില്ലകളിലും നടപ്പാക്കി. രണ്ട് ജില്ലകളിൽ മാത്രമായി 1985-ൽ തുടങ്ങിയ പ്രതിരോധ പരിപാടി 12 ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചു. ഇതിന്റെയെല്ലാം ഫലമായി നമ്മുടെ ആരോഗ്യ സൂചികയിൽ വന്നിട്ടുള്ള പുരോഗതി താഴെ കാണിക്കുന്നു.

| | കേരളം | ഇന്ത്യ |
|---|---|---|
| ജനന നിരക്ക് | 19·9 | 31·3 |
| മരണ നിരക്ക് | 6·2 | 10·9 |
| ശിശു മരണ നിരക്ക് | 27 | 94 |
| മാതൃമരണനിരക്ക് | 1·3 | 3·4 |
| ആയുർദൈർഘ്യ വർദ്ധന നിരക്ക് | 67 (പുരുഷൻ) | 55·6 |
| | 70 (സ്ത്രീ) | 56·4 |

### ആയുർവേദം

ആറാം പദ്ധതി അവസാനിച്ചപ്പോൾ ആയുർവേദ വിഭാഗത്തിൽ 457 ഡിസ്പെൻസറികളും 94 ആശുപത്രികളുമാണുണ്ടായിരുന്നത്. ഏഴാം പദ്ധതിയിൽ ഈ മന്ത്രിസഭയുടെ കാലത്ത് ഒരു പുതിയ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിക്കുകയും അഞ്ച് ആയുർവേദ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ആറ് ആയുർവേദ ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുകയും നാല് ജില്ലാ ആശുപത്രികളോടനുബന്ധിച്ച് മർമ്മ വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജനറൽ സ്കീമിൽ 10 ഡിസ്പെൻസറികൾ പുതിയതായി ആരംഭിക്കുകയും ചെയ്തു.

### ഹോമിയോപ്പതി

1987 മാർച്ചിനുശേഷം ഹോമിയോപ്പതി വിഭാഗത്തിൽ 19 ഗ്രാമീണ ഹോമിയോ ഡിസ്പെൻസറികളും ഒരു താലൂക്ക് ആശുപത്രിയും ഒരു ജില്ലാ ആശുപത്രിയും ആരംഭിക്കുകയും കുറ്റിച്ചി ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 75-ൽ നിന്ന് 105 ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ജില്ലാ ആഫീസുകളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 (5) നോക്കുക]

**Proposed outlay for District Plan 1990-95 and 1991-92**

(*Rs. in lakhs*)

| Major/Minor Head of Development | Eighth Plan 1990-95 | | | Annual Plan 1991-92 | | |
|---|---|---|---|---|---|---|
| | Proposed outlay | Allocation for District Plan | Percentage allocation for District Plan | Proposed outlay | Allocation for District Plan | Percentage |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I. Agriculture and Allied Activities | | | | | | |
| (*i*) Crop Husbandry (Including Special Employment Programme through Decentralised Planning).. | 30700·00 | 13968·00 | 45·50 | 6050·00 | 2760·31 | 45·62 |
| (*ii*) Social and Water Conservation .. | 1500·00 | 880·00 | 58·67 | 250·00 | 125·00 | 50·00 |
| (*iii*) Animal Husbandry .. | 3250·00 | 529·00 | 16·28 | 550·00 | 104·50 | 18·91 |
| (*iv*) Dairy Development .. | 1750·00 | 605·00 | 34·57 | 450·00 | 158·63 | 35·25 |
| (*v*) Fisheries .. | 8000·00 | 1480·00 | 18·50 | 1425·00 | 210·00 | 14·74 |
| (*vi*) Forest and Wild Welfare.. | 9000·00 | 3368·00 | 37·42 | 1750·00 | 168·00 | 9·60 |



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



അനുബന്ധം II—(തുടർച്ച)

(*Rs. in lakhs*)

| Major/Minor Head of Development | Eighth Plan 1990–95 | | | Annual Plan 1991–92 | | |
|---|---|---|---|---|---|---|
| | Proposed outlay | Allocation for District Plan | Percentage allocation for District Plan | Proposed outlay | Allocation for District Plan | Percentage |
| 1 | 2 | 3 | 4 | 5 | 6 | 7 |
| (*vii*) Co-operation .. | 4000·00 | 825·00 | 20·63 | 850·00 | 190·00 | 22·35 |
| (*viii*) Other Schemes .. | 8920·00 | Nil | Nil | 2131·00 | Nil | Nil |
| Total I .. | 67120·00 | 21655·80 | 32·26 | 13456·00 | 3716·44 | 32·42 |
| **II.** Rural Development | | | | | | |
| (*i*) Integrated Rural Development Programme and Allied Programmes .. | 5940·00 | 5415·00 | 91·16 | 150·00 | 1046·00 | 90·96 |
| (*ii*) Rural Employment Programme Jawahar Rozgar Yojana (JRY) .. | 7900·00 | 7900·00 | 100·00 | 1450·00 | 1450·00 | 100·00 |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | |
|---|---|---|---|---|---|---|
| (*iii*) Decentralised Planning United Funds to Panchayats .. | 10000·00 | 10000·00 | 100·00 | 1900·00 | 1900·00 | 100·00 |
| (*iv*) Other Rural Employment Programme including Community Development .. | 1220·00 | 145·00 | 11·89 | 232·00 | 17·00 | 7·33 |
| (*v*) Other Schemes .. | 400·00 | Nil | Nil | 87·00 | Nil | Nil |
| Total II. .. | 25460·00 | 23460·00 | 92·14 | 4819·00 | 4413·00 | 91·58 |
| III. Special Area Programme .. | 450·00 | 450·00 | 100·00 | 110·00 | 110·00 | 100·00 |
| IV. Irrigation and Flood Control | | | | | | |
| (*i*) Minor Irrigation .. | 10500·00 | 10500·00 | 100·00 | 1900·00 | 1900·00 | 100·00 |
| (*ii*) Command Area Development .. | 5000·00 | 5000·00 | 100·00 | 970·00 | 970·00 | 100·00 |
| (*iii*) Other Schemes .. | 35200·00 | Nil | Nil | 6967·00 | Nil | Nil |
| Total IV .. | 50700·00 | 15500·00 | 30·57 | 9837·00 | 2870·00 | 29·18 |
| V. Energy | | | | | | |
| (*i*) Power .. | 98000·00 | 11500·00 | 11·73 | 15500·00 | 2150·00 | 13·87 |
| (*ii*) Other Schemes .. | 1500·00 | Nil | Nil | 110·00 | Nil | Nil |
| Total V .. | 9950·00 | 11500·00 | 11·56 | 15610·00 | 2150·00 | 13·77 |

(*Rs. in lakhs*)

| Major/Minor Head of Development | Eighth Plan 1990–1995 | | | Annual Plan 1991–92 | | |
|---|---|---|---|---|---|---|
| | Proposed outlay | Allocation for District Plan | Percentage allocation for District Plan | Proposed outlay | Allocation for District Plan | Percentage |
| 1 | 2 | 3 | 4 | 5 | 6 | 7 |
| VI. Industry and Minerals | | | | | | |
| (*i*) Village and Small Scale Industries .. | 22000·00 | 10486·00 | 47·66 | 3565·00 | 1528·00 | 42·86 |
| (*ii*) Other Schemes .. | 38000·00 | Nil | Nil | 4955·00 | Nil | Nil |
| Total VI .. | 60000·00 | 10486·00 | 17·48 | 8520·00 | 1528·00 | 17·93 |
| VII. Transport | | | | | | |
| (*i*) Roads and Bridges .. | 28100·00 | 10000·00 | 35·59 | 4730·00 | 1990·00 | 42·07 |
| (*ii*) Other Schemes .. | 8000·00 | Nil | Nil | 1605·00 | Nil | Nil |
| Total VII .. | 36100·00 | 10000·00 | 27·70 | 6335·00 | 1990·00 | 31·41 |



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | |
|---|---|---|---|---|---|---|
| VIII. Science, Technology and Environment .. | 3000·00 | Nil | Nil | 627·00 | Nil | Nil |
| IX. General Economic Service | | | | | | |
| (*i*) Tourism .. | 2000·00 | 115·00 | 5·75 | 350·00 | 24·00 | 6·86 |
| (*ii*) Other Schemes .. | 1550·00 | Nil | Nil | 284·00 | Nil | Nil |
| Total IX .. | 3550·00 | 115·00 | 3·24 | 634·00 | 24·00 | 3·79 |
| X. Social Services | | | | | | |
| (*i*) General Education .. | 4900·00 | 1039·00 | 21·20 | 900·00 | 175·00 | 19·44 |
| (*ii*) Medical and Public Health | 9060·00 | 1578·00 | 17·42 | 1830·00 | 352·75 | 19·28 |
| (*iii*) Sewerage and Water Supply .. | 30340·00 | 3447·00 | 11·36 | 7950·00 | 615·00 | 37·74 |
| (*iv*) Housing .. | 8200·00 | 3100·00 | 37·80 | 1550·00 | 560·00 | 36·13 |
